
അ ധി കാ രം ജ ന ങ്ങ ളി ലേ ക്ക്

ഇട്ടിവാ ഗ്രാമപഞ്ചായത്ത്

സമഗ്രവികസനരേഖ



25-4

അ ധി കാ രം ജ ന ങ്ങ ളി ലേ ക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഇട്ടിവാ ഗ്രാമപഞ്ചായത്ത്

സമഗ്ര വികസനരേഖ '96

കൺവീനർ ആൻറ് എഡിറ്റർ
പി. ഹുമാംറഷീദ്



ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു.- ഗാന്ധിജി

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

ഇട്ടിവാ ഗ്രാമപഞ്ചായത്ത്

പഞ്ചായത്തിന്റെ പേര്	:-	**ഇട്ടിവാ ഗ്രാമപഞ്ചായത്ത്** (സ്പെഷ്യൽ ഗ്രേഡ്)
അതിരുകൾ		
പടിഞ്ഞാറ്	:-	**ചടയമംഗലം ഗ്രാമ പഞ്ചായത്ത്**
വടക്ക്	:-	**ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്**
തെക്ക്	:-	**കടയ്ക്കൽ ഗ്രാമപഞ്ചായത്ത്**
കിഴക്ക്	:-	**അലയമൺ ഗ്രാമപഞ്ചായത്ത്**
വടക്ക്കിഴക്ക്	:-	**അഞ്ചൽ ഗ്രാമപഞ്ചായത്ത്**
തെക്ക്കിഴക്ക്	:-	**ചിതറ ഗ്രാമപഞ്ചായത്ത്**
വിസ്തൃതി	:-	**43.89 ചതു: കി.മീറ്റർ**
ജനസംഖ്യ	:-	**33511**
		പുരുഷൻമാർ:-16183-48.29%
	:-	**സ്ത്രീകൾ :-17328-51.71%**
സാക്ഷരത	:-	**78.2%**
		പുരുഷൻമാർ :-13157-81.3%
		സ്ത്രീകൾ :-13049-75.3%
ജനസാന്ദ്രത	:-	**763.5**
വീടുകൾ	:-	**7222**
വാർഡുകൾ	:-	**13**
താലൂക്ക്	:-	**കൊട്ടാരക്കര**
ഉൾപ്പെടുന്ന വില്ലേജുകൾ	:-	**ഇട്ടിവാ, കോട്ടുക്കൽ, അലയമൺ** (ഭാഗികം)
ലോക്സഭാ മണ്ഡലം	:-	**അടൂർ**
നിയമസഭാമണ്ഡലം	:-	**ചടയമംഗലം**
ജില്ലാ പഞ്ചായത്ത്	:-	**കൊല്ലം**
ഡിവിഷൻ	:-	**ചടയമംഗലം**
ബ്ലോക്ക് പഞ്ചായത്ത്	:-	**ചടയമംഗലം**
ഡിവിഷനുകൾ	:-	**1. ഇട്ടിവാ (എ)2. ഇട്ടിവാ(ബി)**

ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് :- **പ്രൊഫ: ബി. ശിവദാസൻ പിള്ള**
ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ്:- **കുമാരി. ജെ.ഓമന**
സ്റ്റാൻറിംങ്ങ് കമ്മറ്റി ചെയർമാൻ :-**എം. ഷെരീഫ്**
ഗ്രാമപഞ്ചായത്ത് സെക്രട്ടറി:- **വി. സുധാകരൻ**

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA


ഗ്രാമപഞ്ചായത്ത് സമിതി

1. മലപ്പേരൂർ	-	ഏബ്രഹാം ഇലഞ്ഞിമണ്ണിൽ
2. കീഴ്തോണി	-	എ. അബ്ദുൽ ലത്തീഫ്
3. ഇട്ടിവാ	-	ഡി. ചന്ദ്രബോസ്
4. കോട്ടുക്കൽ	-	ബി. ശാന്തമ്മ
5. ത്രാങ്ങോട്	-	വി.ജയശ്രീ
6. വടക്കേകോട്ടുക്കൽ	-	പനമൂട്ടിൽ മജീദ്
7. പടിഞ്ഞാറേവയലാ	-	എൻ. പത്മിനി അമ്മ
8. കിഴക്കേ വയലാ	-	എൻ.ഉദയകുമാർ
9. മണ്ണൂർ	-	വൈ.ജോൺ
10. തുടയന്നൂർ	-	വി.സി. പത്മകുമാരി
11. ചാണപ്പാറ	-	കുമാരി. ജെ. ഓമന(വൈസ് പ്രസിഡൻറ്)
12 ചരിപ്പറമ്പ്	-	പ്രൊഫ: ബി. ശിവദാസൻ പിള്ള (പ്രസിഡൻറ്)
13. ചുണ്ട	-	എം. ഷരീഫ് (ചെയർമാൻ, സ്റ്റാൻറിംഗ് കമ്മറ്റി)

ഗ്രാമപഞ്ചായത്ത് ജീവനക്കാർ

1. വി. സുധാകരൻ	-	സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി
2. എം. അബുസാലി	-	യു. ഡി. ക്ലാർക്ക്
3. ജി. ശശാങ്കൻ	-	യു. ഡി. ക്ലാർക്ക്
4. എൻ. ബാലൻ	-	യു. ഡി. ക്ലാർക്ക്
5. ജി. രാമചന്ദ്രൻ പിള്ള	-	എൽ.ഡി.സി
6. കെ. ശാരദ	-	പ്യൂൺ
7. ആർ. സുരേന്ദ്രൻ പിള്ള	-	ഫുൾടൈം സ്വീപ്പർ
8. എം. ബഷീർ റാവുത്തർ	-	ഫുൾ ടൈം സ്വീപ്പർ


(ജൂനിയർ സൂപ്രണ്ടിൻേറയും രണ്ട് എൽ. ഡി. ക്ലാർക്ക് മാരുടേയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.)



പ്രൊഫ: ബി. ശിവദാസൻപിള്ള
പ്രസിഡൻറ്




ജെ.ഓമന
വൈസ് പ്രസിഡൻറ്




എം. ഷരീഫ്, ചെയർമാൻ
സ്റ്റാൻറിംഗ് കമ്മിറ്റി.



I എബ്രഹാം
ഇലഞ്ഞിമണ്ണിൽ



II ഏ. അബ്ദുൽ ലത്തീഫ്



III ഡി. ചന്ദ്രബോസ്



IV ബി. ശാന്തമ്മ




V വി. ജയശ്രീ




VI പനമൂട്ടിൽ മജീദ്



VII എൻ.പത്മിനി അമ്മ



VIII എൻ. ഉദയകുമാർ



IX വൈ. ജോൺ



X വി.സി. പത്മകുമാരി

കൊടിക്കുന്നിൽ സുരേഷ്
എം.പി.(അടൂർ)

ആർ. ലതാദേവി
എം.എൽ.എ.
(ചടയമംഗലം)

എൽ. ബി.വിമലാദേവി
ജില്ലാപഞ്ചായത്ത് അംഗം

ലതികാ വിദ്യാധരൻ
പ്രസിഡൻറ്,ബ്ലോക്ക് പഞ്ചായത്ത്

മണ്ണപ്പാറ വാഹീദ്
ബ്ലോക്ക് പഞ്ചായത്ത് അംഗം


എസ്. രാജു
ബ്ലോക്ക് പഞ്ചായത്ത് അംഗം


ടി.എം.ഷൈഫുദ്ദീൻ
സ്ഥലംമാറ്റംലഭിച്ചുപോയസെക്രട്ടറി


ഐ.സുധാകരൻ
സെക്രട്ടറി

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA







അവലംബം : വിദ്യാഭ്യാസ വകുപ്പ്

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

ഉള്ളടക്കം

I. ആമുഖം
II. ഗ്രാമപഞ്ചായത്ത് - അവലോകനം
III. സാമൂഹിക സാംസ്കാരിക ചരിത്രം
IV. ഭൂപ്രകൃതി ജലപ്രകൃതി, ജനപ്രകൃതി
V. വികസന മേഖലകൾ
1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യകൃഷിയും
3. കുടിവെള്ളവും പൊതുജനാരോഗ്യവും
4. വിദ്യാഭ്യാസം
5. വ്യവസായം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സാംസ്കാരികരംഗം
9. വനിത
10. സഹകരണം
11. പട്ടികജാതി പട്ടികവർഗ വികസനം
12. വിഭവസമാഹരണം

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

1 ആമുഖം



നമ്മുടെ ഭരണഘടനയുടെ നിർദ്ദേശകത്ത്വങ്ങളിൽ നാൽപതാം വകുപ്പിൽ വില്ലേജ്പഞ്ചായത്തുകൾ രൂപീകരിക്കുകയും പ്രാദേശിക ഗവൺമെൻറുകളായി പ്രവരത്തിക്കാനാവശ്യമായ അധികാരങ്ങൾ നൽകുകയും ചെയ്യണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു. ഭരണഘടന അംഗീകരിച്ചിട്ട് നാല്പ്പത്തിയാറു വർഷങ്ങൾ പിന്നിട്ടപ്പോൾ മാത്രമാണ് ഈ രംഗത്ത് അനുകൂലമായ മാറ്റങ്ങൾക്ക് നാന്ദി കുറിച്ചു കൊണ്ട് പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നത്. ഭരണഘടനയിൽ യാതൊരു അർത്ഥ ശങ്കക്കുമിടയില്ലാത്തവിധം' പ്രാദേശിക സർക്കാരു' കളെക്കുറിച്ച് നിർദ്ദേശങ്ങളുണ്ടായിരുന്നെങ്കിലും ഭരണകർത്താക്കളുടെ ഇച്ഛാശക്തിയുടെ അഭാവം കൊണ്ട് മാത്രമാണ് ഇത് നടപ്പാക്കാൻ ഇത്രയധികം കാലവിളംബമുണ്ടായത്. എന്നാൽ പ്രശംസനീയവും ക്രിയാത്മകവുമായ നിലപാടാണ് ഇക്കാര്യത്തിൽ ശ്രീ. രാജീവ് ഗാന്ധി കൈക്കൊണ്ടിരുന്നത്.

ഭാരതത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട് നാട്ടു പ്രമാണിമാരുടെ ആഗ്രഹാഭിലാഷങ്ങളനുസരിച്ച് ജനങ്ങളുടെമേൽ ഭരണം നടത്തുകയായിരന്നു ഈ പഞ്ചായത്തുകൾ. ഇത്തരം പഞ്ചായത്തുകളുടെ സ്വഭാവം സസൂക്ഷ്മം മനസ്സിലാക്കിയ ഗാന്ധിജി പറഞ്ഞു ഗ്രാമപഞ്ചായത്തുകൾ ജനങ്ങൾക്ക് വേണ്ടിയുള്ളതാകണം. അത് ജനങ്ങളുടെ മേലുള്ളതാകാൻ പാടില്ല എന്ന്. ഗാന്ധിജിയുടെ ഈ അഭിപ്രായം ഇരുളടഞ്ഞ നമ്മുടെ ഗ്രാമങ്ങളിൽ ഒരായിരം നക്ഷത്രങ്ങളാണുദിപ്പിച്ചത് സ്വാതന്ത്ര്യാനന്തരം നമ്മുടെ ഭരണകർത്താക്കൾ അനുവർത്തിച്ച ആസൂത്രണ സമീപനം ഗ്രാമീണ ജനതയെ വിസ്മരിച്ചുകൊണ്ടുള്ളതായുരുന്നു. ജനതയിൽ 25 ശതമാനത്തോളം മാത്രം വരുന്ന പട്ടണവാസികൾ ആസൂത്രണത്തിൻെറയും വികസനത്തിൻെറയും സത്ഫലങ്ങൾ അനുഭവിക്കുമ്പോൾ 75 % ത്തിലധികം വരുന്ന ഗ്രാമീണ ജനത ദുരിതങ്ങളിൽ നിന്നും ദുരിതങ്ങളിലേക്ക് പ്രയാണം ചെയ്യുന്ന ദുസ്ഥിയാണ് നിലനിൽക്കുനത്. പട്ടണവാസികൾക്ക് എല്ലാം ഭദ്രമാണെന്ന വിശ്വാസത്തിലല്ല ഇത് പറയുന്നത്. അവിടെയും നിരവധി പ്രശ്നങ്ങളുണ്ട്. വ്യവസ്ഥാപിതമായ ആസൂത്രണം കൂടുതൽ കൂടുതൽ കേന്ദ്രീകരിച്ചത് നിമിത്തമാണ് വികസനത്തിൽ വമ്പിച്ച നിലയിലുള്ള അസന്തുലിതാവസ്ഥയുണ്ടായത്. തൻനിമിത്തം ആസൂത്രണ പ്രക്രിയയിൽ തന്നെ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാകണമെന്ന കാഴകഴ്ചപ്പാടിന് ശക്തി കൂടിക്കൂടി വന്നപ്പോഴാണ് ജനകീയാസൂത്രണം ഒരു പോംവഴിയായി തുറന്നു കിട്ടിയത്. ഒരു രാഷ്ട്രത്തിൻെറ എല്ലാ രംഗങ്ങളിലുമുള്ള വികസനം ജനകീയാടിസ്ഥാനത്തിൽ നടത്തുവാനാവുകയില്ല എന്ന തിരിച്ചറിവോടെ ഗ്രാമീണ ജനതയുടെ അത്യാവശ്യങ്ങൾ നിറവേറ്റാൻ ജനകീയാസൂത്രണവും ജനപങ്കാളിത്തം അനുപേക്ഷണീയമാണെന്ന ധാരണ ജനങ്ങൾക്കും ഭരണാധികാരികൾക്കും ഉണ്ടായിരിക്കുന്നു. ഇതൊരു പുത്തൻ പുലരിയുടെ നാന്ദിയാണ്.

ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ 40 % ഫണ്ടുകളും ഉപയോഗിച്ച് ഗ്രാമീണ ജനതക്കാവശ്യമുള്ള കാര്യങ്ങൾ അവരുടെ അഭിപ്രായങ്ങൾക്കനുസരിച്ച് നിറവേറ്റാനാണ് കേരളാ ഗവൺമെൻറ്. തീരുമാനിച്ചിരിക്കുന്നത് ഇനി മുതൽ മറ്റ് സംസ്ഥാനങ്ങൾക്കും ഈ പാത പിൻതുടരാതെ നിവൃത്തിയില്ല എന്ന് വ്യക്തമായികൊണ്ടിരിക്കയുമാണ്

വികസന പ്രക്രിയ ഒരിക്കലും പൂർണ്ണമാവുകയില്ലാ എന്നതാണ് വാസ്തവം. എന്നാൽ അടിസ്ഥാന കാര്യങ്ങളിൽ ആശാവഹമായ മാറ്റങ്ങൾ അതിൻെറ പൂർണ്ണതയോടെ ഉണ്ടാവുക തന്നെ വേണം. ഈ കടമ നിറവേറ്റുക എന്നത് സർക്കാരിൻെറമാത്രം ഉത്തരവാദിത്വത്തിൽ പെടുന്നതാണന്ന ഒരു തോന്നൽ ജനകീയ സർക്കാരുകളുടെ ആവിർ ഭാവത്തോടെ നമ്മുടെ ജനതയ്ക്കുണ്ടായി. ഈ തോന്നൽ മാറ്റിയെടുക്കുകയും നാടിൻെറ വികസന കാര്യങ്ങളിൽ ജനങ്ങളാണ് മുഖ്യ പങ്കാളികളെന്ന കാഴ്ചപ്പാട് ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

ഏതൊരു വികസന പ്രക്രിയയുടെയും മുന്നുപാധി ആവശ്യമായ വിഭവം കണ്ടെത്തുക എന്നതാണ്. സമ്പത്തും അദ്ധ്വാനവും ആസൂത്രിതമായി കോർത്തിണക്കി വിനിയോഗിക്കുമ്പേഴാണ് ലക്ഷ്യ പ്രാപ്തിയു ണ്ടാകുന്നത്. ഇതിൽ ജനപങ്കാളിത്തം സുപ്രധാനമാണ്.

മേൽ സൂചിപ്പിച്ച കാഴ്ചപ്പാടുകൾ അനുസരിച്ച് ഇട്ടിവ ഗ്രാമപഞ്ചായത്തിൻെറ സമഗ്രവികസനം ലക്ഷ്യമാക്കികൊണ്ടുള്ള പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടിത്തന്നെ ആവേശകരമായി നടന്നുകൊണ്ടിരിക്കുന്നു. സാക്ഷരതാ സമിതിയുടെ ആഭിമുഖ്യത്തിൽ 1993 മുതൽ ഈരംഗത്ത് ചിലപ്രവർത്തനങ്ങൾ ആരംഭിക്കുയുണ്ടായി. അതിൽ പ്രധാനം വിഭവഭൂപടനിർമ്മാണത്തിനുള്ളതായിരുന്നു. സെസ്സിൽ നിന്നുള്ള അഞ്ചു ശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ 60 സാക്ഷരതാ പ്രവർത്തകർ 20 ദിവസം കൊണ്ട് സർവ്വേ പൂർത്തീകരിച്ചു. 1200 മനുഷ്യദിനങ്ങൾ ഇതിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്.

സാക്ഷരതാ പ്രവർത്തകർക്കുവേണ്ടിയുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള നടപടികളും ഉണ്ടായി.എന്നുൽ പലകാരണങ്ങളാൽ അതെല്ലാം പരജയപ്പെടുകയാണുണ്ടായത്.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വികസന സമിതി, കാർഷിക സമിതി, കലാകായിക സാംസ്ക്കാരിക സമിതി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന സമിതി, വനിതാക്ഷേമകാര്യ സമിതി, വിദ്യാഭ്യാസ സമിതി എന്നിവ. ഈ സമിതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്താനുള്ള എല്ലാ ഒരുക്കങ്ങളും സെയ്തിട്ടുമുണ്ട്.

ജനകീയസൂത്രണ പരിപാടിയുടെ ആദ്യഘട്ടമായി ജില്ലാതല പരിസീലനത്തിൽ 9പേർ പങ്കെടുത്തു. തുടർന്ന് പഞ്ചായത്ത്തല പരിശീലനം നടത്തിയപ്പോൾ 105 പെർ അതിൽ പങ്കെടുത്തു തുടർന്ന് ഗ്രാമസഭകളും നടന്നു. രണ്ടാം ഘട്ട ജില്ലാപരിശീലനാനന്തരം പഞ്ചായത്തിലെ പരിശീലനത്തിൽ 50 പേർ പങ്കെടുത്തു. എണ്ണത്തിൽ കുറവുണ്ടായെങ്കിലും ചിട്ടയായ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ദ്വിദിയസ്ഥിതി വിവരങ്ങൾ ശേഖരിക്കാൻ 11 ടീമുകൾ പ്രവർത്തിച്ചു . പഠന പര്യടനത്തിൽ 19 പേർ പങ്കെടുത്തു. സെസിൽ നിന്നുള്ള ശാത്രജ്ഞൻമാരായ ശ്രീ. സജികൃഷ്ണനും ശ്രീ. ബാലുജേക്കബും പഠന പര്യടന പരിപാടിയിൽ നിസ്തുലമായ സഹായമാണ് നൽകിയത. തുടർന്ന് രൂപീകരിക്കപ്പെട്ട ഡ്രാഫ്റ്റിംഗ് കമ്മിറ്റികള ലഭ്യമായ ഡേറ്റാകളും ഗ്രാമസഭാ റിപ്പോർട്ടുകളും വിശകലനം ചെയ്ത് ചർച്ചക്ക് വിധേയമാക്കി റിപ്പോർട്ടുകളുടെ കരടു രൂപമുണ്ടാക്കി തുടർന്നു നടന്ന പരിശോധനകൾക്കും ചർച്ചകൾക്കും ശേഷം പൂർത്തീകരിച്ച ഈ സമഗ്രവികസനറിപ്പോർട്ട് ബഹുജന സമക്ഷം സമർപ്പിക്കുകയാണ് സെമിനാറിൽ നടക്കുന്ന ചർച്ചകളിൽ ഉരുത്തിയുന്ന കാര്യങ്ങളിൽ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി കൂട്ടിച്ചേർക്കുന്നതാണ്.

ഗ്രാമസഭായോഗങ്ങൾ

അദ്ധ്യക്ഷൻ: ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് പ്രൊഫ: ബി. ശിവദാസൻ പിള്ള
കിഴ്തോണി ഗ്രാമ സഭാദ്ധ്യക്ഷ: ജെ. ഓമന, വൈസ് പ്രസിഡൻറ്

	വാർഡിന്റെ പേര്	തീയതി സമയം	സ്ഥലം	പങ്കെടുത്തവർ		
				പുരുഷൻമാർ	സ്ത്രീകൾ	ആകെ
1.	ചുണ്ട	29-9-96 2.പി.എം	ബി. ബി.എസ് തിയറ്റർ ചുണ്ട	83	11	94
2.	തുടയന്നൂർ	2-10-96 10 എ.എം	ശിശുമന്ദിരം കാട്ടാമ്പള്ളി	158	56	214
3.	ചാണപ്പാറ	2-10-96 3 പി.എം	എൽ.പി.എസ് മുക്കട	157	29	186
4.	ഇട്ടിവ	5-10-96 10 എ.എം	പാരിഷ്ഹൾ ഹിൽഗിരി	111	37	148
5.	കിഴ്തോണി	5-10-96 2.30 പി.എം	എൽപി.എസ് കിഴ്തോണി	103	41	144
6.	കോട്ടുക്കൽ	6-10-96 10. എ.എം	എൽ. പി.എസ് കോട്ടുക്കൽ	65	40	105
7.	ചരിപ്പറമ്പ്	7-10-96 2 പി.എം	ഗവ: യു.പി.എസ് ചരിപ്പറമ്പ്	222	88	310
8.	പടിഞ്ഞാറേ വയലാ	8-10-96 2 പി.എം	ഗവ: ഹൈസ്ക്കൂൾ വയലാ	115	25	140
9.	കിഴക്കേ വയലാ	9-10-96 2.പിഎം	എൻ. വി. യു.പി.എസ് വയലാ	121	81	202
10.	മണ്ണൂർ	12-10-96 3 പി.എം	എൽ.പി.എസ്. മണ്ണൂർ	92	8	100
11.	വടക്കേ കോട്ടുക്കൽ	13-10-96 10 എ.എം	അനുസിനി ഹൗസ് കോട്ടുക്കൽ	96	14	110ത
12.	ത്രാങ്ങാട്	19-18-96 2 പി.എം	ശിസുവിഹാർ നഴ്സറിസ്ക്കൂൾ	110	39	149
13.	മലപ്പേരൂർ	27-10-96 10.30 എ.എം	എംഎസ്. യു.പിഎസ് മങ്ങപ്പാറ	105	45	150
	ആകെ			1538	514	2052

ശരാശരി പങ്കാളിത്തം 158 ശതമാനം 6.12



ഇട്ടിവാ പഞ്ചാചായത്ത് രൂപീകരിക്കപ്പെട്ടത് 1952 ലാണ്. ആദ്യത്തെ തെരഞ്ഞെടുപ്പിൽ നിലവിൽ വന്ന പഞ്ചായത്ത് കമ്മറ്റി :

1. പി. എസ്. കുഞ്ഞിരാമപിള്ള.
2. കെ. നാണു.
3. കെ. ഉസന്നാരു പിള്ള.
4. കെ. പൊന്നപ്പൻ നായർ.
5. എ .മുഹമ്മദ് ഇബ്രാഹിം
6. കെ. രാമൻ
7. വി. കൃഷ്ണൻ പോറ്റി.

ഒന്നാമത്തെ കമ്മറ്റിയോഗം 14-11-1953 ശനിയാഴ്ച രാവിലെ 10 മണിക്ക് വയ്യാനം എൽ. പി. സ്കൂളിൽ ചേർന്ന് പ്രസിഡന്റായും ശ്രീ പി. എസ്. കുഞ്ഞിരാമപിള്ളയേയും. വൈസ് പ്രസിഡൻായി ശ്രീ കെ. നാണുവിനേയും തെരഞ്ഞെടുത്തു.

പഞ്ചായത്തിന്റെ ആസ്ഥാനം എവിടെയായിരിക്കണമെന്ന വിഷയമാണ് ആദ്യമായി പരിഗണനയ്ക്ക് വന്നത്. വയ്യാനം, ചുണ്ട, ചരിപ്പറമ്പ്, എന്നീ സ്ഥലങ്ങൾ നിർദ്ദേശിക്കപ്പെട്ടു. ചർച്ചയ്ക്ക് തീരുമാനമെടുക്കാൻ കഴിയാതെ വന്നപ്പോൾ . നറുക്കെടുപ്പ് നടത്തിയാണ് ആ സ്ഥാനം വയ്യാനത്തായിരിക്കണമെന്ന് തീരുമാനിച്ചത്. തുടർന്ന് പഞ്ചായത്ത് ആഫീസ് തുടങ്ങുന്നതിന് വേണ്ടി വയ്യാനത്ത് സൂര്യമംഗലത്ത് വി. ഭാസക്കരപിള്ളയുടെ കെട്ടിടം പ്രതിമാസം 8 രൂപക്ക് വാടക്കെടുക്കാൻ തീരുമാനിച്ചു. പിറ്റേദിവസം തന്നെ ആ ഓഫീസ് പ്രവർത്തനം ഈ വാടകക്കെട്ടിടത്തിലാരംഭിച്ചു. ആദ്യത്തെ കമ്മറ്റിയിലെ അടുത്ത ഇനം പഞ്ചായത്ത് ബൈല വായിച്ച് അമഗീകരിക്കുന്നതായിരുന്നു അടുത്ത തീരുമാനം ചില അധികാരങ്ങൾ ഗവൺമെൻറിനോട് ചോദിക്കനുള്ളതായുരുന്നു.

1, പബ്ലിക്ക് വർക്കുകൾ തീരുമാനിക്കാനുള്ള അധികാരം
2. പുറമ്പോക്ക് സ്ഥലങ്ങൾ പഞ്ചായത്തിന് വിട്ടുകിട്ടണം.
3. ചന്തകളുടെ ആദായം പഞ്ചായത്തിന് ലഭിക്കണം.

ഈ ആവശ്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താൻ പ്രസിഡൻറിനെ ചുമതലപ്പെടുത്തി എക്സിക്യൂട്ടീവ് ആഫീസർ ഇല്ലാതിരുന്ന അക്കാലത്ത് കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കാൻ പ്രസിഡൻറിനെ ചുമതലപെപടുത്തുകയായിരുന്നു പതിവ്.

പഞ്ചായത്തുകൾക്ക് എക്സിക്യൂട്ടീവ് ആഫീസറെ നിയമിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിരുന്നു. ഗവൺമെൻറിന്റെ ഈ തീരുമാനത്തിനെതിരെ കഠിനമായ പ്രതിഷേധം രേഖപ്പെടുത്തുകയായിരുന്നു.

അടുത്ത തീരുമാനം

ഒന്നാമത്തേയും മൂന്നാമത്തേയും ഞായറാഴ്ചകളിൽ എല്ലാ മാസവും കമ്മറ്റി കൂടാൻ തീരുമാനിച്ച് ആദ്യ കമ്മറ്റി യോഗം പിരിഞ്ഞു. ആദ്യത്തെ പഞ്ചായത്ത് :

ബഡ്ജറ്റ് 1953 -54 വരവ് രൂപാ 2497.00

ചെലവ് രൂപാ 2480.00

17 രൂപാ മിച്ചം വരുന്ന ബജറ്റായിരുന്നു ആത് 3-3-1954 ലേ പഞ്ചായത്ത് കമ്മറ്റി യോഗമാണ് ഇട്ടി പഞ്ചായത്തിലാകെ ഇലക്ട്രിസിറ്റി ആവശ്യമാണെന്ന് ഗവൺമെൻറിനെ അറിയിക്കാൻ തീരുമാനിച്ചത്.26-11-1954 ലെ യോഗം പഞ്ചായത്ത് ആഫീസുകൾ വേണമെന്ന ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തി

1963 ഡിസംബർ 16 ന് രണ്ടാമത്തെ പഞ്ചായത്ത് ഭരണസമിതി അധികാരമേറ്റെടുത്തു.

1. മലപ്പേരൂർ	-	സി.എം മീരാസാഹിബ്
2. കീഴ്തോണി	-	വി ഗോപാലപിള്ള
3. ഇട്ടിവ	-	സി. റ്റി എബ്രഹാം
4. കോട്ടുക്കൽ	-	പി. എസ്. കുഞ്ഞുരാമൻ പിള്ള
5. റിസർവേഷൻ	-	പി. സി. ചെല്ലപ്പൻ.
6. വയലാ	-	എം. കുഞ്ഞുകൃഷ്ണപിള്ള
7. മണ്ണൂർ	-	റ്റി. മത്തായി
8. തുടയന്നൂർ	-	പി. ദാമോദരപിള്ള
9. ചരിപ്പറമ്പ്	-	സി എൻ രാഘവൻ പിള്ള.
10. വനിതാ മെമ്പർ	-	കെ. വി ഏലിയാമ്മ.

പ്രസിഡൻറായി ശ്രീ പി എസ് കുഞ്ഞിരാമൻ പിള്ളയേയും വൈസ്പ്രസ്രിഡൻറായി ശ്രീ എം കുഞ്ഞുകൃഷ്ണപിള്ളയേയും തെരഞ്ഞെടുത്തു. ഈ കമ്മറ്റിയിലെ ശ്രീ മത്തായി, ശ്രീ സി. എൻ രാഘവൻ പിള്ള, ശ്രീമതി കെ. വി ഏലിയാമ്മ എന്നിവർ രാജിവെച്ചു. അനന്തരം നടന്ന ഉപതെരഞ്ഞെടുപ്പിലൂടെ മണ്ണൂരിൽ നിന്നും ശ്രീ കെ ഗീവർഗ്ഗീസും ചരിപ്പറമ്പിൽ നിന്ന് ശ്രീ കരുണാകരകുറുപ്പും തെരഞ്ഞെടുക്കപ്പെട്ടു. വനിതാ മെമ്പറായി ശ്രീമതി തങ്കമ്മ ജേക്കബ്ബും തിരഞ്ഞെടുക്കപ്പെട്ടു.

29-9-79 ൽ മുന്നാമത്തെ പഞ്ചായത്തു സമിതി നിലവിൽ വന്നു. വാർഡും മെമ്പർമാരുടെ പേരുവിവരവും

1. മലപ്പേരൂർ - എബ്രഹാം ഇലഞ്ഞിമണ്ണിൽ
2. തുടയന്നൂർ - ജി രാധാകൃഷ്ണൻ
3. ചുണ്ട - അഡ്വക്കേറ്റ് ജി. മാധവൻ ഉണ്ണിത്താൻ
4. ചരിപ്പറമ്പ് - ബി ശിവദാസൻ പിള്ള
5. മണ്ണൂർ - പി. പി പാപ്പച്ചൻ
6. വയലാ - ആർ രത്നമ്മാ
7. വടക്കേ കോട്ടുക്കൽ - എസ്. ജനാർദ്ദനൻപിള്ള
8. ഇട്ടിവാ - സിറ്റി എബ്രഹാം
9. കീഴ്തോണി - വി കേശവൻ
10. തെക്കേകോട്ടുക്കൻ - എസ് രാമാന്ദൻപിള്ള
11. ചാണപ്പാറ - ആർ ജനാർദ്ദനൻ

ഈ കമ്മറ്റി ശ്രീ എസ് രാമാന്ദൻ പിള്ളയെ പ്രസിഡൻറായും ശ്രീ വി. ശിവദാസൻ പിള്ളയെയും വൈസ് പ്രസിഡൻറായും തെരഞ്ഞെടുത്തു.

9-2-88 ൽ നാലാമത്തെ പഞ്ചായത്ത് കമ്മറ്റി നിലവിൽ വന്നു.

1. മലപ്പേരൂർ - റംലാസലിം
2. തുടയന്നൂർ - സി വിദ്യാധരൻ പിള്ള
3. ചുണ്ട - കെ, അബ്ദുൽ മജീദ് മാധവൻ ഉണ്ണിത്താൻ
4. ചരിപ്പറമ്പ് - പ്രൊഫസർ ബി. ശിവദാസൻ പിള്ള
5. മണ്ണൂർ - എം. ഗീവർഗ്ഗീസ്
6. വയലാ - ഈ ജി ഉണ്ണികൃഷ്ണൻ പിള്ള
7. കി. വയലാ - ബി സുരേന്ദ്രൻ പിള്ള
8. ഇട്ടിവാ - മറിയക്കുട്ടി കുര്യാക്കോസ്
9. കീഴ്തോണി - വി കേശവൻ
10. തെക്കേ കോട്ടുക്കൻ - ജി. ചന്ദ്രശേഖരൻ നായർ
11. ചാണപ്പാറ - ആർ ജനാർദ്ദനൻ
12. വടക്കേ കോട്ടുക്കൽ - എബ്രഹാം ഇലഞ്ഞിമണ്ണിൽ

കമ്മറ്റി കാലയളവിനുള്ളിൽ 21-2-1992 ൽ ശ്രീ ഗീവർഗ്ഗീസ് അന്തരിച്ചു. ശ്രീ കെ. അബ്ദുൾ മജീദ് വിദേശത്ത് ജോലി തേടിപ്പോയതിനെ തുടർന്നു. മെമ്പർ സ്ഥാനം നഷ്ടപ്പെട്ടു. ശ്രീമതി റംലാ സലിം സർക്കാർ ജോലി ലഭിച്ചതിനെ തുടർന്ന് രാജിവെച്ചു. ഈ കമ്മറ്റി 3-10-95 വരെ തുടർന്നു. 1995 ഒക്ടോബർ 2 ന് അഞ്ചാത്തെ ഭരണസമിതി നിലവിൽ വന്നു. പഞ്ചായത്ത് രാജ് നിയമ പ്രകാരം നിലവിൽ വന്ന ആദ്യത്തെ കമ്മറ്റിയാണ് ഇത്.

വാർഡുകൾ മെമ്പർമാരുടെ പേരുവിവരം

1. മലപ്പേരൂർ - എബ്രഹാം ഇലഞ്ഞിമണ്ണിൽ
2. തുടയന്നൂർ - വി. സി പത്മകുമാരി
3. ചുണ്ട - എം ഷരീഫ്
4. ചരിപ്പറമ്പ് - പ്രൊഫസർ ബി. ശിവദാസൻ പിള്ള
5. മണ്ണൂർ - വൈ ജോൺ
6. പ:വയലാ - എൻ പത്മിനി അമ്മ
7. കി. വയലാ - എൻ ഉദയകുമാർ
8. ഇട്ടിവാ - ഡി. ചന്ദ്രബോസ്
9. കീഴ്തോണി - എ. അബ്ദുൽ ലത്തീഫ്
10. തെക്കേ കോട്ടുക്കൻ - ബി, ശാന്തമ്മ
11. ചാണപ്പാറ - ജെ. ഓമന
12. വടക്കേ കോട്ടുക്കൽ - പനമൂട്ടിൽ മജീദ്
13. ത്രാങ്ങോട് - വി. ജയശ്രീ.

പ്രസിഡൻറായി പ്രൊ: ബി ശിവദാസൻ പിള്ളയേയും വൈസ് പ്രസിഡൻറായി കുമാരി ജെ ഓമനയേയും തെരഞ്ഞെടുക്കപ്പെട്ടു.

13-2 1996 ൽ സ്റ്റാഡിംഗ് കമ്മിറ്റി നിലവിൽ വന്നു.
1. എം ഷരീഫ്. ചെയർമാൻ
2. എൻ. ഉദയകുമാർ. മെമ്പർ
3. വി. സി പത്മകുമാരി മെമ്പർ
4. ഡി. ചന്ദ്രബോസ് മെമ്പർ
5. എ. അബ്ദുൾ ലത്തീഫ് മെമ്പർ

പഞ്ചായത്ത് മെമ്പറായിരുന്ന സൂര്യമംഗലത്തു വീട്ടിൽ വി. ഗോപാലപിള്ള സൗജന്യമായി നൽകിയ 25 സെൻറ് സ്ഥലത്ത് 1968 ൽ പഞ്ചായത്ത് ആഫീസ് കെട്ടിടം നിർമ്മിച്ചു. ഇന്നത്തെ നിലയിൽ ആഫീസ് പ്രവർത്തനം സുഗമമായി നടത്താൻ ഈ കെട്ടിടം അപര്യാപ്തമായിരിക്കുകയാണ്

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ
1. ഇട്ടിവാ വില്ലേജ് ആഫീസ് വയ്യാനം
2. കോട്ടാക്കൽ വില്ലേജ് ആഫീസ് കോട്ടുക്കൽ
3. ഇട്ടിവാ കൃഷി ഭവൻ കോട്ടുക്കൽ
4. ജില്ലാ കൃഷിഫാം കോട്ടുക്കർൽ
5. പി എച്ച് സെൻറർ ചുണ്ട
6. ഫാമിലി വെൽഫെയർ സെൻറർ ആയിരവല്ലി.
7. ഫാമിലി വെൽഫെയർ സെൻറർ -കീഴ്തൊണി, വയ്യാനം
8. ഫാമിലി വെൽഫെയർ സെൻറർ - കേട്ടുക്കൽ
9. ഫാമിലി വെൽഫെയർ സെൻറർ - മണ്ണൂർ
10. ഫാമിലി വെൽഫെയർ സെൻറർ - ചാണപ്പാറ
11. ആയുർവ്വേദാശുപത്രി മണ്ണൂർ

12. മൃഗാശുപത്രി ശങ്കരപുരം
13. ഐ. സി ഡി. പി സെൻറർ ചുണ്ട
14. ഐ. സി ഡി. പി സെൻറർ- മഞ്ഞപ്പാറ
15. ഐ. സി ഡി. പി സെൻറർ- ചാണപ്പാറ
16. ഐ. സി ഡി. പി സെൻറർ- മണ്ണൂർ
17. മാവേലി സ്റ്റോർ - കോട്ടുക്കൽ
18. കെ. എസ്. ഇ. ബി സബ് എൻജിനീയർ ഓഫീസ് കോട്ടുക്കൽ
19. ടെലിഫോൺ എക്സ്ചേഞ്ച് ചുണ്ട
20. പോസ്റ്റാഫീസ്- വയ്യാനം
21. പോസ്റ്റാഫീസ്- എഴിയം
22. പോസ്റ്റാഫീസ്-ചെറുകുളം
23. പോസ്റ്റാഫീസ്-കോട്ടുക്കൽ
24. പോസ്റ്റാഫീസ്- മഞ്ഞപ്പാറ
25. പോസ്റ്റാഫീസ്- വയലാ
26. പോസ്റ്റാഫീസ്-മണ്ണൂർ
27. പോസ്റ്റാഫീസ്- തുടയന്നൂർ
28. പോസ്റ്റാഫീസ്- ചരിപ്പറമ്പ്
29. ആഗ്രോസർവ്വീസ് സെൻറർ മലപ്പേരൂർ.

29 സർക്കാർ ഓഫീസുകളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത് മുകളിലത്തെ പട്ടികയിൽ നിന്ന് മനസ്സിലാക്കാം അതിൽ തന്നെ 9 പോസ്റ്റാഫീസുകളും ഒരു ടെലഫോൺ എക്സ്ചേഞ്ചും ഉൾപ്പെടെ 10 എണ്ണം വാർത്താ വിനിമയത്തിനാണ് ആരോഗ്യരംഗത്ത് 5 വെൽഫയർ സെൻററുകളും രണ്ട് ആശുപത്രികളും ഉൾപ്പെടെ 7 സ്ഥാപനങ്ങളാണുള്ളത്. മൃഗസംരക്ഷത്തിന് 4 ഐ. സി. ഡി പി സെൻററുകളും ഒരു മൃഗാശുപത്രിയും ഉൾപ്പെടെ 5 സ്ഥാപനങ്ങളുണ്ട്. അതായത് വാർത്താവിനിമയം ആരോഗ്യം മൃഗസംര4ണം എന്നീ മൂന്ന് മേഖലകളിൽ 22 ഓഫീസുകൾ പ്രവർത്തിക്കുമ്പോൾ ആകെയുള്ള 29 sഒഫീസുകളിൽ 7 ഓഫീസുകൾ മാത്രമാണ് മറ്റ് രംഗങ്ങളിലുള്ളത് ഈ വിശകലനത്തിൽ നിന്നും മനസ്സിലാവുന്നത് സേവനതുറയും നമ്മുടെ പഞ്ചായത്ത് വളരെ വളരെ ദുർബ്ബലമാണെന്നാണ്. വ്യവസായികമേഖലയിൽ യാതൊന്നുമില്ലാ എന്ന് എടുത്തു പറയേണ്ടതില്ലല്ലോ ഇക്കാര്യത്തിൽ ഒരു സന്തുലിതാവസ്ഥ മറ്റ് പഞ്ചായത്തുകൾക്കൊപ്പം നമുക്കുണ്ടാണമെന്നത് ഏറ്റവും ചെറിയ ഒരു ഡിമാൻറാണ് ദൈനംദിന ഔദ്യോഗിക ആവശ്യങ്ങൾക്കു വേണ്ടി വളരെയധികം വിഷമതകൾ നമ്മുടെ പഞ്ചായത്ത് നിവാസികൾ അനുഭവിക്കുന്നു ഓരോ മേഖലയിലും ഉണ്ടാകേണ്ട സ്ഥാപനങ്ങളെക്കുറിച്ച് ഈ റിപ്പോർട്ടിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ പരാമർശമുണ്ട്. ഓരോ മേഖലയിലെയും ആവസ്യങ്ങൾ വിലയിരുത്തി സംയോജിതമായ നിലയിൽ പുതിയ ഓഫീസുകൾ ഉണ്ടാകണം.

ഔദ്യോഗിക രംഗ് വില്ലേജാഫീസിൻെറ കാര്യത്തില നമ്മുടെ പഞ്ചായത്തില നിലവിലിരിക്കുന്ന സ്ഥിതി തികച്ചും പ്രാകൃതമാണ്. ഈ രംഗത്ത് പഞ്ചായത്തിൻെറ പകുതിയിലേറെ പ്രദേശങ്ങളിൽ നിവസിക്കുന്നവർക്ക് തികച്ചും അസൗകര്യമായ നിലയിലാണ് വില്ലേജോഫീസുകൾ സ്ഥിതി ചെയ്യുന്നത്. ഈ നിലമാറുന്നതിന് വില്ലേജുകൾ പുന സംഘടിപ്പിക്കേണ്ടത് അടിയന്തിര പ്രാധാനയത്തോട് കാണണം താടെ പറയുന്ന നിർ ദേശ മനുസരിച്ച് വില്ലേജുകൾ പുന സംഘടിപ്പിച്ചാൽ ഈ രംഗ് ഇന്നുള്ള പ്രശ്നം പരിഹരിക്കാനാകും.

1. ഇട്ടിവ വില്ലേജ് :- വാർഡുകൾ 1,2,3,13, 12 ൻെറ സൗകര്യപ്രദമായ ചില ഭാഗങ്ങൾ
2. കോട്ടുക്കൽ വില്ലേജ്:- 4,6,7,8,5 ൻെറ സൗകര്യപ്രധമായ ഭാഗങ്ങൾ
3. കിഴക്കൻ മേഖലയിൽ രൂപീകരിക്കപ്പേടേണ്ട പുതിയ വില്ലേജ് - വാർഡുകൾ 9,10,11,12 ൻെറ സൗകര്യ പ്രദമായ മേഖലകൾ വേണ്ടി വന്നാൽ 8-ാം വാർഡിൻേറ ചില മേഖലകൾ കൂടി ഇതിനോ് ചേർക്കാവുന്നതാണ്.
4. പൊതുവാ ആവശ്യങ്ങൾക്ക് ജനങ്ങൾ സർവ്വാത്മനാ സഹകരിക്കുന്ന രീതി നമ്മുടെ പഞ്ചായത്തിൽ ദൃസ്യമാണ്. നിരവധി രംഗങ്ങളിൽഉദാര മതികളും ദേശ സ്നേഹകളുമായവർ ഭൂമി സംഭാവന ചെയ്തിട്ടുണ്ട്. ഭൂമി വാങ്ങുന്നതിന് പിരിവ് നൽ കിയും ബഹുജനങ്ങൾ സഹകരിച്ചിട്ടുണ്ട്. ഭൂമി സംഭാവന ചെയ്തവരുടെ പേര വിവരം ചുവടെ ചേരക്കുന്നു.

1. ശ്രീ. വി. ഗോപാല പിള്ള സൂര്യമംഗ ം, വയ്യാനം. - സെൻറ് പഞ്ചായത്താഫീസിനും 25 സെൻറ് വില്ലേജാഫീസിനും.
2. ശ്രീ. ഷാഹുൽ ഹമീദ് (മുക്കട) മുക്കട 50 സെൻറ് മാർക്കറ്റിനും
3. ശ്രീ. അബ്ദൽ റഷീദ് ഷക്കീലാമൻസിൽ കോട്ടുക്കൽ 5 സെൻറ് കഷഷി ഭവന്
4. ശ്രീ. കുഞ്ഞുകുഞ്ഞു മത്തായി മണ്ണൂർ പെരിങ്ങളത്ത് ആയുർ വേദ ഹോസ്പിറ്റൽ 25 സെൻറ്
5. ശ്രീ. ദാമോദരൻ പിള്ള ഈട്ടിമൂട്ടിൽ വീട് 3 സെൻറ് വിവേക ദായിനി ഗ്രന്ഥശാല വെളിന്തറ
6. ശ്രീ. എ. എം ഇബ്രാഹീം കുട്ടി സൻമാർഗ ദായിനി ഗ്രന്ഥശാല തുടയന്നൂർ.
7. ശ്രീ. ചാണപ്പാറ സദാനന്ദൻ സൻമാർഗദായിനി സ്മാരക ഗ്രന്ഥശാല ചാങപ്പാറ 2 സെൻറ്
8. ശ്രീ. എം സുകുമാര പിള്ള സൗപർണ്ണിക ചുണ്ട. ചുണ്ട ജന വിദ്യാ കേന്ദത്തിന് 2 സെൻറ.
9. ശ്രീ. ശസിധരൻപിള്ള ചരിപ്പറമ്പ് ജന വിദ്യാ കേന്ദത്തിന് 2സെൻറ്
10. ശ്രീ. വേലായുധൻ പിള്ള വയലാ - ഗാന്ധി സ്മാരക വായന ശാല വയലാ 2 സെൻറ്
11. ശ്രീ. നാരായണ പിള്ള - ഫാമിലി വെൽഫെയർ സെൻറർ ചാണപ്പാറ 4 സെൻറ്
12. പെരുമ്പാം വീട്ടിൽ ജോർജ്ജ് മണ്ണൂർ ഫാമിലി വെൽഫെയർ സെൻറർ മണ്ണൂർ 2 സെൻറ്

13. ശ്രീ. രാമാന്ദൻ പിള്ള ഫാമിലി വെൽഫയർ സെൻറർ കോട്ടുക്കൽ.

14. മുഹമ്മദ് അബ്ദൽഖാദർ കുറ്റ്യാം മുട്ടിൽ - ഫാമിലി വെൽഫയർ സെൻറർ വയ്യാനം 4 സെൻറ്

15. - ആയിരവല്ലി വെൽഫയർസെൻറർ 4 സെൻറ്

16. തെക്കേതോട്ടത്തിൽ കാളി നാരായണി - ചുണ്ട പി.എച്ച്. സെൻറർ 1ഏക്കർ 10 സെൻറ്.

17. തെക്കേതോട്ടത്തിൽ കമലാസനൻ-8സെൻറ്

18. തെക്കേതോട്ടത്തിൽ ശ്രീധരൻ-11സെൻറ്

19. വഴവിളയിൽ കുഞ്ഞിരാമൻ പിള്ള -13 സെൻറ്

20. വഴവിളയിൽ മാധവൻ നായർ -27 സെൻറ്

21. - കാട്ടാംമ്പള്ളി മാർക്കറ്റ് 50 സെൻറ്

22. നാട്ടുകാരുട പിരിവ് ശങ്കരപുരം മൃഗാശുപത്രി 10 സെൻറ്

19. നാട്ടുകാരുട പിരിവ് വയ്യാനം പബ്ലിക്ക് മാർക്കറ്റ് 50 സെൻറ്

20. നാട്ടുകാരുട പിരിവ് കൊട്ടുക്കൽ വില്ലേജാഫീസ് 25 സെൻറ്.

റോഡുതുടങ്ങിയ പൊതുവായ ആവശ്യങ്ങൾക്ക് ശ്രമദാനത്തിലൂടെ ജനങ്ങൾ സഹായ സഹകരണങ്ങൾ നൽകുന്നുണ്ട്. റോഡു നിർമ്മിക്കുന്നതിന് നിരവധി ആളുകൾ ഭൂമി വിട്ടുതന്നിട്ടുണ്ട്. ഭാവിയിലെ വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യ ശക്തിയെന്ന വിഭവം വേണ്ടുവോളം സമാഹരിക്കാനാവുമെന്ന് പ്രതീക്ഷിക്കാം.

രാഷ്ട്രീയ രംഗം

സി.പി.ഐ (എം) ഐ.എൻ.സി, സി.പി.ഐ., കേളാകോൺഗ്രസ്, ബി.ജെ.പി. ഐ.യു.എം.എൽ, പി.ഡി.പി. ജനതാദൾ എന്നീ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനം പഞ്ചായത്ത് മേഖലയിലുണ്ട്. നാടിൻെറ വികസനത്തിനും പൊതു ലക്ഷ്യങ്ങൾ നേടുന്നതിനും രാഷ്ട്രീയാഭിപ്രായങ്ങൾക്കതീതമായി ഒത്തുചേരാൻ ഇവിടുത്തെ രാഷ്ട്രീയ പ്രവർത്തകർക്ക് സാദിക്കുന്നു. ജനകീയാസൂത്രണ പരിപാടിയിൽ ഈ സമീപനം കുറെകൂടി ഉയർന്ന നിലവാരത്തിൽ കാണാവുന്നതാണ്. ഈ സംരഭത്തിലൂടെ രാഷ്ട്രീയ പ്രവർത്തകർ സമാർജ്ജിക്കേണ്ട വികസന സംസ്കാരം ഭാവിയിലെ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കാം.

നമ്മുടെ പഞ്ചായത്തിലെ രാഷ്ട്രീയ ചേരികളുടെ സ്വാധീനം മനസ്സിലാക്കുന്നതിന് 1995 സെപ്റ്റംബർ മാസം 25 ന്നടന്ന ഗ്രാമ പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ പ്രധാന പെട്ട മുന്നണികൾക്കും മത്സരിച്ച മറ്റുപാർട്ടികൾക്കും ലഭിച്ച വോട്ടു നിലവാരം. താഴെകൊടുക്കുന്നു.

ഇടതുപക്ഷ ജനാതിപത്യമുന്നണി	-	7166 വോട്ട്
ഐക്യ ജനാതി പത്യമുന്നണി	-	6026 വോട്ട്
പി.ഡി.പി.	-	1154 വോട്ട്
ബി.ജെ.പി.	-	1405 വോട്ട്
സ്വതന്ത്രൻമാർ	-	1111 വോട്ട്
അസാധു	-	432 വോട്ട്
ആകെ	-	17294 വോട്ട്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചത്
ഒരു നല്ല ആശയമായാണ് എനിക്ക് തോന്നുന്നത് പരസ്പര
ചർച്ചയിലൂടെ സാധാരണക്കാരൻെറ പ്രശ്നങ്ങളിലേക്ക് ഇറങ്ങിചെല്ലാൻ
ഈപദ്ധതി സഹായിക്കും അതുവഴി പ്രശ്നങ്ങൾക്ക് ഒരു ജനകിയ അടിത്തറ
സംജാതമാകുകയും അത് പരിഹരിക്കുമ്പോൾ സാധാരണക്കാർക്ക്
ഏറെ പ്രയോജനം ചെയ്യുകയും ചെയ്യും

എ.കെ. ആൻറണി, പ്രതിപക്ഷ നേതാവ്

III



സാമൂഹിക സാംസ്കാരിക ചരിത്രം

ഏകദേശം 120ം നൂറ്റാണ്ടുവരെ ഉയർന്ന ഒരു സാംസ്കാരി നിലവാരമുണ്ടായിരുന്ന ജനപഥങ്ങൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നിലനിന്നിരുന്നു വെന്നും, ശത്രുക്കളുടെ ആക്രമണത്താലോ, പ്രകൃതി ക്ഷോഭത്താലോ, മഹാരോഗങ്ങൾനിമിത്തമോ ജനപഥങ്ങളാകെ അപ്രത്യക്ഷമായിപോയെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. ജനവാസമില്ലാതെ അഞ്ഞൂറു വർഷത്തോളം വനമായികിടന്ന പ്രദേശത്ത് ഇന്നേക്ക് 300 വർഷം മുമ്പ് വീണ്ടും ജനവാസം ആരംഭിച്ചു വെന്നും അനുമാനിക്കണം. മലപേരൂർ, പാവൂർ ഇപദേശങ്ങളും, ഇന്നത്തെ കൃഷിഫാമും വനമായിരുന്നത് പൂർണ്ണമായി വെട്ടിത്തെളിച്ചിട്ട് 25-35വർഷത്തോളമേആകൂ. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നിന്നും ലഭ്യമായ ചില വിവരങ്ങൾ പരിശോധിച്ചാൽ മേൽപറഞ്ഞ നിഗമനങ്ങൾക്ക് യുക്തിയുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും.

പൗരാണികചരിത്രം

നൂറ്റാണ്ടുകളുടെ ചരിത്രം പേറി നിൽക്കുന്ന കോട്ടുക്കൽ ഗുഹാക്ഷേത്രമാണ് ആദ്യം പരിശോധിക്കേണ്ടത്. ചരിത്രാതീതകാലം മുതൽ 16 ാം നൂറ്റാണ്ടുവരെ ദക്ഷിണേന്ത്യയുടെ തെക്കുഭാഗത്ത് പമ്പാനദിക്കും കന്യാകുമാരിക്കുമിടയ്ക്ക് നിലനിന്നിരുന്ന 'അയോയി' എന്നു വിളിക്കപ്പെട്ടിരുന്ന ആയിരാജ്യത്തിന്റെ ഭാഗമായിരുന്നു ഇന്നത്തെ ഇട്ടിവ ഗ്രാമപഞ്ചായത്ത് പ്രദേശമെന്ന് കരുതാവുന്നതാണ് അന്നത്തെ സ്ഥലനാമങ്ങൾ രാജാക്കൻമാരുടെ പേരുകളുമായി ബന്ധമുള്ളതും ഊർ, മംഗലം. കുളം, കോട്, കര എന്നിവയിൽ അവസാനിക്കുന്നതുമായിരുന്നു. ആയൂർ ആയിരാജവംശവുമായി ബന്ധമുള്ളതാണെന്ന് ചരിത്രഗവേഷകർ അഭിപ്രായപ്പെട്ടിട്ടുണ്ട് എ.ഡി 765 നും 815 നും മദ്ധ്യേ പാണ്ഡ്യരാജ്യം ഭരിച്ചിരുന്ന ജടില പരാന്തകനെടും ചടയൻ എന്ന രാജാവ് ആയി രാജ്യം ആക്രമിച്ച് കീഴ്പ്പെടുത്തിയപ്പോൾ പാണ്ടിപ്പട താവളമടിച്ചസ്ഥലമാണ് ചടയമംഗലമായത് എന്ന് വിശ്വസിക്കപ്പെടുന്നു. ചടയമംഗലത്തിന് ജടായുവുമായി ബന്ധമുള്ള കഥ ഐതിഹ്യമാണ്. പാണ്ഡ്യരാജാവ് ആധിപത്യം സ്ഥാപിച്ചകാലത്തോ അതിനുശേഷമോ ആയിരിക്കണം കോട്ടുക്കൽ ഗുഹാക്ഷേത്രം ഉണ്ടായിട്ടുള്ളത്. ശിവപ്രതിഷ്ഠയും, ശിവന്റെ ഭൂതഗണാംഗമായ ശൂലധാരിയായ കാവൽക്കാരനും ഉള്ള ക്ഷേത്രങ്ങൾ പാണ്ടിദേശത്തുണ്ടായത് ജടില പരാന്തകന്റെ കാലഘട്ടത്തോടടുത്താണ് കോട്ടുക്കൽ ഗുഹാക്ഷേത്രത്തിലും ഈ പ്രത്യേകതയാണ് കാണാൻ കഴിയുന്നത്. ആധിനപ രാജ്യത്തിന്റെ സംസ്കാരം അടിമരാജ്യത്ത് പകർത്താൻ ശ്രമിക്കാറുണ്ടല്ലോ. വാസ്തുശിൽപ്പത്തിന്റെ മനോഹാരിതയും, തച്ചുശാസ്ത്രത്തിന്റെ തികവും ഒത്തുചേർന്നതാണ് ഈ ഗുഹാക്ഷേത്രം. ആധുനിക ജനവാസം ആരംഭിക്കുമ്പോൾ ക്ഷേത്രത്തിന് ചുറ്റുമുള്ള പ്രദേശചങ്ങൾ വനവും, കുറ്റിക്കാടുകളും കൊണ്ട് നിറഞ്ഞതായിരുന്നു. ക്ഷേത്രനിർമ്മാണം വിരൽചൂണ്ടുന്നത് ഉയർന്ന ഒരു സംസ്കൃതിയിലേക്കും, വനങ്ങളും, കാടുകളും സൂചിപ്പിക്കുന്നത് ജനവാസമില്ലാതായതിലേക്കാണ്. ഏകദേശം 90 വർഷങ്ങൾക്കു മുമ്പ് നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു കബർ കണ്ടെത്തിയ സ്ഥാനത്താണ് ആനപ്പുഴയ്ക്കൽ മുസ്ലീം ജമാഅത്തുണ്ടായത്. വെളിന്തറയിലെ അതിശയമംഗലം ക്ഷേത്രം 100 കൊല്ലം മുമ്പ് കാടു തെളിച്ച് ചെന്നപ്പോൾ കണ്ടെത്തിയതാണ്. കൽപ്പടവുകൾ, ക്ഷേത്രക്കുളം സ്വർണ്ണത്തിൽ തീർത്ത കിരീടം, ഭൂജാരം, നെഞ്ചാരം തുടങ്ങിയ ആഭരണങ്ങളും ചെത്തിമിനുക്കിയ കൽപ്പലകകളും കണ്ടെത്തുകയുണ്ടായി. വയലായിലെ മുട്ടോട്ടു ക്ഷേത്രം, ശാസ്താംകോട്ടുക്ഷേത്രം, ക്ഷത്രീയവംശജരായ പണ്ടായൽമാർ സ്ഥാപിച്ചതെന്ന് കരുതപ്പെടുന്ന തുടയന്നൂരിലെ അരത്തകണ്ടപ്പൻ ക്ഷേത്രം എന്നിവയും നൽകുന്ന സൂചനകൾ ഇതിനുപോത്ബലകമാണ്. കാഞ്ഞിരംവിളയിൽ മണ്ണിനടിയിൽനിന്നും കണ്ടെടുത്ത പാത്രാവശിഷ്ടങ്ങൾ, ഭസ്മക്കുടം, നൂറ്റാണ്ടുകൾ പഴക്കം വരുന്ന കിണറുകൾ എന്നിവയും സൂചിപ്പിക്കുന്നത് ജനവാസത്തിനൊരിട വേളയുണ്ടായി രുന്നുവെന്നാണ്.

സ്ഥലനാമങ്ങൾ .

കല്ലിൽ മനോഹരമായി ക്ഷേത്രം 'കോട്ടി' (നിർമ്മിച്ച്) യെടുത്തപ്പോൾ 'കോട്ടിയകല്ല്' ''കോട്ടുക്കൽ'' ആയിതീർന്നതാണെന്ന് പറയപ്പെടുന്നു. കോട്ടുക്കല്ലിനടുത്തുള്ള 'കൊട്ടാരഴികം ' കൊട്ടുകാർ അഴികമായിരുന്നു പത്രേ. മഹാവാദ്യമായ ചെണ്ടകൊട്ട് കുലത്തൊഴിലാക്കിയമാരാർ സമുദായക്കാർ അവിടെ താമസിച്ചിരുന്നു. ഇന്നും ഈ വിഭാഗത്തിൽ ധാരാളം പേർ കൊട്ടാരഴികത്ത് താമസിക്കുന്നു. മേളയ്ക്കാടും ഏതോ മേളവുമായി ബന്ധപ്പെട്ടതാണ്. 'ഉടയോൻതറ' യാണ് ഉടയന്നൂരായതും പിൽക്കാലത്ത് തുടയന്നൂരായതും എന്ന് പഴമക്കാർ പറയുന്നു. ഇന്നത്തെ പഞ്ചായത്തിന്റെ കിഴക്ക് തെക്ക് കൂടിയൊഴുകുന്ന ഇത്തിക്കരയാറിന്റെ രണ്ടു കൈവഴികൾ ആരംഭിക്കു

ന്നത് മാഞ്ഞൂർ മലയിൽ നിന്നാണ്. വർഷകാലത്ത് മലയിൽ നിന്നും വൻതോതിൽ മണ്ണൊലിച്ച് അടിഞ്ഞുകൂടുന്ന പ്രദേശത്തിന് മണ്ണൂർ എന്ന പേര് വന്നു. മാഞ്ഞൂർ മലക്കും മണ്ണിടിയുന്ന പ്രതിഭാസത്തിനും ഏറെ പേരിൽ സ്വാധീനമുണ്ട്. വയലുകൾ നിറഞ്ഞതും വയൽ സമാനമായ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതുമായ പ്രദേശം 'വയല' യായി. ഇന്നത്തെ കിഴക്കേ വയല പൊടിവെട്ടം എന്നറിയപ്പെട്ടിരുന്നു. വൃക്ഷങ്ങളും, വള്ളിക്കുടിലുകളും നിറഞ്ഞ് ഇരുണ്ട കാടായിരുന്ന ഇവിടെ 'പൊടി' (ചെറിയ, കുറച്ച്) വെട്ടം (വെളിച്ചം) മാത്രമേ തൻ നിമിത്തം ലഭിച്ചിരുന്നുള്ളു.

ഇന്നത്തെ ഇട്ടിവാ ഗ്രാമപഞ്ചായത്തിന്റെ ആസ്ഥാനമായ വയ്യാനത്തിനടുത്തുള്ള ചെറിയ ഒരു പ്രദേശമാണ് ഇട്ടിവ.

ഏകദേശം നൂറു വർഷം മുമ്പ് ഏതോ ഉദ്യോഗസ്ഥൻ, ഒരു റവന്യൂ അധികാരി, ഔദ്യാഗികകാര്യത്തിന് ഇവിടം സന്ദർശിച്ചു എന്നും അകലെ സ്ത്രീകളുടെ 'കലമ്പൽ' (വഴക്കു കൂടുന്ന ഒച്ച) കേട്ടെ എന്നും കാര്യം ചോദിച്ചറിഞ്ഞപ്പോൾ അത് ഇട്ടി അമ്മമാരുടെ 'വാ' ആണെന്ന് മനസ്സിലാക്കിയ അധികാരി ഈ സ്ഥലം പിന്നീട് ഓർമ്മിക്കുന്നതിന് 'ഇട്ടിവ' എന്ന് കുറിച്ചിട്ടു എന്നും അത് പിൽക്കാലത്ത് സ്ഥലനാമമായി പരിണമിച്ചു എന്നും പടയപ്പെടുന്നു. 'യാനം' (യാത്ര) 'വയ്യ'ാത്ത വിധം കാടു നിറഞ്ഞ് പ്രദേശമാണ് 'വയ്യായാനം' വയ്യാനമായതെന്നും വിശ്വസിക്കപ്പെടുന്ന. ചുണ്ടക്കാടുകൾ നിറഞ്ഞ പ്രദേശം ചുണ്ടയായി തീർന്നു.' ചരിഞ്ഞ' പ്രദേശം തന്നെയാണ് ഇന്നും 'ചരിപ്പറമ്പ്'. പുലിയും, പുലിമടയുമുണ്ടായിരുന്ന സ്ഥലം പുലിക്കുന്നായിരുന്നു. പിൽക്കാലത്ത് ക്രിസ്ത്യൻ പള്ളിയുടെ ആഗമനത്തോടുകൂടി പുലിക്കുന്ന് ഹിൽഗിരിയായിതീർന്നു. കയറിയാൽ മുട്ടൊടിയുന്ന പ്രദേശമാണ് മുട്ടോടി. സവിശേഷമായ രീതിയിൽ മണലടിയുന്ന പ്രദേശം മണലുവെട്ടം. പശുക്കൾ വിശ്രമിച്ചിരുന്ന വിശാലമായ പാറയിൽ ധാരാളം ചാണകം കാണുമായുരുന്നു. അങ്ങനെ ചാണകപ്പാറ ചാണപ്പാറ ആയി എന്ന് പറയപ്പെടുന്നു. പെരിങ്ങാട് പെരുകോട്ടയായിരുന്നുവത്രേ. കാരയ്ക്ക ധാരാളം ലഭിച്ചിരുന്ന സ്ഥലം കാരയ്ക്ക പൊയ്കയും പിന്നീട് കാരിക്ക പൊയ്കയും ആയിതീർന്നു. കിഴിഞ്ഞതോണിയണ് കിഴ്തോണിയായത്. ഇരുവശത്തും നിരവധി കുന്നുകളും നടുക്ക് വയൽ ഭാഗവുമാകുമ്പോൾ തോണിയുണെ ആകൃതിയാണ് ഈ പ്രദേശത്തിനുണ്ടാകുന്നത്. പടിഞ്ഞാറുഭാഗം ചടമംഗലത്തേക്ക് തുറക്കുന്ന വാതിൽ പോലെ വിസ്തൃതമാണ്. ദ്വാരം വീണ തോണി പോലെയാവുന്നത് ഇതുമൂലമാണ്. മഞ്ഞപ്പാറ ത്രാങ്ങോട്,പോതിയാരുവിള, ഏഴിയം, മുക്കട, പെരുമാല എന്നീ സ്ഥലപ്പേരുകൾ കുടുംബപ്പേരുകളിൽ നിന്നുണ്ടായിട്ടുള്ളതാണ്. പട്ടാണിമുക്ക്, കല്യാണി മുക്ക്, കുഞ്ഞിമുക്ക്, ശങ്കരപുരം, ഇഞ്ചിമുക്ക്(ഒരാളിന്റെ ഇരട്ടപ്പേരാണ് ഇഞ്ചി) എന്നിവ വ്യക്തികളുമായി ബന്ധപ്പെട്ടുള്ളവയാണ്. മുന്നുമുക്ക് നിരപ്പിൽ, വെട്ടിക്കാവ്, ആലംകോട്, ക്ലാവോട്, തോട്ടംമുക്ക്, ബൗണ്ടർമുക്ക് തുടങ്ങിയ ചെറിയ പ്രദേശങ്ങളുടെ പേര് താരതമ്യേന ആധുനികമാണ്. നിരവധി കാരണവൻമാരിൽ നിന്ന് ലഭിച്ച അറിവുകളും, അഭിപ്രായങ്ങളുമാണ് മുകളിൽ പറഞ്ഞിട്ടുള്ളത്.

ജനവാസവും സാമൂഹ്യക്രമവും

നീരുറവയെ ചുറ്റിപ്പറ്റിയാണ് ജനവാസം ആരംഭിച്ചതും അത് വ്യാപിച്ച് വളർന്നതും. വയൽക്കരയിലും തോട്ടരികിലും കുടിപാർക്കാനാണ് അന്നത്തെ ജനങ്ങൾ ഇഷ്ടപ്പെട്ടിരുന്നത്. കോട്ടുക്കൽ വയല, മണ്ണൂർ, മണലുവട്ടം, മണ്ണംകടയ്ക്കൽ, കോവൂർ തുടങ്ങിയ പ്രദേശങ്ങളിലെ ജനവാസ ചരിത്രം പരിശോധിച്ചാൽ ഇത് കൂടുകതൽ വ്യക്തമാകും. കാടിന്റെ അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ടുതന്നെ അവർ കാടു തെളിച്ച് നാടുണ്ടാക്കി.

കേരളത്തിന്റെ മറ്റേ തൊരു പ്രദേശത്തും എന്നപോലെ ഇവിടെയും ജന്മിത്തത്തിലധിഷ്ഠിതമായ ഒരു സാമൂഹ്യ ക്രമമാണ് ഉണ്ടായിരുന്നത്. കുറവർ, പറയർ, വേടർ, പുലയർ തുടങ്ങിയ സമുദായക്കാരെ കൃഷിപ്പണിക്കുവേണ്ടി ജന്മിമാർ പലയിടങ്ങളിൽ നിന്നും വരുത്തി താമസിപ്പിച്ചിരുന്നു. അവരെ അടിക്കടി മാറ്റി പാർപ്പിച്ച് ഭൂമിയാകെ ഫലഭൂയിഷ്ടമാക്കിയിട്ട് അത്യാവശ്യം വേണ്ട തൊഴിലാളികളെ നിലനിർത്തിയിട്ട് ബാക്കിയുള്ളവരെ ആട്ടിപ്പായിക്കുന്ന ഒരു സമ്പ്രദായമാണ് ഉണ്ടായിരുന്നത്. ഒപ്പം അയിത്തവും കൊടികുത്തിവാണിരുന്നു. എല്ലാ മതവിഭാഗങ്ങളിലും പെട്ട ജന്മിമാർ ഒരേ വർഗ്ഗ സ്വഭാവം തന്നെയാണ് വച്ചുപുലർത്തിയിരുന്നത്. അതുകൊണ്ടുതന്നെ സാമൂഹ്യമൈത്രിയും, മതമൈത്രിയും നിലനിന്നിരുന്നു. അസംഘടിതരും, അശരണരുമായ' തൊഴിലെടുക്കാൻ മാത്രം പിറന്നവർ' അടിച്ചമർത്തപ്പെട്ടു കഴിഞ്ഞിരുന്നു. അന്ധവിശ്വാസവും വൈവിധ്യമാർന്ന ആചാരാനുഷ്ഠാനങ്ങളും അവരുടെ ജീവിതത്തിന് ഒന്നു പോലെ താളവും താളപ്പിഴയുമായിരുന്നു.

സാമൂഹ്യ അസമത്വങ്ങൾക്കെതിരെ


കുടിയിറക്ക് ജന്മിത്വത്തിന്റെ പൊതുസ്വഭാവമായിരുന്നു. 1940 കൾക്കും ശേഷം പ്രദേശത്തെ പുരോഗമന ആശയക്കാരായ ഒരു കൂട്ടം ആൾക്കാർ കുടിയിറക്കിനെതിരെ സംഘടിച്ച് പവർത്തിക്കാൻ തുടങ്ങി.സമരത്തിന്റെ രൂപഭാവങ്ങൾ കൈക്കൊണ്ടിരുന്നില്ലെങ്കിലും അതിശക്തമായ ചെറുത്തുനിൽപ്പുകൾ നിമിത്തം മാന്യമായ ഒത്തു തീർപ്പുകൾ ഈ

രംഗത്തുണ്ടായി. മൂന്നുമുറിപ്പുരയിൽ ഒരു കെട്ടിടം 21 തൊടിയിൽ ഒരു കിണർ പതിഞ്ഞ ഒരെക്കർ ഭൂമി' ഇതായിരുന്നു പാലമൂട്ടിൽ കൊച്ചുനാരായണപിള്ള ജന്മിക്ക് അമ്പലീകരിക്കേണ്ടിവന്ന ഒരു ഒത്തു തീർപ്പ്. കൈവശക്കാരന്റെ ഒരു ഭൂമിബലാൽക്കാരമായി വെച്ച ജന്മിക്കെതിരെ നടന്ന ഒരു ചെറുത്തു നിൽപ്പ് ഐതിഹാസികമായിരുന്നു എന്ന് അതിന് കാർമ്മികത്വം വഹിച്ച മനുഷ്യസ്നേഹിയായ ഒരു പൊതുപ്രവർത്തകൻ അഭിമാനത്തോടുകൂടി പറയുകയുണ്ടായി. അയിത്താചാരങ്ങൾക്കെതിരെയും അവർ പോരാടി. ചായക്കടയിൽ ചായ ചിരട്ടയിൽ കൂടിക്കേണ്ടി വന്ന എന്ന പുലയസമുദായക്കാരനെ കൊണ്ട് ചായക്കട തുടങ്ങിച്ചത് അന്നത്തെ ക്കാലത്തെ വലിയ ഒരു സംഭവമായിരുന്നു. ആഡ്ഢ്യകുടുംബത്തിൽ ചികിത്സിക്കാൻ ചെന്ന ഈഴവനായ വൈദ്യന് ഇരിക്കാൻ ബഞ്ചിനുപകരം ചാക്കിട്ടു കൊടുത്തത് സംഭവം 1950 കളിലാണ് ഉണ്ടായത്. വൈദ്യർ നിശബ്ദം പ്രതിഷേധിച്ചിറങ്ങി പോന്നു. സാമൂഹ്യഅനീതിക്കെതിരെ പോരാടുന്നതിനും, തേജസ്സുന്ന ഒരു രാഷ്ട്രീയ- സാമൂഹ്യ ക്രമത്തെ ക്കുറിച്ച ചിന്തിക്കുന്നതിനും പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളായ തുടയന്നൂർ,ചാണപ്പാറ, വെളുന്തറ, എന്നിവടങ്ങളിൽ രൂപം കൊണ്ട ഗ്രന്ഥശാലകൾ അന്നത്തെ ചെറുപ്പക്കാർക്ക് സഹായകമായി

കൊല്ലവർഷം 1102 മുതൽ ജാതി ഭേദങ്ങളില്ലാതെഎല്ലാ ഹിന്ദുക്കൾക്കും. വെളിന്തറയിലെ അതിശയമംഗലം കുത്തി വാണിരുന്നഅക്കാലത്ത് ഈ സംഭവത്തിൽ പ്രതിഷേധിച്ച് ശാന്തിക്കാരായ പോറ്റിമാർ സ്ഥലം വിടുകയും ചെയ്തു. മറ്റ് സവർണ്ണർ അമ്പലത്തിൽ വരാതാവുകയും ചെയ്തു. എങ്കിലും പൂജാദി കർമ്മങ്ങൾ പരമേശ്വരൻ പിള്ള തന്നെ ഏറ്റെടുത്ത് 30 വർഷത്തോളം നടത്തിയെന്ന് പറയപ്പെടുന്നു. ഉത്സവാദികൾ നടത്തുന്നതിന് ക്ഷേത്രപറമ്പിൽ സ്ഥലം കുറവായതിനാൽ കുറെ സ്ഥലം ക്ഷേത്രപറമ്പിന് വേണ്ടി സൗജന്യമായി പരമേശ്വരൻ പിള്ള നൽകുകയുണ്ടായി. ഇതു സംബന്ധമായി ചമച്ച കരണത്തിലാണ് ഹരിജനങ്ങൾക്കും ക്ഷേത്രത്തിൽ പ്രവേശനം ഉണ്ടായിരുന്നതായി പറയുന്നത്. കരണത്തിന്റെ പ്രസക്ത ഭാഗം താഴെ കൊടുക്കുന്നു.

ദേശീയപ്രസ്ഥാനം

കേരളക്കരയിലും ഇന്ത്യയുടെ നാനാഭാഗത്തും ആവേശത്തോടെ അലയടിച്ചുയർന്ന സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുമായി ബന്ധപ്പെട്ട് പറയത്തക്ക സംഭവങ്ങൾ ഈ പ്രദേശത്തുണ്ടായില്ല. ദേശീയത ലത്തിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യസമരവാർത്തകൾ ലഭിക്കാനുള്ള മാർഗ്ഗങ്ങൾ ഈ പ്രദേശത്തുണ്ടായിരുന്നില്ല അതുകൊണ്ട് മാസത്തി ലൊരിക്കൽ ഇവിടെ നിന്നും നിരവധിയാളുകൾ ചെറു സംഘങ്ങളായി കടയ്ക്കൽ, അഞ്ചൽ പ്രദേശങ്ങൾ സന്ദർശിച്ച് വിവരങ്ങൾ മനസ്സിലാക്കിപോന്നു. ഖദർ വസ്ത്രം ധരിക്കുക, ചർക്ക ഉപയോഗിച്ച് നൂൽ നൂൽക്കുക



എന്നിവയിലൂടെ ദേശീയപ്രസ്ഥാനത്തോട് കുറ് പുലർത്താൻ അവർ ശ്രമിച്ചിരുന്നു. ദേശീയ പ്രസ്ഥാനവുമായി ഈ പ്രദേശത്തുകാർ കാത്തു സൂക്ഷിച്ചിരുന്ന ആത്മബന്ധത്തിന്റെ ഫലമാണ് 1114 ലെ കടയ്ക്കൽ വിപ്ലവത്തിൽ പ്രതിഫലിച്ചുകണ്ടത് ഇന്നത്തെ ഇട്ടിവ, ചിതറ, നിലമേൽ, കടയ്ക്കൽ പഞ്ചായത്തു മേഖലകളിലെ കർഷകർ ഉദ്പാദിപ്പിക്കുന്ന കാർഷി

ക്ഷേത്രത്തിൽ പ്രവേശനമുണ്ടായിരുന്നതായി രേഖ കളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നു. ഹരിജനോദ്ധാരണത്തിന് വേണ്ടി പൊതു ആരാധ നാസ്ഥലം ആവശ്യമാണെന്നു തോന്നിയതിനാൽ സത്യമംഗലത്ത് പരമേശ്വരൻ പിള്ളയെന്നയാൾ കൊച്ചുകറുമ്പൻ എന്ന പുലയനെ കൊണ്ട് അമ്പലത്തിൽ ദീപം തെളിയിച്ചു.അയിത്തവും അനാചരണവും കൊടി

കോൽപന്നങ്ങൾ വിറ്റഴിച്ചു കൊണ്ടിരുന്നത് കടയ്ക്കൽ ചന്തയിലായിരുന്നു. കാർഷികോൽപന്നങ്ങളും വളർത്തുമൃഗങ്ങളും മാത്രമായിരുന്നു പണലഭ്യതയുടെ ഉറവിടങ്ങൾ ഈ അർത്ഥത്തിൽ കടയ്ക്കൽ ചന്തയ്ക്ക് പ്രാധാന്യമേറിയിരുന്നു. ചന്തപ്പിരിവുമായി ബന്ധപ്പെട്ട ന്രശ്നങ്ങളാണ് കടയ്ക്കൽ വിപ്ളവം എന്ന സംഭവത്തിന് പിന്നിലുള്ളതെങ്കിലും അത് അധികാരി വർഗ്ഗത്തിനെതിരായ സമരമാണെന്ന ധാരണയും ദേശീയ പ്രസ്ഥാനരംഗത്ത് നടക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള അവ്യക്തമായ അറിവും സൃഷ്ടിച്ച ദേശസ്നേഹം തന്നെയായിരുന്നു നൂറു കണക്കിനാളുകളെ കടയ്ക്കലേക്ക് നയിച്ചത്.

സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഉണ്ടായ കടയ്ക്കൽ വിപ്ളവത്തിൽ പങ്കെടുക്കാൻ വയ്യാനം, കോട്ടുക്കൽ, മണ്ണൂർ തുടയന്നൂർ, വയല തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും ധൂരാളം ആളുകൾ ചെറുസംഘങ്ങളായി പത്തും, പതിനഞ്ചും കിലോ മീറ്റർ നടന്ന് കടയ്ക്കലേക്ക് പാവുകയുണ്ടായി ഈ സംഭവുമായി ബന്ധപ്പെട്ട് നിരവധി പേരെ പ്രതിയാക്കിയെടുത്ത കേസ്സുകളിൽ നിന്നും അവരെ ഒഴിവാക്കാൻ അന്നത്തെ നാട്ടുപ്രമാണിമാർക്ക് കഴിഞ്ഞു തൻനിമിത്തം ആ വിപ്ളവത്തിൽ പങ്കെടുത്തവരുടെ പേരുകൾ ഒരു രേഖയിലും ഇല്ലാതെ പോവുകയും ചെയ്തു. എന്നാൽ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്ന രണ്ടുപേർ ഇന്നു പഞ്ചായത്തിൽ ജീവിച്ചിക്കുന്നു. പുത്തൻ വിളയിൽ മീരാസാഹിബും കൈതപ്പച്ചയിൽ അലിക്കണ്ണ്ലബ്ബയും.

ജനപങ്കാളിത്തം അന്നും

കാടുകൾ നിറഞ്ഞ പ്രദേശമായിരുന്നു മിക്കതും സഞ്ചരിക്കാൻ ഊടുവഴികൾ മാത്രം കാർഷികോൽപന്നങ്ങൾ കടയ്ക്കൽ, അഞ്ചൽ പ്രദേശങ്ങളിൽ കൊണ്ടുപോകാനാണ് ആ പ്രദേശങ്ങളിൽ ഊടുവഴികൾ ഉണ്ടായത്. ഇതിൽ പ്രധാനം ഇന്നത്തെ ഐയിരക്കുഴി -അഞ്ചൽ റോഡ് കടയ്ക്കൽ ചുണ്ട, കോട്ടുക്കൽ വഴി അഞ്ചൽ റോഡും ഉണ്ടാകുന്നതിന് മുമ്പുണ്ടായിരുന്ന ഊടുവഴികളായിരുന്നു. അതാതു പ്രദേശത്തെ ആളുകൾ സംഘടിച്ചാണ് അന്നത്തെ ഊടുവഴികളെല്ലാം വെട്ടിത്തെളിച്ച് വണ്ടിത്തടങ്ങളാക്കിയത്. പുഴകളും, തോടുകളും, കുളങ്ങളും വെട്ടിയതും വായനശാലകൾ സ്ഥാപിച്ചതും. ജനങ്ങൾ തന്നെയായിരുന്നു. ഇതിനർത്ഥം ജനങ്ങൾ തന്നെ അവരുടെ ആവശ്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കയിരുന്നു എന്നാണ്. ജനകീയ സർക്കാരിന്റെ ആവിർഭാത്തോടുകൂടിയാണ് ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് ജനങ്ങൾ അൽപം പുകകോട്ട് പോകാനൊരുങ്ങിയത് അങ്ങനെ നിലച്ചുപോയ ഒരു ബഹുജന പങ്കാളിത്തശീലംപുന: സ്ഥാപിക്കുക എന്നതാണ് ഇന്നത്തെ ജനകീയാസൂത്രണത്തിന്റെ പൊരുൾ എന്ന് തൊന്നുന്നു.

കലയും സാഹിത്യവും

കൊട്ടാരക്കര തമ്പുരാന്റെ രാമനാട്ടമാണല്ലോ പിൽക്കാലത്ത് കഥകളിയായി രൂപാന്തരപ്പെട്ടത് . കേരളത്തിന്റെ കലയും സാഹിത്യവും ശാസ്ത്രീയമായി സമന്വയിക്കുന്ന ഈ കലാരൂപം നമ്മുടെ പഞ്ചായത്തിൽ വളരെക്കാലം മുമ്പ് നിലനിന്നിരുന്നു. കോട്ടുക്കൽ കേന്ദ്രീകരിച്ച് ഒരു കഥകളിയോഗം പ്രവർത്തിച്ചിരുന്നു. ഇന്നത് നാമാവശേഷമായിരിക്കുന്നു. പടയണി, കുത്തിയോട്ടം, കമ്പടികളി, (കമ്പടവ്കളി) തുടങ്ങിയവ ഉത്സവങ്ങൾക്ക് മാറ്റ് കൂട്ടിയിരുന്നു. ഈ കലാരൂപങ്ങൾ ഇന്നും വശമുള്ളവർ നിരവധിയാണ്. ഊഞ്ഞാൽപാട്ട്, തുമ്പിതുള്ളൽ, അത്തക്കളപ്പാട്ട്, തിരുവാതിരക്കളി എന്നിവ ഉത്സവവേളകളിൽ സർവ്വസാധാരണമായി അരങ്ങേറിയിരുന്നു. നടവുപാട്ടുകൾ നെൽപ്പടങ്ങളെ പുളകമണിയിച്ചിരുന്നു. അനുഗൃഹീതമായ ശബ്ദത്തിൽ വാദ്യഘോഷങ്ങളുടെ അകമ്പടിയില്ലാതെ ആലപിക്കപ്പെട്ട ഈ പാട്ടുകൾ കർഷകന്റെ വിയർപ്പും നാടിന്റെ ഹൃദയത്തുടിപ്പും ഉൾചേർന്നതായിരുന്നു. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ പാട്ടുകൾ സമാഹരിച്ച് സംരക്ഷിക്കേണ്ടതാണ്.

പാടിക്കേട്ട ഒരു നടവുപാട്ട്

ഭഗവാനുദിച്ചേനേ പൊൻ മലേന്ന്.
ഭഗവാനുദിച്ചേത് ആരത് കണ്ടേന്ന്
ഭഗവാനുദിച്ചത് ഭൂലോര് കണ്ടേന്ന്
ഭഗവാൻ തൃക്കേന്ന് ആരതുക്കണ്ടു കണ്ടേന്ന്
ഭഗവാൻ തൃക്കേന്ന ലോകര് കണ്ടേന്ന്
ഭഗവാനു ദിച്ചത് ഏത് പൊൻ മലേന്ന്.
ഭഗവാനു ദിച്ചത് പൊൻമതി ചരുവേന്ന്.
ഭഗവാൻ ഉദിച്ചത് ഭൂലോര് കണ്ടേന്ന്
ഭഗവാൻ തൃക്കാല് ആരത് കണ്ടേന്ന്
ഭഗവാൻ തൃക്കാല് ലോകര് കണ്ടേന്ന്
എന്തും തണലാഞ്ഞ് നിന്ന് പോവേണ് ഭഗവാൻ
മുല്ലപ്പൂതണലത്ത് നിന്നേ ഭഗവാൻ എന്തും
തണലാഞ്ഞ് പോന്നേ ഭഗവാൻ
ഒരു കുപ്പി പ്പാലും മൊരു കദളിപ്പഴവും
ഞാൻ തരും ഞാൻ തരും
പൊയ്തപ്പനുണ്ണി.

കർഷകതൊഴിലാളികളായ സ്ത്രീകൾ ചൂട്ട് നൃത്തമാടിയിരുന്നതായി പഴമക്കാർ പറയുന്നു. ഇന്ന് ഈ കലാരൂപം ആർക്കും അറിയാത്തവണ്ണം അന്യം നിന്നുപോയി. 1950 കളിൽ തുടയന്നൂരിൽ രൂപം കൊണ്ട അക്ഷരശ്ലോകസദസ്സ് അഭിമാന സ്മൃതികളുണർത്തുന്നു. അതിൽപ്പെട്ടവരും പിന്നീട് വന്ന പിൻതുടർച്ചക്കാരും ഇന്നും വല്ലപ്പോഴും സദസ്സ് നടത്താറുണ്ട്. മുഹമ്മദീയരുടെ പടപ്പാട്ടും, ബൈത്തുകളും, തക്ബീറുകളും മദ്രസകളിലും ഉന്നത മുസ്ലീം കുടുംബങ്ങളിലും ഉർന്നുകേട്ടിരുന്നു. ക്രിസ്തുമസ്,

പള്ളിപ്പെരുന്നാൾ തുടങ്ങിയ വേളകളിലെ ക്രിസ്തീയഗാനങ്ങൾ അന്നും കാതിനിമ്പവും മനസ്സിന് കുളിർമയും പ്രദാനം ചെയ്തിരുന്നു. അമ്പലങ്ങളിലെ പുരാണ വായന, ഉത്സവമേളകളിലെ കലാപരിപാടികൾ എന്നിവയും ഇന്നത്തെപോലെ സർവ്വസാധാരണമായിരുന്നു.

വിദ്യാഭ്യാസം

നൂറ് വർഷങ്ങൾക്ക് മുൻമമ്പ് കുടിപ്പിള്ളക്കുടങ്ങളായിരുന്നു മുഖ്യമായും അടിസ്ഥാന വിദ്യാഭ്യാസത്തിനുണ്ടായിരുന്നത്. വീടുകളിൽ അദ്ധ്യാപകരും എഴുത്താശാൻമാരും കുട്ടികളെ പഠിപ്പിക്കാനെത്തുന്ന പതിവ് നിലനിന്നിരുന്നു. മതപഠനം, വൈദ്യശാസ്ത്രപഠനം എന്നിവയായിരുന്നു അന്നത്തെ മറ്റ് പഠനശാഖകൾ. സംസ്കൃതപാണ്ഡിത്യം സർവ്വാദരണീയമായിരുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ ആവശ്യം വന്നപ്പോൾ എല്ലാ വിഭാഗക്കാർക്കും പബ്ലിക്ക് സ്കൂൾ വേണമെന്നായി. അങ്ങനെ സ്ഥാപിക്കപ്പെട്ട കോട്ടുക്കൽ എൽ. പി. എസ്. മണ്ണൂർ എൽ. പി. എസ്., ചരിപ്പറമ്പ് എൽ. പി. എസ്. എന്നിവ 80 വർഷങ്ങൾക്കപ്പുറം പഴക്കമുള്ളവയാണ്.

നാട്ടുവൈദ്യം

അമ്പതുവർഷം മുമ്പുവരെ നാട്ടുവൈദ്യൻമാരായിരുന്നു ആതുരശുശ്രൂഷ നടത്തിയിരുന്നത്. പ്രസവം നോക്കുന്ന നാട്ടു പതിച്ചിമാർധാരാളമുണ്ടായിരുന്നു. വൈദ്യൻമാർ വീടുകളിൽ താമസമാക്കി മരുന്നുകളുണ്ടാക്കി കൊടുത്തുകൊണ്ടുള്ള ചികിത്സാസമ്പ്രദായമാണ് നിലവിലിരുന്നത്. നിരവധി വൈദ്യൻമാർ ഈ രംഗത്ത് പ്രശസ്തമായ നിലകളിൽ സേവനമനുഷ്ഠിച്ചിരുന്നു. പാരമ്പര്യ വൈദ്യം ഇന്ന് കണ്ണിയറ്റുപോയിരിക്കുന്നു. ആലുവായ്ക്കടുത്തുള്ള ചെറുവാണ്ടൂരിൽ നിന്നും ഇവിടെ വന്നുതാമസമാക്കിയ പുന്നക്കാലാ കുടുംബത്തിൽ പെട്ട ശ്രീ. കുര്യൻ ജോർജ്ജ് (72) വിഷചികിത്സയിൽ ഇന്നും കേമനാണ്. ഈ വിഷയത്തിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ഇരുപത്തിയൊന്നു താളിയോലഗ്രന്ഥങ്ങൾ ഇന്ന് വൈദ്യരുടെ കൈവശമുണ്ട്. തനിക്കുശേഷം ഇതേറ്റെടുക്കാൻ കുടുംബത്തിൽ മറ്റാരും തയ്യാറായിട്ടില്ല എന്ന മനോവിഷമത്തിലാണദ്ദേഹം. പേപ്പട്ടിവിഷചികിത്സയിൽ വിദഗ്ദ്ധനായിരുന്ന യശ:ശരീരനായ ശ്രീ. ആനന്ദൻപിള്ള ആശാൻ എന്ന വൈദ്യർ അദ്ദേഹത്തിന്റെ മകനായ ശ്രീ. ഗോപാലകൃഷ്ണപിള്ള ഈ രംഗത്ത് തൽപരനും വിജ്ഞനുമാണ്. പശു, ആട്, തുടങ്ങിയ വളർത്തുമൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ ചികിത്സിച്ച് ഭേദമാക്കിയിരുന്നതും ''കാളവൈദ്യൻമാർ'' എന്നറിയപ്പെട്ടിരുന്ന നാട്ടുവൈദ്യൻമാരായിരുന്നു

തച്ചുശാസ്ത്രം

ഗൃഹനിർമ്മാണരംഗത്ത് '' കണക്കൻമാരായ'' തച്ചൻമാരുടെ സ്ഥാനം വലുതായിരുന്നു. നിരവധി ഐതീഹ്യങ്ങളും അത്ഭുതകഥകളും അവരുടെ പേരിൽ പ്രചാരത്തിലുണ്ടല്ലോ. ഇന്ത്യയിലെ പുരാതന ക്ഷേത്രങ്ങളിലെ കൊള്ളവേലകൾ, ശിൽപഭംഗി എന്നിവ അത്ഭുതാദരളോടുകൂടിയാണ് വിലയിരുത്തപ്പെട്ടിരുന്നത് ഇട്ടിവാ പഞ്ചയത്ത് പ്രദേശത്തും പഴയ തച്ചൻമാരുടെ കരവിരുതും കണക്കിലെ കണിശവും വിളയാടിയിരുന്നു. മണ്ണൂരമ്മുടെ 110 വർഷം പഴക്കമുള്ള അറയും പുരയും ഇതിന് നിദർശനമാണ്. നമ്മുടെ പഞ്ചായത്തിൽ ഇന്നും നിലനിൽക്കുന്ന അറയും നിരയുമുള്ള മറ്റ് വീടുകൾ ഇട്ടിവായിലെ തച്ചപ്പള്ളി, ഇട്ടിവായിലെ തന്നെ ചെറുതലയ്ക്കൽ, ചാണപ്പാറയിലെ മുക്കട, കോട്ടുക്കലിലെ തെക്കേക്കട എന്നീ കുടുംബങ്ങളിലിലുള്ളവ മാത്രമാണ്. പഴയ കെട്ടിടങ്ങൾ, പത്തായങ്ങൾ, കസേരകൾ, കട്ടിലുകൾ, പീഠങ്ങൾ, വായനക്കാലുകൾ, മറ്റു ചില വീട്ടുപകരണങ്ങൾ എന്നിവ നമ്മുടെ തച്ചുശാസ്ത്രത്തിന്റെയും അതിന്റെ ഉപാസകൻമാരായിരുന്ന തച്ചൻമാരുടെ കരവിരുതിന്റെ മഹത്തായ നേട്ടങ്ങളാണ്.

പൗരാണിക സംസ്കൃതിയുടെ നൂലിഴകൾ നമ്മുടെ ഈ ചെറിയ പ്രദേശത്തും ഓടിയെത്തിയിരുന്നതായി മേൽ സൂചിപ്പിച്ചവയിൽ നിന്നും മനസ്സിലാക്കാം. ഭാരതത്തിന്റെ പൗരാണിക സംസ്കാരത്തിന്റെ സത്ത ഉൾകൊള്ളാനും കാലാന്തരത്തിലുണ്ടായ വൈവിദധ്യമാർന്ന സാംസ്കാരികധാരകളുടെ വിളനത്തിൽനിന്നുടലെടുത്ത പൊതു സംസ്കാരം സമാർജ്ജിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. പാലാഴിമഥനവും കുംഭവും പുരാണകഥയാണെങ്കിലും നമ്മുടെ ജീവിത ത്തിന്റെ വിജയരഹസ്യവുമായി ബന്ധപ്പെട്ട പ്രതീകാത്മകമായ ഒന്നായി വിലയിരുത്തണം. പാലാഴി മഥനം പ്രയത്നത്തിന്റെ പ്രതീമാണ് അമൃതകുംഭത്തിന്റെ ലഭ്യത ഫലസിദ്ധിയുടെ പ്രതീകം തന്നെയാണ്. അദ്ധ്വാനവും അതനുസിച്ചുള്ള ഫലവും എന്നതുതന്നെയാണ് ആധുനിക കാലത്ത് നമുക്ക് പഠിക്കേണ്ട പാഠം. ജനകീയാസൂത്രണരംഗത്ത് പുതിയ മാനങ്ങൾ നൽകി ഇത്തരം കഥകളും നമുക്ക് പഠിക്കാം.



വികസനമേഖലകൾ IV

ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

ഭൂപ്രകൃതി:


ഏതൊരു ആസൂത്രണപ്രക്രിയയും വിഭാവനം ചെയ്യുമ്പോൾ അത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശത്തിന്റെ ഭൂപ്രകൃതിയേയും അതുമായി ബന്ധപ്പെട്ടു കിടക്കുന്ന എല്ലാ വിഭവങ്ങളേയും കുറിച്ച് പ്രത്യേകിച്ചും അടിസ്ഥാനവിഭവങ്ങളെക്കുറിച്ച് വ്യക്തവും സമഗ്രവുമായ അവബോധം ഉണ്ടായിരിക്കേണ്ടതാണ്. ആസൂത്രണംപ്രദേശിക തലത്തിലാണെങ്കിൽ ഭൂപ്രകൃതിയെക്കുറിച്ചുള്ള അറിവ് കേവലം പൊതുവായ അറിവായി മാറുവാൻ പാടില്ല; മറിച്ച് ആ പ്രദേശത്തിന്റെ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട ഓരോ മേഖലയുടേയും വിശദമായ അറിവുണ്ടാകണം. അതോടൊപ്പം അവിടെ ലഭ്യമാകുന്ന എല്ലാവിധ വിഭവങ്ങളുടേയും നൈസർഗ്ഗിക ഗുണവും അളവും വേർതിരിച്ച് അറിയേണ്ടതുമുണ്ട്. എങ്കിൽ മാത്രമേ സ്ഥലജല സംബന്ധിയായ മേഖലകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ലക്ഷ്യം കണ്ടെത്തുകയുള്ളൂ.

ഭൂപ്രകൃതിക്കനുസരിച്ച് കേരളത്തെ മൂന്നായി തരംതിരിക്കുന്നു. മലനാട്, ഇടനാട്, തീരപ്രദേശം. ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നതാണ് ഇട്ടിവാ പഞ്ചായത്തിന്റെ ഭൂപ്രദേശങ്ങൾ. എന്നാൽ പൊതുവായ ഈ അറിവിന് ആസൂത്രണമേഖലയുമായി തട്ടിച്ചു നോക്കുമ്പോൾ ധാരാളം ന്യൂനതകൾ ഉള്ളതായി കാണുന്നു. ആയതിനാൽ ഭൂപ്രകൃതിയെക്കുറിച്ച് പ്രദേശികതലത്തിലുള്ള സമഗ്ര മായ അറിവ് ഒരവശ്യ ഘടകമായി മാറുന്നു.

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്കിലുൾപ്പെടുന്ന ഏഴു പഞ്ചായത്തുകളിൽ ഒന്നാണ് ഇട്ടിവാ ഗ്രാമപഞ്ചായത്ത്. 43.89 ച.കി.മി. വിസ്തൃതിയാണ് ഈ പഞ്ചായത്തിനുള്ളത്. ആയൂർ, അഞ്ചൽ, കടയ്ക്കൽ എന്നിവ അടുത്തുള്ള പട്ടണങ്ങളാണ്. ഈ മൂന്നു പട്ടണങ്ങൾ വഴി പഞ്ചായത്തിലേക്ക് ഗതാഗത സൗകര്യം ഉണ്ട്.

ഇട്ടിവാ പഞ്ചായത്തിനു പടിഞ്ഞാറ് ചടയമംഗലം പഞ്ചായത്തും, വടക്ക് ഇട്ടിവാ പഞ്ചായത്തിനെ ഇടമുളയ്ക്കൽ പഞ്ചായത്തിൽ നിന്നും വേർതിരിക്കുന്ന

ഭൂപ്രകൃതി



ഖാദന രൂപങ്ങൾ
R – മലമുകൾ
H – കുന്നിൻ മുകൾ
S1 – ചെറിയ ചരിവ് (0-5°)
S2 – ഇടത്തരം ചരിവ് (5-10°)
S3 – മിതമായ ചരിവ് (10-18°)
S4 – കുത്തനെയുള്ള ചരിവ് (>18°)

നിക്ഷേപ രൂപങ്ങൾ
V1 – താഴ്വാരം
V2 – പ്രധാന മേഖല
Fs – അടിവാരം

ഇത്തിക്കര ആറും, തെക്കുകിഴക്ക് ചിതറ പഞ്ചായത്തും, കിഴക്ക് അലയമൺ പഞ്ചായത്തും, വടക്കുകിഴക്ക് അഞ്ചൽ പഞ്ചായത്തും, തെക്ക് കടയ്ക്കൽ പഞ്ചായത്തും ആകുന്നു. മഞ്ഞപ്പാറ, ചുണ്ട, വയ്യാനം, കോട്ടുക്കൽ, വയല, മണ്ണൂർ, കാട്ടാമ്പള്ളി, മണലുവെട്ടം തുടങ്ങിയവ ഈ പഞ്ചായത്തിലെ പ്രധാന കവലകളാകുന്നു.

ഇവിടത്തെ ഭൂപ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും ഏകദേശം 40 മീറ്ററിൽ തുടങ്ങി 197 മീറ്ററിൽ അവസാനിക്കുന്നതായി ധരാതലീയ ഭൂപടത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന സ്ഥലം വയ്യാനത്തെ വലിയപാറയാണ് (197 മീ.) പൊതുവായി പറഞ്ഞാൽ ഈ പഞ്ചായത്തിന്റെ മിക്കവാറും പ്രദേശങ്ങൾ നിമ്നോന്നതങ്ങളായി കാണുന്നു. ഉയർന്ന പ്രദേശങ്ങൾ പ്രധാനമായും ചെങ്കുത്തായ ചരിവുകളാൽ ഭൂപ്രകൃതിയെ രൂപപ്പെടുത്തുമ്പോൾ താരതമ്യേന താണപ്രദേശങ്ങൾ മിക്കവാറും ചെറുതും ഇടത്തരവുമായ ചരിവുകൾ പ്രദർശിപ്പിക്കുന്നു. പൊതുവായി പറയുകയാണെങ്കിൽ ഈ പ്രദേശങ്ങൾ വടക്കോട്ട് ചരിഞ്ഞതാണെങ്കിലും കിഴക്കോട്ടും പടിഞ്ഞാറോട്ടുമുള്ള ചരിവുകളും പ്രകടമാണ്. നിമ്നോന്നതിയെ കാണിക്കുന്ന ഭൂപടം ചുവടെ ചേർക്കുന്നു (ചിത്രം 5)

നിമ്നോന്നതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഭൂപ്രദേശത്തെ നാലായി തിരിക്കാം.

1. സമുദ്രനിരപ്പിൽ നിന്നും 60 മീറ്ററിനു താഴെ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ.
2. 60 മീറ്ററിനും 100 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ.
3. 100 മീറ്ററിനും 140 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ.
4. 140 മീറ്ററിനു മുകളിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ.

ഓരോ നിമ്നോന്നതി മേഖലയും ഉൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക 1

ക്രമ നമ്പർ	നിമ്നോന്നത മേഖലകൾ മീറ്ററിൽ	വിസ്തീർണ്ണം ച.കി.മീറ്ററിൽ	ശതമാനം
1	<60	10.5	23.92
2	60 - 100	13.8	31.44
3	100 - 140	19.19	43.73
4	>140	0.4	0.91

അലലംബം സെസ് ഡേഡേറ്റാ

ഭൂപ്രകൃതിയെക്കുറിച്ച് നടത്തിയ വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പഠന പര്യടന ചിത്രവും അതു സംബന്ധമായ വിവരണങ്ങളും ചുവടെ ചേർക്കുന്നു. ചിത്രം 6.

പഠന സൗകര്യാർത്ഥം ഇട്ടിവാ പഞ്ചായത്തിന്റെ ആകെ ഭൂപ്രദേശത്തെ രണ്ടു പ്രധാന മേഖലകളായി



തിരിച്ചു.

I. ഖാദന ഭൂരൂപങ്ങൾ (മണ്ണൊലിപ്പുണ്ടാകുന്ന പ്രദേശങ്ങൾ)

II. നിക്ഷേപ ഭൂരൂപങ്ങൾ (മണ്ണടിയുന്ന പ്രദേശങ്ങൾ)

I. ഖാദന ഭൂരൂപങ്ങളെ പല മേഖലകളായി തിരിക്കാം.

1. കുന്നിൻപുറം - മിക്കവാറും ഒറ്റപ്പെട്ട കുന്നുകൾ.
2. മലമുകൾ - നീണ്ടുകിടക്കുന്ന മലകളുടെ മുകൾഭാഗം.
3. ചരിവുകൾ - കുന്നിൻമുകളിൽ/മലമുകളിൽ നിന്നും തുടങ്ങി താഴ്വരകളിലവസാനിക്കുന്ന ചരിഞ്ഞപ്രദേശങ്ങൾ, ചരിവിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് പലതായി തിരിക്കാം.

(a) ചെറുചരിവ് (0 - 5°)
(b) ഇടത്തരം ചരിവ് (5 - 10°)
(c) മിതമായ ചരിവ് (10 - 18°)
(d) ചെങ്കുത്തായ ചരിവ് 18° യിൽ കൂടുതൽ.

II നിക്ഷേപ ഭൂരൂപങ്ങൾ: ഇവയും പലതായി തിരിക്കാം.

1. അടിവാരം - വലിയ കുന്നുകളുടെയും മലകളുടെയും കീഴിലായിക്കാണുന്ന വിസ്തൃതി കുറഞ്ഞ നിരന്ന പ്രദേശം.
2. താഴ്വര - മിക്കവാറും താഴ്ന്ന പ്രദേശങ്ങൾ; ചരിവു തീരെ കുറവായിരിക്കും.
3. പ്രളയമേഖലകൾ - നദികളുടേയും തോടുകളുടേയും ഇരുകരകളിലും കാണുന്ന വിശാലമായ നിരന്ന ഭൂമി. വർഷകാലങ്ങളിൽ ഈ മേഖലകൾ പ്രളയജലത്താൽ മൂടപ്പെടുന്നു.

ഇട്ടിവാ പഞ്ചായത്തിന്റെ ഭൂരൂപങ്ങളും അവയെ ഭൂപടത്തിൽ രേഖപ്പെടുത്താൻ ഉപയോഗിച്ചിരിക്കുന്ന ചിഹ്നം, ഓരോ ഭൂരൂപത്തിന്റെയും വിസ്തൃതി മുതലായവ ചുവടെ ചേർക്കുന്നു.

ഉപരിതല മൺതരങ്ങൾ:


വെട്ടുകല്ലിൽ നിന്നും വേർതിരിയുന്ന ചെമ്മണ്ണും ഇത്തിക്കരയാറിന്റെ പ്രവർത്തനഫലമായി നിക്ഷേപിക്കപ്പെട്ട എക്കൽ മണ്ണുമാണ് ഈ പഞ്ചായത്തിലെ പ്രധാന മൺതരങ്ങൾ. ഇതിനു പുറമെ അപക്ഷയപാറ പൊടിഞ്ഞ് മണ്ണായി മാറുന്ന ഘട്ടത്തിൽ ഉണ്ടാകുന്ന ചരൽ

പട്ടിക 2

ക്രമ നമ്പർ	ഭൂരൂപങ്ങൾ	ഭൂപടത്തിലെ ചിഹ്നം	വിസ്തീർണ്ണം ച.കി.മീറ്ററിൽ	ശതമാനം
1	കുന്നിൻപുറം	RH	0.5	1.14
2	മലമുകൾ	R	7.76	17.58
3	ചെറുചരിവ്	S_4	2.59	5.90
4	ഇടത്തരമായചരിവ്	S_3	2.44	5.55
5	മിതമായചരിവ്	S_2	19.72	44.93
6	ചെങ്കുത്തായചരിവ്	S_1	1.36	3.09
7	അടിവാരം	FS	0.46	1.04
8	താഴ്വര	V_1	4.04	9.20
9	പ്രളയമേഖലകൾ	V_2	5.08	11.57

കലർന്ന മണ്ണും ചില സ്ഥലങ്ങളിൽ കാണാവുന്നതാണ്. കുന്നുകളും, കുന്നിൻചരിവുകളും മറ്റും വ്യത്യസ്തമായ ഘനത്താൽ ചെമ്മണ്ണുകൊണ്ട് ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. 20 സെ.മീ. മുതൽ 50 സെ.മീ. വരെ ശരാശരി ഘനം കാണിക്കുന്നതായി മനസ്സിലാക്കാം.

എക്കൽമണ്ണ് മിക്കവാറും താഴ്വരകളിലും ഇത്തിക്കര നദിയുടെയും തോടുകളുടേയും ഇരുകരകളിലും കാണുന്ന പ്രളയമേഖലകളിലും കാണപ്പെടുന്നു. ഈ മണ്ണിന്റെ ഘനം പൊതുവെ ഒരു മീറ്ററിലധികമാണ്. ചില സ്ഥലങ്ങളിൽ ഇത് മൂന്ന് മീറ്ററോ അതിലധികമോ ആണ്. അപക്ഷയപാറ പൊടിഞ്ഞ് മണ്ണായി മാറുന്ന ഘട്ടത്തിൽ ഉണ്ടാകുന്ന ചരൽ കലർന്ന മണ്ണ് ചുരുക്കം ചില സ്ഥലങ്ങളിൽ കാണപ്പെടുന്നു. ഉദാഹരണമായി മലപ്പേരൂരിനു പടിഞ്ഞാറ്ഭാഗങ്ങളും ചരിപ്പറമ്പ് പ്രദേശങ്ങളിലും ഇത്തരം മണ്ണാണ് ഉപരിതലത്തിൽ കാണുന്നത്. ഈ പ്രദേശങ്ങളിൽ മേൽമണ്ണിന്റെ ഘനം വളരെക്കുറവാണ്. പലപ്പോഴും ഇടവിട്ടിടവിട്ട് ഉരുളൻ പാറകളും കാണാവുന്നതാണ്.




കൃഷിരീതി:

ഇട്ടിവ പഞ്ചായത്തിന്റെ കൃഷിരീതികളും അവ

പട്ടിക 3

ക്രമ നമ്പർ	കൃഷി	വിസ്തീർണ്ണം ച.കി.മീറ്ററിൽ	ശതമാനം
1	റബ്ബർ	20.93	47.70
2	മിശ്രിതകൃഷി	14.34	31.50
3	നെല്ല്	5.66	12.90
4	തെങ്ങ്	0.84	1.90
5	മിശ്രിതമരം	0.03	1.40
6	വയൽനികത്ത്	0.16	0.30
7	തരിശുഭൂമി - കൃഷിയോഗ്യമായത്	0.46	1.04
8	തരിശുഭൂമി - കൃഷിയോഗ്യമല്ലാത്തത്	0.03	0.06
9	കൃഷിഫാം	1.44	3.20
		43.89	100

ഉൾക്കൊള്ളുന്ന പ്രദേശങ്ങളുടെ വിസ്തൃതിയും ഭൂവിനിയോഗ ഭൂപടത്തിൽ നിന്നും ലഭ്യമാകുന്നു. ഈ പഞ്ചായത്തിലെ പ്രധാന ഭൂവിനിയോഗം ഇനി പറയുംവിധമാകുന്നു.



1. റബ്ബർകൃഷി 2. മിശ്രിതകൃഷി 3. തെങ്ങുകൃഷി
4. നെല്ല്കൃഷി
5. ഇടവിളകൃഷിയായ മരച്ചീനി, വാഴ, കുരുമുളക്.

ഇതിനു പുറമെ തരിശുഭൂമിയേയും കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയേയും സംബന്ധിക്കുന്ന വിവരങ്ങളും ഭൂപടത്തിൽ നിന്നു് ലഭ്യമാണ്.

ഓരോ ഭൂവിനിയോഗവും അവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളുടെ വിസ്തൃതിയും മറ്റും പട്ടിക 2 -ൽ കൊടുത്തിരിക്കുന്നു.

ജലപ്രകൃതി:

ജലലഭ്യത പ്രധാനമായും രണ്ടു സ്രോതസ്സുകളിൽ നിന്നുമാകുന്നു.

1. ഉപരിതല ജലസ്രോതസ്സ്
2. ഭൂഗർഭജലസ്രോതസ്സ്.

നദികൾ, തോടുകൾ, നീർച്ചാലുകൾ, ഉറവകൾ, കുളങ്ങൾ മുതലായവയാണ് ഈ പഞ്ചായത്തിലെ പ്രധാന ഉപരിതല ജലസ്രോതസ്സുകൾ. മേൽപ്പറഞ്ഞ എല്ലാ സ്രോതസ്സുകളിലേയും ജല ലഭ്യതയെ നിയന്ത്രിക്കുന്നത് ഇവിടെ ലഭിക്കുന്ന മഴയുടെ അളവ്, ചൂട്, ഭൂപ്രകൃതി, മണ്ണിന്റെ ഘടന, സസ്യജാലം മുതലായ

വയാണ്. ചെറുതും വലുതുമായ ഏകദേശം 33 കുളങ്ങൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി കാണപ്പെടുന്നു. ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്ന ആകെ തോടുകളുടെ നീളം 109. 5 കി.മീ. ആകുന്നു. ഇതിൽ 16.5 കി.മീ. ഇത്തിക്കര നദിയുടെ നീളവും 9.25 കി.മീ. ഇത്തിക്കര നദിയുമായി ചേരുന്ന പ്രധാന കൈവഴിയായ അണപ്പാട്, വട്ടപ്പറമ്പ് തോടിന്റെ നീളവുമാകുന്നു. ബാക്കിയുള്ള 83.75 കി.മീ. നീളം ഈ പ്രദേശത്തുകൂടി ഒഴുകി ഇത്തിക്കര നദിയിലോ അതിന്റെ കൈവഴിയിലോ വന്നു ചേരുന്ന ചെറിയ തോടുകളുടെ നീളമാകുന്നു. എല്ലാ തോടുകളും അവ ഒഴുകുന്ന ദിശയും നിരൊഴുക്ക് ഭൂപടത്തിൽ നിന്നു ലഭ്യമാണ്. (ചിത്രം 6)

ഈ പ്രദേശത്തെ ഡ്രയിനേജ് സാന്ദ്രത 2.49 ആണ്. ഭൂപ്രകൃതി പഠനത്തിലൂടെ അറിവായ ഒരു പ്രധാന സംഗതി പല സ്ഥലങ്ങളിലും ചരിവും താഴ്വരയുമായി ചേരുന്ന ഭാഗങ്ങളിൽ ഭൂഗർഭജലം നീരുറവയായി പുറത്തുവരികയും അത് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യങ്ങളാൽ പൂർണ്ണമായും നീർച്ചാലുകളിൽ കൂടി ഒഴുകി നഷ്ടപ്പെടുകയും ചെയ്യുന്നു എന്നതാണ്. പല നീർച്ചാലുകളിലും മഴക്കാലം തുടങ്ങി മൂന്നോ നാലോ മാസം മാത്രമെ നീരൊഴുക്ക് ഉണ്ടാവുകയുള്ളൂ. ചിതറ പഞ്ചായത്തിലെ കിഴക്കു ഭാഗത്തു നിന്നും ഉത്ഭവിച്ച് ചിതറ പഞ്ചായത്തിലെ ഐരക്കുഴി വഴി കിഴക്കേദിക്കിൽ (അണപ്പാട്) വച്ച് ഇട്ടിവ പഞ്ചായത്തിൽ സന്ധിക്കുന്ന തോട്, മണലുവെട്ടം തോട്, ത്രാങ്ങോട് തോട്, പത്തായക്കുഴിത്തോട്, വട്ടപ്പറമ്പുതോട് എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നു. ഇതു കൂടാതെ മേൽപ്പറഞ്ഞ തോടുമായി ചേരുന്ന ധാരാളം ചെറിയ തോടുകളും നീർച്ചാലുകളും, വയ്യാനം, ചടയമംഗലം തോടും, കാലികമായ ഉപരിതല ജലസ്രോതസ്സുകളാണ്. എല്ലാറ്റിനും ഉപരി 16.5 കി.മീ. നീളത്തിൽ പഞ്ചായത്തിന്റെ വടക്കും, വടക്കുകിഴക്ക് അതിർത്തിയിൽ കൂടി ഒഴുകുന്ന

പട്ടിക 3

വാർഡ്	ചിറകൾ
IV	താമരശ്ശേരി, പന്നിക്കോട്
VI	കണിയന്തകോണം, തോട്ടത്തിൽ
VI	കാമ്പിക്കോണം
X	നെടുങ്ങോട്ടുകോണം, അതിശയമംഗലം
XII	വെളിത്തറ
XIII	ചിറപ്പൊയ്കയിൽ (ഇട്ടിവ)

വാർഡ്	കുളങ്ങൾ
I	തനിയിൽ
III	ഹിൽഗിരി, തച്ചക്കോട്
VIII	കോവൂർമുട്ടലുവിളയ്ക്കൽ
IX	പെരുമാല
X	തലയ്ക്കോണം
XI	പെരിങ്ങോട്
XII	ചരിപ്പറമ്പ്
XIII	ചുണ്ട- മുത്തൻകുഴി

ഇത്തിക്കര നദിയും ഉപരിതലജലത്തിന്റെ പ്രധാന സ്രോതസ്സാകുന്നു. ഇതിനു പുറമെ ഈ പഞ്ചായത്തിൽ പലയിടങ്ങളിലും കാണുന്ന ചിറകളും, കുളങ്ങളും പ്രധാന ജലസ്രോതസ്സുകളാണ്. അവയെക്കുറിച്ചുള്ള വിവരണം താഴെ പട്ടികയിൽ ചേർക്കുന്നു.

ഭൂഗർജ്ജല സ്രോതസ്സുകൾ:

ഭൂഗർഭജല സ്രോതസ്സുകൾ പ്രധാനമായും രണ്ടു തരത്തിൽ കാണുന്നു.

(1) കിണറുകൾ (2) കുഴൽക്കിണറുകൾ.

ഈ പഞ്ചായത്തിനുവേണ്ടി തയ്യാറാക്കിയ ആസ്തി ഭൂപടത്തിൽ നിന്നും ഈ പഞ്ചായത്തിലെ ഏകദേശം എല്ലാ കിണറുകളുടേയും സ്ഥിതിവിവര കണക്കുകൾ ലഭ്യമാണ്. അതുപോലെ കുഴൽ കിണറുകളുടെയും സ്ഥിതിവിവരങ്ങളും ലഭ്യമാണ്. വിശദമായ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4

വാർഡ്	വറ്റുന്ന കിണറുകൾ	വറ്റാത്ത കിണറുകൾ	ആകെ കിണറുകൾ
I	290	73	363
II	280	143	423
III	178	137	315
IV	338	113	451
V	206	368	574
VI	208	100	308
VII	198	152	350
VIII	274	61	335
IX	117	272	389
X	94	398	492
XI	398	97	495
XII	132	205	337
ആകെ	2713	2119	4832

നീർമറി പദ്ധതിയും വിഭവസംരക്ഷണവും:


ശാസ്ത്രീയമായി നീർമറി പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ അടിസ്ഥാന വിഭവങ്ങളായ മണ്ണും ജലവും പരമാവധി സംരക്ഷിക്കുവാനും അവയുടെ പരമാവധി ചൂഷണം ഉറപ്പു വരുത്തുവാനും സാധിക്കും. ഇട്ടിവാ പഞ്ചായത്തിന്റെ ചില പ്രദേശങ്ങൾ കുറ്റിക്കാട് നീർമറി പദ്ധതിയിലും ഇളമ്പഴന്നൂർ നീർമറി പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വട്ടപ്പറമ്പുതോടിന്റെ ആവാഹപ്രദേശങ്ങൾ (Catchment Areas) ഉൾപ്പെടുത്തി ശാസ്ത്രീയമായി നീർമറി പദ്ധതി തയ്യാറാക്കുകയാണെ

ങ്കിൽ ഇട്ടിവ പഞ്ചായത്തിന്റെ 45.91% പ്രദേശങ്ങളിൽ ജല ലഭ്യതയും മറ്റു മേഖലകളിലുള്ള സമഗ്രവികസനവും ഉറപ്പു വരുത്തു വാൻ സാധിക്കും.

ഇതിനുവേണ്ട പ്രാഥമിക വിവരശേഖരണമായി പദ്ധതി പ്രദേശത്തിന്റെ അതിർത്തി തിട്ടപ്പെടുത്തുകയും ആ അതിർത്തിക്കുള്ളിൽപ്പെടുന്ന പ്രധാനതോടും ചെറുതോടുകളും വെവ്വേറെ തിരിച്ചറിഞ്ഞ് ഇത് നീർമറിയുടെ ഭൂപടമായി ചുവടെ കൊടുത്തിരിക്കുന്നു.

ജനപ്രകൃതി:

1991ലെ കനേഷുമാരി പ്രകാരം 43.89 ചതുരശ്ര കി.മീ. വിസ്തൃതിയുള്ള ഇട്ടിവ പഞ്ചായത്തിന്റെ ജന സംഖ്യ 33511 ആണ്. അതായത് ചതുരശ്ര കി. മീറ്ററിന് 763.5 എന്നതാണ് ജനസാന്ദ്രത. ആകെ വീടുകൾ 7222ഉം ഒരു വീടിന് ശരാശരി 4.6 അംഗങ്ങൾ എന്ന തോതിലു മാണ് ജനപ്രകൃതി.



പട്ടിക 5

ക്രമ നമ്പർ	വാർഡ്	കുഴൽ കിണറുകളുടെ എണ്ണം
1	I	3
2	II	1
3	III	—
4	IV	—
5	V	2
6	VI	1
7	VII	—
8	VIII	1
9	X	1
10	XI	2
11	XII	3
12	XIII	1
	ആകെ	15

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 51.71% (17328) സ്ത്രീകളും 48.29% (16188) പുരുഷന്മാരുമാണ്. ജനങ്ങളുടെ സാക്ഷരതാനിലവാരം 82% ആണ്. ആകെ പുരുഷന്മാരുടെ 81.3% ഉം ആകെ സ്ത്രീകളുടെ 75.3% ഉം ആണ് സാക്ഷരത കൈവരിച്ചിരിക്കുന്നത്. വ്യക്തമായ കണക്കുകൾ പട്ടിക 1ൽ ചേർത്തിരിക്കുന്നു.


ഇട്ടിവാ പഞ്ചായത്തിലെ വാർഡുതിരിച്ചുള്ള വീടുകളുടെ എണ്ണം (വാർഡ് പുനർവിഭജനം വരുന്നതിനു മുമ്പുള്ള കണക്കും പ്രകാരം) ഹിസ്റ്റോഗ്രാഫിൽ രേഖപ്പെടുത്തിയിരിക്കുന്നതാണ് ചിത്രം 1-ൽ കാണുന്നത്. ചിത്രം 2, 3 എന്നിവ യഥാക്രമം വാർഡുതിരിച്ചുള്ള ആകെ ജന സംഖ്യയും സാക്ഷരതയുടെയും ഹിസ്റ്റോഗ്രാഫുകളാണ്. ഈ ചിത്രങ്ങളിൽ നിന്നും സ്ത്രീകളുടെയും പുരുഷൻമാരുടെയും എണ്ണം പ്രത്യേകം അറിയുവാൻ സാധിക്കും.

പട്ടിക 2-ൽ 6 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളുടെ വാർഡ് തിരിച്ചുള്ള വിവരവും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ വിവരവും കൊടുത്തിരിക്കുന്നു. ആകെ ജനസംഖ്യയുടെ 10.63% ആണ് പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർ. പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിഭാഗക്കാർ ഈ പഞ്ചായത്തിൽ ഇല്ല. പട്ടികജാതിയിൽപ്പെടുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും എണ്ണം ഹിസ്റ്റോഗ്രാഫിൽ രേഖപ്പെടുത്തിയിരിക്കുന്നതാണ് ചിത്രം 4 - ൽ കാണുന്നത്.

പട്ടിക 3, 4 എന്നിവയിൽ ഈ പഞ്ചായത്തിൽ വിവിധരീതിയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിവരങ്ങൾ സൂചിപ്പിക്കുന്നു. പ്രധാന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെയും പുരുഷന്മാരുടെയും കണക്കുവിവരങ്ങൾ ഹിസ്റ്റോഗ്രാഫിൽ (ചിത്രം 5) കൊടുത്തിരിക്കുന്നു. വിവിധ മേഖലകളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിവരങ്ങൾ പട്ടിക 4, 5, 6 എന്നിവയിൽ നിന്നും ലഭ്യമാണ്. ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത് ഇട്ടിവ പഞ്ചായത്തിൽ കാർഷിക മേഖലയിൽ പണിയെടുക്കുന്ന ജനങ്ങളാണ് ഏറ്റവും കൂടുതൽ എന്നാണ്. അതായത് 33.7%. ഓരോ മേഖലയിലും പണിയെടുക്കുന്ന ജനങ്ങളുടെ വിശദമായ വിവരം "പൈ ചിത്രം" (ചിത്രം 6) ത്തിൽ നിന്നും ലഭ്യമാണ്.

(അവലംബം സെൻസസ്സ് രേഖ 1991)

മുഖ്യമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ



പരിസ്ഥിതി മേഖലകൾ:

ഭൂപ്രകൃതിയെയും അതുമായി ബന്ധപ്പെട്ട മറ്റു ഘടകങ്ങളേയും (മണ്ണ്, കൃഷിരീതി, ജലലഭ്യത) കുറിച്ച് നടത്തിയ പലതരത്തിലുള്ള പഠനങ്ങൾ (പഠനപര്യടനം, വിഭവഭൂപടങ്ങൾ, ധരാതലീയ ഭൂപടങ്ങൾ മുതലായവ) മുഖേന ഈ പഞ്ചായത്തിലെ പ്രദേശങ്ങളെയെല്ലാം വിവിധ പരിസ്ഥിതി മേഖലകളായി തിരിച്ചിരിക്കുന്നു. (ചിത്രം 7) ഓരോ പരിസ്ഥിതിമേഖലകൾ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ വിസ്തൃതി പട്ടിക 5-ൽ ചേർത്തിരിക്കുന്നു. ഓരോ പരിസ്ഥിതി മേഖലകളുടെ പ്രശ്നങ്ങളും മേന്മകളും മനസ്സിലാക്കി വിഭവങ്ങളുടെ ശരിയായ ഉപയോഗം ഉറപ്പുവരുത്തുക വഴി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയുള്ള ഒരു ശാസ്ത്രീയ അവലോകനം ചുവടെ ചേർക്കുന്നു.

പട്ടിക 6

പരിസ്ഥിതി മേഖല	ഭൂവിസ്തൃതി%
EZ_1	16.37
EZ_2	13. 80
EZ_3	2.07
EZ_4	1.75
EZ_5	9.90
ആകെ	43.89

പട്ടിക 7 ജനസംഖ്യാ നിരക്ക് (അവലംബം 1991 കനേഷുമാരി)

പഞ്ചായത്ത് വാർഡ്	ആകെ വിസ്തൃതി ച.കി.മീറ്ററിൽ	വീടുകളുടെ എണ്ണം	ജനസംഖ്യ			സാക്ഷരത	
			ആകെ	പുരുഷന്മാർ	സ്ത്രീകൾ	പുരുഷന്മാർ	സ്ത്രീകൾ
ഇട്ടിവ	43.89	7222	33511	16183	17328	13157	13049
I		748	3702	1765	1937	1375	1431
II		636	3024	1426	1598	1131	1136
III		464	2203	1066	1137	886	880
IV		609	2786	1332	1454	1070	1109
V		802	3746	1842	1904	1578	1458
VI		479	2223	1092	1131	893	860
VII		447	2047	1005	1042	794	769
VIII		550	2559	1224	1335	998	1060
IX		621	2597	1280	1317	1068	1027
X		691	3107	1477	1630	1186	1175
XI		631	2811	1364	1447	1114	1093
XII		544	2706	1765	1310	1064	1051

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

ഭൂപ്രകൃതി, മണ്ണ്, ജലലഭ്യത, ഭൂവിനിയോഗം എന്നീ ഭൗതികഘടകങ്ങളുടെ ഐക്യരൂപത മനസ്സിലാക്കിയാണ് പഞ്ചായത്തിലെ പ്രദേശങ്ങളെ ഓരോ പരിസ്ഥിതി മേഖലകളായി തിരിച്ചിരിക്കുന്നത്. EZ_1, EZ_2, EZ_3, EZ_4, EZ_5എന്നിങ്ങനെ ആകെ അഞ്ച് പരിസ്ഥിതി മേഖലകളായാണ് ഇവിടത്തെ മൊത്തം പ്രദേശത്തെയും വിഭജിച്ചത്. (ചിത്രം 8) ഓരോ പരിസ്ഥിതിമേഖലകളെയും കുറിച്ചുള്ള വിവരണങ്ങളും അവയുടെ പ്രശ്നങ്ങളും ഇനി പറയുന്നു.


പരിസ്ഥിതിമേഖലകൾ, പ്രശ്നങ്ങൾ:


EZ_1: കുന്നിൻമുകൾ, മലമുകൾ എന്നീ ഭൂപ്രകൃതിയും ചെമ്മണ്ണുകൊണ്ടുള്ള ആവരണവും മരച്ചീനി, തെങ്ങ്, റബ്ബർ മുതലായ കൃഷിരീതികളും ഇത്തരത്തിൽ ഐകരൂപമുള്ള എല്ലാ പ്രദേശങ്ങളേയും EZ_1 എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പഞ്ചായത്തിൽ 16.32 ച.കി.മീ. EZ_1ൽപ്പെടും.

ഇവിടുത്തെ പ്രധാന പ്രശ്നങ്ങൾ മണ്ണൊലിപ്പു മൂലം മേൽമണ്ണ് നഷ്ടപ്പെടൽ, കാർഷികവിളകളുടെ ഉത്പാദനക്ഷമത ഇല്ലായ്മ, ജലലഭ്യതക്കുറവ് മുതലായവയാണ്.

EZ_2: കുന്നിൻ ചരിവുകളും, മലഞ്ചരിവുകളും ഉൾപ്പെടുന്ന വെട്ടുകല്ലിൽ നിന്ന് വേർതിരിയുന്ന ചെമ്മണ്ണും ചില സ്ഥലങ്ങളിൽ ഇരുണ്ട ചെമന്ന തരത്തിലുള്ള മണ്ണ് -


ചാർട്ട് - 1 വീടുകൾ സംബന്ധിച്ച വിവരം





(റെസിഡുവൽ സോയിൽ) റബ്ബർകൃഷിയും ഉൾപ്പെടുന്ന മേഖലകൾ EZ_2 എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവിടത്തെ ഭൂപ്രകൃതിയുടെ സവിശേഷത എന്തെന്നാൽ ചരിവു മിക്കവാറും ഇടത്തരമോ (5^0 - 10^0)

ചാർട്ട് - 3
സാക്ഷരതാനിരക്ക്



അല്ലെങ്കിൽ മിതമായ ചരിവുകളോ (10^0 - 18^0) ആണെന്നുള്ളതാണ്. വിസ്തൃതി 13.80 ച.കി.മീറ്റർ.

ഇവിടത്തെ പ്രധാന പരിസ്ഥിതിപ്രശ്നങ്ങൾ- മണ്ണൊലിപ്പും, ജലക്ഷാമവുമാണ്. മേൽമണ്ണ് രണ്ടു രീതിയിൽ നഷ്ടപ്പെടുന്നതായി കാണുന്നു. ഒന്ന് കുത്തൊലിപ്പിലൂടെയും (Gully erosion) മറ്റൊന്ന് പാളികളായും (Sheet erosion). കുത്തൊലിപ്പ് കൂടുതലായും കാണുന്നത് വിവിധ ദിശയിലുള്ള രണ്ടു ചരിവുകൾ സംഗമിച്ച് 'V' ആകൃതിയിലുള്ള ഭൂപ്രകൃതിയാണ്. ഇത്തരം പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ഭൂവിനിയോഗത്തിന്റെ അശാസ്ത്രീയത ഈ പ്രദേശങ്ങളിൽ മണ്ണൊലിപ്പിന്റെ സാദ്ധ്യത കൂടുവാൻ കാരണമാകുന്നു. (ഉദാ: മരച്ചീനി കൃഷി മൂലം) ഈ പ്രദേശങ്ങളിൽ വീഴുന്ന മഴജലം വളരെ വേഗം ഒഴുകി പോകുന്നതിനാൽ ഭൂഗർഭ സംഭരണികളിൽ ആഴ്ന്നിറങ്ങുന്ന ജലത്തിന്റെ അളവു കുറയുന്നു. ഈ പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമത്തിന് ഇത് വഴിയൊരുക്കുകയും ചെയ്യുന്നു. മേൽ മണ്ണിൽ തങ്ങി നിൽക്കുന്ന ജലാംശം ബാഷ്പീകരണം മൂലവും സ്വേദനം മൂലവും വേഗം നഷ്ടപ്പെടുകയും അത് മണ്ണിന്റെ പൊതുവായ കാര്യക്ഷമതയേയും കാർഷികവിളകളുടെ ഉത്പാദനത്തെയും ബാധിക്കുന്നതായി കാണുന്നു.


EZ_3: ചെങ്കുത്തായ ചരിവുകളാണ് ഈ മേഖലയിൽ കാണുന്നത്. അപക്ഷയപാറ പൊടിഞ്ഞ് മണ്ണാകുന്ന ഘട്ടത്തിൽ ഉണ്ടാകുന്ന ചരൽ നിറഞ്ഞ മണ്ണ് (വിസ്തൃതി 2.7 ച.കി.മീ) റബ്ബർകൃഷിക്ക് അനുയോജ്യം. ഈ പ്രദേശങ്ങളുടെ സവിശേഷത അങ്ങിങ്ങായോ അല്ലെങ്കിൽ പൊതുവായോ പാറകൂട്ടങ്ങൾ കാണുന്നു എന്നുള്ളതാണ്. ഇവിടെ കാണുന്ന പ്രത്യേകതരം മണ്ണിന് കനം തീരെ കുറവായിരിക്കും. സാധാരണയായി 5 സെ.മീ. മുതൽ 10 സെ.മീ. വരെ കനമേ കാണുകയുള്ളു. പരിസ്ഥിതിയുമായി വളരെ ദുർബലമായ സന്തുലിതാവസ്ഥയിൽ നിലകൊള്ളുന്ന ഈ പ്രദേശങ്ങൾ രൂപപ്പെടുന്നത്. EZ_3 മേഖലകൾ ഗുരുതരമായ മണ്ണൊലിപ്പിന് വിധേയമായി തല്പശില (Bed Rock) പുറത്താകുന്നതോടുകൂടി ആകുന്നു.

ഈ മേഖലകളുടെ പ്രധാന പ്രശ്നങ്ങൾ തുടർന്നു കൊണ്ടിരിക്കുന്ന മണ്ണൊലിപ്പും രൂക്ഷമായ കുടിവെള്ള ക്ഷാമവും ആണ്. ഇത് സസ്യജാലങ്ങളുടെ നിലനിൽപ്പിനു തന്നെ ഭീഷണി ആകുന്നു. കാലാന്തരത്തിൽ

ഉരുൾപൊട്ടൽ മേഖലകളായി പരിണമിക്കാനും സാദ്ധ്യതയുണ്ട്. ആയതിനാൽ ഈ മേഖലകൾ സംരക്ഷിക്കേണ്ടത് ഒരു അടിയന്തിരാവശ്യമാകുന്നു.

EZ_4: മിതമായതും ചെങ്കുത്തായതുമായ ചരിവുകൾ അവസാനിച്ച് അത് ചെറുചരിവായി മാറുന്ന മേഖലകൾ. (അതായത് കുന്നുകളുടെയും മലകളുടെയും അടിവാരങ്ങൾക്ക് സമാനമായ പ്രദേശം വിസ്തൃതി 1.75 ച.കി.മീ.) ചെമ്മണ്ണിന്റെയും ചരലിന്റെയും മിശ്രിതമായി കാണപ്പെടുന്ന മേൽമണ്ണ് ഭൂഗർഭത്തിലേക്ക് ജലം ആഴ്ന്നിറങ്ങുന്നതിന് വളരെ അനുയോജ്യമായി കാണുന്നു. അതുകൊണ്ട് തന്നെ ഈ പ്രദേശങ്ങൾ മിക്കവാറും ജലലഭ്യതയുടെ കാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നു. ഈ മേഖലകൾ മിശ്രിതകൃഷി നടത്തുന്നതിന് വളരെ സഹായകമാണ്. എങ്കിലും പല സ്ഥലങ്ങളിലും റബ്ബർകൃഷിയുടെ ആധിപത്യമാണ് കാണുന്നത്.

ചാർട്ട് – 5
തൊഴിൽരംഗം



അടിസ്ഥാനവിഭവങ്ങളുടെ ലഭ്യതയിൽ ഇവിടെ കാര്യമായ കുറവ് കാണുന്നില്ല. എങ്കിലും ഈ മേഖലയിലെ പ്രധാന പ്രശ്നം വിഭവശോഷണമാണ്. ഭൂപ്രകൃതിയും ഭൂഗർഭജലപ്രവാഹവും തമ്മിൽ ഏറെക്കുറെ ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഈ മേഖലകളിൽ മിക്കവാറും നീരുറവകൾ കാണപ്പെടുന്നു. ഈ നീരുറവകളിൽ കൂടി ഭൂഗർഭജലത്തിന്റെ നല്ലൊരു പങ്കും ഒഴുകി തോടുകളിൽ കൂടി ഉപയോഗിക്കാനാകാതെ പുറത്തു പോകുന്ന സ്ഥിതിയാണ് പല സ്ഥലങ്ങളിലും കാണുന്നത്. (ഉദാ: അരത്തകണ്ടപ്പൻ ക്ഷേത്രത്തിനടുത്തുള്ള ചില പ്രദേശങ്ങൾ)

അടിവാര പ്രദേശങ്ങൾ പൊതുവേ നിക്ഷേപഭൂരൂപങ്ങളാണെങ്കിലും EZ_3, EZ_2 എന്നീ മേഖലകളിലുണ്ടാകുന്ന കുത്തൊഴുക്ക് ഈ മേഖലകളിൽ ചില അവസരങ്ങളിൽ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

EZ_5 : താഴ്വരകൾ, പ്രളയമേഖലകൾ, നദികൾ, തോടുകൾ, നീർച്ചാലുകൾ എന്നിവ നിമിത്തമുണ്ടാകുന്ന എക്കൽ മണ്ണ് നിറഞ്ഞ മേഖലകളെ EZ_5 വിഭാഗത്തിൽപ്പെടുത്തുന്നു. വിസ്തീർണ്ണം 9.90 ച.കി.മീ. ഇവിടത്തെ ഭൂവിനിയോഗം മിക്കവാറും നെൽക്കൃഷിയാണെങ്കിലും വ്യതിയാനങ്ങൾ വരുത്തി തെങ്ങ്, മിശ്രിത കൃഷി, മരച്ചീനി, റബ്ബർ മുതലായവയും കൃഷി ചെയ്തു വരുന്നു. ഈ മേഖലകളിൽ കാണുന്ന എക്കൽ മണ്ണ് പൊതുവേ നല്ല കനം സൂചിപ്പിക്കുന്നു. ഒരു മീറ്ററിനു മേൽ മൂന്നോ നാലോ മീറ്റർ കനത്തിലും കാണപ്പെടുന്നു. ഉപരിതലജലത്തിന് ആഴ്ന്നിറങ്ങാൻ സഹായിക്കുന്ന മണ്ണല്ലെങ്കിലും പലപ്പോഴും ഭൂഗർഭജലവിതാനം ഈ പ്രദേശങ്ങളിൽ ഉപരിതലത്തിനും മീതെ ആകയാൽ വർഷത്തിൽ മിക്കവാറും എല്ലാ സമയത്തും ഈ മേഖലകളിലെ മണ്ണിൽ ജലാശം ഉണ്ടായിരിക്കുന്നതാണ്.

ഈ മേഖലകളിൽ ഉണ്ടാകുന്ന പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ:

പല താഴ്വരകളും പാർശ്വങ്ങളിലെ കുന്നുകളിൽ നിന്നും മലകളിൽ നിന്നും ഖാദനം ചെയ്യുന്ന മണ്ണു കൊണ്ട് മൂടപ്പെടുന്നതിനാൽ ഈ മേഖലയുടെ നൈസർഗ്ഗികമായ ഗുണം കുറയുകയും നെൽകൃഷിക്കനുയോജ്യമല്ലാതാവുകയും ചെയ്യുന്നു. ഇപ്രകാരമുള്ള മണ്ണടിയൽ ഇവിടത്തെ ജലലഭ്യതയേയും ദോഷമായി ബാധിക്കുന്നു. പ്രളയമേഖലകളിൽ പരിസ്ഥിതി പ്രശ്നം എന്നു പറയുന്നത് വർഷകാലത്തുണ്ടാകുന്ന വെള്ളപ്പൊക്കം തന്നെ. ഇതു കൂടാതെ ഇഷ്ടിക നിർമ്മാണത്തിനായി കളിമണ്ണ് ഖനനം ചെയ്യുക വഴിയുണ്ടാകുന്ന ഗർത്തങ്ങൾ പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിക്കാഞ്ഞതുമൂലമുള്ള പ്രശ്നങ്ങൾ. ഉദാ: വെള്ളക്കെട്ട്, കൃഷിഭൂമികൾ തരിശുഭൂമിയായി മാറുക എന്നിവ; ഇതിനുപുറമെ സമീപദേശങ്ങളിലെ ഭൂഗർഭവിതാനത്തിലുണ്ടാകുന്ന വ്യതിയാനം തുടങ്ങിയ സങ്കീർണ്ണമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. അശാസ്ത്രീയമായ ഭൂവിനിയോഗമാണ് ഇതിനുകാരണം.

ഇവിടുത്തെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ ഉപരിതലജലം വാർന്നുപോകുന്നു എന്നതുതന്നെ. ചില സ്ഥലങ്ങളിൽ തടയണകൾ ഉണ്ടെങ്കിലും അവ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല എന്നതാണ് സത്യം. വട്ടപ്പറമ്പ് തോട്ടിലും സ്ഥിരമായ ജലലഭ്യത ഉണ്ടെങ്കിലും അത് ഈ പഞ്ചായത്തിൽ ഒരു വിധത്തിലും ഉപയോഗിക്കുന്നില്ല. വട്ടപ്പറമ്പുതോടിന്റെ ഏറ്റവും വലിയ പ്രശ്നം വർഷകാലത്ത് ഇതിലൂടെ ഒഴുകിയെത്തുന്ന ജലം ഉൾക്കൊള്ളാൻ കഴിയാതെ പ്രളയം മൂലം സമീപത്തുള്ള EZ_5 മേഖലകളിൽ വൻപ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നതാണ്. മടവീഴുക വഴി കൃഷിനാശം ഉണ്ടാകുന്നത് പരിഹാരമില്ലാത്ത പ്രശ്നമായി മാറിയിരിക്കുന്നു. ഇത്തിക്കരയാറിലുള്ള മണൽ ഖനനവും ഒരു പ്രധാന പ്രശ്നമായി മാറുന്നു. സമീപപ്രദേശത്തുള്ള ജലലഭ്യതയെ ഇതു സാരമായി ബാധിക്കുന്നു.

പരിഹാരനിർദ്ദേശങ്ങൾ:


ഓരോ പരിസ്ഥിതിമേഖലയിലേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പരിഹാരങ്ങൾ:

EZ_1: മണ്ണൊലിപ്പു തടയുന്നതിനുള്ള മാർഗ്ഗങ്ങൾ – ചെറിയ വരമ്പുകൾ നിർമ്മിക്കുക, കൃഷിവകുപ്പിന്റെ സഹായത്തോടുകൂടി കന്നുകാലികൾക്കു വേണ്ട തീറ്റപ്പുല്ല്

വളർത്തുക, പൈനാപ്പിൾ കൃഷി വ്യാപിപ്പിക്കുക. ഈ പ്രദേശങ്ങളിലെ ജലക്ഷമത കൂട്ടുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക. ഉദാ: മഴക്കുഴികൾ നിർമ്മിക്കുക, ഗാർഹികാവശ്യത്തിന് ശേഷം പുറത്തുകളയുന്ന ജലം ചെറിയ കുഴികളിൽ സംഭരിക്കുക.

EZ_2: ഈ മേഖലകളിലെ ചരിവുകളിൽ തട്ടുകൾ നിർമ്മിക്കുക, വരമ്പുകൾ നിർമ്മിക്കുക, അതുവഴി മണ്ണും ജലവും സംരക്ഷിക്കുക, റബ്ബർകൃഷിക്കുണ്ടാക്കുന്ന തടങ്ങളിൽ പയറുവർഗ്ഗത്തിൽപ്പെട്ട സസ്യങ്ങൾ വളർത്തുക, ചരിവിനു സമാനമായി ഒരു മീറ്റർ താഴ്ച, ഒരു മീറ്റർ നീളം, 30 സെ.മീ വീതിയിൽ കുഴികൾ നിർമ്മിക്കുക എന്നിങ്ങനെ നിരവധി പദ്ധതികൾ വഴി മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണം ഉറപ്പു വരുത്താനാകും. രണ്ടു ചരിവുകൾ സംഗമിക്കുന്ന പ്രദേശങ്ങൾ പ്രത്യേകം തിരിച്ചറിഞ്ഞ് അവിടെ ബ്രഷ്‌വുഡ് ഡാമുകൾ നിർമ്മിക്കേണ്ടതാണ്. ഈ പ്രദേശങ്ങളുടെ കീഴറ്റത്ത് തലകുളങ്ങൾ നിർമ്മിച്ച്



ജല സംരക്ഷണം ഉറപ്പുവരുത്താം.

EZ_3: ദുർബലമായ സന്തുലിതാവസ്ഥയിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളാകയാൽ ഇവിടെ ഏർപ്പെടുത്തുന്ന ഓരോ ഭൂവിനിയോഗക്രമവും പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. പൈനാപ്പിൾ കൃഷിയും തീറ്റപ്പുല്ല് കൃഷിയും ഇവിടെ അനുയോജ്യമാണ്. ജലലഭ്യത വളരെ കുറവാണ്. എങ്കിലും ഈ പ്രദേശങ്ങളിൽ മഴജലം തങ്ങി നിൽക്കാൻ അനുവദിക്കുന്നത് ഉചിതമല്ല. കാരണം പാറകളിലുള്ള വിള്ളലുകൾക്കിടയിൽ ജലം പ്രവേശിച്ച് ഘർഷണം ഇല്ലാതാക്കുകയും അതുവഴി മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ക്ഷണിച്ചു വരുത്തുകയും ചെയ്യുന്നു.

EZ_4: ഈ മേഖലയിൽ കാണുന്ന പ്രശ്നം ഭൂഗർഭജലത്തിന്റെ നഷ്ടപ്പെടലാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം ഈ പ്രദേശങ്ങൾ വിഭവസമൃദ്ധമാണ്. എന്നാൽ വിഭവശോഷണത്തിനുള്ള സാദ്ധ്യതകളും കൂടുതലാണ്. ഭൂഗർഭജലം നഷ്ടപ്പെടാതിരിക്കുവാൻ ഈ മേഖലകളിൽ ഭൂഗർഭതടയണകൾ നിർമ്മിക്കേണ്ടതാണ്. തലക്കുളങ്ങൾ നിർമ്മിച്ചും ഈ മേഖലകളിൽക്കൂടി നഷ്ടമാകുന്നു ജലം സംരക്ഷിക്കാവുന്നതുമാണ്. അതോടൊപ്പം കാലാവസ്ഥകൾക്കനുസരിച്ച് ജലത്തിന്റെ ഉപയോഗം ക്രമപ്പെടുത്തേണ്ടതമാണ്. അതായത് ഉപരിതല ജലം ലഭിക്കുന്ന മാസങ്ങളിൽ അതുമാത്രം ഉപയോഗിക്കുകയും ജലദൗർലഭ്യമുള്ള മാസങ്ങളിൽ ഭൂഗർഭജലം ഉപയോഗിക്കുകയും ചെയ്യുക. ഇത്തരത്തിലുള്ള ബോധപൂർവ്വകമായ ഉപയോഗം ഭൂഗർഭജല ലഭ്യത കൂടുവാൻ വളരെയധികം സഹായിക്കും.

EZ_5: ഈ മേഖലകളിലുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടണമെങ്കിൽ മറ്റു മേഖലകളിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുകയാണ് ചെയ്യേണ്ടത്. അതു കൂടാതെ ഇവിടെ നടത്തുന്ന ഖനന പ്രവർത്തനങ്ങൾ, ബോധവൽക്കരണത്തിലൂടെ നിയന്ത്രിതമാക്കുക വഴിയും രൂക്ഷമായിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കുറെയൊക്കെ പരിഹരിക്കാവുന്നതാണ്. കളിമണ്ണ് ഖനനം കഴിഞ്ഞ് ഉപേക്ഷിക്കപ്പെട്ട് വെള്ളം കെട്ടിനിൽക്കുന്ന കുളങ്ങൾ മത്സ്യബന്ധനത്തിന് അനുയോജ്യമാണെങ്കിൽ അത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.


വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി ഈ പഞ്ചായത്തിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ട് ഒരു കർമ്മ പദ്ധതിക്ക് രൂപം കൊടുക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ഈ മേഖലകളിൽ വേണ്ട രീതിയിൽ ജല സംരക്ഷണം ഉറപ്പാക്കുകയാണെങ്കിൽ വെള്ളപ്പൊക്കക്കെടുതിയുടെ തീവ്രത കുറയ്ക്കുവാൻ സാധിക്കും. നിയന്ത്രിതമായ മണൽവാരൽ ഉറപ്പാക്കുകയാണെങ്കിൽ കരയിടിയുന്നതും, മടവീഴുന്നതും ഒഴിവാക്കാനാവും. അനുയോജ്യമായ മേഖലകൾ ശാസ്ത്രീയമായി കണ്ടറിഞ്ഞ് തടയണകൾ, ചീർപ്പുകൾ മുതലായവ നിർമ്മിക്കുകയാണെങ്കിൽ ഉപരിതലത്തിൽ ജലം ശേഖരിച്ചു നിർത്തുവാനും ഭൂഗർഭത്തിലേക്ക് ആഴ്ന്നിറങ്ങുന്ന ജലത്തിന്റെ അളവ് കൂട്ടുവാനും സാധിക്കും. കൂടാതെ നിലവിലുള്ള തടയണകൾ വേണ്ട രീതിയിൽ ഉപയോഗിക്കുന്നതിനുള്ള ബോധവത്കരണവും നടത്തേണ്ടതാണ്.

ഓരോ ഭൂപ്രകൃതി, അവിടുത്തെ മൺതരങ്ങൾ, ജലലഭ്യത, കൃഷിരീതി, അവ ഉൾപ്പെടുന്ന പരിസ്ഥിതി മേഖല, പ്രധാന പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ സംയോജിപ്പിച്ച് പട്ടിക 6 കൊടുത്തിരിക്കുന്നു.

പട്ടിക 6

ഭൂപ്രകൃതി	ഉപരിതലമണ്ണ്	കൃഷിരീതി	ജലലഭ്യത	പരിസ്ഥതി മേഖല	പ്രശ്നങ്ങൾ	നിർദ്ദേശങ്ങൾ
കുന്നിൻപുറം മലമുകൾ	വെട്ടുകല്ല് / ചെമ്മണ്ണ്	മിശ്രിതകൃഷി റബ്ബർ	കുറവ് /കാലികം	EZ_1	മണ്ണൊലിപ്പ്, ജലക്ഷാമം, കാർഷികക്ഷമത കുറഞ്ഞ മണ്ണ്	വരമ്പുകൾ നിർമ്മിച്ച് മണ്ണൊലിപ്പ് തടയുക, മഴക്കുഴികൾ നിർമ്മിച്ച് മണ്ണിൽ ജലാംശം നിലനിർത്തുക, വീടുകളിൽ നിന്നും പുറത്തുകളയുന്ന ജലം കുഴികളിൽ സംഭരിക്കുക, പുറുത്തി, തിറ്റപ്പുല്ല് മുതലായ സസ്യങ്ങൾ വളർത്തുക തുടങ്ങിയവ.
ചരിവുകൾ	ചെമ്മണ്ണ്(വെട്ടുകല്ലിൽ നിന്നും ഉണ്ടായത്) ഇരുണ്ട ചെമ്പുനിറത്തിലുള്ള മണ്ണ്	മിശ്രിതകൃഷി റബ്ബർ, തെങ്ങ്	സാമാന്യം - ചിലപ്പോൾ കുറവ്	EZ_2	മണ്ണൊലിപ്പ്, അമിത വേഗതയിലുള്ള നീർപ്രവാഹം, മണ്ണിൽ ജലാംശം നഷ്ടപ്പെടുക, കാർഷിക ഭമഖലയിലുള്ള ഉത്പാദനകുറവ്	വരമ്പുകൾ, തട്ടുകൾ മുതലായവ നിർമ്മിച്ച് മണ്ണൊലിപ്പ് തടയുക, ബ്രഷ്വുഡ് ഡാമുകൾ കെട്ടി മണ്ണും ജലവും സംരക്ഷിക്കുക, റബ്ബർതോട്ടങ്ങളിൽ ഇടവിട്ട് മഴ കുഴികൾ നിർമ്മിക്കുക, പയർ ഇനത്തിൽപ്പെടുന്ന സസ്യങ്ങൾ വളർ ത്തുക, ഭൂമിക്കടിയിൽ തടയണകൾ കെട്ടുക, മരച്ചീനി കൃഷി ഒഴിവാക്കുക.
ചരിവുകൾ	അപക്ഷയപാറയും അത് പൊടിഞ്ഞുണ്ടാകുന്ന ചരൽ കലർന്ന മണ്ണും	റബ്ബർ, മരച്ചീനി	വളരെ കുറവ് / തീരെ ഇല്ല	EZ_3	രൂക്ഷമായ മണ്ണൊലിപ്പ്, അസന്തുലിതാവസ്ഥയിലുള്ള പാറക്കൂട്ടങ്ങൾ, മണ്ണിടിയൽ	മണ്ണൊലിപ്പ് തടയുന്നതിനു വേണ്ട നടപടികൾ: പുല്ലുവളർത്തൽ, പുറുത്തി കൃഷി മുതലായവ.
അടിവാരം	ചെമ്മണ്ണും ചരലും ചേർന്ന മിശ്രിതം	മിശ്രിതകൃഷി റബ്ബർ, മരച്ചീനി തുടങ്ങിയവ	താരതമ്യേന കൂടുതൽ	EZ_4	ഭൂഗർജ്ജലം നീരുറവകളിലൂടെ നഷ്ടപ്പെടുന്നു, നേരിയതോതിലുള്ള മണ്ണൊലിപ്പ്	ഭൂമിക്കടിയിൽ തടയണകൾ കെട്ടുക, ഭൂഗർഭജലം സംഭരിക്കുക, തലക്കുളങ്ങൾ നിർമ്മിച്ച് ജലം സംഭരിക്കുക, ലഭ്യമാകുന്നിടത്തോളം ഉപരിതല ജലസ്രോതസ്സുകളെ മാത്രം ആശ്രയിക്കുക.
താഴ്വര പ്രളയമേഖല	എക്കൽ മണ്ണ്	നെൽകൃഷി തെങ്ങ്, വാഴ മരച്ചീനി	വളരെ കൂടുതൽ	EZ_5	വെള്ളപ്പൊക്കം, അനിയന്ത്രിത ഖനനം (കളിമണ്ണ്, മണൽ) നീർവാർച്ചയില്ലായ്മ.	നീർമറി പദ്ധതികൾ മുഖേനയുള്ള വെള്ളപ്പൊക്ക നിയന്ത്രണം, കളിമണ്ണ്, മണൽ ഖനനം നിയന്ത്രിതമാക്കുക, മണ്ണെടുത്ത് ഉപേ ക്ഷിക്കപ്പെട്ട കുഴികൾ വേണ്ടുംവിധം ഉപയോഗിക്കുക.

വികസനമേഖലകൾ 1



കൃഷിയും ജലസേചനവും

അര നൂറ്റാണ്ടോളമായി നമുക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട്. ഇന്ത്യയിലെ ഒരു പൗരന്റെ ഇന്നത്തെ പ്രതിശീർഷ വരുമാനം 8237 രൂപയാണ്. കേരളത്തിലിത് 6983 രൂപയാണ് വിദ്യാഭ്യാസരംഗത്തും പൊതുജനാരോഗ്യരംഗത്തും നമുക്ക് വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ജനങ്ങളുടെ ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഭക്ഷ്യകാര്യത്തിൽ കമ്മി സംസ്ഥാനമായ കേരളത്തിന് പ്രതിവർഷം ആവശ്യമായ നാൽപ്പതു ലക്ഷം ടൺ അരിയിൽ പത്തു ലക്ഷം ടൺ മാത്ര മാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. കേന്ദ്രം അനുവദിക്കുന്നത് 18 ലക്ഷം ടൺ മാത്രമാണ്. ശേഷിക്കുന്ന 12 ലക്ഷം ടൺ അിക്ക് പൊതുവിപണിയെ ആശ്രയിക്കുകയോ വഴിയുള്ളു കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി ഉദ്പാദനവും ഉദ്പാദനക്ഷമതയും വർദ്ധിപ്പിക്കണം. പ്രാഥമികമേഖലയായ കൃഷിയും ജലസേചനവും അതിപ്രധാനം തന്നെയാണ്. കാർഷികമേഖലയിലെ അഭിവൃദ്ധി ഭക്ഷ്യകാര്യത്തിൽ മാത്രമല്ല വ്യാവസായിക വികസനത്തിന് അനുപേക്ഷണീയമാണ്. അതു കൊണ്ടുതന്നെ കാർഷികരംഗത്ത് അതിനൂതനമായ സാങ്കേതികവിദ്യകൾ കടന്നുവന്നിരിക്കുന്നു. ആധുനികരീതിയിലുള്ള വളങ്ങൾ, കീടനാശിനികൾ, വിളകളുടെ കാലചക്രത്തെ മാറ്റിമറിക്കാനുതകുന്ന ഹോർമോണുകൾ നിരവധി കാർഷികോപകരണങ്ങൾ എന്നിവ ആധുനിക കർഷകനെ പഴയകാലത്തെ കർഷകരിൽ നിന്നും വ്യത്യസ്തനാക്കുന്നു. ബഡ്ഡിംഗ് ഗ്രാഫ്റ്റിംഗ് പ്യൂണിംഗ്, ലയറിംഗ്, ടിഷ്യൂ കൾച്ചർ മെക്കാനിക്കൽ പോളിനേഷൻ തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഈ രംഗത്ത് വമ്പിച്ച മാറ്റങ്ങൾ വരുത്തി. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും തൈകളും ഉല്പാദിപ്പിക്കാൻ ഇന്ന് സാധിക്കുന്നു. ഈ രംഗത്ത് നടക്കുന്ന ഗവേഷണങ്ങൾ വഴി വമ്പിച്ച മാറ്റങ്ങളും ഉണ്ടാക്കാൻ കഴിയും.

കാർഷിക ചരിത്രം

50 വർഷം മുമ്പ് ബഹുഭൂരിപക്ഷം ആളുകളുടേയും ആഹാരം പ്രധാനമായും മരച്ചീനിയും മത്സ്യവുമായിരുന്നു. കരഭൂമിയുടെ 15% ത്തോളം സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു. നിലങ്ങളിലെ പ്രധാന കൃഷി നെല്ലായിരുന്നു. കൃഷിക്ക് പൂർണ്ണമായും അനുയോജ്യമല്ലാത്ത 25% ത്തോളം നിലങ്ങൾ തരിശായിരുന്നു. ഇരണ്ടു പൂവു കൃഷിയാണ് നടത്തിയിരുന്നത്. അപൂർവ്വം ചില സ്ഥലങ്ങളിൽ എള്ളും, കുവരകും, മുതിരയും, ഏത്തവാഴയും, കരിമ്പും കൃഷിചെയ്യുമായിരുന്നു. 25 വർഷം മുമ്പ് കൊക്കോ കൃഷി ചെയ്തുതുടങ്ങി. കന്നുകാലികളെ ഉപയോഗിച്ചാണ് നിലംഉഴുതിരുന്നത്. തോലും ചാണകവും ചാരവുമായിരുന്നു വളങ്ങൾ. അന്നൊക്കെമുപ്പു കൂടിയ നാടൻ വിത്തിനങ്ങളായ ചമ്പാവ്, അരിക്കിരാതി., അറുപതാം വെള്ള കറുത്തമുണ്ടകൻ തവളക്കണ്ണൻ വെള്ളച്ചേറാടി കറുത്തചേറാടി എന്നിവയാണ് കൃഷി ചെയ്തിരുന്നത്. ഒന്നാം വിളക്കാലത്ത് വിതയും രണ്ടാം വിളക്കാലത്ത് നടീലുമാണ് കൂടുതലായി കണ്ടിരുന്നത്. അറുപതാം വെള്ളയും ചേറാടിയും കൂട്ടി വിതച്ച് പഴമുട് കൃഷി അഥവാ കൂട്ടു മുണ്ടകൻ കൃഷിസമ്പ്രദായംനിലവിലുണ്ടായിരുന്നു. നടീൽ കൃഷിക്കുവേണ്ടി ഞാറ്റടിക്കണ്ടങ്ങൾ വരെയുണ്ടായിരുന്നു. കൃഷിക്കുവേണ്ടി തൊഴിലാളികളെ ധാരാളം കിട്ടിയിരുന്നു. കൊയ്ത്തിനും മറ്റ് കൂലിപ്പണികൾക്കും നെല്ലാണ് കൂലി കൊടുത്തിരുന്നത്. വളരെ അപൂർവ്വമായി ചക്രവും കൂലിയായി കെടുത്തിരുന്നു. പാട്ടം പാതിവാര വ്യവസ്ഥകളിൽ കൃഷിചെയ്യുമായിരുന്നു. നെല്ലിനെ ആക്രമിക്കുന്ന പ്രധാന കീടങ്ങളെ നിയന്ത്രിക്കുവാൻ മീനഴുക്കി അതിന്റെ വെള്ളം തളിക്കുക പതിവായിരുന്നു. കർഷകർ തമ്മിലുള്ള കൂട്ടായ്മ ഉള്ളതുകൊണ്ട് ഉഴവുമാടുകളേയും കർഷകതൊഴിലാളികളെയും പരസ്പരം വിട്ടു കൊടുക്കുമായിരുന്നു. മഴയെ ആശ്രയിച്ചാണ് കൃഷിനടത്തിയിരുന്നത്. തലക്കുളങ്ങൾ നിർമ്മിച്ച് ജലസേചനം മെച്ചപ്പെടുത്തിയിരുന്നു. അപൂർവ്വമായി തോടുകളിൽ കാട്ടുകല്ലും മണ്ണും ഉപയോഗിച്ചുണ്ടാക്കിയ തടയണകളും ജലസേചനത്തിനു പയോഗിച്ചായിരുന്നു. നെൽകൃഷിക്ക് പരമാവധി വിള പത്തുമേനിയായിരുന്നു. കാലാകാലങ്ങളിൽ ഉണ്ടാകുന്ന വരൾച്ചയും വെള്ളപ്പൊക്കവും കൃഷിക്ക് വലിയ ഭീഷണിയായിരുന്നു. അതുപോലെ പന്നിയും, കുരങ്ങും കൃഷികൾക്ക് വലിയ നാശം വരുത്തിയിരുന്നു. എലി ശല്യം അന്നും കുറവായിരുന്നില്ല.

ജനവാസം കുറവായതിനാൽ വിസ്തൃതമായ ഭൂപ്രദേശങ്ങൾ വ്യക്തികൾ കൈവശം വച്ചിരുന്നു. അതുകൊണ്ട് വളരെക്കുടുതൽ ഭൂമികൃഷി ചെയ്യാതെ തരിശായി കിടന്നിരുന്നു. ഈ ഭൂമി ആടുമാടുകളെ വളർത്താൻ ഉപയോഗിച്ചിരുന്നു. ഇവിടുത്തെ കാർഷികോല്പന്നങ്ങൾ കടയ്ക്കൽ, അഞ്ചൽ എന്നീ വിടങ്ങളിലെ ചന്തകളിൽ തലച്ചുമടുകളായി കൊണ്ടു

പോയി വിറ്റിരുന്നു. ഊടുവഴികൾ വണ്ടി തടങ്ങളായി മാറിയപ്പോൾ കാള വണ്ടികൾ കർഷകന് സഹായ മായി.

പ്രധാന കൃഷികൾ

1.നെല്ല്

ഇട്ടിവാ പഞ്ചായത്തിൽ 5.79 ച.കി.മി. സ്ഥല ത്ത് നെൽ കൃഷി ചെയ്തുവരുന്നു. ഭൂരി ഭാഗം നില ങ്ങളിലും ഇരുപ്പു കൃഷിയാണ് ചെയ്ത് വരുന്നത്. മുന്നാം വിളക്കാലത്ത് പച്ചക്കറി, പയർ, വെള്ളരി, എള്ള്, പാവൽ മുതലായവ നാമമാത്രമായികൃഷിചെയ്ത് വരുന്നു. ജലസേചന സൗകര്യം ഇല്ലാത്തതുകൊണ്ടാണ് 3-ാം വിളയായി നെൽകൃഷി ചെയ്യാൻ കഴിയാതെ വരുന്നത്. പോള രോഗത്തിന് പുറമെ കിടങ്ങൾ, ഇല ചുരുട്ടിപ്പുഴു, തണ്ടു തുരപ്പൻ എന്നിവയുടെ ഉപദ്രവവും സാധാരണ കണ്ടുവരുന്നു. 2500 കിലോഗ്രാം നെല്ല് ശരാശരി ലഭിക്കുന്നുണ്ട്. എന്നാൽ നെൽകൃഷി ലാഭമുള്ളതല്ലാത്തതിനാൽ കൃഷിക്കാർ നെൽ കൃഷിയിൽ വിമുഖതകാട്ടുന്നു. അമിതമായ ഉല്പാദനചെലവും ഉല്പന്നങ്ങളുടെ വിലക്കുറവും തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടുമാണ് ഇതിനുകാരണം.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗം, അത്യുല്പാദന ശേഷി യുള്ള വിത്തിനങ്ങളുടെ ഉപയോഗം, ശാസ്ത്രീയമായ സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ കൃഷി ലാഭകരമാക്കാവുന്നതാണ്. കാളയും കലപ്പയും ഉപയോഗിക്കുന്നതിനു പകരം ട്രാക്ടർ, ട്രില്ലർ മുതലായവ ഉപയോഗിച്ച് കൃഷിപ്പണികൾ കൂടുതൽ മെച്ചപ്പെടുത്താം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റാവശ്യങ്ങൾക്കും നിലം നികത്തുന്നതു മൂലം നെൽകൃഷിയിടങ്ങൾ കുറയുന്നതോടൊപ്പം പുതിയ പരിസ്ഥിതി പ്രശ്നങ്ങളും മുണ്ടാകുന്നു. അശാസ്ത്രീ യമായി വയലുകുഴിച്ച് മണ്ണെടുക്കുന്നതും നെൽകൃഷി യെ ദോഷമായി ബാധിക്കുന്നു. ഈരംഗത്ത് വിവേക പൂർവ്വകമായ സമീപനമുണ്ടാകാൻ കർഷകർതന്നെ ശ്രദ്ധിയ്ക്കണം. ഭൂവിനിയോഗ നിയമങ്ങൾ കർശന മായി നടപ്പാക്കണം.

നിലവിലുള്ള ഗ്രൂപ്പ് ഫാമിംഗ് സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എല്ലാപാടശേ ഖരകമ്മറ്റികൾക്കും കാർഷിക ഉപകരണങ്ങൾ, സസ്യ സംരക്ഷണ സാമഗ്രികൾ മുതലായവ സൗജന്യമായി ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാകണം.

തോടുകൾ വീതി കൂട്ടുകയും വരമ്പുകൾ ബലപ്പെടുത്തുകയും തോട്ടിൽ വേണ്ടിടങ്ങളിൽ തട യണകൾ കെട്ടുകയും ഏലാ തലക്കുളങ്ങൾ നിർമ്മിച്ച് പമ്പുസെറ്റുകൾ സ്ഥാപിക്കുകയും ചെയ്താൽ നെൽ കൃഷിയ്ക്ക് അനുയോജ്യമായ സാഹചര്യമുണ്ടാ വുന്നതാണ്.

2. റബ്ബർ

ഇട്ടിവാ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷിചെയ്യുന്നത് റബ്ബർ ആണ്. 2141 ഹെക്ടർ സ്ഥലം. മൊത്തം ഭൂമിയുടെ 47.75% റബ്ബർ കൃഷിയ്ക്ക് അനുയോജ്യമാണ്. കാർഷിക മേഖലയി ലെ പ്രധാന വരുമാന മാർഗ്ഗം എന്നതിനുപരി പ്രധാന തൊഴിൽ മേഖല കൂടിയാണ് റബ്ബർ കൃഷി. റബ്ബർ നഴ്സറിയുണ്ടാക്കൽ, തൈനടീൽ, ടാപ്പിംഗ്, തടിമുറി ക്കൽ, ലോഡിംഗ്. എന്നീ മേഖലകളിൽ ധാരാളം പേർക്ക് തൊഴിൽ ലഭിക്കുന്നു. ചെറുകിട കർഷകരും വൻകിട കർഷകരും ഈ രംഗത്തുണ്ടെന്നുള്ളതാണ് ഒരു പ്രത്യേകത. 10 സെൻറ് ഭൂമി മാത്രമുള്ളവരും ഈ കൃഷിയിൽ താൽപര്യം കാണിക്കുന്നു.

പ്രശ്നങ്ങൾ

1. അനുയോജ്യമല്ലാത്ത ഭൂമിയിൽ കൃഷിചെയ്യുക.
2. മരങ്ങൾതമ്മിൽ വേണ്ടത്രഅകലമില്ലാതിരി ക്കുക.
3. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വേണ്ടത്ര വളം നൽകുന്ന രീതിയുടെ അഭാവം.
4. യഥാസമയം ആവശ്യമായ മരുന്നുകൾ തളിക്കാതിരിക്കുക.
5. അമിതമായ വള പ്രയോഗം.
6. അമിതവും അശാസ്ത്രീയവുമായ ടാപ്പിംഗ്.
7. അകാലിക ഇല കൊഴിച്ചിൽ, ചീക്കുരോഗം, പട്ടയഴുകൽ, പട്ടമരവിപ്പ്.
8. വിദഗ്ധ ടാപ്പിംഗ് തൊഴിലാളികളുടെ ദൗർലഭ്യം.
9. റബ്ബറിൻെറ കുത്തനെയുള്ള വിലയിടിവ്.
10. ടാപ്പിംഗ് തൊഴിലാളികളുടെ കൂലിയിലുള്ള അസന്തുലിതാവസ്ഥ.
11. വിപണിയുടെ നിയന്ത്രണം കുത്തകകൾ നടത്തുന്നസ്ഥിതി.

പരിഹാരങ്ങൾ

1. നിലവിലുള്ള റബ്ബർ ഉല്പാദകർ സഹകര സംഘങ്ങൾ പ്രവർത്തിപ്പിക്കുക. ആവശ്യമുള്ള പ്രദേശങ്ങളിൽ റബ്ബറുദ്പാദകസഹകരണ സംഘ ങ്ങൾ സ്ഥാപിക്കുക.
2. ശാസ്ത്രീയ മായ കൃഷി രീതിയെ ക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.
3. ശാസ്ത്രീയ മായ കൃഷിരീതി അവലംബിക്കുക, മണ്ണുപരിശോധന, മിതമായ വളപ്രയോഗം എന്നിവ ഇതിലടങ്ങിയിരിക്കുന്നു.
4. ശാസ്ത്രീമായ ടാപ്പിംഗ് പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
5. റബ്ബർബോർഡ് സബ്സിഡി വർദ്ധിപ്പിക്കുക.
6. റബ്ബർ അടിസ്ഥാനമാക്കിയുള്ള ഫാക്ടറികൾ ആരംഭിക്കുക.(തടിയുൾപ്പെടെ)

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

നിലവിലുള്ള റബ്ബർ ഉൽപാദക സഹകരണ സംഘങ്ങൾ.

1. ചാണപ്പാറ റബ്ബർ ഉൽപാദക സഹകരണ സംഘം നമ്പർ. കൃ. 551/86
2. കാട്ടാമ്പള്ളി റബ്ബർ ഉൽപാദക സഹകരണ സംഘം.

3. തെങ്ങ്

നമ്മുടെ സംസ്ഥാനത്തിന്റെപേരു തന്നെ കേരവൃക്ഷവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ഇന്ന് കേരം കേരളത്തിൽ അവഗണിക്കപ്പെടുകയാണ്. തമിഴ്നാട്ടിലും കർണ്ണാടകയിലും ഒരു ഹെക്ടറിൽ നിന്ന് 11000 നാളീകേരം കിട്ടുമ്പോൾ കേരളത്തി ലത് 6000 മാത്ര മാണ്. റബ്ബറിന്റെ വ്യാപനം തെങ്ങുകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. പുതിയ തെങ്ങുകൾ പ്രായേണ വച്ചുപിടിപ്പിക്കുന്നില്ലെന്ന് മാത്രമല്ല നല്ലതെങ്ങുകൾ വെട്ടിമാറ്റിയും റബ്ബർ കൃഷിചെയ്യുന്നുണ്ട്. അവശേഷിക്കുന്ന തെങ്ങുകൾക്ക് പിചരണം തീരെ ലഭിക്കുന്നുമില്ല. റബ്ബറിനു നൽകുന്ന പരിചരണത്തിന്റെ ചെറിയൊരു പങ്ക് തെങ്ങിനു നൽകിയാൽ ഈരംഗത്ത് വമ്പിച്ച മാറ്റ ളുണ്ടാക്കാവുന്നതാണ്. തെങ്ങിൻ തടം എടുക്കുക എന്നത് വിശിഷ്ടമായ ഒരു ജോലിയായി ചെറുപ്പക്കാർ അംഗീകരിക്കണം. തെങ്ങ് കയറ്റം ഒരു വിനോദം എന്ന നിലയിൽ വളർത്തിയെടുത്താൽ തെങ്ങിനെ കൂടുതൽ സ്നേഹിക്കാൻ കഴിയും. നാളീകേരത്തിന് സ്ഥായിയായ വിലകയില്ല എന്നതാണ് പ്രശ്നം ഇത് പരിഹരിക്കാൻ നിരവതി കടമ്പകൾ കടക്കണം. കേരോൽപ്പന്നങ്ങൾ പ്രാദേശിക തലത്തിൽ വിപണനം ചെയ്യാനുള്ള സാധ്യതകളാരാഞ്ഞാൽ ഈ രംഗത്ത് കുറച്ചൊക്കെ മാറ്റങ്ങളുണ്ടാക്കാം. കേരത്തെ രക്ഷിക്കാതെ കേരളത്തെ രക്ഷിക്കാനാവില്ല. തെങ്ങ്, തോട്ടമടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന രീതി കുറഞ്ഞുവരികയാണ്. നമ്മുടെ പഞ്ചായത്തിൽ ആകെ 605.02 ഹെക്ടറിലുള്ള തെങ്ങുകൃഷിയിൽ 84 ഹെക്ടർ മാത്രമാണ് തേട്ടങ്ങളുടെ വ്യസ്തൃതി. ജില്ലാ കൃഷിഫാമിലെ തെങ്ങിൻ തോട്ടം 51 ഹെക്ടർ ആണ്. പട്ടിക 1 കാണുക.

പട്ടിക-1

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ കൃഷിഭവൻ റിപ്പോട്ട്

വാർഡ് നമ്പർ	തെങ്ങ് എണ്ണം				രോഗം ബാധിച്ചത്			
	തെങ്ങ്കൃഷി വിസ്തീർണ്ണം ഹെ.	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്
1. മലപ്പേരൂർ	29.18	525	4727	5252	131	262	88	44
2. കിഴ്തോണി	47.21	850	7648	8498	212	425	142	71
3. ഇട്ടിവ	37.92	683	6142	6825	171	341	114	57
4. കോട്ടുക്കൽ	50.97	918	8257	9175	229	459	153	77
5. ത്രാങ്ങോട്	49,41	889	8004	8893	222	446	148	74
6. വട: കോട്ടുക്കൽ	81.18	1461	13151	14612	365	731	243	122
7. പടി: വയലാ	40.59	730	6577	7307	182	365	122	61
8. കിഴക്കേവയലാ	34.42	619	5576	6195	155	310	104	50
9. മണ്ണൂർ	30.3	540	4865	5405	135	270	90	45
10. തുടയന്നൂർ	50.49	908	8180	9088	226	454	152	76
11. ചാണപ്പാറ	49.04	882	7945	8827	222	441	146	73
12. ചരിപ്പറമ്പ്	53.76	967	8709	9676	243	484	160	80
13. ചുണ്ട	50.82	914	8233	9147	229	457	152	76
	605.02			1,08900	2722	5444	1814	906

4.കുരുമുളക്.

വിദേശ കമ്പോളങ്ങളിൽ കറുത്തപൊന്ന് എന്നുവിശേഷിപ്പിക്കപ്പെടുന്ന കുരുമുളക് കൃഷി ഇന്ന് കുറഞ്ഞുവരുന്നു. കുരുമുളക് തോട്ടം അപൂർവ്വമാണ്. എന്നാൽ മിശ്രിത കൃഷിയായി 366ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നു. കരിലാഞ്ചി, അണ്ണാവിരിയൻ, അൻപിരിയൻ, പാലാ, പടപ്പൻ, കരിമുണ്ടൻ, നാരായക്കൊടി എന്നീ പഴകിയ ഇനങ്ങളും പന്നിയൂർ ഒന്ന് പുതിയ ഇനവുമാണ് ഇവിടെ കണ്ടുവരുന്ന കുരുമുളക് കൊടികൾ. റബ്ബർ കൃഷിയുടെ ആധിപത്യം കുരുമുളക് കൃഷിയെ നാമമാത്രമാക്കി.

കുമിൾ രോഗം സാധാരണയായി കണ്ടുവരാറുണ്ട്. വരൾച്ച കൂടുതൽ ബാധിക്കുന്നു. ശാസ്ത്രീയമായ കൃഷിരീതിയുടെ അഭാവവും യഥാസമയങ്ങളിൽ പ്രതിരോധ നടപടികൾ സ്വീകരിക്കാത്തതും

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

അത്യുൽപാദന ശേഷിയുള്ള ഇനങ്ങളുടെ ദൗർലഭ്യം മൂലം ഈ രംഗത്ത് മുരടിപ്പ് അനുഭവപ്പെടുന്നു.

നിർദ്ദേശങ്ങൾ

സർക്കാരിന്റെ ഭാഗത്തുനിന്നുമുള്ള പ്രോത്സാഹനവും സഹായവും കൃഷി ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയും ഈരംഗത്ത് അനിവാര്യമാണ്.

കുരുമുളക് കൃഷിക്ക് നൽകുന്ന രാസ വളകിറ്റ് എല്ലാവർക്കും യഥാസമയത്ത് തന്നെ ലഭിക്കണം.

ജലസേചനത്തിന് സൗജന്യനിരക്കിൽ വൈദ്യുതി ലഭിക്കണം.

ഒരുവീട്ടിൽ അഞ്ചുമുടുകൊടിയെങ്കിലും എന്ന സമഗ്രപദ്ധതിക്ക് രൂപം നൽകണം . ശാസ്ത്രീയമായ കൃഷിരീതി തുടങ്ങണം.

5. വാഴ

വാഴകൃഷിക്ക് പണ്ട് മുതലേപേര് കേട്ട ഒരുസ്ഥലമായിരുന്നു ഇട്ടിവാ പഞ്ചായത്ത് ഇന്നീകൃഷി വളരെ കുറഞ്ഞുവരികയാണ്. ഏകദേശം 210 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്യുന്നു. നിലങ്ങൾ കോരിയും വാഴ കൃഷിചെയ്യാറുണ്ട് പഴവർഗ്ഗ ഇനത്തിൽ പാളയം കോടൻ, കണ്ണൻ, നേന്ത്രൻ, ചുവന്ന കപ്പ, വെള്ളക്കപ്പ, പടനി, റോബസ്റ്റ, ഞാലിപ്പൂവൻ, പൂവൻ, എന്നിവയും കറിക്കായ് ഇനത്തിൽ മൊന്തൻ, ചതുരക്കാളി, മൈസൂർഏത്തൻ എന്നിവയും കൃഷി ചെയ്യുന്നു.

മണ്ടയടപ്പുരോഗം വളരെകൂടുതലായി കാണുന്നു, ഇതിനുവേണ്ട പ്രതിരോധ നടപടികൾ അപര്യാപ്തമാണ്. അകാലത്ത് കൃഷി ഡിപ്പാർട്ടുമെന്റു വഴിയുള്ള വാഴ വിത്തുവിതരണം യാതൊരു ഉപയോഗവും കർഷകനുകിട്ടുന്നില്ല. മാത്രവുമല്ല നമ്മുടെ മണ്ണിനും കാലാവസ്ഥക്കും യോജിക്കുന്ന തരത്തിലുള്ള വാഴവിത്തുകളല്ല പലപ്പോഴും ഇവിടെ ലഭിക്കുന്നത്. അതുപോലെ കർഷകൻ ഉൽപാദിപ്പിക്കുന്ന വാഴക്കുലകൾക്ക് പലപ്പോഴും മതിയായ വില ലഭിക്കുന്നില്ല. ഉൽപന്നങ്ങൾ മാർക്കറ്റിൽ എത്തിക്കാനുള്ള ചരക്കുകൂലിയും മാർക്കറ്റിലെ ചുമട്ടുതൊഴിലാളികളുടെ കൂലികൂടുതലും ചന്തപ്പിരിവും വാഴകർഷകർക്ക് തലവേദനയായി മാറിയിരിക്കുന്നു. കടയ്ക്കൽ അഞ്ചൽ ചന്തകളിൽ വെളുപ്പാൻ കാലത്ത് നടക്കുന്ന കച്ചവടം ഉൽപാദകന് വിലക്കുറവും ഉപഭോക്താവിന് വിലക്കൂടുതലും സൃഷ്ടിക്കുന്നു.

നിർദ്ദേശങ്ങൾ

അത്യുൽപാദന ശേഷിയുള്ള വാഴ വിത്തിനങ്ങൾ യഥാസമയത്ത് കർഷകന് ലഭിക്കുവാനുള്ള നടപടികൾ കൃഷി ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ശാസ്ത്രീയ മായ കൃഷിയെ സംബന്ധിച്ചുള്ള സമ്പർക്കപരിപാടി വഴിയുള്ള ബോധവൽക്കരണം അനിവാര്യമാണ്.

ഇൻഷുറൻസ് പദ്ധതി വ്യാപിപ്പിക്കണം. വർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും വളം കർഷകർക്ക് സബ്സിഡിഇനത്തിൽ വിതരണം ചെയ്യണം.

പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തണം. മണ്ണു പരിശോധന നടത്തി വള പ്രയോഗത്തിന് ഉപദേശം നൽകണം.

6. മരച്ചീനിയും മറ്റ് കിഴങ്ങു വർഗ്ഗങ്ങളും

ഒരു കാലത്ത് നമ്മുടെ പ്രധാന ആഹാരം മരച്ചീനിയായിരുന്നു. പണ്ട് വളരെ കൂടുതൽ സ്ഥലത്ത് മരച്ചീനി കൃഷിചെയ്തിരുന്നു. അന്യസ്ഥലങ്ങളിലേക്ക് ലോറിക്കണക്കിന് മരച്ചീനി ഇവിടെ നിന്ന് കയറ്റികൊണ്ടുപോയിരുന്നു. എന്നാലിന്ന് ഈ കൃഷി വളരെ കുറഞ്ഞു വന്നിരിക്കുകയാണ്. ഏകദേശം 520 ഹെക്ടർ സ്ഥലത്ത് കുമ്പച്ചീനിയും തുലാച്ചീനിയും കൃഷിചെയ്യുന്നു. കട്ടൻ കലികാലൻ, സിംഗപ്പൂർവെള്ള, മൈസൂർ വെള്ള, ഞറുക്കുവെള്ള എന്നിവയാണ് പ്രധാന ഇനങ്ങൾ. പലസ്ഥലങ്ങളിലും നിലങ്ങൾ കോരി മരച്ചീനികൃഷി ലാഭകരമായി ചെയ്തുവരുന്നുണ്ട്.

ചരിവുസ്ഥലങ്ങളിൽ ഒരിക്കലും മരച്ചീനി കൃഷി ചെയ്യരുത്. അതു മണ്ണൊലിപ്പ് വർദ്ധിപ്പിക്കുന്നു. എലി ശല്യം മരച്ചീനി കർഷകർക്ക് ഒരു വലിയ ശല്യമായി നിലനിൽക്കുന്നു. മാർക്കറ്റിൽ കൊണ്ടുപോകുന്നതിനുള്ള അധിക ചെലവും ചുമട്ടു തൊഴിലാളി പ്രശ്നവും മരച്ചീനി കർഷകർക്ക് പ്രശ്നങ്ങളാണ് തന്നിമിത്തം ചില അടങ്കൽ കച്ചവടക്കാർക്ക് മതിപ്പുവിലയ്ക്ക് മരച്ചീനി വിൽക്കേണ്ടി വരുന്നതുകൊണ്ട് കർഷകന് യഥാർത്ഥത്തിൽ കിട്ടേണ്ട വില ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

ഭക്ഷ്യാഹാരമെന്നനിലയ്ക്ക് ഈ കൃഷി വളർത്തികൊണ്ടുവരണം. നിരവധി വ്യവസായങ്ങളുടെ അസംസ്കൃത വസ്തുവാണ് മരച്ചീനി. ഇവിടെനിന്നും തമിഴ്നാട്ടിലെത്തുന്ന മരച്ചീനി വിവിധ തരത്തിലുള്ള ആഹാര സാധനങ്ങളായി കേരളത്തിൽ തിരിച്ചെത്തുന്നു. ഈകൃഷി നേരിടുന്ന എലിശല്യം ഒഴിവാക്കാൻ സത്വര നടപടികൾ കൈക്കൊള്ളണം.

മരച്ചീനി കൃഷി പോലെ തന്നെ പ്രാധാന്യമുള്ള കൃഷിയാണ് ചേന, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ്, ചെറുവള്ളികിഴങ്ങ്, ചീവക്കിഴങ്ങ് മുതലായവ. ഇവ വളരെ കുറച്ചുമാത്രമേ കൃഷിചെയ്യുന്നുള്ളു. രാസ വളങ്ങളുടെ അമിത പ്രയോഗം നടത്തി തമിഴ്നാട്ടിൽ വിളയിച്ച കിഴങ്ങു വർഗ്ഗങ്ങൾ നാം വില കൊടുത്തു വാങ്ങുന്നു. ഇതൊഴിവാക്കാൻ കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി ഇവിടെ അഭിവൃദ്ധിപെടുത്തേണ്ടതുണ്ട്.

7. കമുക്

ഇട്ടിവാ പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും സർവ്വസാധാരണമായി കണ്ടുവരാറുള്ള ഒരു കൃഷിയായിരുന്നു കമുക്. കരയിലും തോട്ടുവരമ്പുകളിലും നിലങ്ങളിലും കൃഷിചെയ്തിരുന്നു. ഇന്നീ കൃഷി എതാണ്ട് ഉപേക്ഷിച്ചമട്ടാണ്. ഏകദേശം 105 ഹെക്ടർ

സ്ഥലത്ത് കമുക് കൃഷി ചെയ്തു വരുന്നു. ഇതിൽ കൂടുതലും മിശ്രിതകൃഷിയുണ്ട്. ഉൽപാദനക്ഷമത വളരെക്കുറവാണ്.

കാറ്റുവീഴ്ച രോഗം വളരെ കൂടുതലായി കാണുന്നു. യാതൊരുവിധ പ്രതിരോധ നടപടികളും ഈരംഗത്ത് ഉണ്ടായി ക്കാണുന്നില്ല. ഉണക്കിയ അടയ്ക്ക അന്യ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി ആരോഗ്യത്തിന് ഹാനികരമായ പാൻപരാഗ്, റോജാ പാക്ക് എന്നിങ്ങനെ പലതരത്തിലുമുള്ള പൊതികളാക്കി അമിത വിലയ്ക്ക് കേരളത്തിൽ വിറ്റഴിക്കുന്നു. ചെറുപ്പക്കാർ പ്രത്യേകിച്ചും ഒരു വിഭാഗം വിദ്യാർത്ഥികൾ ഇവ അമിതമായി ഉപയോഗിക്കുന്നുണ്ട്. ഇത് കർശനമായി നിയന്ത്രിക്കേണ്ടത് അത്യാ വശ്യമാണ്. അടയ്ക്ക ശാസ്ത്രീയമായി ഉണക്കി പ്പൊടിച്ച് ആയുർവ്വേദ ഔഷധങ്ങൾ കലർത്തി ഇവിടത്തന്നെ പ്രോസസ് ചെയ്തെടുക്കാവുന്നതാണ്. അങ്ങനെ ചെയ്താൽ കർഷകന് നല്ല വിലയും ലഭിക്കും.

നിർദ്ദേശങ്ങൾ

അത്യുൽപാദന ശേഷിയുള്ള അടക്കാ തൈയ്കൾ സൗജന്യമായി യഥാസമയം വിതരണം ചെയ്യണം. വളം സബ്സിഡി ഇനത്തിൽ ലഭ്യമാക്കണം. രോഗ പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തണം.

കരിമ്പ്

പണ്ട് മിക്ക കുടുംബങ്ങളുടേയും കിണറ്റരുകിൽ കരിമ്പ് ഒരു മൂടെങ്കിലും കാണാമായിരുന്നു. നിലങ്ങളിൽ ഏക്കർ കണക്കിൽ കരിമ്പ് കൃഷിചെയ്തിരുന്നു. അത് ഇവിടെ തന്നെ ആട്ടി ശർക്കരയെടുത്ത് വിൽക്കുമായിരുന്നു. ഇന്ന് ഈ കൃഷി അപ്രത്യക്ഷമായിരിക്കുന്നു. എന്നാൽ ലക്ഷകണക്കിൽ രൂപയുടെ ശർക്കര അന്യസംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ കബോളങ്ങളിൽ വിറ്റഴിക്കുന്നുണ്ട്. കരിമ്പാട്ടി ശർക്കരയെടുക്കാൻ പരിചയമുള്ള വിദഗ്ദ്ധൻമാർ സങ്കേതിക ഉപകരണങ്ങൾ എന്നിവ കിട്ടാനുള്ള ബുദ്ധിമുട്ടാണ് പ്രധാനമായും ഈ കൃഷി ഉപേക്ഷിക്കാനുള്ള കാരണം. ഉൽസവ പറമ്പുകളിൽ കിട്ടുന്ന കരിമ്പിൻ നീരിനുള്ള കരിമ്പുപോലും അന്യസ്ഥലങ്ങളിൽ നിന്നാണ് കൊണ്ടു വരുന്നത്.

നിർദ്ദേശങ്ങൾ

കരിമ്പുകൃഷി ഈ പഞ്ചായത്തിൽ ആരംഭിക്കണം. പ്രോത്സാഹനാർത്ഥം കൃഷി വകുപ്പ് ആവശ്യമായ നടപടി കൈ കൊള്ളണം. കർഷകർക്ക് ഗ്രാൻറ് കൊടുത്തുകൊണ്ട് കരിമ്പ് ആട്ടുവാൻ യന്ത്രവത്കൃത ആട്ടുചെക്കുകൾ പകുതി വിലയ്ക്ക് കൊടുക്കുകയും വേണം. കരിമ്പിൻ തൈകൾ സൗജന്യമായി കൃഷി വകുപ്പ് കൃഷിക്കാർക്ക് നൽകണം

കശുമാവ്

ഈ പഞ്ചായത്തിലെ ഒരു പ്രധാന കൃഷിയായിരുന്നു കശുമാവ്. റബ്ബറിൻറെ വരവുനിമിത്തം ഈ കഷ്ഷിയെ ഉപേക്ഷിച്ച മട്ടാണ്. തോട്ടകൃഷി അടിസ്ഥാനത്തിൽ കോട്ടുകൽ ജില്ലാ കൃഷിഫാമിൽ 48.5 ഹെക്ടർ സ്ഥലത്തും കൂടാതെ മിശ്രിത കൃഷിയായി 40 ഹെക്ടർ സ്ഥലത്തും കശുമാവ് കൃഷി ചെയ്യണം. ശരാശരി ഒരു കശുമാവിൽ നിന്ന് 10 കിലോ കശുവണ്ടി ലഭിക്കുന്നു കശുമാവ് കൃഷിയിൽ വന്നിട്ടുള്ള കുറവ് കശുവണ്ടി തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ നഷ്ടമായിട്ടുണ്ട്

നിർദ്ദേശങ്ങൾ

വിദേശ നാണ്യം നേടിത്തരുന്ന കശുവണ്ടി വ്യവസായം അഭിവൃത്തിപ്പെടുത്തുന്നതിന് സർക്കാരിൽ നിന്നും നടപടികൾ ഉണ്ടാകണം. ഇപ്പോൾ കശുമാവ് തൈകൾ യഥാസമയം നൽകുന്നില്ല. കശുവണ്ടിയ്ക്ക് ന്യായമായ വില ലഭിക്കുന്നില്ല. കശുമാവ് ബോർഡ് കശുവണ്ടിയുടെ വില ഉയർത്തുന്നതിന് വേണ്ട നടപടികൾ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടായാൽ തീർച്ചയായും കശുമാവ് കൃഷിയിൽ കർഷകർ താൽപര്യം കാണിക്കുകതന്നെ ചെയ്യും.

കൊക്കോ

ഏകദേശം 25 വർഷത്തിന് മുമ്പാണ് കൊക്കോ കൃഷി ഉണ്ടായിരുന്നത്. ഇടവിളയായിട്ടായിരുന്നു കൊക്കോ കൃഷി നടത്തിയിരുന്നത്. കൃഷികാർ വളരെ നിരാശയോടെയാണ് ഈ കൃഷി ഉപേക്ഷിക്കേണ്ടതായി വന്നത്. ഇതിന് കാരണം കൃഷിക്കാർ ഉല്പാദിപ്പിച്ച കൊക്കോ വിറ്റഴിക്കാൻ വിപണിയുണ്ടായിരുന്നില്ല. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നത്തിന് ന്യായമായ വിലഭിക്കുമെന്ന് ഉറപ്പായാൽ കൃഷിക്കാർ വീണ്ടും ഈ രംഗത്തേയ്ക്ക് കടന്നുവരുമെന്ന് പ്രതീക്ഷിക്കാം.

ഇഞ്ചി

വർഷങ്ങളോളം പഴക്കമുള്ള കൃഷിയാണ് ഇഞ്ചി കൃഷി നെൽകൃഷി നഷ്ടമാണെന്നകാരണത്താൽ കൃഷിക്കാർ നിലം നികത്തി വ്യാപകമായ തോതിൽ ഇഞ്ചി കൃഷി ചെയ്തുവരുന്നുണ്ട്. ഏകദേശം 75 ഹെക്ടർ സ്ഥലം നിലത്തിലും, 40 ഹെക്ടർ കരഭൂമിയും ഇഞ്ചികൃഷിയ്ക്ക് ഉപയോഗിച്ചുവരുന്നു. ഇന്നാൽ ഈ കൃഷിയ്ക്ക് അഴുകൽ രോഗം ബാധിച്ചിരിക്കുന്നു. ഇക്കാരണത്താൽ കർഷകർ ഈ കൃഷിയും ഉപേക്ഷിക്കുവാൻ നിർബന്ധിതരായിരിക്കുകയാണ്. മാത്രമല്ല ഉല്പന്നത്തിന് ന്യായ വില കിട്ടാത്ത അവസ്ഥയുമുണ്ട് ഇഞ്ചിയുണക്കി ചുക്ക് ആക്കുന്ന പ്രക്രിയയ്ക്ക് മതിയായ തൊഴിലാളികളെ കിട്ടുന്നില്ല. ഇഞ്ചിയുടെ വില നിയന്ത്രിക്കുന്നത് ഏതാനും കച്ചവടക്കാരാണ്. കടയ്ക്കൽ, അഞ്ചൽ മാർക്കറ്റുകളിലാണ് ഇഞ്ചി വിൽ ക്കപ്പെടുന്നത്.

നിർദ്ദേശങ്ങൾ

പ്രകൃതിക്ഷോഭത്താൽ വെള്ളം കയറി ഇഞ്ചി കൃഷി നശിക്കുകയാണെങ്കിൽ മാത്രമാണ് ഇൻഷുറൻസ് കിട്ടുന്നത്. എന്നാൽ അഴുകൽ രോഗം, തണ്ടുതുരപ്പൻ ബാധ എന്നിവയുണ്ടായാൽ പ്രസ്തുത ആനുകൂല്യം

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

കിട്ടുന്നില്ല. ഇതിന് അടിയന്തിരമായും മാറ്റം ഉണ്ടാകണം. 10 സെന്റിൽ കൂടുതൽ സ്ഥലത്ത് കൃഷിചെയ്യുന്ന കർഷകന് ആനുപാതികമായി ഗ്രാന്റ് ലഭിക്കണം. മരുന്ന് തളിയ്ക്കാനാവശ്യമായി കീടനാശിനിയും പമ്പ്സെറ്റും സൗജന്യമായി ലഭിയ്ക്കണം. ഇഞ്ചിയ്ക്ക് വില സ്ഥിരതയുണ്ടാകണം.

വെറ്റില കൃഷി

വളരെവർഷങ്ങൾക്കുമുമ്പേ വെറ്റില കൃഷി നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിരുന്നു. ശ്രദ്ധയും കൃത്യമായ പരിചരണവും ആവശ്യമായ ഒരു കൃഷിയാണിത്. ജലസേജന സൗകര്യമുള്ള സ്ഥലത്ത് മാത്രമേ ഈ കൃഷി ചെയ്യാൻ സാധിക്കുകയുള്ളു ഏകദേശം 2 ഹെക്ടർ സ്ഥലത്ത് ഈ കൃഷി ചെയ്യുന്നു. ജൈവ വളത്തിന്റെ അഭാവം, ജലസേചന സൗകര്യക്കുറവും, ശാരീരിക അദ്ധ്വാനത്തോടുള്ള വൈമുഖ്യം, സ്ഥിരതയില്ലാത്ത വില നിലവാരം എന്നിങ്ങനെ യുള്ള വിഷയങ്ങളാണ് ഈ രംഗത്തെ പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ

വെറ്റിലകൃഷിക്ക് ജലസേചനത്തിനാവശ്യമായ കുളങ്ങളൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം കൃഷി വകുപ്പിൽനിന്നും ഉണ്ടാകണം. വെള്ളം തളിക്കുന്നതിന് പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കാൻ വൈദ്യുതി കണക്ഷൻ ലഭ്യമാക്കണം.

കൈതച്ചക്ക

പണ്ട് എല്ലാ പുരയിടങ്ങളിലും സാധാരണ കണ്ടുവന്നിരുന്ന ഒരുകൃഷിയായിരുന്നു കൈതച്ചക്ക. എന്നാൽ ഇന്ന് നാമമാത്രമായേ ഈ കൃഷി കാണുന്നുള്ളു. കോട്ടുക്കൽ ജില്ലാ കൃഷിഫാമിൽ 7.5 ഹെക്ടർ സ്ഥലത്തും മറ്റു സ്ഥലങ്ങളിൽ മിശ്രിത കൃഷിയായി 2 ഹെക്ടർ സ്ഥലത്തും ഈകൃഷി ചെയ്തുവരുന്നു. ഏത് പറമ്പിലും കൈതച്ചക്ക കൃഷി ചെയ്യാം. മണ്ണൊലിപ്പ് തടയുന്നതിനും കൈതച്ചക്ക ലഭ്യമാകുന്നതിനും ഈകൃഷി അഭികാമ്യമാണ്. പക്ഷികളുടെയും മൃഗങ്ങളുടെയും ശല്ല്യമുണ്ടാകാതെ ശ്രദ്ധിച്ചാൽ ഈ കൃഷി ലാഭകരമാണ്.

നിർദ്ദേശങ്ങൾ

വളരെയധികം വാണിജ്യ പ്രാധാന്യമുള്ള ഒരുല്പന്നമാണ് കൈതച്ചക്ക. ഇത് ഉണ്ടാക്കുന്ന ഒരു യൂണിറ്റ് ഈ പഞ്ചായത്തിൽ തുടങ്ങിയാൽ കൈതച്ചക്കയ്ക്ക് നല്ല വില കിട്ടും. അത് കർഷകനെ ഈ കൃഷിയിലേക്ക് കൂടുതൽ ആകർഷിക്കുകയും ചെയ്യും. കൃഷി ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ ഈ കൃഷി വികസിപ്പിക്കുന്നതിന് ഉണ്ടാകേണ്ടി യിരിക്കുന്നു.

പയർ

വളരെ കുറച്ച് കർഷകർ മാത്രമേ പയർ കൃഷി ചെയ്യുന്നുള്ളു. ഏകദേശം 10 ഹെക്ടർ സ്ഥലത്ത് ഈ കൃഷി ചെയ്യുന്നു. രണ്ടാം വിളയിൽ നിലങ്ങളിൽ പയർ കൃഷി ചെയ്തുവരുന്നു. ഇതു കൂടാതെ വലിയ ഇനം കറി പയർ വയലിലും കരയിലും കൃഷിചെയ്തു കാണുന്നു വിളവെടുക്കാൻ തൊഴിലാളികളെ കിട്ടാത്തത് ഈരംഗത്തെ വലിയ പ്രശ്നമാണ് . അതുപോലെ തന്നെ കൃഷിച്ചെലവ് കൂടുതലായും വരുമാനം കുറവായും അനുഭവപ്പെടുന്നു. പയർ കൃഷി ചെയ്യുന്നത് മൂലം മണ്ണിന്റെ ജൈവ സമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയുന്നു. അതുകൊണ്ട് ഈകൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുവാൻ വേണ്ട നടപടികൾ കൃഷിഭവനുകൾ കൈക്കൊള്ളണം

എള്ളും കുവരകും

നാമമാത്രമായി ഇന്നുകൃഷിചെയ്യുന്നു. കൂടുതലും നിലങ്ങളിൽ മുന്നാം വിളയായിട്ടാണ് ഇത് കൃഷി ചെയ്യുന്നത. കൃഷിയുടെ ചെലവ് വരവുമായ തട്ടിച്ച് നോക്കുമ്പോൾ ഈ കൃഷി നഷ്ടമായാണ് കർഷകർക്ക് അനുഭവപ്പെടുന്നത്.

പച്ചക്കറികൾ

കേരളത്തിൽ ഒരുവർഷം 600 കോടി രൂപയുടെ പച്ചക്കറികൾ ഇറക്കുമതി ചെയ്യുന്നു. ഒരു പഞ്ചായത്തിൽ പ്രതി വർഷം 20 ലക്ഷം രൂപയുടെ പച്ചക്കറിയാണ് ഇറക്കുമതി ചെയ്യുന്നത്. പച്ചക്കറി കൃഷിരംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ് 40 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നു. ലക്ഷക്കണക്കിന് രൂപയുടെ പച്ചക്കറിയാണ് തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്ന് ഇവിടെ വിറ്റഴിക്കുന്നത്. നാമ മാത്രമായി, പയർ, പാവൽ, പടവലം, വഴുതനങ്ങാ, വെള്ളരി, മത്തൻ, കുമ്പളം, മുളക്, വെണ്ട. മുരിങ്ങ, ചീര എന്നിവയാണ് പ്രധാനമായും ഇവിടെ കൃഷിചെയ്യുന്ന പച്ചക്കറികൾ. കറിവേപ്പ് മിക്കവാറും എല്ലാവീടുകിലും കാണാം. മാർക്കറ്റിൽ വരുന്ന എല്ലാ പച്ചക്കറികളും രാസവളത്തിന്റെയും കീടനാശിനിയുടെയും അമിതമായ ഉപയോഗം നിമിത്തം ഇവയുടെ ഉപഭോഗം പല രോഗങ്ങൾക്കും കാരണമാകുന്നു.

നിർദ്ദേശങ്ങൾ

എല്ലാവീടുകളിലും അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കണം. അതിന് കൃഷി ഡിപ്പാർട്ട്മെന്റിന്റെയും പഞ്ചായത്തിന്റെയും ശ്രദ്ധപതിയണം. അടുക്കളതോട്ടകൃഷിക്ക് വാർഡുതലത്തിൽ പ്രോൽസാഹന സമ്മാനം നൽകണം. രാസകീടനാശിനി പ്രയോഗം ഒഴിവാക്കി ജൈവകീടനാശിനി പ്രയോഗിക്കണം. എല്ലാവീടുകളിലും നല്ലയിനം വിത്തുകളും വളവും സൗജന്യമായി കൃഷിഡിപ്പാർട്ട്മെന്റ് നൽകണം.

ഫലവൃക്ഷങ്ങൾ

പ്ലാവ്, മാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങൾ പണ്ട് വളരെ കൂടുതൽ ഉണ്ടായിരുന്നു. കോട്ടുക്കൽ ജില്ലാഫാമിൽ 10.7 ഹെക്ടർ സ്ഥലത്ത് ഈ കൃഷി ചെയ്തിട്ടുണ്ട്. പേര, പപ്പായ്, എന്നിവ വളരെ കുറവാണ്. നാടൻ നെല്ലിക്ക അപൂർവ്വമാണ്. ശീമ നെല്ലി സുലഭവവും. നാട്ടുമാങ്ങ, മപ്പമാങ്ങ, കർപ്പൂരമാങ്ങ, കൊച്ചുകിളിച്ചുണ്ടൻ എന്നീ മാങ്ങായിനങ്ങൾ ഇന്ന്

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

കാണാനില്ല. തടിയുടെ അമിതമായ വില നിമിത്തം പ്ലാവും മാവും പുളിയും മുറിച്ചുവിൽക്കാൻ കർഷകർ പ്രേരിതരായി. പുതിയ ഇനം മാവുകളും പ്ലാവുകളും ഇന്ന് സർവ്വ സാധാരണമായി നമ്മുടെ പറമ്പുകളിൽ സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിലും മതിയായ അളവിൽ ഫലങ്ങൾ ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

മാമ്പഴത്തിൽ നിന്നും പറങ്കിമാങ്ങായിൽ നിന്നും ജൂസെടുക്കുന്ന ഒരു വ്യവസായ യൂണിറ്റ് ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

പുഷ്പം

വിവാഹാവശ്യങ്ങൾക്കും പൂജാദി കർമ്മങ്ങൾക്കും അലങ്കാരത്തിനും ലക്ഷക്കണക്കിന് രൂപയുടെ പൂവാണ് ദിനംപ്രതി കേരളത്തിൽ വറ്റഴിക്കുന്നത്. ഇതിൽ സിംഹഭാഗവും തമിഴ്നാട്ടിൽ നിന്നാണ് കൊണ്ട് വരുന്നത് എന്നാൽ പുഷ്പങ്ങൾക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് നമുക്കുള്ളത്. മറ്റ് പല രംഗങ്ങളിലും എന്നപോലെ ഈരംഗത്തും ഉള്ള വമ്പിച്ച സാധ്യത നാം ചൂഷണം ചെയ്യുന്നില്ല. കുറ്റിമുല്ല, റോസ്, ആന്തൂറിയം, ഓർക്കിഡ്, ജമന്തിഎന്നീ പുഷ്പങ്ങൾ ക്ക് വളരെയധികം ഡിമാൻറുണ്ട്. വിദേശ കമ്പോളങ്ങളിൽ ഓർക്കിഡിനുള്ള പ്രാധാന്യം വളരെ വലുതാണ്. ഈരംഗത്ത് നമുക്ക് ശ്രദ്ധിക്കാവുന്നതാണ്.

കുൺ

26000 ടൺ കുൺ ഇന്ത്യയിൽ പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്നു. ഇതിൽ 7000 ടൺ കേരളത്തിലാണ് ഉത്പാദിപ്പിക്കുന്നത്. പോഷക മൂല്യമുള്ള ഒരു ആഹാരസാധനമാണ് കുൺ. കുറഞ്ഞചെലവിൽ ലാഭകരമായി പ്രത്യേകിച്ച് വീട്ടമ്മമാർക്ക് വലിയ അദ്ധ്വാനമില്ലാതെ ചെയ്യാവുന്ന ഒരുകൃഷിയാണിത്. 5 കിലോ കുൺ ഉണ്ടാക്കുന്നതിന് 100രൂപാ ചെലവാകുമ്പോൾ അത് വിറ്റുവരുന്ന വില 300 രൂപയാണ്. 200 രൂപാ ഒരുദിവസം മിച്ചമുണ്ടാക്കാൻ കഴിയും. അങ്ങനെ പ്രതിമാസം 6000 രൂപയുടെ വരുമാനം ഒരു വീട്ടമ്മ ശ്രദ്ധിച്ചാലുണ്ടാക്കാൻ കഴിയും. പക്ഷേ ഈ കൃഷി രംഗത്ത് നമുക്ക് വേണ്ടത്ര അറിവില്ല.

നിർദ്ദേശങ്ങൾ

കുൺകൃഷിക്കാവശ്യമായ പരിശീലനം നൽകണം. ഈകൃഷി വികസിപ്പിച്ചെടുക്കാൻ കൃഷി ഭവൻ ശ്രദ്ധിക്കണം.

ഔഷധ സസ്യങ്ങൾ

2000 ഇനം ഔഷധ സസ്യങ്ങൾ ഇന്ത്യയിലുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതിൽ 200 ഇനത്തിൽ കൂടുതൽ കേരളത്തിലാണുള്ളത്. ഔഷധ സസ്യങ്ങളിൽ 75% വനത്തിലാണ് വളരുന്നത് ശാസ്ത്രീയമായ ശേഖരണരീതി യില്ലാത്തതിനാൽ പല ഔഷധസസ്യങ്ങൾക്കും വംശനാശം സംഭവിച്ചിരിക്കുന്നു ഇത് ആയുർവേദ രംഗത്ത് ഒരു വലിയ പ്രശ്നമായി മാറിയിരിക്കുന്നു.

വളരെയധികം വികസന സാധ്യതയുള്ള ഒരുമേഖലയാണ് ഔഷധസസ്യകൃഷി. പക്ഷേ പലരും ഈരംഗത്ത് വരുവാൻ മടിക്കുന്നു. ഗവ: നിന്നും വേണ്ടത്ര സഹായം ഈരംഗത്ത് ലഭിക്കുന്നില്ല. മാർക്കറ്റില്ലാത്തതാണ് മറ്റൊരു പ്രധാന പ്രശ്നം. വിരലിലെണ്ണാവുന്ന അങ്ങാടി മരുന്ന് കച്ചവടക്കാർ ഇതിൻെറ വില നിയന്ത്രിക്കുന്നു.

നിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഒരു ഔഷധത്തോട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൻെറയും കൃഷിഭവൻെറയും ഭാഗത്ത് നിന്നുണ്ടാകണം. ദേവാരണ്യ പദ്ധതി നടപ്പിലാക്കാൻ നമ്മുടെ പഞ്ചായത്തിൽ വമ്പിച്ച സാദ്ധ്യതയുണ്ട്.

സുഗന്ധകൃഷി

സുഗന്ധവസ്തുതകൾ, സൗന്ദര്യ വർദ്ധകവസ്തുതകൾ സുഗന്ധഎണ്ണകൾ എന്നിവ ഉത്പാദിപ്പിക്കുന്നതിന് സുഗന്ധസസ്യകൃഷി അനിവാര്യമാണ്. രാമച്ചം, ഗ്രുമ്പു, വയമ്പ്, മഞ്ഞൾ, പിച്ചിപ്പൂവ്, ഏലം, ഇഞ്ചിപുല്ല് എന്നിവ നമ്മുടെ പഞ്ചായത്തിൽ പരീക്ഷിച്ച് നോക്കാവുന്ന കൃഷികളാണ്. കൃഷിഡിപ്പാർട്ടുമെൻെറിൽ നിന്നുള്ള ബോധവൽക്കരണവും സഹായങ്ങളും ആവശ്യമാണ് ഗവ: നിന്നുമുള്ള ധനസഹായം ലഭ്യമായാൽ തീർച്ചയായും നമ്മുടെ പഞ്ചായത്തിലെ തല്പ്പരരായ കർഷകർ ഈകൃഷി രംഗത്തേക്ക് വരുമെന്നതിനു സംശയമില്ല.

പ്രധാന ഭൂവിനിയോഗവും അവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളുടെ വിസ്തൃതിയും പട്ടിക 2-ൽ ചേർത്തിരിക്കുന്നു.

പട്ടിക-2

ക്ര: നമ്പർ	കൃഷി	വിസ്തൃതി ച:കി:മീറ്റർ	ശതമാനം
1.	റബ്ബർ	20.94	47.70
2.	മിശ്രിത കൃഷി	14.34	31.50
3.	നെല്ല്	5.66	12.90
4.	തെങ്ങ്	0.84	1.90
5.	മിശ്രിതമരം	6.03	1.40
6.	വയൽനികത്ത്	0.16	0.30
7.	തരിശുഭൂമികൃഷി യോഗ്യമായത്	0.46	1.04
8.	തരിശുഭൂമി കൃഷി യോഗ്യമല്ലാത്തത്	0.03	0.06
9.	കൃഷിഫാം	1.44	3.20

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

നാമമാത്രകർഷകർ

(ഒരുഹെക്ടറിലതാഴെ) 4737 പേർ

ചെറുകിടകരഷകർ

(ഒന്നുമുതൽ രണ്ട് ഹെക്ടർ) 1710 പേർ

വൻകിട കർഷകർ

(2ഹെക്ടറിന് മുകളിൽ) 238 പേർ

പട്ടിക -3

നാടിൽ വസ്തുവിതരണം (കൃഷിഭവൻ റിപ്പോർട്ട്)

ഇനം	എണ്ണം		
	1993-94	94-95	95-96
തെങ്ങ്	540	375	1425
കശുമാവ്	--	--	80
കുരുമുളക്	2000	--	14750
കവുങ്ങ്	--	--	180
നെൽ വിത്ത്	500 Kg	200 Kg	300 Kg

വിസ്തൃതമയ ഒരു പഞ്ചായത്തെന്ന നിലയ്ക്ക് ഇവിടെ വിതരണം ചെയ്യുന്ന നടീൽ വസ്തുതകൾ തികച്ചും അപര്യാപ്തമാണെന്ന് രേഖകൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. ഉള്ളതുതന്നെ യഥാസമയത്തു വിതരണം ചെയ്യുന്നുമില്ല. മുകളിൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഇനങ്ങൾക്ക് പുറമെ മാഞ്ചിയം തേക്ക്, പറങ്കിമാവു കവങ്ങ് തൈകൾ നിർമതി പദ്ധതി പ്രകാരം ചിലവാർഡുകളിൽ ഇപ്പോൾ വിതരണം നടത്തിയിട്ടുള്ളതായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

1994-95 ൽ വെള്ള പ്പോക്കം മൂലം ലക്ഷക്കണക്കിനുരൂപയുടെ നഷ്ടം നമ്മുടെ പഞ്ചായത്തിൽ ഉണ്ടായി. എന്നാൽ ഇവിടെ വിതരണം ചെയ്ത സഹായം 12,248 രൂപ മാത്രമണ് അതുപോലെ ഈവർഷമുണ്ടായ കൊടുങ്കാറ്റിൽ ആയിരക്കണക്കിന് റബ്ബർ മരങ്ങളും വാഴകളും മ്കൃഷികളും നശിച്ചുപോയി. പക്ഷേ വിതരണം ചെയ്ത സഹായം 7920 രൂപയാണ് ഇത് വളരെ കുറഞ്ഞു പോയി എന്ന് പറയാതിരിക്കാൻ തരമില്ല. വളരെ കുറച്ച് കാർഷികോപകരണങ്ങളാണ് കൃഷിഭവൻ വഴി ഈ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ളത് മുകളിലെപട്ടിക പരിശോധിച്ചാൽ മനസിലാവുന്നതാണ്

പട്ടിക - 4

കാർഷികോപകരണങ്ങൾ

കൃഷിഭവൻ റിപ്പോർട്ട്

വാർഡിന്റെ പേര്	ട്രാക്ടർ	ട്രില്ലർ	നോക്കെ സ്പ്രയർ	നാപ്സാക്ക് സ്പ്രയർ	തെങ്ക്യേ യറുത്രം	പൊട്ടുമിൽ പമ്പുസെറ്റ്
1. മലപ്പേരൂർ	1	1	18	16	--	--
2. കീഴ്തോണി	1	1	6	10	--	--
3. ഇട്ടിവ	--	--	12	15	--	1
4. കോട്ടുക്കൽ	--	1	13	16	2	--
5. ത്രാങ്ങോട്	--	--	15	18	--	--
6. വട: കോട്ടുക്കൽ	--	--	7	14	--	1
7. പടി: വയലാ	--	--	9	15	2	--
8. കിഴക്കേവയലാ	--	--	13	20	--	--
9. മണ്ണൂർ	--	--	15	21	--	--
10. തുടയന്നൂർ	--	--	14	19	--	3
11. ചാണപ്പാറ	--	--	12	17	--	2
12. ചരിപ്പറമ്പ്	--	1	9	15	--	1
13. ചുണ്ട	--	--	7	12	1	1

പട്ടിക - 7

പതിച്ചുകൊടുത്ത ഭൂമിസംബന്ധിച്ച വിവരങ്ങൾ

(വില്ലേജ് രജിസ്റ്റാർ 5) വിസ്തീർണ്ണം ഏക്കറിൽ

വല്ലേജ്	പുരയിടം	നിലം	തരിശ്	മറ്റുള്ളവ പുറംമ്പോക്ക്	ആകെ
ഇട്ടിവ	4869.77	471.02	255.29	22.91	5618.99
കോട്ടുക്കൽ	4161.90	595.59	566.98	101.29	5425.76
ആകെ	9031.67	1066.61	822.27	124.20	11044.75

സംരക്ഷിത വൃക്ഷങ്ങൾ

ആറ്റുപുറമ്പോക്കിലും തോട്ടു പുറമ്പോക്കിലും ധാരാളം സംരക്ഷിതമരങ്ങൾ കാണുന്നു. പക്ഷേ അതു പൂർണ്ണമായി പഞ്ചായത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. അനധികൃത ക്യൈറ്റം മൂലം നിരവധി സംരക്ഷിതമരങ്ങൾ നമ്മുടെ പഞ്ചായത്തിന് നഷ്ടപെട്ടിട്ടുണ്ട്.

ജലസേചനം

കേരളത്തിൽ 44 നദികളും 19 പ്രധാന കായലുകളും ശാസ്താം കോട്ട ശുദ്ധജല തടാകവും 58 അഴിമുഖങ്ങളും 564 കിലോമീറ്റർ ദൂരം കടലുമുണ്ട്. 44 നദികളിലായി പ്രതിവർഷംശരാശരി 71858 ദശലക്ഷം ഘനമീറ്റർജലം ഒഴുക്കുള്ളപ്പോൾ, 4581 ദശലക്ഷം ഘനമീറ്റർ ജലം ജലവൈദ്യുതിയ്ക്കും ജലസേചനത്തിനും ശുദ്ധജല വിതരണത്തിനുമായി 21 സം ഭരണികളിൽ കേരളത്തിൽ ശേഖരിക്കുന്നു. പ്രതിവർഷം 300 സെ.മി മഴ ലഭിക്കുമ്പോൾ കേവലം 100 സെ.മീറ്റർ മഴജലം മാത്രമേ മണ്ണിൽ താഴുന്നുള്ളു. ബാക്കിയുള്ള 200 സെ. മീ. മഴ ജലവും അറബിക്കടലിൽ ചേരുന്നു.

പട്ടിക - 8

പുറം പോക്ക് ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

(വില്ലേജ് രജിസ്റ്റാർ 5) വിസ്തീർണ്ണം ഏക്കറിൽ

വില്ലേജ്	റോഡ്	തോട്	കുളം	പുഴ	റവന്യൂ	ആകെ
കോട്ടുക്കൽ	180.21	82.91	10	--	--	273.12
ഇട്ടിവ	41.35	26.76	1.26	1	30.92	101.29
ആകെ	221.56	109.67	11.26	1	30.92	37.14

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

പട്ടിക -1

കൈവശഭൂമി സംബന്ധിച്ച വിവരം (വില്ലേജ് എ-രജിസ്റ്റർ -1 ബി.റ്റി രജിസ്റ്റർ)

വില്ലേജ്	ഭൂമിയുടെ വിസ്തീർണ്ണം (ഏക്കർ)					ഉടമസ്ഥരുടെ എണ്ണം						
	പുരയിടം	നിലം	പുറം പോക്ക്	തരിശ്	ആകെ	1-10 സെൻറ്	11-25 സെൻറ്	25-50 സെൻറ്	50-100 സെൻറ്	1-2 ഏക്കർ	2-5 ഏക്കർ	5-ഏക്കർ മുകളിലെ
ഇട്ടിവ	4869.77	471.02	22.91	255.25	5618.95	1800	1607	1410	2840	1602	62	11
കോട്ടുക്കൽ	4160.90	595.89	101.29	566.98	5425.46	1750	2600	1700	2100	860	134	22
ആകെ	9031.67	1066.61	124.20	822.89	11044.41	3550	4207	3110	4940	2462	196	33

കേരളത്തിൽ 75% സ്ഥലത്തും മണ്ണൊലിപ്പ് അനുഭവപ്പെടുന്നുണ്ട്. ഒരു സെൻറിൽ നിന്നും 80 കിലോ മണ്ണ് ഒരുവർഷം ഒഴുകിപോകുന്നു. ഒരു ഹെക്ടറിൽ ഏകദേശം 20 ടൺ മണ്ണാണ് പ്രതി വർഷം നഷ്ട പെടുന്നത്. ഇതിന് പ്രതിവിധിയായിട്ടാണ് മണ്ണൊലിപ്പ് സംരക്ഷണ പദ്ധതിയും നീർമറി പദ്ധതിയും 8-ാം പഞ്ച വത്സര പദ്ധതിയുടെ ഭാഗമായി ബ്ലോക്ക്തലത്തിൽ ആരംഭിച്ചിരിക്കുന്നതവമ്പിച്ച ജല സമ്പത്തുണ്ടെങ്കിലും അത് വേണ്ടത്ര കൃഷിക്ക് ഉപയോപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല.

ഇട്ടിവാ പഞ്ചായത്തിൻെറ ജലസ്രോതസുകളെ കുറിച്ച് ഭൂപ്രകൃതിഎന്ന അദ്ധ്യായത്തൽ വിവരിച്ചിട്ടുള്ളത് കൊണ്ട് അത് ഇവിടെ ആവർത്തിക്കുന്നില്ല. ഓരോ പഞ്ചായത്തിലും പ്രതിവർഷം 100 ഹെക്ടർ സ്ഥലമെന്ന കണക്കിൽ അഞ്ചു വർഷം കൊണ്ട് 500 ഹെക്ടർ സ്ഥലത്തെങ്കിലും ജലസേചന സൗകര്യം ഉണ്ടാക്കേണ്ടതാണ് അതിനുവേണ്ടി 5 ഹെക്ടർ സ്ഥലം നനയ്ക്കാനാവശ്യമായ ചെറിയ ജലസേചന യൂണിറ്റുകൾക്കുപോലും രൂപം കൊടുക്കാവുന്നതാണ്.

ഇട്ടിവാ പഞ്ചായത്തിൽ താഴെപറയുന്ന ജലസേചന പദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്.

(എ) വിയർ:-പുഴയുടെയോ തോടിൻെറയോ കുറുകെ അണകെട്ടി ജലനിരപ്പ് ഉയർത്തി കൃഷിയിടങ്ങളിലേക്ക് കൊണ്ടുപോകാൻ കഴിയുന്നതാണ്

(ബി) സംഭരണ വിയർ:- 3 മുതൽ 4 1/2 മീറ്റർ വരെ ഉയരത്തിൽ അണകെട്ടി വെള്ളം ചാലുകളിലേക്ക് തിരിച്ച് കൃഷി സ്ഥലങ്ങളിൽ എത്തിക്കാം.

(സി)ഇൻടേക്ക് വിയർ:- നദികളിലോ തോടുകളിലോ ഉയർന്ന ഭാഗങ്ങളിൽ വിയർ കെട്ടി ജലനിരപ്പ് ഉയർത്തി ചാലുകളിൽ കൂടി ജലം കടത്തിവിട്ട് കൃഷിയിടങ്ങളിൽ എത്തിക്കാം

(ഡ്രി) ബിഡ്ജ് കം ക്രോസ്ബാർ (ബി.സി.ബി.) :- പുഴയുടെയോ തോടിൻെറയോ കുറുകെ തൂണുകൾ പണിത് മുകളിൽ ചെറിയ നടപ്പാലം നിർമ്മച്ച് പലക ഷട്ടറുകളിട്ട് ജലനിരപ്പുയർത്തി കനാലുകളിലേക്ക് ജലം ഒഴുക്കിവിടാനുന്നതാണ്.

(ഇ) ബ്രിഡ്ജ് കം റഗുലേറ്റർ(ബി.സി.ആർ):-പുഴയുടെ കുറുകെ പാലത്തിൻെറ സൗകര്യമുണ്ടാക്കി പൊഴികളുള്ളതൂണുകൾ സ്ഥാപിച്ചതിനുശേഷം ഷട്ടറുകൾ ഘടിപ്പിച്ച് ജലം തടഞ്ഞു നിർത്തി കനാലിലേക്ക് തിരിച്ചുവിടാം.

(എഫ്) ചെക്കുഡാം:-പുഴയിലോ തോട്ടിലോ ഒഴുകുന്ന വെള്ളത്തിൻെറ വേഗത തടസ്സപ്പെടുത്തി ഒരു നിശ്ചിത ഉയരത്തിൽ ജലം സംഭരിച്ചുനിർത്താവുന്നതാണ് ഒരുതോട്ടിൽ തന്നെ ഒന്നിലധികം സ്ഥലങ്ങളിൽ ചെക്കുഡാം സ്ഥാപിക്കാം.

കൃഷിയും ജലസേചനവുമായി ബന്ധപ്പെട്ട് ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1.ഇലപ്പുറം വാർഡ്:-

ഏലാകൾ

തട്ടക്കാട്, വെളിച്ചപ്പാട്, വെള്ളംകൊള്ളി, തലയാറ്റ് എന്നിവയാണ് വാർഡിലെ ഏലാകൾ.

തോടുകൾ

തെന്നാട്ട്തോട്, തട്ടക്കാട്തോട്, തലയാറ്റുതോട്, എന്നിവയാണ് ഈ വാർഡിലെ പ്രധാന തോടുകൾ.

കുളങ്ങൾ

വെളിച്ചപ്പാട്കുളം, തട്ടക്കാട്ടുകുളം, കോണത്തുകുളം എന്നീകുളങ്ങൾ ഈവാർഡിൽ സ്ഥിതി ചെയ്യുന്നു. കണ്ണാത്തുഭാഗത്ത് ഒരു ചീർപ്പ് ഉണ്ടെങ്കിലും ഇപ്പോൾ ഉപയോഗ ശൂന്യമായി കിടക്കുന്നു

ആവശ്യങ്ങൾ

മണ്ണൊലിപ്പ് തടയാനുള്ള ബണ്ടുകൾ നിർമ്മിക്കണം തട്ടക്കാട് ഏലാതലയ്ക്കലുള്ള കുളം നിർമ്മിക്കണം ഇത്തിക്കരയാറ്റിൽ കൊടിയാട്ട് ഭാഗത്തും വാട്ടർ ടാങ്ക് ഭാഗത്തും തടയണകൾ ഉണ്ടാകണം.

2. കിഴക്കുംഭാഗം:-

ഏലാകൾ

വയ്യാനം ഇട്ടിയാക്കര ഏല, ചെറുതേൻകുഴിയേല, കുറ്റിയാംമൂട് ഏല, വെള്ളം കെള്ളി മഠത്തിലഴികം ഏല,

പുനക്കുളം ഏല, ചെറവുക്കോണം ഏല എന്നിവയാണ് വാർഡിലെ ഏലാകൾ.

തോടുകൾ

വയ്യാനം ഇട്ടിയാ കര തോട് , ചെറുതേൻ കുഴി കുറ്റിയാം മൂട് തോട്, പേരയത്ത് കന്നുകുഴിത്തോട്, പുനക്കുളം ഏലാത്തോട്, ചെറവുക്കോണം തോട്. മേൽ സൂചിപ്പിച്ച അഞ്ചുതോടുകളും വയ്യാനം ഇട്ടിയാ കര തോടിൽ എത്തിച്ചേരുന്നു. കുളങ്ങൾ പറയത്തക്കതായി ഒന്നുമില്ല.

ആവശ്യങ്ങൾ

ഇട്ടിയകര തോടിന്റെ ആഴംകൂട്ടി സൈഡ് കെട്ടി ബലപ്പെടുത്തുക.

താഴെ പറയുന്ന സ്ഥലങ്ങളിൽ കുളം ആവശ്യമാണ്

1. വയ്യാനം വലിയ പാറ ച്ചിരുവിൽ
2. ചെറുതേൻ കുഴി ഏലാത്തലയ്ക്കൽ
3. ചെറവുക്കോണം ഏലയിൽ
4. വെള്ളം കൊള്ളി ഏലായിൽ
5. പുനക്കുളം ഏലായിൽ
6. കുറ്റിയാം മൂട് ഏലായിൽ
7. കോട്ടുമല ഏലായിൽ
8. കന്നുകുഴി ഏലായിൽ

(വയ്യാനത്ത് കൃഷി ഭവൻ ആഫീസ് തുടങ്ങണം)

3. ഇളിവാ

ഏലാകൾ

മുട്ടത്തിൽഏല, തച്ചക്കോട് കറ്റിക്കൽഏല, പൈവിള ഏല, കക്കള്ളൂർഏല, ഈരണം കോടി ഏരൂർ ഏല, കാവുങ്കൽ കിച്ചൻ കോട്ഏല, പാറക്കടവ് പുന്നമൻ ഏല.

തോടുകൾ

ഈരണം കോടിഏരൂർ തോട് , പാറക്കടവ് ചെറുകുളം കുവുങ്കൽതോട്, കക്കള്ളൂർത്തോട്, പൈവിള കാവുങ്കൽ ത്തോട്,

ആവശ്യങ്ങൾ

ഹിൽഗിരി കറ്റിക്കൽ ഏലായിൽ വന്നു നിൽക്കുന്ന പൊതു വഴികൾ ട്രാക്ടറും ട്രില്ലറും ഇറക്കുന്നതിന് സൗകര്യപ്പെടുത്തുക.ഏലാതോടുകൾക്ക് വീതിയും ആഴവും കൂട്ടണം. ഹിൽഗിരി തച്ചക്കോട് പഞ്ചായത്ത് കുളത്തിന്റെ വിസ്തൃതി കൂട്ടി ആഴം വരുത്തിയാൽ ഹിൽഗിരി കുറ്റിയ്ക്കൽ ഏലായിലെ നെൽകഷിക്ക് സഹായകരമായിരിക്കും.

പൈവിള ഏലായിൽ തലക്കുളം വേണം.

കാവുങ്കൽ ചെറുകുളം തോട്ടിൽ കാഞ്ഞിരം കുഴിഭാഗത്ത് തടയണ കെട്ടുക.

കക്കള്ളൂർ, ഒഎരൂർ, ഈരണ്ണംകോട് ഏലാകളിൽ വരമ്പുകെട്ടണം.

വാട്ടർഷെഡ് പദ്ധതിയിൽഈ വാർഡിനെയുൾപ്പെടുത്തണം.

4. ഞെക്കോട്ടുങ്കൽ

ഏലാകൾ

കറ്റിക്കൽഏല, കാവതിയോട്ഏല, കോങ്കലിൻ ഏല, കാവുങ്കൽഏല, കാച്ചണം ചേരിഏല, കുറക്കോട്ട്ഏല

തോടുകൾ

കാവുങ്കൽ തോട്, കാവതിയോട്തോട്, കോങ്കലിൽ ത്തോട്, കാച്ചാണം ചേരിതോട്,കുറക്കോട് ഏലാ ത്തോട്.

കുളങ്ങൾ

താമരശ്ശേരി കുളം, പന്നിക്കോട്ടുകുളം, എന്നിങ്ങനെ രണ്ടുകുളങ്ങളാണുള്ളത്

ആവശ്യങ്ങൾ

1. കാവതിയോട് തലയ്ക്കൽ, പനയൻ കുന്ന്, മേൽ ത്രാങ്ങോട്, കാച്ചാണം ചേരി എന്നിവിടങ്ങളിൽ പുതിയ കുളങ്ങൾ കുഴിക്കണം.
2. പന്നിക്കോട്ട് ചിറയിലുള്ള മണ്ണ് നീക്കം ചെയ്യുകയും വാഹനം ചെല്ലാനുള്ള വഴി നിർമ്മിക്കുകയും വേണം. താമരശ്ശേരിചിറക്ക് ആഴം കൂട്ടി പമ്പുസെറ്റ് സ്ഥാപിക്കുക
3. കറ്റിക്കൽ ഏലായിൽ ട്രാക്ടർ ഇറക്കാൻ വരമ്പുകൾക്കു വീതികൂട്ടണം.
4. കാവുങ്കൽ തോട്ടിൽ കാവുങ്കൽ ഭാഗത്ത് തടയണ കെട്ടണം.
5. വാട്ടർ ഷെഡു പദ്ധതിയിൽ വാർഡിനെയുൾപ്പെടുത്തണം

5. ത്രാങ്ങോട്

ഏലാകൾ

പനങ്ങാട്ട്ഏല, കാരിക്ക പൊയ്കഏല, തെന്നേത്ത് ഏല, കൊളുവേൽഏല, മരുതിമൂട്ടിൽഏ ല, കൊല്ലകോണം വെള്ളച്ചാൻഏല, ത്രാങ്ങോട് ഏല, വട്ടപറമ്പ് ഏല, ആലം കോട് ഏല, മുലപ്പന്ന ഏല, തെന്നയം ഏല, താന്നിമൂട്ടിൽ ഏല.

തോടുകൾ

കാവുങ്കൽവട്ടപറമ്പ് തോട്, പനങ്ങാട്ട് കൊല്ലങ്കോണം തോട്, താളിക്കോട്ടു ഏലാത്തോട്, കിച്ചങ്കോട് ഏലാ ത്തോട്,ത്രാങ്ങോട് മുലപ്പണത്തോട്.

കുളങ്ങൾ

ഇല്ല

ആവശ്യങ്ങൾ

1. പനങ്ങാട്ടുഏല, കാരിയ്ക്ക പൊയ്ക ഏല, തെന്നേത്ത് ഏല, കൊളുവേൽ ഏലാ തലയ്ക്കൽ, മരുതിമൂട്ടിൽ ഏലാ എന്നീ ആലാകൾക്ക് തലകക്കളങ്ങളുണ്ടാക്കണം. ആയിരവല്ലി സമഭാവനാ ജംഗ്ഷനിലുംകുളം കുഴിക്കണം.
2. കൊല്ലകോണം പനങ്ങാട് ഏലയിലെതോട് വരമ്പുകെട്ടി ബലപ്പെടുത്തണം.
3. വെള്ളച്ചാൽ ഭാഗത്ത് തോട്ടിൽ ഒരു ചീർപ്പു പണിയണം.
4. കാവുങ്കൽ തോടിന്റെ വരമ്പു കല്ലുകെട്ടി ബലപ്പെടുത്തുക.

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

5. വാട്ടർ ഷെഡ് പദ്ധതിയിൽ വാർഡിനെ ഉൾപ്പെടുത്തുക.
6. സാമൂഹ്യ ജലസേചന പദ്ധതി ആരംഭിക്കണം.

6. വടക്കേ കോട്ടുകൽ

ഏലാകൾ

കൊട്ടാരഴികത്ത് ഏലാ, ചേലപ്പള്ളി ഏലാ, ക്ലാവോട് ഏലാ, കണിയാരുകോണം ഏലാ, മടത്തിയക്കര ഏലാ, നെടുപുറം ഏലാ, മുരിയനല്ലൂർ ഏലാ, മുണ്ടയ്ക്കൽ ഏലാ, പനയ്ക്കാൽ ഏലാ.

തോടുകൾ

കണിയാരുകോണം മുരിയനല്ലൂർ തോട്, തോട്ടത്തിൽ കൊട്ടാരഴികം തോട്, ചേലപ്പള്ളി നെടുപുറം തോട്, ക്ലാവോടു പൊയ്കമുക്ക്, തോട് മേളയ്ക്കാട് പറയൻ മൂല തോട്, മടത്തിൽ വാതുക്കൽ തോട് കൊട്ടാരഴികം തോട്, പനയ്ക്കൽ മുരിയനെല്ലൂർ, പനയ്ക്കൽ - തോട്ടുപുറം തോട്, ക്ലാവോടു കോട്ടപൊയ്ക തോട്

കുളങ്ങൾ

മടത്തിയേക്കര, കട്ടയ്ക്കാലിൽ

ചിറകൾ

കണിയാരുകോണം, തോട്ടത്തിൽ എന്നീ രണ്ടു വലിയ ചിറകൾ ഇവിടെ യുണ്ട്.

ആവശ്യങ്ങൾ

1. കണിയാരുകോണം ചിറ ആഴംകൂട്ടുക, കൽഭിത്തി ഉയർത്തുക. നിലവിലുള്ള പ്രവർത്തന രഹിതമായ പമ്പുസെറ്റ് റിപ്പയർ ചെയ്യുകയോ പുതിയപമ്പസെറ്റ് സ്ഥാപിക്കുകയോ ചെയ്യുക.
2. തോട്ടത്തിൽ ചിറയിൽ പുതിയ പമ്പുസെറ്റു സ്ഥാപിക്കുക.
3. പാച്ചേറ്റികോണം ഏലാ തലയ്ക്കൽ, ചേലപ്പള്ളി ഏലാ തലയ്ക്കൽ, ക്ലാവോട്, ആലംകോട് എന്നീ ഭാഗങ്ങളിൽ പുതിയകുളം നിർമ്മിക്കണം.
4. വാർഡുകളിലെ എല്ലാ തോടുകൾക്കും ആഴവും വീതിയും കൂട്ടണം.
5. മേളയ്ക്കാട് പറയൻ മൂല തോട്ടിലും, മുരിയ നെല്ലൂർ തോട്ടിലുമുള്ള പ്രവർത്തന രഹിതമായ ക്രോസ് ബാർ ഉപയോഗ പ്രദമാക്കുക
6. നിലവിലുള്ള തോടുകൾ വീതിയും ആഴവും കൂട്ടണം വാട്ടർ ഷെഡ് പദ്ധതിയിൽ വാർഡിനെ ഉൾപ്പെടുത്തണം.

7. പടിഞ്ഞാറെ വയലാ

ഏലാകൾ

കടമ്പറ ഏലാ, നെടുങ്ങോട്ടുകോണം ഏലാ, പന്നിയോട് ഏലാ കാമ്പിക്കോണം ഏലാ.

തോടുകൾ

നേടുങ്ങോട്ടുകോണം തോട്, കടമ്പറതോട്, പന്നിയോട്തോട്, കാമ്പികോണം തോട്,

കുളങ്ങൾ - ചിറകൾ

കാമ്പികോണം ചിറ, പന്നിയോട് ചിറ, നെടുങ്ങോട്ട്കോണം ചിറ.

ആവശ്യങ്ങൾ

1. പന്നിയോട് ഏലാ തലയ്ക്കൽ കുളം ആഴം കൂട്ടുകയും, കാമ്പിക്കോണം ചിറ വൃത്തിയാക്കുകയും വേണം.
2. കടമ്പറ ഏലായിൽ കാഞ്ഞിരം വിള ഏലാ തലയ്ക്കൽ പുതിയ കുളം വെട്ടണം. കടമ്പറ ഏലായുടെ തോട്ടു വരമ്പുകൾ കെട്ടി ബലപ്പെടുത്തണം.
3. ഇത്തിക്കരയാറ്റിൽ തട അണ നിർമ്മിച്ച് ജലസേചന സൗകര്യം ഉണ്ടാക്കണം.
4. ഇത്തിക്കരയാറ്റിന്റെ പാർശ്വങ്ങളിൽ ഇടിഞ്ഞു താണുകൊണ്ടിരിക്കുന്ന ഭാഗങ്ങൾ കല്ലുകെട്ടി ബലപ്പെടുത്തുക
5. വയൽ കുഴിച്ച് മണ്ണെടുക്കുന്നത് നിയമം മൂലം തടയുക.

8. കിഴക്കേ വയലാ

ഏലാകൾ

കാഞ്ഞോട്ടു ഏലാ, തെക്കും കര ഏലാ, പുന്നമൻ ഏലാ, കോവൂർ ഏലാ, കുറ്റിക്കോണം ഏലാ, ചാവരുകോണം ഏലാ.

തോടുകൾ

കുറ്റിക്കോണം ആലുമുക്ക് തോട്, വയല ചുണ്ട തോട്, കാഞ്ഞോട്ട് ആലും മൂക്ക് തോട്, ചാവരുകോണം ചുണ്ട വലിയ തോട്.

കുളങ്ങൾ

കോവൂർ കുളം, വെളുന്തറകുളം

ആവശ്യങ്ങൾ

1. കാഞ്ഞോട്ട് ഏലാ തലയ്ക്കലും, തെക്കും കര ഏലാ തലയ്ക്കലും പുതിയ കുളം നിർമ്മിക്കണം.
2. കോവൂർ ഏലാ തലയ്ക്കൽ കുളം നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിക്കണം.
3. ഏലാ കളിലെ തോടുകൾ യഥാ സമയം വൃത്തിയാക്കി വെള്ളം ഒഴുക്കി കൃഷി ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കണം.
4. കോണത്ത് ഏലാ മുതൽ താഴോട്ട് തോടിന് വീതികൂട്ടി കാഞ്ഞോട്ടുവാതുക്കലുമ കളിയിലഴികത്തുവാതുക്കലും പഴവൂർ കോണത്തുവാതുക്കലും. ബണ്ടുകൾ കെട്ടുക.
5. തെക്കും കര ഏലാ മുതൽ താഴോട്ട് തോടിന് വീതികൂട്ടി കടയാറ്റുഭാഗത്ത് ബണ്ടുകെട്ടുക.
6. കാഞ്ഞിരം വിള ഏലായിൽ ട്രാക്ടർ ഇറക്കാൻ സൗകര്യം ഉണ്ടാക്കണം.

9. തണ്ണൂർ

ഏലാകൾ

ചെറുകാട്ട് കടമ്പറ ഏലാ, വെള്ളാരംകുളം, പെരുങ്കുളം, വട്ടപ്പാട്, വേപ്പിൻ കടവ്, കാളിയാൻ കോണം അറവലക്കാവ്, വലികരിക്കത്തിൽ മണ്ണൂർ അറവലക്കാവ്, മണക്കോട് പുത്താർ ഏലാ, മീൻമുളം ഏലാ.

തോടുകൾ

ചെറുകാട് കടമ്പറ തോട് , മണ്ണൂർ കാളിയൻ കോണം അറവലക്കാവ് തോട്, മണക്കോട് പുന്നാർ തോട്, പെരുങ്കുളം വട്ടപ്പാട് വേപ്പിൻ കടവുതോട്.

കുളങ്ങൾ

പെരുമാലകുളം

ആവശ്യങ്ങൾ

1. മണ്ണൂർ ചെറുകാട് വെള്ളാരംകുളം, പെരുങ്കുളം വട്ടപ്പാട് എന്നീ ഏലാ തലയ്ക്കൽ കുളങ്ങൾ വേണം.
2. ഇത്തിക്കരയാറ്റിൽ ചെറിയ അണകൾ നിർമ്മിച്ച് കുടിവെള്ള പ്രശ്നവും ജലസേചന പശ്നവും പരിഹരിക്കുക.
3. പെരുമാലക്കുളം കല്ലുകെട്ടി ഉപയോഗ യോഗ്യമാക്കുക.
4. ചണ്ണപ്പേട്ട ഹൈസ്കൂൾ ഗൗണ്ടിലുള്ള വാട്ടർ ടാങ്ക് പൈപ്പ് ലൈൻ ഫിറ്റുചെയ്ത് പെരുമാല, കാട്ടാംമ്പള്ളി, വയലാ, മണ്ണൂർ എന്നീ പ്രദേശങ്ങളിൽ വെള്ളം എത്തിക്കുക.

10. മൂലേത്തുക്

ഏലാകൾ

വട്ടപ്പാട്, അതിശയമംഗലം, കുതിരപ്പാലം, അരത്തകണ്ടയ്യൻ ക്ഷേത്രം ഏലാ, പെരിങ്കുളം

തോടുകൾ

പെരുങ്കുളം തൊട്, കുതിരപ്പാലം തോട്, മണലുവട്ടം തോട്, പെരങ്കുളം വട്ടപ്പാട് ചാവരുകാവ് തോട്, കുതിരപ്പാലം മുണ്ടമൺ വിള ത്തോട്.

കുളങ്ങൾ

തലക്കോണം ഏലാകുളം

ആവശ്യങ്ങൾ

1. അശാസ്ത്രീയമായി നിലവിലുള്ള വെള്ളക്കരം ഒഴിവാക്കണം.
2. അതിശയമംഗലം ഏലാഭാഗത്ത് വഴങ്ങോട്ടും മണലുവട്ടം എലാ തലയ്ക്കൽ പുന്നലത്ത് താന്നികീഴ്കിഴാലപ്പുറം ഏലാ വട്ടപ്പാട് തലയ്ക്കൽ പെരും കുളം ഏലാതലയ്ക്കൽ എന്നിവിടങ്ങളിൽ കുളം കുഴിക്കണം.
3. കൊട്ടാരം വാതുക്കൽ മുതൽ മുണ്ടമൺ വിള വരെയുള്ള ഏലായുടെ പടിഞ്ഞാറു വശം ഉള്ള കൈതകൾ വെട്ടിമാറ്റി തോടിന് വീതികൂട്ടി ഇടിഞ്ഞുതകർന്നഭാഗം കല്ലുകെട്ടി വെള്ളപ്പൊക്കം നിയന്ത്രിക്കണം. ഈ തോട്ടിൽ തടയണ കെട്ടണം.
4. വഴങ്ങോട്ടുമുതൽ മുണ്ടമൺ വിള വരെയുള്ള തോട് വീതി കൂട്ടി കുഴിയ്ക്കണം.
5. തലക്കോണം മുതൽ കീഴാലപ്പുറം ഭാഗത്ത് വലിയ തോടുവരെയും കാട്ടാംമ്പള്ളിമുതൽ ആറ്റിൻ മുഴി വരെയുള്ള തോടുകൾ വൃത്തിയാക്കണം.
6. കൊട്ടാരം വാതുക്കൽ ചാരു കുഴി എന്നീ ചീർപ്പുകളുടെ അറ്റകുറ്റപണി തീർത്ത് പലകകൾ സ്ഥാപിക്കണം.
7. ട്രാക്ടർ, ട്രില്ലർ എന്നിവ നിലത്തിലിറക്കാനുള്ള വഴികളുണ്ടാക്കണം.
8. കാട്ടാംമ്പള്ളി കേന്ദ്രമാക്കി ഇട്ടിവാ കൃഷിഭവന്റെ ഒരു സബ്ബ് കേന്ദ്രം തുറക്കണം.
9. അതിശയ മംഗലംചിറ കെട്ടി സംരക്ഷിക്കണം.

11 ചാണപ്പാറ

ഏലാകൾ

കുറവരുകോണം ഏലാ, കോഴിയോട് ഏലാ, തേരിക്കോട് ഏലാ, തേക്കിൽ ഏലാ, പാലൂർ മുളങ്കാട്ട് കുഴി ഏലാ, ചാണപ്പാറ ഏലാ, കൊട്ടാരം വാതുക്കൽ ഏലാ, വലിയ വേങ്കാട് ഏലാ, അണപ്പാട് ഏലാ.

തോടുകൾ

പെരിങ്ങാട് മണലുവട്ടം തോട്, കുറവരുകോണം പെരിങ്ങാട് തോട്, മുളംങ്കാട് കുഴി കൊട്ടാരം വാതുക്കൽ തോട്, അണമാട് കൊട്ടാരമ വാതുക്കൽ തോട്, വലിയ വേങ്കാട് അണപ്പാട് തോട്.

കുളങ്ങൾ

പെരിങ്ങാട്ടുകുളം

ആവശ്യങ്ങൾ

1. തേക്കിൽ ചാണപ്പാറ പെരിങ്ങാട്ട്, കൊട്ടാരം വാതുക്കൽ ഏലാകളിൽ കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക.
2. നിലം നികത്തി ഇതര കൃഷിൾ ചെയ്തുവരുന്നത് നിയമം മൂലം പരിപൂർണ്ണമായി നിരോധിക്കണം.
3. ഉൽപന്നങ്ങൾ വിറ്റഴിക്കാൻ മുക്കട മാർക്കറ്റ് വിപുലീകരിക്കുക.
4. തെരഞ്ഞെടുക്ക പ്പെട്ട യുവജനങ്ങൾക്ക് ബഡിംഗ്, ഗ്രാഫ്റ്റിംഗ് പരിശീലനം നല്കുക.
5. പഞ്ചായത്തിന്റെ കിഴക്കൻ മേലയിൽ കൃഷി ഭവന്റെ സബ്ബ് സെന്ററർ ആരംഭിക്കണം.
6. എല്ലാ ഏലാ കളുടെയും തലയ്ക്കൽ കുളങ്ങൾ നിർമ്മിക്കുക.
7. മണലുവട്ട വലിയ തേട് - തേരിക്കോട്, തേക്കിൽ കുറവരുകോണം പെരിങ്ങാട്, കൊട്ടാരം വാതുക്കൽ വലിയവേങ്കാരു അണപ്പാട് എന്നീ ഏലാ തോടുകൾ ആഴം വരുത്തി ആവശ്യമുള്ള ഭാഗത്ത് സൈഡ്വാൾ കെട്ടി ബലപ്പെടുത്തണം.

12. പതിപ്പാറ്റ്

ഏലാകൾ

മുണ്ടമൺ കോവൂർ ഏലാ, ചെമ്പമൺ ഏലാ മുട്ടോടി ഏലാ, അണപ്പാട് ഏലാ.

തോടുകൾ

1. അണപ്പാട് കുതിരപ്പാലം - കോവൂർ മങ്കാട്ടുപണ വലിയവേങ്കാട് തോട്.
2. പോങ്ങുമല തോട്.
3. കൊട്ടാരം വാതുക്കൽ - ചാണപ്പാറ തോട്.
4. മണലുവട്ടം - പാണ്ടിയാൻ ചിറതോട്.
5. അതിശയമംഗലം - വടകുഴിതോട്.

6. വെളുന്തറ വട്ടക്കുഴി തോട്.
7. ചെമ്പമൺ - പത്തായ ക്കുഴി തോട്.
8. മുട്ടോടി - മങ്കാട്ടുപണത്തോട്

കുളങ്ങൾ

വെളുന്തറ താമരക്കുളം, ചരിപ്പറമ്പ് കുളം, കോവൂർ തലയ്ക്കൽ കുളം.

അവശ്യങ്ങൾ

1. പാണ്ടിയൻചിറത്തോടും അണപ്പാടുതോടും സന്ധിക്കുന്ന സ്ഥലത്ത് ചെക്ക് ഡാം കെട്ടണം.
2. തേക്കുളം ഭാഗത്ത് നിലവിലുള്ള ക്രോസ്ബാർ ഉപയോഗപ്രദമാക്കണം.
3. അതിശയമംഗലത്തുനിന്നും വെളുന്തറയിൽ നിന്നും വരുന്ന തോടുകൾ സന്ധിക്കുന്ന വട്ടകുഴി എന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കണം.
4. തേക്കുളം വട്ടകുഴി തോടിന് വീതികൂട്ടി സൈഡ് വാൾ കെട്ടണം
5. മേൽസൂചിപ്പിച്ച മൂന്നുതോടുകളിലും ക്രോസ്ബാറുകൾ ഉപയോഗയോഗ്യമാക്കുക.
6. വാർഡിലെ മൂന്നുപൊതുകുളങ്ങളും വൃത്തിയാക്കി പമ്പ് സെറ്റുസ്ഥാപിക്കണം.
7. മുട്ടോടി തലയ്ക്കൽ, അണപ്പാട് തലയ്ക്കൽ, ചെമ്പമൺ എന്നിവിടങ്ങളിൽ പുതിയകുളങ്ങൾ വെട്ടി പമ്പുസെറ്റ് സ്ഥാപിക്കുക.
8. കൃഷി ഭവന്റെ പ്രവർത്തനം ആഴ്ചയിലൊരു ദിവസം വാർഡിൽ ലഭിക്കാനുള്ള അവസരം ഉണ്ടാക്കണം.

13. ചുണ്ട

ഏലാകൾ

കുഴയ്ക്കാട്ടുകോണം - തച്ചപ്പള്ളി ഏലാ, പുലിയം കോണം പൈവിള ഏലാ, ഇട്ടിവ മണ്ണം കടയ്ക്കൽ ഏലാ, ചെമ്പമൺ - ചുണ്ട ഏലാ, ചുണ്ട മങ്കാട്ടുപണ ഏലാ, ചുണ്ട - ചെറുകുളം ഏലാ.പാലപ്പച്ച ചെറുകുളം ഏലാ, ഈരണം കോട് ഏലാ.

തോടുകൾ

പൈവിള തോട്, മണ്ണം കടയ്ക്കൽ തോട്, പറയാകോണം മണ്ണം കടയ്ക്കൽ തോട്, ഇട്ടിവ തോട്, ചെമ്പമൺ ചുണ്ട തോട്. ചുണ്ട - മങ്കാട്ടുപണത്തോട്, ചുണ്ട ചെറുകുളം തോട്, ഈരണംകോട് തോട്.

കുളങ്ങൾ

- ഇട്ടിവ ഏലായിലെ ചെറിയപൊയ്കയിൽ ചിറചുണ്ട ഏലാ തലക്കുളം.

ആവശ്യങ്ങൾ

1. മണ്ണം കടയ്ക്കൽ ഏലായുടെ തെക്കേ കരയിലുള്ള നടവരമ്പ് കെട്ടി വീതി കൂട്ടി ട്രാക്ടർ ഇറക്കാനുള്ള സൗകര്യം ഉണ്ടാക്കണം.
2. എല്ലാ തോടുകളുടേയും ആഴം കൂട്ടുകയും വരമ്പുകൾ കെട്ടി ബലപ്പെടുത്തുകയും വേണം
3. ഗ്രൂപ്പ് ഫാമിംഗ് ഏലാകളിൽ സബ്സിഡി ഇനത്തിൽ ട്രില്ലർ അനുവദിക്കുക.
4. മണ്ണം കടയ്ക്കൽ, ചെമ്പമൺ, കുഴയ്ക്കാട്ടുകോണം, ചെറുകുളം, ഈരണംകോട്, പാലപ്പച്ച എന്നീ ഏലാകളുടെ തലയ്ക്കൽ പുതിയ കുളങ്ങൾ ഉണ്ടാക്കണം.
5. ഇട്ടിവാ ചിറപൊയ്ക ചിറ വൃത്തിയാക്കി പമ്പുസെറ്റ് സ്ഥാപിക്കണം.
6. വയ്യാനത്ത് പുതിയ കൃഷിഭവൻ വേണം
7. പത്തായം കുഴി വലിയ തോടിന്റെ ഇരു കരയും കെട്ടി ബലപ്പെടുത്തണം

എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനും ഇല്ല.
എല്ലാവരും സമൻമാരാണ്. അവസാനക്കാരനും അവിടെയില്ല.
ഗാന്ധിജി.

1992-93 വർഷത്തിൽ കൃഷിഭവനിൽ നിന്നും ലഭ്യമായ സഹായങ്ങൾ (കൃഷിഭവൻ റിപ്പോർട്ട്)

ഇനം	പദ്ധതിയുടെ വിവരം	ഏരിയ/എണ്ണം	സബ്സിഡി	ഗുണഭോക്താക്കളുടെ എണ്ണം
1.	മിനികിറ്റ് പദ്ധതി			
	രണ്ടുകിലോകിറ്റ്/ഒരു രൂപാ			
	ആതിര			
	കാഞ്ചന			
	ധന്യ			
2.	ഗ്രൂപ്പ്ഫാമിംഗ്			
	കീടനാശിനി			
	ഖരരൂപത്തിൽ			
	ദ്രാവകരൂപത്തിൽ	91.8 ലിറ്റർ	22035/രൂപ	
	കുമ്മായം	47550 കിലോ	47528/രൂപ	
	കുറ്റിപമ്പ് സ്പ്രേയർ	12 എണ്ണം	7200/രൂപ	
3.	ഉല്പാദന ബോണസ്			
	സബ്സിഡി. 250/ഹെക്ടർ			
	വിരിപ്പു			
	മുണ്ടകൻ	796	41902	
4.	ചെറുകിട കർഷകന്			
	(സംയോജിത കേരകൃഷി)			
	പമ്പ് സെറ്റ്	1	1000/-	1
	കിണർ	1	1000/-	1
	പമ്പ്സെറ്റ് 1/3 സബ്സിഡി	-	-	
5.	ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ വിതരണം	450		
	WCT			

1993-94 വർഷത്തിൽ കൃഷിഭവനിൽ നിന്നും ലഭ്യമായ സഹായങ്ങൾ (കൃഷിഭവൻ റിപ്പോർട്ട്)

ഇനം	പദ്ധതിയുടെ വിവരം	ഏരിയ/എണ്ണം	സബ്സിഡി	ഗുണഭോക്താക്കളുടെ എണ്ണം
നെല്ല്	ഗ്രൂപ്പ് ഫാമിംഗ്			
	ഖരം			
	ദ്രവം	91.8 ലിറ്റർ	22035	
	കുമ്മായം	47550 കിലോ	47528	
	കുറ്റിപമ്പ് സ്പ്രേയർ	12	7200	
	ഉല്പാദന ബോണസ്			
	സബ്സിഡി 250/ഹെ.			
	വിരിപ്പു			
	മുണ്ടകൻ		796	41902
ഫലവൃക്ഷങ്ങൾ	കൃഷി വ്യാപനം(സമഗ്ര കശുമാവ് വികസനം മൂന്ന് വർഷത്തേക്കുള്ള ധനസഹായം) 450/ഹെ.			
	മാവ്	45 എണ്ണം		
	പ്ലാവ്	29 എണ്ണം		

1993-94 വർഷത്തിൽ കൃഷിഭവനിൽ നിന്നും ലഭ്യമായ സഹായങ്ങൾ (കൃഷിഭവൻ റിപ്പോർട്ട്) (തുടർച്ച)

	പദ്ധതിയുടെ വിവരം	ഏറിയ/എണ്ണം	സബ്സിഡി	ഗുണഭോക്താക്കളുടെ എണ്ണം
എള്ള്, കടല	മിനികിറ്റ്			
	എള്ള്	5 കിലോ		5
തെങ്ങ്	- ചെറുകിട കർഷകന് (സംയോജിത കേരകൃഷി)			
	പമ്പ് സെറ്റ്	1	1	1000
	കിണർ	1	1	1000
പച്ചക്കറി	സ്ക്കൂൾ തലത്തിൽ	7 സ്ക്കൂൾ	510	
		7 സ്ക്കൂൾ	500	
	മഹിളാ സമാജം വഴി	4 കിറ്റ്	4	

1994-95 വർഷത്തിൽ കൃഷിഭവനിൽ നിന്നും ലഭ്യമായ സഹായങ്ങൾ (കൃഷിഭവൻ റിപ്പോർട്ട്)

	പദ്ധതിയുടെ വിവരം	ഏറിയ/എണ്ണം	സബ്സിഡി	ഗുണഭോക്താക്കളുടെ എണ്ണം
നെല്ല്	ഉല്പാദനബോണസ്			
	സബ്സിഡി 250 ഹെ. വിരിവ്			
	മുണ്ടകൻ	613	--	105155
തെങ്ങ്	TXD തെങ്ങുകളുടെ വിതരണം	350	--	--
	DXT	25	--	--
	കേന്ദ്രാവിഷ്കൃത തോട് സംരക്ഷണപദ്ധതി (കുരുമുളക്) മൂന്നുവർഷത്തേയ്ക്കുള്ള സഹായം	5 ഹെക്ടർ	2	2500
ഇഞ്ചി	വിളവികസനം			
	മാതൃകാ തോട്ടം (ഇഞ്ചി മിനികിറ്റും രൂപാ 25/ കിറ്റ്	01 ഹെ	1	1200
	വിസ്തൃതി വർദ്ധിപ്പിക്കൽ പദ്ധതി രൂപാ 5000/ഹെക്ടർ	0.5 ഹെ	7	2500
	കീട നിയന്ത്രണ പരിപാടി രൂപാ 1000/ഹെക്ടർ	0.5 ഹെ	5	500
മഞ്ഞൾ	മാതൃകാ തോട്ടം വിസ്തൃതി വ്യാപിക്കൽ രൂപ 4000/ ഹെക്ടർ	0.1 ഹെ	1	825
ഗ്രാമ്പു, ജാതി	തൈ വിതരണം			
	ഗ്രാമ്പു	30		
	ജാതി	30		
പച്ചക്കറി	സ്ക്കൂൾ തലത്തിൽ	5 സ്ക്കൂൾ	750	
		3 സ്ക്കൂൾ	750	
		3 കിറ്റ്	3	

1995-96 വർഷത്തിൽ കൃഷിഭവനിൽ നിന്നും ലഭ്യമായ സഹായങ്ങൾ (കൃഷിഭവൻ റിപ്പോർട്ട്)

ഇനം	പദ്ധതിയുടെ വിവരം	ഏറിയ/എണ്ണം	ഗുണഭോക്താക്കളുടെ എണ്ണം	സബ്സിഡി
നെല്ല്	ഉല്പാദന ബോണസ്		464	35000
തെങ്ങ്	സമഗ്ര നാളികേര വികസന പദ്ധതി (പമ്പ് സെറ്റ് 1/3 സബ്സിഡി പരമാവധി 2500 രൂപാ	25	25	
	കിണർ 1/3 സബ്സിഡി പരമാവധി 2500 രൂപാ	23	23	
	റോക്കർ സ്പ്രേയർ പരമാവധി. 1000/- രൂപ	1	1	
	തെങ്ങുകയറ്റയന്ത്രം.	3		
	TXD തെങ്ങ് തൈ വിതരണം	75		
	DXT തെങ്ങ് തൈ വിതരണം	30		
	ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ	1375	1375	--
കമുക്	മേൽത്തരം കമുകിൻ തൈതകൾ	830	--	--
കുരുമുളക്	കേന്ദ്രാ വിഷ്കൃതത്തോട്ടം തോട്ടം സംരക്ഷണ പദ്ധതി മൂന്ന് വർഷത്തേക്കുള്ള ധനസഹാം 5000/ഹെ, 3000/ഹെ, 2000/ഹെ.	1.5	6	6500
	മാതൃകാ കുരുമുളക് തോട്ടം 3 വർഷത്തേക്കുള്ള ധനസഹായം 225/പ്ലോട്ട്, 150/പ്ലോട്ട്, 140/പ്ലോട്ട്.	0.1 ഹെ	1	225
ഇഞ്ചി	വിളവികസന മാതൃകാ തോട്ടം	0.1 ഹെ	1	1200
	ഇഞ്ചി മിനികിറ്റ് രൂപാ 25/കിറ്റ്	10കിറ്റ്	10	250
	വിസ്തൃതിയു വ്യാപിപ്പിക്കൽ പദ്ധതി 5000/രൂപാ ഹെക്ടർ	1ഹെ.	15	5000
	കീടനിയന്ത്രണ പരിപാടി 1000/ഹെ	0.5 ഹെ	5	500
ഗ്രാമ്പൂ	ഗ്രാമ്പൂ	295	--	--
ജാതി	ജാതി	180	-	-
	സുഗന്ധ വിള മാതൃകാതോട്ടം 5 വർഷത്തേക്കുള്ള ധനസഹായം 400, 170, 150, 150, 150	2 പ്ലാട്ട്	2	570
പച്ചക്കറി	സ്ക്കൂൾ തലത്തിൽ	3 സ്ക്കൂൾ 2 കിറ്റ്	500 2	-
വെളളക്കാടി		1	1	500
കശുമാവ്	കൃഷിവ്യാപനം	1ഹെ	2	
	സമഗ്ര കശുമാവ് വികസനം 3 വർഷത്തേക്കുള്ള ധനസഹായം 450/ഹെക്ടർ	5	13	

ഇട്ടിവ ഗാമപഞ്ചായത്ത് ഒരവികസിത മലയോര പ്രദേശമാണ്. ആകെയുള്ള ജനസംഖ്യയിൽ 80 % ആളുകളും കാർഷികവൃത്തികൊണ്ട് ജീവിക്കുന്നവരാണ്. ഈ മേഖലയിലെ കർഷകർ കാലിവളർത്തലും, കോഴിവളർത്തലും മുഖ്യ ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ്.

25 വർഷങ്ങൾക്കുമുമ്പുള്ള ചരിത്രം പരിശോധിച്ചാൽ ഈ പഞ്ചായത്തിലെ കർഷകർ കാലിവളർത്തലും, കോഴിവളർത്തലും മുഖ്യതൊഴിലായി സ്വീകരിച്ചിരുന്നായി മനസ്സിലാകകാം. നിലം കൃഷിയുള്ള എല്ലാ വീടുകളിലും ഉഴവുമാടുകളേയും, ഉദ്പാദനം കുറഞ്ഞ നാടൻ പശുക്കളേയും വളർത്തിവന്നിരുന്നു. ഇവ എണ്ണത്തിൽ കൂടുതലായുണ്ടായിരുന്നു എങ്കിലും സംരക്ഷണചെലവ് വളരെകുറവായിരുന്നു. കന്നുകാലികളെയും, ആടുകളേയും തീറ്റുന്നതിന് കാടുപിടിച്ച പൊതുസ്ഥലങ്ങളും, വനങ്ങളും അന്ന് സുലഭമായിരുന്നു. കോഴിവളർത്തൽ വീടുകളിൽ സർവ്വസാധാരണമായിരുന്നു എങ്കിലും ഉപഭോഗം തുലോം കുറവായിരുന്നു. കിട്ടുന്ന മുട്ടയുടെ ഭൂരിഭാഗവും ധനാഗമമാർഗ്ഗമായി സാധാരണ ജനങ്ങൾ സ്വീകരിച്ചുപോന്നു. പാലുദ്പാദനം കുറവായുരുന്നതിനാൽ ഉപഭോഗം നാമമാത്രമായിരുന്നു. പശുക്കളെ വളർത്തിയിരുന്നു വീടുകളിലെ ആവശ്യത്തിന് തൈരും വെണ്ണയും ഉൽപാദിപ്പിച്ച് ഉപയോഗിച്ചു വന്നിരുന്നു. ജനസംഖ്യയിൽ കൂടുതലുള്ള സാധാരണ ജനങ്ങൾ പാലോ,മുട്ടയോ പാൽ ഉൽപ്പന്നങ്ങളോ പതിവായി ഉപയോഗിച്ചിരുന്നില്ല

ഉൽപാദനശേഷിയുള്ള സങ്കരയിനം പശുക്കളുടെ ആവിർഭാവത്തോടുകൂടിയാണ് പാലുൽപാദനരംഗത്ത് വിപ്ളവാത്മകമായ പരിവർത്തനത്തിന് തുടക്കം കുറിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. കിത്രിമ ബീജസങ്കലനമാർഗ്ഗങ്ങൾ, ശാസ്ത്രിയമായ സംരക്ഷണരീതികൾ, ചികിത്സാസൗകര്യങ്ങൾ അധികമായി ഉൽപാദിപ്പിക്കുന്ന പാൽ വിപണനം ചെയ്യാൻ ഉതകുന്ന ക്ഷീരോൽപാദക സഹകരണസംഘങ്ങളുടെ ആവിർഭാവം എന്നിവ ഈ മേഖലയിലെ മാറ്റങ്ങൾക്ക് കാരണമായി. സങ്കരയിനത്തിൽ പെട്ട കേഴികുഞ്ഞുങ്ങളുടെ ആവിർഭാത്തോടുകൂടി കോഴിവളർത്തൽ രംഗത്തും ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടു്. സംരക്ഷണചിലവു കുലിയും ക്രമാതീതമായി വർദ്ധിക്കുകയും യന്ത്രസഹായത്തോടെയുള്ള കൃഷി സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തതോടുകൂടി ഉഴവുമാടുകളുടെ എണ്ണം വളരെ യധികം കുറഞ്ഞു. റോഡുകളും, മോട്ടോർ വാഹനങ്ങളും വർദ്ധിച്ചതോടുകൂടി വണ്ടിക്കാളകൾ നാട്ടിൽ നിന്നും അപ്രത്യക്ഷമായി

പഞ്ചായത്തിൽ എഴുനൂറ്റി ഇരുപത്തിയാറ് സങ്കരയിനം പശുക്കളും 644 നാടൻ പശുക്കളും 498 കാളകളും, 22 എരുമകളും 1975 ആടുകളും, 3217 കോഴികളും, 74 താറാവുകളും വളർത്തപ്പെടുന്നു.(ഈ കണക്കുകൾ 1995-ലെ കന്നുകാലി സെൻസസ് പ്രകാരമുള്ളതാണ്) പഞ്ചായത്തിൽ ചുണ്ട,കോട്ടുക്കൽ, പടിഞ്ഞാറേ വയല, മണ്ണൂർ, ചാണപ്പാറ എന്നി പ്രദേശങ്ങളിലായി അഞ്ചു ക്ഷീരോൽപാദക സഹകരണസംഘങ്ങൾ (എപി. സി. ഓ. എസ്) നിലവിലുണ്ട്.പാലുൽപാദനത്തിന്റേയും വിപണനത്തിന്റേയും വിശദമായ റിപ്പോർട്ട് പട്ടിക 1 താഴെ കൊടുക്കുന്നു.



പട്ടിക - 1

ക്രമ നമ്പർ	സംഘത്തിന്റെ പേര്	ഒരുദിവസം ശേഖരിക്കുന്ന പാൽ	ഒരുദിവസം പ്രാദേശിക വൽപന	ഡയറിയിലേക്ക് അയക്കുന്നത്
1.	ചുണ്ടക്ഷീരോല്പാദക-സഹകരണ സംഘം	156.2 ലി.	69.5 ലി	86.7ലി
2.	കോട്ടുക്കൽ ക്ഷീരോ-ല്പാദക സഹകരണ സംഘം	160.3 ലി.	70.0 ലി	70.3 ലി
3.	പടിഞ്ഞാറെ വയലാ ക്ഷീരോല്പാദക സഹകരണസംഘം	109.3 ലി.	24.7 ലി	84.6 ലി
4.	മണ്ണൂർ ക്ഷീരോല്പാദക സഹകരണ സംഘം	148.2 ലി	33.4 ലി	114.8 ലി
5.	ചാണപ്പാറ ക്ഷീരോല്പാദക സഹകരണസംഘം	66.8 ലി	12.3 ലി	54.5 ലി
	ആകെ	640.80	209.9ലി	40.9

മേൽ വിവരിച്ച പട്ടിക പ്രകാരം സംഘങ്ങളിൽ നിന്നും ശേഖരിക്കുന്ന 641 ലിറ്റർ പാലിന് പുറമേ സംഘത്തിൽ വിപണനം നടത്താത്ത 1856 ലിറ്റർ പാൽ കൂടി ഉത്പാദപ്പിക്കുന്നു എന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 2066 ലിറ്റർ പാൽ മാത്രമേ പ്രാദേശികമായി ഉപയോഗിക്കുന്നുള്ളു. ഒരു ദിവസത്തെ ആളോഹരി ഉപഭോഗം 66ഗ്രാമായി കാണുന്നു. ഇത് സംസ്ഥാന ശരാശരിയുടെ 1/3 മാത്രമേ ആകുന്നുള്ളു. അതിനാൽ പാൽ ഉൽപ്പാദനവും, ഉപഭോഗവും അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടതുണ്ട്

പഞ്ചായത്തിൽ ശങ്കരപുരത്ത് ഒരു മൃഗാശുപത്രിയും ചുണ്ട, മഞ്ഞപാറ, മണ്ണൂർ, ചാണപ്പാറ എന്നിവടങ്ങളിൽ ഒന്നുവീതം ഐ.സി.ഡി.പി സബ്സെൻററുകളും നിലവിലുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം ശരിയായ രീതിയിൽ ഇനങ്ങൾക്ക് പ്രയോജനപ്പെടുന്നില

കാലികളിൽ പൊതുവേ കണ്ടുവരുന്നരോഗങ്ങൾ അകിടുവീക്കം, മുടന്തൻപനി, ഉദരസംബന്ധമായ രോഗങ്ങൾ ന്യൂമോണിയ, പൂപ്പൽ വിഷബാധ ക്ഷീര സന്ധി എന്നിവയാണ്. കോഴികൾക്ക് പൊതുവേ കോഴി വസന്ത, അതിസാരം എന്നീ രോഗങ്ങൾ കാണുന്നു. രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും, ശുചിത്വത്തെസംബന്ധിച്ചും ക്ഷീര കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിൽസിച്ചുമാറ്റുന്നതിന് തടസ്സമായി നിൽക്കുന്നു.

കഴിഞ്ഞവർഷം ശങ്കരപുരം മൃഗാശുപത്രിയിൽ ചികിൽസ നടത്തിയ ഉരുക്കളുടെ എണ്ണവും, രോഗ വിവരവും പട്ടിക-2 ൽതാഴെ കൊടുക്കുന്നു.

പട്ടിക - 2

ക്രമ നമ്പർ	രോഗങ്ങൾ	മൃഗങ്ങളുടെ എണ്ണം	
		പശു	ആട്
1.	ദഹനസംബന്ധമായവ	528	235
2.	ശ്വാസകോശ സംബന്ധം	59	65
3.	ഉപാപചയ സംബന്ധം	51	18
4.	തൃക്ക് രോഗങ്ങൾ	36	22
5.	ധാതുലവണങ്ങളുടെ അഭാവം	49	21
6.	പാദ രോഗങ്ങൾ	459	98
7.	പ്രത്യുല്പാദന വ്യവസ്തയുമായി ബന്ധപെട്ടവ	147	39
8.	വന്ധ്യത	132	11
9.	അകിടുവീക്കം	78	31
10.	മുടന്തൻ പനി	145	12

ഇട്ടിവാ പഞ്ചായത്തിൽ പതിനൊന്ന് ഗോബർഗ്യാസ്പ്ലാൻറുകൾ നിലവിലുണ്ട്. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും, സർക്കാരിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന സാമ്പത്തികാനുകൂല്യങ്ങളുടെ പരിമിതിയും, കൂലിവർദ്ധനവും മൂലം കർഷകർക്ക് ഈപദ്ധതി വിജയപ്രദമായി നടപ്പാക്കാൻ കഴിയാത്ത അവസ്ഥയിൽ നിൽക്കുകയാണ്. മൃഗ സംരക്ഷണ വകുപ്പുമുഖേന 50% സബ്സിഡി നൽകി ഗോബർ ഗ്യാസ് പ്ലാൻറുകൾ കൂടുതൽ സ്ഥാപിക്കുകയാണെങ്കിൽ പാചകത്തിനും, വെളിച്ചത്തിനും വേണ്ടുന്ന ഊർജ്ജം ഒരു പരിധി വരെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതാണ്.

മൃഗസംരക്ഷണരംഗത്ത് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. അവ ഏകദേശം താഴെ കൊടുക്കുന്നു.

പ്രശ്നങ്ങൾ

1. തീറ്റപ്പുല്ലിൻേറയും പച്ചിലയുടെയും ദൗർലഭ്യം
2. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വിലവർദ്ധനവ്, ഗുണനിലവാരക്കുറവ്.
3. അത്യൽപാദനശേഷിയുള്ള സങ്കരയിനം പശുക്കളുടെ ലഭ്യതക്കുറവ്.
4. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള അസൗകര്യം
5. വൈക്കോലിൻെറ ദൗർലഭ്യവും, കീടനാശിനി പ്രയോഗം മൂലമുണ്ടാകുന്ന പ്രശ്നങ്ങളും
6. പ്രതിരോധ കുത്തിവെയ്പ്പ് , മറ്റു ചികിത്സാ സൗകര്യങ്ങൾ സമയാസമയങ്ങളിൽ ലഭിക്കാതിരിക്കുക.
7. കന്നുകാലികളിൽ വ്യാപകമായി പടർന്നുപിടിക്കുന്ന രോഗങ്ങൾ.
8. വെറ്റിനറി വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണക്കുറവും, അപര്യാപ്തതയും.

പരിഹാരമാർഗ്ഗങ്ങൾ

1 മൃഗാശുപത്രിയുടേയും സബ്സെൻററുകളുടേയും വികസനം

പഞ്ചായത്തിൽ ശങ്കരപുരം കേന്ദ്രമാക്കി ഒരു മൃഗാശുപത്രിയുണ്ടെങ്കിലും ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൃഗാശുപത്രിക്ക് നാട്ടുകാർ സംഭാവന ചെയ്ത പത്തുസെൻറ്(10) സ്ഥലത്ത് പഞ്ചായത്ത് കെട്ടിടം പണിതുടങ്ങിയെങ്കിലും. അത് വളരെ നാളായി മുടങ്ങിക്കിടക്കുകയാണ്. എത്രയും പെട്ടെന്ന് ആധുനിക സൗകര്യങ്ങളോടുകൂടി കെട്ടിടം പണി പൂർത്തിയാക്കി. മൃഗാശുപത്രി അതിലേക്ക് മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്.

മൃഗാശുപത്രിയിൽ ഒരു ഡോക്ടറും ഒരു അറ്റൻററും മാതമേ ഇപ്പോൾ നിലവിലുള്ളൂ. ഒഴിവുള്ള ലൈഫ് സ്റേറാക്ക് ഇൻസ്പെക്ടറുടേയും പാർട്ടൈം സ്വീപ്പറുടേയും ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്തേണ്ടതാണ് നിലവിലുള്ള നാല് ഐ. സി. ഡി. പി. സബ്സെൻററുകളിൽ ഒരു ലൈവ് സ്റ്റേക്ക് ഇൻസ്പെക്ടർ മാത്രം പ്രവർത്തിക്കുന്നതിനാൽ അവയുടെ പ്രയോജനം കർഷകർക്ക് പ്രയോജനപ്പെടുന്നില്ല. ക്ഷീരകർഷകർക്ക് പ്രയോജനപ്പെടത്തക്കരീതിയിൽ അടിയന്തിരമായി ഒഴിവുള്ള മൂന്ന് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ നിയമിക്കുകയും പടിഞ്ഞാറെ വയലാ, കിഴക്കേ വയലാ, തുടയന്നൂർ, ചരിപ്പറമ്പ്, ഇട്ടിവാ, കിഴ്തോണി, ത്രാങ്ങോട്, വടക്കേകോട്ടുക്കൽ എന്നീ വാർഡുകളിൽ ഓരോ ഐ. സി. ഡി. പി. സബ്സെൻററുകൾ കൂടി അനുവദിക്കുകയും ചെയ്യേണ്ടതാണ്.

പുതിയതായി പണിയുന്ന മൃഗാശുപത്രിയോടനുബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിന് ചർച്ചാ ക്ലാസുകളും മറ്റും സംഘടിപ്പിക്കുന്നതിനു വേണ്ടി ഒരു ഹാൾകൂടി നിർമ്മിക്കേണ്ടതാണ്. മേൽക്കൂരയോടുകൂടി ട്രെവീസ്, ഇലക്ട്രിക്ക്

സ്റ്റെറിലൈസർ, മൈക്രോസ്കോപ്പ് , ലബോറട്ടറി, ടെലിഫോൺ, എന്നിവ ആശുപത്രിയുടെ പ്രവർത്തനത്തിന് അത്യാവശ്യ ഘടകങ്ങളാണ്. ആശുപത്രിയിൽ ഒരു വാഹനം ലഭ്യമാക്കുകയാണെങ്കിൽ ക്ഷീര കർഷകർക്ക് ആവശ്യഘട്ടങ്ങളിൽ ഡോക്ടറുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയും.

2. പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

പഞ്ചായത്തിലെ പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ആളോഹരി ഉപഭോഗം കൂട്ടുന്നതിനും മായി സങ്കരയിനം പശുക്കളുടെ എണ്ണം അഞ്ചിരട്ടിയെങ്കിലും വർദ്ധിപ്പിക്കേണ്ടതാണ്. ഒരു വീടിന് ഒരു പശു എന്ന അടിസ്ഥാനലക്ഷ്യത്തിൽ സബ്സിടിയിനത്തിൽ നല്ലയിനം പശുക്കളെ ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കണം, കൂടാതെ വിവിധസ്ഥലങ്ങളിൽ മിനി ഡയറി യൂണിറ്റുകൾ തുടങ്ങുകയാണെങ്കിൽ പാൽ ഉൽപാദനം വർദ്ധിപ്പിക്കുവാനും തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുവാനും കഴിയും പശുക്കളുടെ വർഗ്ഗോദ്ധാരണത്തിന് സ്വീകരിക്കാവുന്ന ഏറ്റവും നൂതന സാങ്കേതിക വിദ്യയായ 'ഭ്രൂണമാറ്റ പദ്ധതി' നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടനടപടികൾ സ്വീകരിക്കേണ്ടതാണ്. അകിടുവീക്ക രോഗനിയന്ത്രണക്കിറ്റ് ക്ഷീരോൽപാദക സഹകരണസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുകയും ശാസ്ത്രീയമായ കറവപരിശീലനം നൽകുകയും ചെയ്യേണ്ടതാണ്.

ക്ഷീരോൽപാദക രംഗത്ത് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് ചടയമംഗലംബ്ലോക്ക് കേന്ദ്രീകരിച്ച് ഒരു ക്ഷീര വികസന ഓഫീസ് പ്രവർത്തനം ആരംഭിച്ചത്. ഈ ഓഫീസിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതോടെ ബ്ലോക്കിലെ ഏഴ് പഞ്ചായത്തുകളിലും എത്തപ്പെട്ട് പ്രവർത്തനങ്ങൾ ജീവനക്കാർക്കേറ്റെടുക്കേണ്ടി വന്നു. എന്നാൽ ഇവിടെയുള്ളആകെ ജീവനക്കാർ മൂന്നാണ്. ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസറും രണ്ട് ഡയറിഫാം ഇൻസ്പെക്റ്റർമാരും ഈ രംഗത്ത് മെച്ചപ്പെട്ട സേവനം നടത്തുന്നുണ്ട്. എങ്കിലും ഈ രംഗത്ത് വേണ്ടത്ര ജീവനക്കാരുടെ എണ്ണക്കുറവ് മൂലം പഞ്ചായത്തുകാരുടെ പ്രവർത്തനം കാര്യക്ഷമല്ല ആയതിനാൽ. പഞ്ചായത്ത് ഒന്നുക്ക് ഒരു ഡയറി ഫാം ഇൻസ്ട്രക്റ്റർ ഓഫീസ് ജോലിക്ക് ഒരു ക്ലാർക്കും ഒരു പ്യൂണിനെയും ലഭ്യമാക്കുകയും പഞ്ചായത്തോറും ഒരു ക്ഷീരവികസന ഓഫീസ് ഉണ്ടാക്കുകയും ചെയ്താൽ ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

ഗവൺമെൻറിൽ നിന്നും നിരവധി പദ്ധതികൾ ഈ രംഗത്ത് നടപ്പിലാക്കനുണ്ട്. കഴിഞ്ഞ മൂന്ന് വർഷം ഇട്ടിവാ പഞ്ചായത്തിൽ പ്രസ്തുത ഓഫീസ് വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ നാമമാത്രമായ കാര്യങ്ങൾ മാത്രമേ നമുക്ക് ലഭ്യമായിട്ടുള്ളൂ എന്ന് കാണാൻ കഴിയും. എന്ന രീതിയിൽ നിയമിക്കകയും ഓഫീസ് ജോലികക്ക് അവ പട്ടിക മുന്നിൽ താഴെ കാണുന്നു.

പട്ടിക -3

പദ്ധതികൾ, പ്രവർത്തനങ്ങൾ	1992-93	1993-94	1994-95	1995-96
1. കർഷക സംബർക്ക പരിപാടി	-	2	3	3
2. ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം	-	2	3	3
3. മാതൃകാ കാലി തൊഴുത്തു നിർമ്മാണം	-	-	1	1
4. ശുദ്ധമായ പാലുല്പാദന കിറ്റ്	-	-	20	25
5. തീറ്റപുൽ കൃഷി വികസനം				
(എ.)പുൽപയർ മിശ്രിതം	5 ഹെ.	5ഹെ.	4ഹെ.	5 ഹെ.
(ബി.) വൻപയർ	4ഹെ	4ഹെ	5 ഹെ	5ഹെ
(സി.) മക്കച്ചോളം	4 ഹെ	3 ഹെ	5 ഹെ	5ഹെ
6. ക്ഷീര സംഘങ്ങളുടെ ആധുനികവൽക്കരണം				
(എ.)പ്രവർത്തന മൂലധന ഗ്രാന്റ്	-	-	1	-
(ബി.) പാൽ പരിശോധനാ ഉപകരണങ്ങൾ	-	1	-	-
(സി.) ഫർണിച്ചർ ഗ്രാന്റ്	-	1	-	-
7. പശ്ചിമ ഘട്ട വികസന പദ്ധതി				
(എ.)മുൾക്കഷ്ഷി	-	-	10 ഹെ	5ഹെ
(ബി.) കാലി തൊഴുത്തുനിർമ്മാണം	-	-	24	15
(സി.) കറവ പശു.	-	-	10	10
8. പ്രത്യേക ഘടക പദ്ധതി				
(എ.)കല്യാണിമുക്ക് കോഴി വിതരണം	4	-	-	-
(ബി.) ആയിരവല്ലി കോളനി	-	3	-	-

3 കന്നുകുട്ടി പരിപാലനം

നാലു മുതൽ 9 മാസം വരെ പ്രായമുള്ള പശുക്കുട്ടികൾക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റയും ശാസ്ത്രീയ പരിചരണവും നൽകി പ്രസവിക്കുന്നതുവരെ 50 % സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുകയാണെങ്കിൽ നല്ലയിനം പശുക്കളുടെ എണ്ണവും പാൽ ഉൽപാദനവും വർദ്ധിപ്പിക്കാൻ കഴിയും.

മാംസോൽപാദനം വർദ്ധിപ്പിക്കാൻ നാലു മുതൽ ആറ് മാസം വരെ പ്രായമുള്ള സങ്കരയിനം കാളക്കുട്ടികളെ തെരഞ്ഞെടുത്ത് 50% സബ്സിഡി നിരക്കിൽ ഒരു വയസ്സുവരെ ഗുണനിലവാരമുള്ള

തീറ്റകൾ നൽകിയാൽ ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും

4 ആടുവളർത്തൽ

കുറഞ്ഞ മുതൽമുടക്കിൽ കുറഞ്ഞകാലയളവിൽ ചെറുകിട കർഷകർക്ക് കൂടുതൽ ലാഭമുണ്ടാക്കുവാനും നമ്മുടെ മാംസാവശ്യം ഒരു പരിധിവരെ നിറവേറ്റാനും ആടുവളർത്തൽ യൂണിറ്റുകൾ വ്യാപകമായി നടപ്പിലാക്കേണ്ടതാണ്. 50 % സബ്സിഡിയോടുകൂടി ദാരിദ്ര്യരേഖക്ക് താഴെയുള്ള കർഷകർക്ക് ആട് യൂണിറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം, പച്ചിലതീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കാനുള്ള പരിപാടികൾ കൂടി ആവിഷ്ക്കരിക്കണം

5 കോഴിവളർത്തൽ

വാട്ടർ ഷഡ്ഡ് പദ്ധതിയിൽ ഉൾപ്പെടാത്ത ഓരോ വാർഡുകളിലും തെരഞ്ഞെടുക്കപ്പെട്ട നൂറ് കുടുംബങ്ങൾക്കെങ്കിലും വർഷം തോറും അഞ്ച് മുട്ടക്കോഴികളെ സൗജന്യനിരക്കിൽ വിതരണം ചെയ്യണം പ്രതിദിനം അയ്യായിരത്തോളം മുട്ട പഞ്ചായത്തിൽ ചിലവാകുന്നു. ഇതിന്റെ 95 % ത്തിലധികം അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളതാണ് തദ്ദേശീയമായി മുട്ട ഉൽപാദപ്പിച്ചാൽ വിലയിൽ കുറവും ഉപഭോഗത്തിൽ വർദ്ധനവും ഉണ്ടാകും. പഞ്ചായത്തിൽ ഒരു മുട്ടക്കോഴി വളർത്തൽ കേന്ദ്രവും ഹാച്ചറിയും തുടങ്ങിയാൽ വിവിധ പദ്ധതികൾക്ക് ഇവിടെ നിന്നും കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ കഴിയും

മാംസോൽപാദനത്തിനായി ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ അഞ്ചെണ്ണമെങ്കിലും പഞ്ചായത്തിൽ തുടങ്ങാവുന്നതാണ് ആവശ്യമായ പ്രതിരോധ സൗകര്യങ്ങൾ കർഷകർക്ക് വീടുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കണം.

6. മുയൽ വളർത്തൽ

കുറഞ്ഞ മുതൽമുടക്കിൽ സ്ത്രീകൾക്കും, കുട്ടികൾക്കും ഒഴിവ് സമയം ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാവുന്ന തൊഴിലായി മുയൽ വളർത്തിലിനെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി 13 മുയൽ വളർത്തൽ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. 10 പെൺമുയലും, ഒരു ആൺമുയലും ഉൾപ്പെടുന്നതാണ് ഒരു യൂണിറ്റ്. സാങ്കേതിക സാമ്പത്തിക വിപണന സഹായങ്ങൾ നൽകി ഈ പദ്ധതിയെ പ്രോത്സാഹിപ്പിച്ചാൽ കുറഞ്ഞ ചിലവിൽ മാംസോൽപാദനം വർദ്ധിപ്പിക്കാൻ കഴിയും.

7. കാലിത്തീറ്റ

മൃഗസംരക്ഷണ മേഖലയിലെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകമാണ് കാലിത്തീറ്റയുടെ ഉൽപാദനവും വിതരണവും. കാലിത്തീറ്റയുടെയും വൈക്കോലിന്റെയും അമിതമായ വിലക്കയറ്റം കാലിവളർത്തൽ മേഖലയിലൽ പ്രതികൂല സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. സൗജന്യനിരക്കിൽ കാലിത്തീറ്റ ക്ഷീരോൽപാദക സഹകരണസംഘങ്ങൾ വഴി വിതരണം നടത്തുകയും കൂടുതൽ ആനുകൂല്യങ്ങൾ നൽകി തീറ്റപുൽകൃഷി പ്രോൽസാഹിപ്പിക്കുകയും ചെയ്താൽ ഒരു പരിധി വരെ ഈ പ്രശ്നത്തിന് പരിഹാരമാർഗ്ഗം കാണാവുന്നതാണ്. കോഴിത്തീറ്റയുടേയും സ്ഥിതി ഇത് തന്നെയാണ്.

8. അറവുശാല

ആധുനിക സജ്ജീകരണങ്ങളോടുകൂടി അറവുശാല സ്ഥാപിച്ച് വെറ്റിനറി പരിശോധന നടത്തി സംസ്കരിച്ചെടുത്ത മാംസം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുചിത്വമുള്ള മാംസ സ്റ്റാളുകളിലൂടെ വിപണനം ഉറപ്പുവരുത്തുക. കശാപ്പുകൾക്കും അനുബന്ധജോലി ചെയ്യുന്നവർക്കും ഈ വിഷയത്തിൽ നിർബന്ധിത പരിശീലനം കൊടുക്കേണ്ടതാണ്.

9. പേവിഷ നിയന്ത്രണം

പഞ്ചായത്തിൽ പേവിഷ നിയന്ത്രണത്തിന് അടിയന്തിര പ്രാധാന്യം നൽകണം അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെയും പൂച്ചകളേയും ആറുമാസത്തിലൊരിക്കൽ നശിപ്പിക്കുകയും. വളർത്തു നായ്ക്കൾക്ക് നിർബന്ധിത ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യണം. ലൈസൻസ് നൽകുന്നതിന് മുൻപ് സൗജന്യമായി പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നൽകുക ഒപ്പം ജനങ്ങൾക്ക് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിന് പഞ്ചായത്തിൽ കുറഞ്ഞത് അഞ്ച് പേർക്കെങ്കിലും പരിശീലനം നൽകണം.

മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലെ മേൽപറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതു വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുന്നതിനും ഗ്രാമീണരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും

മത്സ്യകൃഷി

ഇട്ടിവ ഗ്രാമപഞ്ചായത്തിൽ മത്സ്യകൃഷി ഇന്ന് നിലവിലില്ല.എന്നാൽ മത്സ്യം ജനങ്ങളുടെ ഒരു പ്രധാന ഭക്ഷ്യ വസ്തുവാണ് പ്രതിദിനം 125 ക്വിൻറലിലേറെ മത്സ്യം ഇട്ടിവ പഞ്ചായത്തിൽ ചെലവാകുന്നു. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി മത്സ്യകൃഷിക്ക് അനുയോജ്യമായ ചിറകൾ നിലവിലുണ്ട്. സൗജന്യമായി മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്ത് അവയെ വളർത്തുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കിയാൽ മത്സ്യകൃഷി വിപുലമായി നടപ്പിലാക്കാൻ കഴിയുന്നതാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കണിയാരുകോണം, തോട്ടത്തിൽ, കാമ്പിക്കോണം, ഇട്ടിവാ, വെളുന്തറച്ചിറകൾ മണലുവെട്ടം കുളം എന്നിവ വേണ്ടരീതിയിൽ പുനരുദ്ധരിച്ചാൽ ആദായകരമായ മത്സ്യകൃഷി നടപ്പിലാക്കാവുന്നതാണ് പഞ്ചായത്തു കുളങ്ങൾ ഇതിലേക്ക് പാട്ടത്തിന് വിട്ടുകൊടുക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ആധുനിക രീതിയിലുള്ള ഫിഷ് സ്റ്റാളുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിച്ച് കുറഞ്ഞവിലക്ക് ഗുണമേൻമയേറിയ മത്സ്യം വിതരണം നടത്താൻ കഴിയും. മേൽ പറഞ്ഞ പദ്ധതി നടപ്പിലാക്കുന്നതു വഴി കുറേപേർക്കെങ്കിലും തൊഴിൽ അവസരങ്ങൾ നൽകാൻ കഴിയുന്നതാണ്. മത്സ്യക്കർഷകർക്ക് വമ്പിച്ച ആദായവും ഉണ്ടാകുന്നതാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. മലപ്പേമുക്ക്

1. നല്ലയിനം സങ്കരയിനത്തിൽപെട്ട പശുക്കളെ കർഷകർക്ക് വിതരണം ചെയ്യുക
2. പുൽകൃഷി നടത്തുന്നതിനുള്ള സാമ്പത്തിക സഹായം കർഷകർക്ക് നൽകുക
3. ആയിരവല്ലിയിൽ മൃഗാശുപത്രി തുടങ്ങുക

2. കീഴ്തോണി

1. വാർഡിൽ ഒരു മിൽക്ക് സൊസൈറ്റി സ്ഥാപിക്കുക.
2. കോഴി വളർത്തൽ കേന്ദ്രം തുടങ്ങുക
3. നല്ലയിനം സങ്കരയിനത്തിൽപെട്ട പശുക്കളെ കർഷകർക്ക് 50% സബ്സിഡിയിനത്തിൽ നൽകുക.

3. ഇട്ടിവാ

5. ഫിൽഗിരിയിൽ ഒരു പാൽ വിപണനകേന്ദ്രം ആരംഭിക്കുക
5. താഴ്ന്ന വരുമാനക്കാർക്ക് കന്നുകാലികളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും ലോൺ സബ്സിഡിയിനത്തിൽ ലഭ്യമാക്കുക.

4. കോട്ടുക്കൽ

1. അത്യുൽപാദനശേഷിയുള്ള ആടുമാടുകളെക്കുറിച്ച് ഇന്ന് വേണ്ടത്ര പരിജ്ഞാനം ലഭിക്കാത്ത കർഷകർക്ക് പരിശീലനം കൊടുക്കുക.
2. വാർഡിലേക്ക് ആവശ്യമുള്ള കാലിത്തീറ്റയും കോഴിത്തീറ്റയും ഉൽപാദിപ്പിക്കുന്നതിന് ഉലപാദന വിപണനയൂണിറ്റ് ആരംഭിക്കണം
3. തീറ്റപുൽകൃഷിക്ക് ആവശ്യമായ വിത്തും വളവും സൗജന്യമായി ലഭ്യമാക്കുക.
4. കോഴിവളർത്തൽ കേന്ദ്രം, മത്സ്യക്കൃഷി, മുയൽ വളർത്തൽ എന്നിവ വാർഡിൽ ആരംഭിക്കുക.
5. ക്ഷീരോൽപന്ന യൂണിറ്റുകൾ തുടങ്ങുക.

5. ശ്രാങ്ങോട്

1. കോഴി,മുയൽ വളർത്തൽ യൂണിറ്റുകൾ ആരംഭിക്കണം
2. അത്യുൽപാദനശേഷിയുള്ള സങ്കരയിനം പശുക്കളെ കർഷകർക്ക് കുറഞ്ഞ വിലയ്ക്ക്നൽകുക.
4. തീറ്റപ്പുൽകൃഷിക്ക് ആവശ്യമായ വിത്തും വളവും സൗജന്യമായി നൽകുക.

6. വടക്കേകോട്ടുക്കൽ

1. ക്ഷീരോൽപാദനം വർദ്ധിപ്പിക്കാൻ സങ്കരയിനം വർഗ്ഗത്തിൽപെട്ട പശുക്കളെ സബ്സിഡിനിരക്കിൽ കൊടുക്കുകയും, തൊഴുത്ത് കെട്ടി പശുക്കളെ സംരക്ഷിക്കുവാനും ഉള്ള സഹായം നൽകുക.
2. ഇറച്ചിക്കോഴി മുട്ടക്കോഴി വളർത്തൽ, മുയൽവളർത്തൽ കേന്ദ്രങ്ങൾ, മത്സ്യക്കൃഷി ഇവ ആരംഭിക്കുക.
3. മത്സ്യവിപണനതൊഴിലാളികൾ ധാരാളം പേർ കോട്ടുക്കൽ മാർക്കറ്റിൽ മത്സ്യം വിറ്റ് ജീവിക്കുന്നരാണ് ആകയാൽ ഒരു മത്സ്യതൊഴിലാളി സഹകരണസംഘം ഉണ്ടാകണം
4. നല്ലയിനം കാലിത്തീറ്റ സൗജന്യമായി കർഷകർക്ക് ലഭ്യമാക്കണം.
5. കറവപശുക്കളെ വാങ്ങുന്നതിന് കർഷകർക്ക് ബാങ്കിൽനിന്നും വായ്പ ഉദാരമാക്കുക.
6. കോട്ടുക്കൽ കേന്ദ്രീകരിച്ച് കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

7. പടിഞ്ഞാറേ വയലാ

1. കന്നുകാലികൾക്ക് ചികിത്സാ സൗകര്യമുണ്ടാക്കുക
2. സങ്കരയിനം പശുക്കളെ കർഷകർക്ക് വിതരണം ചെയ്യുക. തൊഴുത്തുകൾ ഉണ്ടാക്കുന്നതിനും സഹായംനൽകുക.
3. കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുക.
4. പുൽകൃഷിക്കുള്ള സഹായം ലഭ്യമാക്കുക

8. കിഴക്കേ വയലാ.

1. കാലിത്തീറ്റ വിലകുറച്ച് ലഭ്യമാക്കുക.
2. കോഴിവളർത്തൽ മുയൽവളർത്തൽ, പന്നിവളർത്തൽ ഇവക്ക് സഹായം നൽകി പ്രോത്സാഹിപ്പിക്കണം.
3. തീറ്റപ്പുൽകൃഷിനടത്താൻ സഹായിക്കണം.
4. ഇവിടെതന്നെ ഒരു പാൽ സൊസൈറ്റി ഉണ്ടാകണം.

9. മണ്ണൂർ

1. തീറ്റപ്പുൽകൃഷി നടത്താൻ സഹായിക്കണം.
2. കാലിത്തീറ്റ വിലകുറച്ച് ലഭ്യമാക്കുക.
2. കോഴിവളർത്തൽ, മുയൽവളർത്തൽ, പന്നിവളർത്തൽ ഇവ തുടങ്ങുക

10 തുടയന്നൂർ

1. കാട്ടാമ്പള്ളിയിൽ ഒരു മിൽക്ക് സൊസൈറ്റി സ്ഥാപിക്കുക

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

2. വാർഡിൽ ഒരു ഐ. സി. ഡി. പി സെൻറർ സ്ഥാപിക്കുക.
3. ഇറച്ചി ക്കോഴിവളർത്തൽ യൂണിറ്റ് പശുവളർത്തൽ, ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.
4. ഒരു കാലിത്തീറ്റ ഫാക്ടറി തുടങ്ങുക.
5. പുൽകൃഷിയെ പ്രോത്സാഹിപ്പിക്കുക.

11. ചാണപ്പാറ

1. കന്നുകാലികളെ സംരക്ഷിക്കുന്നതിനു വേണ്ടി സാമ്പത്തിക സഹായം നൽകുക..
2. കോഴി, വളർത്തൽ മുയൽവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക
3. പുൽ കൃഷി വ്യപിപ്പക്കുന്നതിന് വത്തും വളവും സൗജന്യമായി നൽകുക.

12. ചരിപ്പറമ്പ്

1. കോഴിവളർത്തൽ, മുയൽവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.
2 സങ്കരയിനം കന്നുകാലികളെ സബ്സിഡിയോടുകൂടി കർഷകർക്ക് നൽകുക.
3. തീറ്റപുൽകൃഷി വ്യാപിപ്പിക്കുക.

13 ചുണ്ട

1. കറവപ്പശുക്കളെ വാങ്ങുന്നതിന് ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള നിയമങ്ങൾ ലളിതമാക്കുക.
2. ചുണ്ട ഐ. സി. ഡി. പി സബ്സെൻററിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുക.
3. വളർത്തുനായ്ക്കൾക്ക് ലൈസൻസും പ്രതിരോധ കുത്തിവെയ്പ്പും നിർബന്ധമാക്കുകയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കളെ കൊല്ലാനുള്ള സംവിധാനം ഉണ്ടാക്കകയും
4. വാർഡിലെ മുഴുവൻ കുടുംബങ്ങൾക്കും മുട്ടക്കോഴികളെ വിതരണം ചെയ്യുക

ഒരു ഗ്രാമത്തിൽ അല്ലെങ്കിൽ നഗരത്തിൽ ഏതുതരം വികസനമാണ് വേണ്ടതെന്നും, അതിന് എത്ര പണം വേണമെന്നും കണക്കാക്കിഅക്കാര്യം ഗവൺമെൻറിനോട് പറഞ്ഞ് ആഗ്രാമത്തിൻേറയോ നഗരത്തിൻെറയോ പദ്ധതി തയ്യാറാക്കുക; അതിന് സംസ്ഥാന കേന്ദ്ര ഗവൺമെൻറുകളിൽ നിന്നും കിട്ടാവുന്നതിൻെറ പരമാവധി ഫണ്ട് വാങ്ങുക; അതോടൊപ്പം പണമായോ സാധനങ്ങളായോ ശ്രമദാനത്തിൻെറ രൂപത്തിലോ നാട്ടുകാരിൽ നിന്നും മറുനാടൻ മലയാളികളിൽ നിന്നും ശേഖരിക്കുകകൂടി ചെയ്യുക- ഇതിനുള്ള സന്നദ്ധത ജനങ്ങളിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിന് ജനങ്ങളെയാകെ തയ്യാറാക്കലാണ് ജനകീയാസൂത്രണം.

ഇ.എം.എസ്.

കുടിവെള്ളവും പൊതുജനാരോഗ്യവും



ജലയും സുഫലയുമായ നമ്മുടെ സംസ്ഥാനത്ത് ആണ്ടിൽ 9 മാസം മഴ ലഭിക്കുന്നു. 41 നദികൾ കേരളത്തിലൂടെ ഒഴുകി അറബിക്കടലിൽ പതിക്കുന്നു ഒമ്പതു നദികളിലായി 28 ജലസംഭരണികളാണുള്ളത്. വേമ്പനാട്ടു കായൽ, അഷ്ടമുടിക്കായൽ, കാവായി ക്കായൽ തുടങ്ങിയ വൻ കായലുകൾ ഉൾപ്പെടെ മുപ്പതിലധികം ജലാശയങ്ങൾ കേരളത്തിലുണ്ട്. ശാസ്താം കോട്ടയിലെ ശുദ്ധജലതടാകം കേരളത്തന്റെ അനുഗ്രഹമാണ്. പശ്ചിമതീരത്ത് 600 കിമീറ്റർ സമുദ്രവുമാണ്. ഇത്രയും ജലസമ്പത്തുള്ള കേരളത്തിന്റെ കാലാവസ്ഥ സുഖകരമായ ദിനങ്ങളാണ് സംഭാവന ചെയ്യുന്നത് ഇന്ത്യയിലെ ആകെ ജലസമ്പത്തിന്റെ 5% കേരളത്തിന്റേതാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

ജലസമ്പത്തിൽ യാതൊരുകുറവുമില്ലെങ്കിലും ചില വൈരുദ്ധ്യങ്ങൾ നമ്മെ അലട്ടുന്നുണ്ട്. ഇവിടെ പെയ്തു കിട്ടുന്ന മഴവെള്ളം ഒരു മണിക്കൂർ കൊണ്ട് കടലിലെത്തുന്നു. അതിവിസ്തൃതമായ സമതലമില്ലാത്ത ഭൂപ്രകൃതി നിമിത്തമാണിതു സംഭവിക്കുന്നത് ഇവിടെ മഴമൂലം ലഭിക്കുന്ന വെള്ളത്തിന്റെ അളവ് പരിശോധിച്ചാൽ പ്രതിദിനം 4500 ലിറ്റർ ആളോഹരിയായി ലഭിക്കുമെന്ന് കാണുന്നു. ഈ ജലമാകെ ഒഴുകിപോകുമെന്നതിനാൽ നമുക്കാവശ്യമുള്ള ജലം കിട്ടാതെവരുന്ന വൈരുദ്ധ്യത്തെയാണ് നമുക്ക് നേരിടേണ്ടത്. കുടിവെള്ളക്ഷാമം, ജലസേചനത്തിനുള്ള ജല ദൗർലഭ്യം എന്നിവ നാം നേരിടുന്ന പ്രശ്നങ്ങളാണ്.

കേരളത്തിൽ 0.8% പേർക്ക് മാത്രമേ പൂർണ്ണമായും ശുദ്ധജലം ലഭിക്കുന്നുള്ളൂ 32 % പേർക്ക് ഭാഗികമായി കുടിള്ളെം കിട്ടുമ്പോൾ 16 % പേർക്ക് ഒരു തൊട്ടികുടിവെള്ളം മാത്രം ലഭിക്കുന്നുള്ളൂ. പട്ടണവാസികളിൽ 71 % പേർക്ക് കുടിവെള്ളം ലഭിക്കുമ്പോൾ ഗ്രാമീണരിൽ 19 % പേർക്കു മാത്രമേ കുടി നീർ ലഭിക്കുന്നുള്ളൂ. എല്ലാവർക്കും ശുദ്ധജലം എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ കേരളസർക്കാർ 1966-67 മുതൽ 91-92 വരെ ഈ രംഗത്ത് 435 കോടിയലധികം രൂപ മുടക്കുകയുണ്ടായെങ്കിലും സ്ഥിതി ഒട്ടും മെച്ചപ്പെട്ടിട്ടില്ല എന്നതാണ് വാസ്തവം. ഇന്നത്തെ കേന്ദ്രീകൃതാസൂത്രണ ശൈലിയിൽ മുന്നോട്ടുപോയാൽ 1535 കോടു രൂപാ മുടക്കി 21 വർഷം കൊണ്ട് എല്ലാവർക്കും കുടിവെള്ളമെത്തിക്കാൻ സാധിക്കും. പക്ഷേ 21 വർഷം കഴിയുമ്പോൾ ഉണ്ടാകുന്ന ജനസംഖ്യ എത്രയെന്ന് ഇപ്പോൾ തിട്ടപ്പെടുത്താനാവില്ല.

ജലസംരക്ഷണത്തിൽ ബഹുജന പങ്കാളിത്തമുണ്ടാവുകയും, ജലസംഭരണത്തിൽ ശാസ്ത്രീയത പുലർത്തുകയും, ഉപയോഗത്തിൽ മിതത്വം പാലിക്കുയും ചെയ്താലേ ഈ രംഗത്തുള്ള പ്രതസന്ധി നമുക്ക് തരണം ചെയ്യാൻ സാധിക്കുകയുള്ളൂ.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളെയാണ്ആശ്രയിക്കുന്നത്. പരമ്പരാഗത സ്രോതസ്സുകളെ മാത്രം ആശ്രയിക്കുന്നതുകൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കുടിവെള്ളക്ഷാമംഉണ്ടാകാറുണ്ട്. ഈ സ്ഥിതി വിശേഷത്തിൽ നമുക്ക് ആകെ ആവശ്യമുള്ള കുടിവെള്ളം എത്ര? ഇപ്പോൾ ലഭ്യമാകുന്നത് എത്ര ഇവ തമ്മിലുള്ള വ്യത്യാസമെന്ത്? എന്നീ കാര്യങ്ങൾ തിട്ടപ്പെടുത്തിയാലേ ശാസ്ത്രീയമായ ഒരു പരിഹാരം കണ്ടെത്താനാവുകയുള്ളൂ.

പഞ്ചായത്തിൽ ആകെ 4832 കിണറുകളാണുള്ളത്. ഇതിൽ 2119 കിണറുകളിൽ ഒരിക്കലും വെള്ളം വറ്റാറില്ല. 2713 കിണറുകൾ വേനൽക്കാലത്ത് വറ്റുന്നവയാണ്. പഞ്ചായത്തിൽ 15 കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗവും പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമല്ല.

പട്ടിക - 1

ശുദ്ധജലശ്രോതസുകൾ

കിണറുകൾ				കുഴൽ കിണറുകൾ	മൊത്തം കിണറുകൾ
പൊതുകിണറികൾ		സൗകര്യ കിണറുകൾ			
വെള്ള മുള്ളത	വെള്ളമി ല്ലാത്തത്	വെള്ള മുള്ളത	വെള്ള മില്ലാത്ത		
31	7	2119	2713	15	4885

മഴവെള്ളം ശരിയായ രീതിയിൽ കെട്ടി നിറുത്തി ഭൂഗർഭജലസ്രോതസ്സുകൾ നിലനിറുത്തിയാൽ മാത്രമേ കുടിവെള്ള ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുവാൻ കഴിയുകയുള്ളൂ.

പഞ്ചായത്തിലെ കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

പഞ്ചായത്ത് അടിസ്ഥാനത്തിൽ 13 വാർഡുകളിലും കുടിനീർ പ്രശ്നം വളരെ രൂക്ഷമാണ് . ഒന്നാം

SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT

വാർഡായ മലപ്പേരർ ഇത്തിക്കരആറിനോട് ചേർന്ന് കിടക്കുന്നു. എങ്കിലും മഞ്ഞപ്പാറ, മൂന്നുമുക്ക്, ഇബ്രാഹിംകുട്ടി ജംഗ്ഷൻ, നിരപ്പിൽ ഭാഗം, സമഭാവന, പള്ളിമുക്ക്, അമ്പലംമുക്ക്, ഗാന്ധിനഗർ എന്നിവടങ്ങളിൽ കുടിവെള്ള ക്ഷാമം നലനിൽക്കുന്നു. മലപ്പേരൂർ IHDP കോളനി ചിതറ ശുദ്ധജലവിതരണ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഇത്തിക്കര ആറ്റിൽ വാട്ടർ ടാങ്കുകൾ കെട്ടി പൈപ്പുലൈനുകൾ സ്ഥാപിക്കുകയും കുഴൽ കിണറുകൾ കുഴിക്കുകയും ചെയ്യണം.

രണ്ടാം വാർഡായ കീഴ്തോണിയിൽ പാറക്കെട്ടുകളുൾ, കുന്നുകളും ആയതുകൊണ്ട് ഭൂരിഭാഗം കിണറുകളിലും കുടിവെള്ളം ലഭ്യമല്ല ഇവിടെ പേരയത്തു കുന്ന്, കുറ്റിയാം മുട്ടിൽ മിച്ചഭൂമി, പന്നിപ്പാറമുകൾ, തോണിയോടുകുന്നുംപുറം, പുളിമുട്ടിൽ കുന്നുംപുറം, ചാവർ വാഴോട്ട് കുന്നുംപ റം, എന്നീ സ്ഥലങ്ങളിൽ കുടിനീർ ക്ഷാമം രൂക്ഷമായുണ്ട്.

ചിതറശുദ്ധജലവിതരണണ പദ്ധതിയുടെ കടയ്ക്കൽ- ചടയമംഗലം പൈപ്പുലൈൻ പന്നിപ്പാറ, കീഴ്തോണി എൽ. പി. എസ്., തോണിയോട് കുന്നും പുറം എന്നീ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ച് ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. കീഴ്തോണി കുന്നും കുഴിയിൽ ജലസാന്ദ്രതകൂടുതലുള്ളതിനാൽ അവിടെ ഒരു വാട്ടർടാങ്ക് നിർമ്മിച്ച് ജലവിതരണ പദ്ധതിക്ക് തുടക്കം കുറിക്കാവുന്നതാണ്. ഇതിലൂടെ ഇട്ടിവ, മലപ്പേരൂർ വാർഡുകളിലെ വയ്യാനം, കുണ്ടയം, വട്ടത്രാമല, മഞ്ഞപ്പാറ, പാവൂർ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും.

മൂന്നാം വാർഡായ ഇട്ടിവായിലാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ രൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്നത്. മലഞ്ചരിവുകളും, പാറകളും നിറഞ്ഞ കാവടിക്കുന്നും പുറത്തും, ഫിൽിരി സെൻറ് ജോസഫ് പള്ളിക്ക് സമീപമുള്ള പ്രദേശങ്ങളിലും, പാറക്കടവ് കുന്നും പുറത്തും അതിരൂക്ഷമായ കുടിവെള്ള പ്രശ്നം നിലനിൽക്കുന്നു. വേനൽകാലത്ത് ഇവിടങ്ങളിലെ കിണറുകളിൽ ജലവിതാനം താഴുന്നത് ഈ വാർഡിൻെറ കുറുകെ ഒഴുകുന്ന ചെറുകുളം-കാവുങ്കൽ തോട്ടിലെ മണലൂറ്റ് നിമിത്തമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇട്ടിവാ വാർഡിൻേറയും ചുണ്ടവാർഡിൻെറയും സംഗമസ്ഥലമായ പത്തായക്കുഴിതോട്ഭാഗം നീരൊഴുക്ക് നിലയ്ക്കാത്ത പ്രദേശമാണ് . ഇവിടെ ചെക്ക് ഡാം കെട്ടി ടാങ്ക് പണിത് അതിൽ ജലം സംഭരി സമീപപ്രദേശങ്ങളായ കാവടിക്കുന്നും പുറം, വയല, പാറക്കടവ്, വിളയിൽഭാഗം, പൈവിള, തോട്ടും മുക്ക് എന്നിവടങ്ങളിൽ പൈപ്പുലൈനുകളിലൂടെ കുടിവെള്ളമെത്തിക്കുന്ന പദ്ധതിക്ക് തുടക്കം കുറിക്കുവാൻ കഴിയും.

നാലാം വാർഡായ കോട്ടുക്കലിൽ കുടിവെള്ള ക്ഷാമം ഏറിയും കുറഞ്ഞും നിൽക്കുന്നു. നെടുമ്പച്ച ലക്ഷം വീട് കോളനി, മേലേ മേളയ്ക്കാട്, നെടുങ്ങോട്ടുകോണം, കൊളുവേൽ, ഇരുമ്പുകട ജംഗ്ഷൻ എന്നി സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കുഴൽ കിണറുകളും, പൊതുകിണറുകളും കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

അഞ്ചാം വാർഡായ ത്രാങ്ങോടിൽ കൊളുവേൽ കോളനി വടക്കേകോണം, കാരിക്കപൊയ്ക, കൊല്ലം കൊണം, ആലംകോട്, ശ്രീകൃഷ്ണ സ്വാമിക്ഷേത്രം എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഇത്തിക്കര ആറിനോട് നേർന്നുകിടക്കുന്ന ഈ വാർഡിൽ എത്തിക്രയാറ്റിലെ മണലൂറ്റുമൂലം കിണറുകളിലെ ജലനിരപ്പ് താഴ്ന്നുപോകുന്നതായി ഗ്രാമസഭാചർച്ചയിൽ നിന്നും മനസ്സിലാക്കാം. ആറ്റിൻ തീരത്ത് വട്ടപ്പറമ്പ് കേന്ദ്രമാക്കി ഓവർഹെഡ് ടാങ്ക് നിർമ്മിച്ചാൽ ത്രാങ്ങോട്, മലപ്പേരൂർ വാർഡുകളിലെ പടിഞ്ഞാറെ പ്രദേശങ്ങളെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ കഴിയും.

ആറാം വാർഡായ വടക്കേ കോട്ടുക്കലിൽ ചേലപ്പള്ളി, നെടുപുറം, ക്ലാവോട്, ആലംകൊട്, കോട്ടപൊയ്ക, ത്രാങ്ങോട്, കളിക്കളം, പൊയ്കമുക്ക് വഞ്ചിമുക്ക് എന്നിവടങ്ങളിലിലാണ് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. ഇത്തിക്കരയാറ്റിൽ ആനപ്പുഴയ്ക്കൽ എന്ന സ്ഥലത്ത് താഴ്ചയുള്ള കിണർ കുഴിച്ച് ടാങ്ക് കെട്ടി ജലം ശേഖരിച്ച് വാർഡിൽ എല്ലാ സ്ഥലങ്ങളിലും ശുദ്ധജലം എത്തിക്കാൻ കഴിയും. ആവശ്യമായ കുഴൽ കിണറുമ ഉണ്ടാക്കണം.

പടിഞ്ഞാറേവയലയിൽ വലിയ തോതിൽ കുടിവെള്ളക്ഷാമം ഇപ്പോഴില്ലകിലും പൈവികുനി, തോട്ടംമുക്ക്, കാഞ്ഞിരം വിള എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം നിലനിൽക്കുന്നുണ്ട്. കുമാരനല്ലൂർ കേന്ദ്രമാക്കി ആറ്റിൽ ഒരു ശുദ്ധജല വിതരണ പദ്ധതി തുടങ്ങാവുന്നതാണ്. ഇതിന് അലയമൺ പഞ്ചായത്തുമായി സഹകരിച്ചാൽ ഒരു വലിയ പദ്ധതിക്ക് തുടക്കം കുറിക്കാൻ കഴിയും.

എട്ടാം വാർഡായ കിഴക്കേവയലായിൽ വിളയിൽ ഭാഗം, കോവൂർ ലക്ഷംവീടുകോളനി ഏലാറോഡ് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം നിലനിൽക്കുന്നു. പത്തായക്കുഴി ജലവിതരണ പദ്ധതി ആരംഭിച്ചാൽ ഈ പ്രദേശങ്ങളിൽ ശുദ്ധജല മെത്തിക്കാൻ കഴിയും അല്ലെങ്കിൽ കുഴൽ കിണർ കുഴിക്കുകയോ നിവൃത്തിയുള്ളു.

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

കുടിവെള്ളം: പ്രശ്നപ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും		
	കുടിവെള്ളക്ഷാമം ഉള്ള സ്ഥലങ്ങൾ	നിർദ്ദേശിക്കപ്പെട്ട പരിഹാരങ്ങൾ
മലപ്പേരൂർ	മഞ്ഞപ്പാറ, മൂന്ന് മുക്ക്, ഇബ്രാഹിംകുട്ടി ജംഗ്ഷൻ, നിരപ്പിൽ പ്രദേശം, സമഭാവന പള്ളിമുക്ക്, അമ്പലം മുക്ക് ഭാഗം, ഗാന്ധിനഗർ എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.	മലപ്പേരൂർ വാർഡിൽ ഇത്തിക്കര ആറ്റിൽ വാട്ടർടാങ്കുകൾ കെട്ടി പൈപ്പ്ലൈൻ സ്ഥാപിക്കുക. കുഴൽക്കിണർ കുഴിക്കുക.
കീഴ്ത്തോണി	പേരയത്ത് കുന്ന്, കുറ്റിയാംമുട്ടിൽ, മിച്ചഭൂമി, പന്നിപ്പാറമുകൾ, തോണിയോട് കുന്നുംപുറം, പുളിമൂട്ടിൽ കുന്നുംപുറം, ചവർ വാഴോട്ട് കുന്നുംപുറം, കന്നുകുഴി.	കടയ്ക്കൽ പഞ്ചായത്തിൽ നിന്ന് ചടയമംഗലത്തേക്ക് പോകുന്ന പൈപ്പ്ലൈൻ പന്നിപ്പാറ, കീഴ്ത്തോണി, L.P.S തോണിയോട്, കുന്നുംപുറം എന്നീ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കണം, കുന്നുകുഴി എന്ന സ്ഥലത്ത് ടാങ്ക് നിർമ്മിക്കണം.
ഇട്ടിവാ	പാറക്കടവ് കുന്നുംപുറം, ഫിൽഗിരി സെന്റ് ജോസഫ് പള്ളിയുടെ സമീപപ്രദേശം, കാവഴി കുന്നുംപുറം.	ഇട്ടിവാ വാർഡിൽ പത്തായക്കുഴിയിൽ വാട്ടർടാങ്ക്കെട്ടി പാറക്കടവ് കുന്നുംപുറത്ത് കേന്ദ്രീകരിച്ച് ഒരു ജലവിതരണ പദ്ധതി ഉണ്ടാക്കാവുന്നതാണ്, കുഴൽക്കിണർ കുഴിക്കുക.
കോട്ടുക്കൽ	നെടുമ്പച്ച ലക്ഷംവീട്, തമ്പുരാൻമുക്ക്, മേളയ്ക്കാട്, നെടുങ്ങോട്ടുകോണം, ഇരുമ്പുകട.	കുഴൽക്കിണറും, പൊതുക്കിണറും കുഴിക്കുക.
ത്രാങ്ങോട്	കൊളുവേൽ കോളനി, വടക്കേകോണം, കാരിയ്ക്കപൊയ്ക, കൊല്ലകോണം, ആലംകോട് ശ്രീകൃഷ്ണസ്വാമിക്ഷേത്രം.	ഇത്തിക്കര ആറ്റിന്റെ തീരത്ത് വട്ടപ്പറമ്പ് എന്ന സ്ഥലത്ത് ഓവർഹെഡ്ടാങ്ക് നിർമ്മിക്കുക.
വടക്കേ കോട്ടുക്കൽ	ചേലപ്പള്ളി, നെടുപ്പുറം, ക്ലാവോട്, ആലംകോട്, കോട്ടപ്പൊയ്ക, ത്രാങ്ങോട്, കളിക്കളം, പൊയ്കമുക്ക്, പള്ളിമുക്ക്, കൊച്ചുതമ്പുരാൻമുക്ക്	ഇത്തിക്കര ആറ്റിൽ ആനപ്പുഴയ്ക്കൽ എന്ന സ്ഥലത്ത് താഴ്ചയുള്ള കിണർകുഴിച്ച് ടാങ്ക് കെട്ടി ജലം ശേഖരിച്ച് വിതരണം ചെയ്യുക. കുഴൽക്കിണറുകളും, പൊതുക്കിണറുകളും കുഴിക്കുക.
പടിഞ്ഞാറേ വയലാ	കൂനിപൈവിള, തോട്ടംമുക്ക്, പാറക്കടവ്, കാഞ്ഞിരംവിള.	കുമരനെല്ലൂർ ആറ്റിൽ കേന്ദ്രമാക്കി ഒരു ജലവിതരണ പദ്ധതി ആരംഭിക്കുക.
കിഴക്കേ വയലാ	വിളയിൽഭാഗം, കോവൂർ ലക്ഷംവീട് കോളനി, കോവൂർ ഏലാ റോഡ്.	വാർഡു മുഴുവൻ ജലവിതരണ പദ്ധതിക്ക് തുടക്കം കുറിക്കുക.
മണ്ണൂർ	കാടാമ്പള്ളി, കിണറ്റുമുക്ക്	മണ്ണൂർ, ആറ്റിൽ ടാങ്ക് നിർമ്മിച്ച് എല്ലാ വീട്ടിലും വെള്ളം എത്തിക്കുവാൻ പൈപ്പ് ലൈൻ സ്ഥാപിക്കുക.
തുടയന്നൂർ	വട്ടപ്പാട്, പാറക്കെട്ട് കോളനി, പാലനിരപ്പ്, ഇഞ്ചിമുക്ക്, കുറിച്ചിമുകൾ.	വാർഡിന്റെ കിഴക്ക് ഉരിയരികുന്ന് എന്ന സ്ഥലത്ത് ആറ്റിൽ ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടിന് സാദ്ധ്യതയുണ്ട്. ഇതിനു വേണ്ടി സംഭരിക്കുന്ന ജലം ശുദ്ധീകരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.
ചാണപ്പാറ	തേരിക്കോട്, ചാണപ്പാറ, മൂലബൗണ്ടർ, മണലുവട്ടം.	ചിതറ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡിൽ മുഴുവൻ കുടിവെള്ളം എത്തിക്കുവാൻ കഴിയും, പൊതുക്കിണറുകൾ കുഴിക്കുക.
ചരിപ്പറമ്പ്	ഊറ്റുകുഴി, ചരിപ്പറമ്പ്, കുന്നുംപുറം, മുട്ടോടിക്കാവ്, പോങ്ങുമല, ചെമ്പമൺ.	ചിതറ പദ്ധതിയിൽ ഉൾപ്പെടുത്തുക, ചരിപ്പറമ്പ്, തുടയന്നൂർ വാർഡുകൾ കേന്ദ്രീകരിച്ച് വട്ടപ്പാട്, ചാവരുകാവ്, ഇത്തിക്കര ആറ്റിൽ ജലവിതരണ പദ്ധതി തുടങ്ങാവുന്നതാണ്.
ചുണ്ട	പട്ടാണിമുക്ക്, ലക്ഷംവീട്, പാറവിള, വാച്ചിക്കോണം, ചുണ്ട, വരയടി, വയ്യാനം, മൊട്ടയംകുന്ന്, മുത്തൻകുഴി.	ചിതറ വാട്ടർ പദ്ധതിയിൽ ഉൾപ്പെടുത്തുക, മുത്തൻകുഴിയിൽ കേന്ദ്രീകരിച്ച് വാട്ടർടാങ്ക് നിർമ്മിക്കുക.

ഒൻപതാം വാർഡായ മണ്ണൂർ, കാട്ടാംമ്പള്ളി, കിണറ്റുമുക്ക് എന്നിവടങ്ങളിലെ കുടിവെള്ളക്ഷാമം മണ്ണൂർ ആറ്റിൽ നിന്നും ജലം സംഭരിച്ച് എല്ലാ ഭവനങ്ങളിലും എത്തിക്കുവാൻ പദ്ധതി തയ്യാറാക്കാവുന്നതാണ്.

പത്താം വാർഡായ തുടയന്നൂരിൽ വട്ടപ്പാട്, പാറക്കെട്ട് കോളനി, പാലനിരപ്പ്, ഇഞ്ചിമുക്ക്, കുറിച്ചിമുകൾ എന്നീ പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. വാർഡിന് കിഴക്ക് ഉരിയരിക്കുന്ന് എന്ന സ്ഥലത്ത് ആറ്റിൽ ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടിനു വേണ്ടി (ഊർജ്ജം റിപ്പോർട്ട് കാണുക) ഉപയോഗിക്കുന്ന ജലം ശുദ്ധീകരിച്ച് കുടിവെള്ളത്തിനായി ഉപയോഗിക്കാവുന്നതാണ് . ഇൂ വാർഡും ശുദ്ധജല പതിയുടെ സമീപപ്രദേശമാണ്.

പതിനൊന്നാം വാർഡായ ചാണപ്പാറയിൽ തേരിക്കോട്, ചാണപ്പാറ. മണലുവെട്ടം എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം, അനുഭവപ്പെടുന്നു. ചിതറ ശുദ്ധജല വിതരണ പദ്ധതിടെ പ്രയോജനം പൂർണ്ണമായു് ലഭ്യമാക്കണം. പൊതുകിണറുകളും നിലവിലുള്ള കുഴൽ കിണറുകളും ഉപയോഗ യോഗ്യമാക്കണം

പന്ത്രണ്ടാം വാർഡായ ചരിപ്പറമ്പിലെ, ഊറ്റുകുഴി, കുന്നും പുറം, പോങ്ങുമല, മുട്ടോടിക്കാവ്, ചെമ്പമൺ എന്നീ പ്രദേശങ്ങൾ പാറക്കെട്ടുകളും കുന്നിൻ പുറങ്ങളുമായതിനാൽ ജല സാന്ദ്രത നിലനിൽക്കുന്നില്ല കിണറുകൾ കുഴിക്കാൻ കഴിയാത്ത ഈ പ്രദേശങ്ങൾ കൂടി ചിതറ ശുദ്ധജല വിതരണ പദ്ധതിൽ ഉൾപ്പെടുത്തേണ്ടതാണ്. ചരിപ്പറമ്പ്, തുടയന്നർ, വാർഡുകൾ കേന്ദ്രീകരിച്ച് വട്ടപ്പാട് ചാവരുകാവ് എന്നീ സ്ഥലത്ത് ഇത്തിക്കരയാറ്റിൽ ഒരു പുതിയ ജലവിതരണ പദ്ധതി ആരംഭിച്ചാൽ ഏൂ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹിക്കാൻ കഴിയും.

പതിമൂന്നാം വാർഡായ ചുണ്ടയിൽ പട്ടാണിമുക്ക് ലക്ഷം വീട് പാറവിള, വാച്ചീക്കോണം, ചുണ്ട, വരയടി, വയ്യാനം, മൊട്ടയം കുന്ന്, മുത്തംകുഴി എന്നിവടങ്ങളിലാണ് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. ചിതറ ശുദ്ധജല വിതരണ പദ്ധതിയിൽ ഏൂ പ്രദേശങ്ങൾ ഉൾപ്പെടുത്തിഉൾപ്പെടുത്തി മുത്തംകുഴിയിൽ ഒരു സബ് ടാങ്ക് നിർമ്മിച്ച് ജലവിതരണ പദ്ധതി സ്ഥാപിച്ചാൽ ചരിപ്പറമ്പ് വാർഡിലെ ചെമ്പമൺ ഭാഗത്തും ചുണ്ട വാർഡിന്റെ തെക്കു വടക്ക് ഭാഗങ്ങളിലും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും

പൊതുജനാരോഗ്യം

ഒരു ക്ഷേമരാഷ്ട്രത്തിന്റെ പരമപ്രധാനമായ കടമയാണ് പൗരൻമാരുടെ ആരോഗ്യം പരിപൂർണ്ണമായ് സംരക്ഷിക്കുക എന്നത്. ആരോഗ്യമുള്ള ജനതയാണ് രാഷ്ട്രത്തിന്റെ സമ്പത്ത് എന്നതിൽ സംശയമില്ല. ആരോഗ്യം നിലനിർത്താനാവശ്യമായ ഭൗതിക സാഹചര്യം സൃഷ്ടിക്കുക, രോഗനിവാ;രണത്തിന് ഫലപ്രദമായ മാർഗ്ഗങ്ങള ആവിഷ്കരിക്കുക, രോഗപ്രതിരോധത്തിന് കരുതൽ നടപടികൾ കൈകൊള്ളുക എന്നിവയാണ് ഈ രംഗത്ത് ചെയ്യേണ്ടത്. ഈ രംഗങ്ങള ഫലപ്രദമായി കോർത്തിണക്കി പൗരന്റെ ആരോഗ്യം നിലനിറുത്തുക എന്നത് രാഷ്ട്രതെ നിലനിറുത്തുക എന്നത് തന്നെയാണ്. ശാരീരികവും, മാനസികവും, സാമൂഹികവുമായ സമ്പൂർണ്ണ സുസ്ഥിതിയാണ് ആരോഗ്യമ. ഇത് കേവലം രോഗവം ബലക്ഷയവും ഇല്ലാത്ത അവസ്ഥയല്ല. ശരിയായ ആരോഗ്യമെന്നാൽ ഒരു വ്യക്തയിടെ ശരീരത്തിലെ ആന്തരിക പരിസ്ഥിതിയും അവന്റെ ബാഹ്യപരിസ്ഥിതിയും തമ്മിലുള്ള പരപൂർണ്ണമാക്കുക എന്നതു തന്നെയാണ്.

ആരോഗ്യത്തെ സഹായിക്കുന്ന ഘടകങ്ങൾ ഇവയാണ്.

1. പോഷകാഹാരം
2. വ്യക്തിപരമായ ശുചിത്വം
3. ശുദ്ധവായു
4. ശുദ്ധജലം
5. പരിസര ശുചിത്വം
6. പ്രാണികളുടേയും കീടങ്ങളുടേയും നിയന്ത്രണം
7. വിശ്രമം
8. വിനോദം
9. വ്യായാമം

ആരോഗ്യത്തെ തകർക്കുന്ന ഘടകങ്ങൾ

1. പരിസര ശുചിത്വമില്ലായ്മ
2. വൃത്തിഹീനമായ ശീലങ്ങൾ
3. പരിസ്ഥിതി മലിനീകരണം
4. പോഷകദൗർലഭ്യം
5. സൂക്ഷ്മജീവികളുടെ ആക്രമണം
6. ശരീരത്തിലെ പ്രതിരോധ സംവിധാനത്തിലെ തകരാറുകൾ
7. അനാരോഗ്യകരമായ ശീലങ്ങൾ
   1. പുകവലി
   2. ലഹരി വസ്തുക്കളുടെ ഉപയോഗം
   3. മദ്യാസക്തി

മേൽപ്പറഞ്ഞ അനുകൂല പ്രതികൂല ഘടകങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുക എന്നതാണ് ഈ രംഗത്തെ കർമ്മപരിപാടി

പട്ടിക 1

ചില സാംക്രമിക രോഗങ്ങളുടെ കാരണങ്ങൾ, ലക്ഷണങ്ങൾ, പ്രതിരോധം

രോഗം	രോഗാണു	രോഗലക്ഷണങ്ങൾ	പകരുന്നവിധം	പ്രതിരോധമാർഗ്ഗങ്ങൾ
1.ഇൻഫ്ളുവൻസ്	വൈറസ്	തലവേദന, പനി,ക്ഷീണം, ശരീരക്ഷീണം	വായു	ജനത്തിരക്ക്, താപവ്യതിയാനം, ചുമക്കുകയും തുമ്മുകയുചെയ്യുമ്പോൾ മൂക്കും വായും പൊത്തുക
2.ടൈഫോയിഡ്	ബാക്ടീരിയ	ശകതിയായ പനി, തലവേദന വയറിളക്കം അല്ലെങ്കിൽ, മലബന്ധം.	ജലം, ആഹാരം	പ്രതിരോധകുത്തിവെയ്പ്പ്, ഈച്ചകളുടെ നിയന്ത്രണം ഭക്ഷണപാനീയങ്ങൾഅടച്ച് സൂക്ഷിക്കുക.
3. ചൊറി	ചൊറിച്ചെള്ള്	ചൊറിച്ചിൽ, ചർമ്മത്തിൽ നീര് നിറഞ്ഞ കുമിളകളും നിരയായുള്ള ചൊറിയുന്ന പാടുകളും	സഹവാസം	ശുചിത്വം, തൊക്ക് കഴുകിവൃത്തിയാക്കുക
4.മഞ്ഞപ്പിത്തം	വൈറസ്	ശരീരകലകളുടേയും, ദ്രവ ങ്ങളുടേയുംനിറം മാറുക, മൂത്രം ,തൊക്ക് കണ്ണിന്റെറ വെളുത്ത ഭാഗം ഇവ മഞ്ഞിക്കുക	ജലം	ശുദ്ധജലം ഉപയോഗിക്കുക. വിസർജ്ജ്യങ്ങൾ ശരിയായ രീതിയിൽ മറവ് ചെയ്യുക.
5 അഞ്ചാം പനി,	വൈറസ്	പനി, തുമ്മൽ, ചുമ, കണ്ണിനുചുവപ്പ്മുഖത്തും ശരീരത്തും പ്രത്യക്ഷപ്പെ ടുന്നചുവന്ന തടുപ്പ്.	വായു	പൂർണ്ണ വിശ്രമം, ശ്വാസകോശവീക്കം പോലെയുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻശ്രദ്ധിക്കുക.
6. ചിക്കൻ പോക്സ്	വൈറസ്	പനി, ത്വക്കിൽ ചലം നിറഞ്ഞ കുമിളകൾ	വായു	പൂർണ്ണ വിശ്രമം, ശുചിത്വം.

ആധുനിക വൈദ്യശാസ്ത്രം വളരെയധികം പുരോഗമിച്ചിട്ടുണ്ട്. ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവെക്കൽ, പ്ലാസ്റ്റിക് സർജറി, തുടങ്ങിയവ ഇന്ന് ഏറെക്കുറെ സർവ്വ സാധാരണങ്ങളുണ്ട്. കുഷ്ഠം, ക്ഷയം, എന്നീ രോഗങ്ങൾ നിവാരണം ചെയ്യാനുള്ള ഔഷധങ്ങള ലഭ്യമാണ്. മമ്പ് നിരവധിസാംക്രമിക രോഗങ്ങൾ തുത്തെറിയപ്പെട്ടരിക്കക. കോളറ, മലമ്പനി എന്നിവ അത്യപൂർവ്വമായേ ഉണ്ടാകാറുള്ളു. വസൂരി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചിരിക്കുന്നു. വിവിധ തരം കാരണങ്ങളാലുണ്ടാകുന്ന പനി മഞ്ഞപ്പിത്തം, രക്സമ്മർദ്ദം, പ്രമേഹം, കണ്ണുനോവ്, എന്നീ സർവ് സാധാരണ രോഗങ്ങൾ നിയന്ത്രിക്കാനും ഭേദപ്പെടുത്താനും സാധികുന്നു. ക്യാൻസർ രോഗത്തിന് ഫലപ്രദമായ ചികിത്സാ ഈ നൂറ്റാണ്ടോടെ അവസാനത്തോടെ നമുക്ക് കരഗതമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ചികിത്സാരംഗത്ത് അത്ഭുതാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പുതിയ രോഗങ്ങൾ വലിയ ഭീഷണി സൃഷ്ടിക്കുന്നുണ്ട്. എയിഡ്സ്, ഡെങ്കു പനി തുടങ്ങിയവയാണ് ഈരംഗത്തെ വെല്ലുവിളികൾ. സാധരണ ഗതിയിലുണ്ടാകുന്ന രോഗങ്ങൾ, കാരണങ്ങൾ പ്രതിരോധമാർഗ്ഗം എന്നിവ സംബന്ധിച്ച പട്ടികകൾ ചേർക്കുന്നു പട്ടിക-1, പട്ടിക-2.

പട്ടിക - 2

ദേസീയ പ്രതിരോധന വൽക്കരണഷെഡ്യുകൾ

നൽകേണ്ടതാർക്ക്	എപ്പോൾ	പ്രതിരോധൗഷധം	എണ്ണം
ശിശുക്കൾ	6 ആഴ്ച-9 മാസം	DPT	3
	6 ആഴ്ച-9 മാസം	പോളിയോ	1
	6 ആഴ്ച-9 മാസം	BCG	1
	9 -12 മാസം	അഞ്ചാംപനി	1
കുട്ടികൾ	16-24 മാസം	DPT	1
	16-24 മാസം	OPV	1
	ബൂസ്റ്റർ ഡോസ്		
	5- 6 വർഷം	DT	1
	10 വർഷം	TT	1
	16 വർഷം	TT	1
ഗർഭിണികൾ	16-36 ആഴ്ച	TT	1

നമ്മുടെ നാട്ടിൽ അലോപ്പതിക്ക് പുറമേ ആയുർവേദം, ഹോമി യൊപതി യുനാനി, പ്രകൃതി ചികിൽസ എന്നീ വിഭാഗങ്ങള ഏറിയും കുറഞ്ഞും നിൽക്കുന്നു അലോപ്പതിയെയാണ് ബഹുഭൂരിപക്ഷം ആശ്രയിക്കുന്നത് ആയുർവേദ വിധി ഭാരതത്തിന്റെ തനിമയും തികവുമാർന്ന ചികിൽസാമുറയാണ് ഈരംഗത്തേക്ക് കൂടുതൽ ആളുകൾ ആകൃഷ്ടരാകുന്ന ഒരുപ്രവണത അടുത്തകാലത്തായി കാണാൻ സാധിക്കുന്നു. അലോപ്പതിയുടെയും ആയുർവേദത്തിന്റെയും സദ്ഫലങ്ങൾ കോർത്തിണക്കി കൊണ്ടുള്ള ഒരുകംമ്പയിൻറ് മെഡിസിൻ ശാഖ ഉരുത്തിരിഞ്ഞിട്ടുണ്ട് ഈശാഖ വളർന്നുവരാനുള്ള സാഹചര്യം നിലവിലുണ്ട് യുനാനി കേരളത്തിമന്റെ വടക്കൻ പ്രദേശങ്ങളിലാണ് അങ്ങിങ്ങ് കണ്ട് വരുന്നത് പ്രകൃതി ചികിൽസാ മുറ പ്രാചീനമാണ് പലരും അത് അനുവർത്തിച്ച് വരുന്നുണ്ട്

ഇട്ടിവാപഞ്ചായത്തിന് ആയുർവ്വേദചികിൽസാരംഗത്ത് വലിയൊരു ചരിത്ര പശ്ചാത്തലം ഉണ്ട്. പാരമ്പര്യ വൈദ്യൻമാരും നാട്ടുവൈദ്യവും ഇവിടെ പ്രസിദ്ധമായിരുന്നു കുര്യോട്ട് കുറിമ്പവൈദ്യൻ വെള്ളാർവട്ടത്ത ശിവരാമൻ വൈദ്യർ തുടങ്ങിയവർ മൈലുകൾ നടന്നുവന്ന് ഇവിടെ ചികിൽസ നടത്തിയിരുന്നതായി തെളിവുകൾ ഉണ്ട് തീണ്ടലും തൊടീലും ഉണ്ടായിരുന്നപ്പോൾ തുണ്ടിൽ നാരായണ പിള്ളയുടെ തെന്നേത്ത് വീടിനോട് ചേർന്ന് കളീലിൽ പറയ സമുദായ അംഗത്തെ താമസിപ്പിച്ച് ചികിൽസിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ നീറ്റുമരുന്നുകൾ അദ്ഭുതാവഹമായ ഫലം ഉളവാക്കിയിട്ടുണ്ട് സ്വർണ്ണം കലർന്ന നീറ്റുമരുന്നുകൾ ഇന്നും സ്മരണക്കായി സൂക്ഷിച്ചിട്ടുണ്ട് പുൽതൈലവാറ്റ് അന്ന് സാർവ്വത്രികമായിരുന്നു.

വിഷവൈദ്യത്തെകുറിച്ച് പ്രദിപാദിക്കുന്ന ഒരപൂർവ്വകൃതിയാണ് നാരായണൻ എന്നആൾ എഴുതിയ വിഷനാരായണീയം അഥവാ തന്ത്രസാര സംഗ്രഹം. താളിയോലയിൽ പകർത്തപ്പെട്ട ഈ അപൂർവ്വകൃതി ഇട്ടിവാവാർഡിലെ പുന്നക്കാലായിൽ കുര്യൻ ജോർ വൈദ്യരുടെ കൈവശം ഉണ്ട്. അദ്ദേഹം വിഷ ചികിൽസാരംഗത്ത് പ്രതിഭലേച്ഛയില്ലാതെ ഇപ്പോഴും ചികിൽസിച്ചുവരുന്നു. ഇതു കൂടാതെ 21 ഓളം താളിയോല കൃതികളും അദ്ദേഹത്തിന്റെ കൈവശം ഉണ്ട് ഇതിൽ തന്ത്രമന്ത്രങ്ങളും മൃഗചികിൽസയും പ്രതിപാതിക്കുന്നുണ്ട്. പശുവിന്റെ അകിടുവീക്കത്തിനുള്ള സിദ്ധഔഷധം അദ്ദേഹത്തിന്റെ കണ്ടു പിടുത്തമാണ്. അതിപുരാതന കാലത്തുള്ള താളിയോല കൃതികളിൽ പ്രദിപാദിച്ചിരിക്കുന്ന ചികിൽസാരീതികൾ വികസിപ്പിച്ചെടുക്കുന്ന ഗ്രാമ പഞ്ചായ് സമിതികള പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

ഇട്ടിവാ പഞ്ചായത്തിലെ ആരോഗ്യ സംരക്ഷണവും ചികിൽസയുമ ഏറെ അസൗകര്യങ്ങളുടെ ചുറ്റുപാടിലാണ് നടന്നുവരുന്നത് പഞ്ചായത്തിന് പുറത്തുള്ള ആശുപത്രികളെയാണ് 80% ത്തോളം ആളുകൾ ആശ്രയിക്കുന്നത്. ഇതിൽ 90% ത്തിലേറെ സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കുന്നു ചുണ്ടയിലുള്ള പ്രാധമികാരോഗ്യകേന്ദ്രം, മണ്ണൂരിലെ സഹകരണ

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ			
കുടുംബക്ഷേമ കേന്ദ്രം – 1	1	ക്ഷയം, ത്വക്ക്രോഗങ്ങൾ	ഒട്ടും തൃപ്തികരമല്ല	വിദഗ്ദ്ധ ഡോക്ടർമാരെ സംഘടിപ്പിച്ച് ബോധവത്ക്കരണക്ലാസ്സുകളും മെഡിക്കൽക്ലാസ്സുകളും നടത്തണം. കുടുംബക്ഷേമ ഉദ്യോഗസ്ഥർ ഭവനങ്ങൾ സന്ദർശിച്ച് ആളുകളെ ബോധവത്ക്കരിക്കണം. മഞ്ഞപ്പാറയിൽ ഹോമിയോ ആശുപത്രി സ്ഥാപിക്കണം.
കുടുംബക്ഷേമ കേന്ദ്രം – 1	ഇല്ല	പനി, മഞ്ഞപ്പിത്തം, കുട്ടികൾക്ക് വയറിളക്കം	കിഴ്തോണിയിൽ 5 സെന്റ് വസ്തു സൗജന്യമായി നൽകിയിട്ടുണ്ടെങ്കിലും കുടുംബക്ഷേമകേന്ദ്രം വയ്യാനത്താണ് പ്രവർത്തിക്കുന്നത്.	കുടുംബക്ഷേമകേന്ദ്രത്തിന് വിട്ടുകൊടുത്തിട്ടുള്ള വസ്തുവിൽ കെട്ടിടം പണിയണം. പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണം. ബോധവത്ക്കരണക്ലാസ്സുകൾ നടത്തണം.
ഇല്ല	ഇല്ല			എഴിയം, ഫിൽഗിരി എന്നിവിടങ്ങളിൽ കുടുംബക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കണം. കൊതുക് നശീകരണപ്രവർത്തനങ്ങൾ നടത്തണം. ഫിൽഗിരിയിൽ ആയുർവേദ ഡിസ്പെൻസറിയും, വയ്യാനത്ത് ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിക്കണം.
കുടുംബക്ഷേമ കേന്ദ്രം – 1			തൃപ്തികരമല്ല പ്രവർത്തനം.	പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ പരിഷ്കരണ നടപടികളുണ്ടാകണം.
ഇല്ല	ഇല്ല	ചെങ്കണ്ണ്, പനി, ചൊറി		കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു നൽകുക.
ഇല്ല	സ്വകാര്യം – 3 സഹകരണാശുപത്രി – 1		കുടുംബക്ഷേമകേന്ദ്രത്തിൽ നിന്നും യാതൊരു പ്രവർത്തനവും നടക്കുന്നില്ല.	കോട്ടുക്കലിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക. ക്ലാവോട് കേന്ദ്രമാക്കി പി.എച്ച്.സി. സ്ഥാപിക്കുക. മാർക്കറ്റ് ഒഴിഞ്ഞസ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക. കോട്ടുക്കലിൽ ഹോമിയോ ആശുപത്രി സ്ഥാപിക്കുക. കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു നൽകുക.

സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ			
ഇല്ല	ഇല്ല	ചെങ്കണ്ണ്, കുട്ടികളിൽ വിരശല്യം, സ്ത്രീകളിൽ വിളർച്ച		വാർഡിൽ കുടുംബക്ഷേമകേന്ദ്രം തുടങ്ങണം. കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകണം. പകർച്ച വ്യാധിക്കെതിരെ ബോധവത്ക്കരണം നടത്തണം.
കുടുംബക്ഷേമ കേന്ദ്രം - 1			കുടുംബക്ഷേമകേന്ദ്രത്തിൽ സ്റ്റാഫില്ല, ആവശ്യത്തിന് മരുന്ന് ലഭ്യമല്ല.	വയലാ കേന്ദ്രീകരിച്ച് ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം. തെരുവുനായ്ക്കളുടെ ശല്യം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം. കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് അനുവദിക്കണം.
ഗവ: ആയുർവേദാശുപത്രി - 1	ഇല്ല			ആയുർവേദാശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുവാൻ നടപടി സ്വീകരിക്കണം. അംഗൻവാടികളിലൂടെ ആളുകളെ ബോധവത്ക്കരിക്കണം. കാട്ടാമ്പള്ളി മാർക്കറ്റ് വേണ്ടവിധത്തിൽ ശുചീകരിക്കണം.
ഇല്ല	ഇല്ല		യാതൊരു പ്രവർത്തനവും നടക്കുന്നില്ല.	ഒരു കുടുംബക്ഷേമകേന്ദ്രം സ്ഥാപിക്കണം. നിർദ്ധനരായ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു നൽകണം. സഹകരണമേഖലയിൽ ഒരു മെഡിക്കൽ ഷോപ്പ് തുറക്കുക. ബോധവത്ക്കരണക്യാമ്പ് നടത്തുക.
കുടുംബക്ഷേമ കേന്ദ്രം - 1	ഇല്ല	ക്യാൻസർ		മണലുവട്ടം കേന്ദ്രമാക്കി ഒരു പി.എച്ച്.സി. സ്ഥാപിക്കണം. കാൻസർ പരിശോധനാ ക്യാമ്പും രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പും സംഘടിപ്പിക്കണം. മുക്കടയിലെ കുടുംബക്ഷേമകേന്ദ്രം ഡിസ്പെൻസറി ആയി ഉയർത്തണം.
ഇല്ല	ഇല്ല		കുടുംബക്ഷേമകേന്ദ്രം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല	ഫാമിലിവെൽഫെയർ സെന്റർ സ്ഥാപിക്കണം. ചരിപ്പറമ്പ് കേന്ദ്രമാക്കി ഗവ: ഡിസ്പെൻസറി സ്ഥാപിക്കുക. പേ വിഷബാധ നിയന്ത്രണത്തിനുള്ള നടപടികൾ സ്വീകരിക്കുക. സ്ഥിരമായ പോഷകാഹാര വിതരണം നടത്തുക.
പി.എച്ച്.സി. -1	സ്വകാര്യം - 1		സ്ഥിരമായി ഡോക്ടറില്ല. രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് കെട്ടിടം പണിതിട്ടുണ്ടെങ്കിലും രോഗികൾക്ക് തുറന്നു കൊടുത്തിട്ടില്ല.	പി.എച്ച്.സി. യിൽ യഥാസമയം ഡോക്ടറെ നിയമിക്കുക. പുതുതായി പണിത കെട്ടിടം രോഗികൾക്ക് തുറന്നു കൊടുക്കുക. കിടക്ക, വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കുക. ആശുപത്രിയിൽ സ്റ്റാഫ്കോർട്ടേഴ്സ് പണിയുക. കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചു നൽകുക.

ആശുപത്രി മണ്ണൂരിൽ തന്നെയുള്ള ആയുർവ്വേദാശുപത്രി എന്നിവയാണ് പഞ്ചായത്തിലുള്ള ആരോഗ്യസം രക്ഷണകേന്ദ്രങ്ങൾ. പ്രാഥമികാരോഗ്യത്തിന് കീഴിൽ അഞ്ചു കുടുംബ ക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. അവ യഥാക്രമം ആയിരവല്ലി, വയ്യാനം, കോട്ടുക്കൽ, മണ്ണൂർ, ചാണപ്പാറ എന്നി സ്ഥലണ്ണളിലാണ്. ഇതിൽ വയ്യാനത്ത് കുടുംബക്ഷേമ കേന്ദ്രം വാടകകെട്ടിടത്തിലും ബാക്കി നാലെണ്ണം സ്വന്തം കെട്ടിടത്തിലും പ്രവർത്തിച്ചു വരുന്നു.

1972 ൽ സ്ഥാപിതമായ കുടുമ്ഹ ക്ഷേമമെന്ദമാണ് പിൽക്കാലത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രമാക്കി മാറ്റിയ ചുണ്ടയിലെ ആശുപത്രി. ഇത് ചുണ്ടയിലെ ശ്രീ. നാണു നായരുടെ കുടുമ്പ കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്. 12 വർഷത്തിലധികം ഈ കെട്ടിടത്തിൽ തന്നെ പ്രവർത്തനം തുടർന്നു.

നാട്ടുകാർ സംഭാവന ചെയ്ത ഒരേക്കർ 7 സെൻറ് വിസ്തൃതിയുള്ള സ്ഥലത്ത് ആശുപത്രിട്ടിടം 1980 ൽ സ്ഥാപിച്ചു. 1990 ൽ ഇവിടെ 12 കിടക്ക സൗകര്യമുള്ള പുതിയ കെട്ടിടം ജെ. ആർ. വൈ പദ്ധതി പ്രകാരം 2.70 ലക്ഷം രൂപക്ക് പണിയുവാൻ പഞ്ചായത്ത് തീരുമാനിക്കുകയും 1995 ൽ പണി പൂർത്തിയായി ഉദ്ഘാടനം ചെയ്തു. ആവശ്യമായ ഫർണിച്ചർ, വൈദ്യുതി, വെള്ളം എന്നിവയുടെ അഭാവം മൂലം ജനങ്ങൾക്ക് ഈ കെട്ടിടം ഇതുവരെയും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ഇട്ടിവാ പഞ്ചായത്തിൽ മണ്ണൂരിൽ പ്രവർത്തിച്ചു വരുന്ന ആയുർവ്വേദ ഡിസ്പെൻസറി 1957-ൽ അതിശയമംഗലം കേന്ദ്രമാക്കിയായിരുന്നു ആരംഭിച്ചത്. മണ്ണൂർ പിഞ്ഞറ്റ് അടുത്തുള്ള വീടുകാർ ഏകദേശം 35 വർഷത്തോളം കാലം അവരുടെ കെട്ടിടത്തിൽ ഇത് പ്രവർത്തിക്കാൻ അനുവദിച്ചിരുന്നു. എന്നാൽ 1991-ൽ ഗ്രാമപഞ്ചായത്ത് പെരിങ്ങളത്തുവീട്ടിൽ കുഞ്ഞു കുഞ്ഞുമത്തായി സൗജന്യമായി നൽകിയ 25 സെൻറ് സ്ഥലത്ത് രണ്ടു നിലയുള്ള കെട്ടിടം നിർമ്മിച്ചുനൽകി. ഇവിടെക്കിടത്തി ചികിൽസിപ്പിക്കുവാനുള്ള സൗകര്യം ഇല്ല് ഈ ഡിസ്പെൻസറി ആയുർവ്വേദ ആശുപത്രിയാക്കി ഉയർത്തുകയും ആശുപത്രിക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയുേ വേണം. വൈദ്യുതി എത്തിക്കുകയും കുടിവെള്ളത്തിനായി മോട്ടോർ സ്ഥാപിക്കുകയും വേണം.

ചികിൽസാരംഗത്തെ കുറവുകളും അസൗകര്യങ്ങളും പരിഹരിക്കാൻ സഹകരണ മേഖലയിൽ പുതിയ സംരഭങ്ങൾ നടക്കുന്നതിന് വേണ്ടി പ്രൊഫസർ. ബി ശിവദാസൻ പിള്ളയുടെ നേതൃത്വത്തിൽ ഒരാലോചന നടന്നതിനെതുടർന്നാണ് മണ്ണൂരിൽ ഒരു സഹകരണാശുപത്രി 1988-ൽ സ്ഥാപിതമായത്. സഹകരണമേഖലയിലെ ഈ സ്ഥപനം ജനങ്ങൾക്ക് പ്രയോജനകരമായ നിലയിൽ പ്രവർത്തിച്ചുവരുന്നു എന്നാൽ സ്ഥാപനം നഷ്ടത്തിലാണ് നടക്കുന്നത്. ഇതിൻെറ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. ഇവ കൂടാതെ തുടങ്ങിയും മുടങ്ങിയും നിൽക്കുന്ന ഏതാനും സ്വകാര്യ നഴ്സിംങ്ങ് ഹോമുകളുമുണ്ട് ജപ്ഞ്ചായത്തിനകത്തുള്ള ഈ സ്ഥാപനങ്ങൾകൊണ്ട് പഞ്ചായത്ത് നിവാസികൾക്ക് ആരോഗ്യ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്നില്ല.

പ്രശ്നങ്ങൾ

1. വൈദ്യശാസ്ത്രത്തിൻെറ പിതാവായ ഹിപ്പോക്രാറ്റ്സിനെ വിസ്മരിച്ചുകൊണ്ടാണ് ബഹുഭൂരുപക്ഷം ഡോക്ടർമാരും മറ്റ് ആരോഗ്യ പ്രർത്തകരും ഈ രംഗം കൈകാര്യം ചെയ്യുന്നത് ഇത് പൊതുവായ ഒരു കാര്യമാണ്. നമ്മെയും ഇത ബാധിക്കുന്നുണ്ട്
2 ചികിത്സാരംത്ത് ഏറിവരുന്ന ദുർവ്വഹമായ ചെലവ് -ചികിത്സാഫീസ് മരുന്നുവില ആധുനികരീതിയിലുള്ള പരിശോധനകളുടെ ചിലവ് തുടങ്ങിയവ.
3. വേണ്ടത്ര സ്ഥാപനങ്ങളുടെ കുറവ്.
4.വേണ്ടത്ര ഡോക്ടർമാരുടെ അഭാവം.
5. നിലവിലുള്ള സ്താപനങ്ങളിലെ ഭൗതികസാഹചര്യക്കുറവ്. ഉദാ:ചുണ്ടയിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ 12 കിടക്കകളിടാവുന്ന കെട്ടിടം ഉണ്ടെങ്കിലും കിടക്കയോ, വൈദ്യുതിയോ, വെള്ളമോ ഇതുവരെ എത്തിയട്ടില്ല
6. കുടിവെള്ളത്തിലെ പ്രാശ്നങ്ങൾ
7. കക്കൂസുകളുടെ കുറവ്

പരിഹാരങ്ങൾ

1. ആരോഗ്യപ്രശ്ങ്ങളിൽ ജനങ്ങളെ ബോധവത്ക്കരിക്കുക.
2 പഞ്ചായത്തിൽ സഹകരണണാടിസ്ഥാനത്തിൽ മെഡിക്കൽ ഷോപ്പുകൾ ഉണ്ടാകണം
3. മണ്ണൂരിലെ സഹകരണാശുപത്രി വിപുലീകരിക്കുക
4. സഹകരണാശുപത്രിക്ക് ഒരു ശാഖ കടുടി ഉണ്ടാവുക
5. ചുണ്ട പ്രാഥമികാകേുഗ്യ കേന്ദ്രത്തിൽ കിട്ടക്ക വൈദ്യുതി, വെള്ളം, വേണ്ടത്ര ജീവനക്കാർ എന്നിവ ലഭ്യമാകണം.
6 ശുദ്ധമായ കുടിവെള്ളം ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക
   (1) കിണറുകളിൽ അണുനാശിനി
   (2) മലിനജലം കണറ്റിൽ കലരാതിരിക്കാനുള്ള മാർഗ്ഗങ്ങൾ.
   (3)ശുദ്ധജലവിതരണ പദ്ധതികൾ
   (4) ശുദ്ധജല ബോധവത്ക്കരണണം
7. അടുത്ത അഞ്ചുവർഷത്തിനകം പഞ്ചായത്തിലെ 100 % വീടുകളിലും കക്കൂസ് ഉണ്ടായിരിക്കണം. ഇതിനാവശ്യമായ സമഗ്ര പരിപാടി അടിയന്തിര

പ്രാധാന്യം നൽകി നടപ്പാക്കണം

9. ഫാമിലി വെൽഫയർ ഒസൻറുകളുടെ പ്രർതനം മെച്ചപ്പെടുത്തണം

10. ആരോഗ്യവിഷയങ്ങളിൽ സെമിനാറുകൾ പ്രദർശനങ്ങൾ എന്നിവ വാർഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കണം.

11. ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കുടുംബക്ഷേമവകുപ്പ് കേന്ദ്രസർക്കാർ തുടങ്ങിയ ഏജൻസികൾ വഴി നടപ്പാക്കുന്ന വിവിധ പരിപാടികൾ നമ്മുടെ പഞ്ചായത്തിൽ ഫലപ്രദായി നടപ്പാക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തു തലത്തിൽ ആവിഷ്കരിക്കുക.

12. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ പ്രവർത്തനങ്ങൾ അറിയുകയും അവ നടപ്പാക്കുന്നതിന് അധികൃതരെ സഹായിക്കുകയും ചെയ്യുക

13. രക്തഗ്രൂപ്പ്നിർണ്ണയ ക്യാമ്പുകൾ നടത്തുക-രക്തദാനസേന രൂപീകരിക്കുക

14. വിദ്യാർത്ഥികൾക്ക് മെഡിക്കൽ കാർഡുകൾ ഏർപ്പെടുത്തുക

15. വയോവൃദ്ധർക്കുള്ള പെൻഷനുകൾ അർഹതയുള്ള വർക്കെല്ലാം ലഭ്യമാക്കുക

16, ശുചീകരണ വാരങ്ങൾ ഫലപ്രദമായി പ്ലാൻ ചെയ്ത് സൂക്ഷിക്കുക

17. മാനസികാരോഗ്യ ബോധവത്കരണ പരിപാടികൾ നടപ്പാക്കണം.

പ്രാഥമികാരോഗ്യ
കേന്ദ്രത്തിലെ ജീവനക്കാരുടെ കടമകൾതാഴെ പറയുന്നു.

1 ഡോക്ടർ:- 12 മണിവരെ രോഗികളെ പരിശോധിക്കുക 2 മണി മുതൽ സബ് സെൻറർ വർക്കുകൾ പരിശോധിച്ച് മെച്ചപ്പെടുത്തുക. സാഹചര്യം അനുസരിച്ച് ഈ പ്രവർത്തനത്തിൽ അത്യാവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

2. സ്റ്റാഫ് നഴ്സ്:- ചികിൽസാരംഗത്ത് ഡോക്ടറെ സഹായിക്കുക

3. ഹെൽത്ത് ഇൻസ്പെക്ടർ :- നാല് ജൂനിയർ ഹെൽത്ത് ഇൻസ്പെക്റ്റർമാരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുക.

4. ലേഡി ഹെൽത്ത് ഇൻസ്പെക്ടർ:- നാലു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാരുടെ മേൽനോട്ടം

5. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ:-5000 പേർക്ക് ഒരാൾ എന്ന നിലയിൽ നിയമിക്കപ്പെട്ടിട്ടുണ്ട്. ഓരോരുത്തരുടേയും പ്രവർത്തനമേഖല 20 ബ്ലോക്കുകളുയി തിരിച്ചിരിക്കുന്നു. ഓരോ ബ്ലോക്കിലേയും വീടുകൾ സന്ദർശിച്ച് എല്ലാവിധ ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. രോഗപ്രതിരോധ-രോഗനിവാരണ മാർഗ്ഗങ്ങൾ നടപ്പാക്കാൻ വേണ്ടത്ര ഇപവർത്തനങ്ങൾക്ക് നേതൃത്തം നൽകുക. ആരോഗ്യ വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം ഹോട്ടൽ, ചായക്കട തുടങ്ങിയ ഭക്ഷണ വിതരണ കേന്ദ്രങ്ങൾ സന്ദർശിച്ച് ആഹാര പദാർത്ഥങ്ങൾ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തി. ശുചിത്വകാര്യങ്ങളിൽ നിർദ്ദേശം നൽകുക. ഉച്ചവരെ ഇത്തരം പ്രവർത്തനങ്ങളും അതിനുശേഷം കുടുംബക്ഷേമ പ്രവർത്തനങ്ങളും.

6. ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ്:- 5000 പേർക്ക് ഒരാൾ എന്ന ക്രമത്തിൽ പ്രവർത്തിക്കുന്നു. സബ്സെൻററുകൾ വഴി മാത്ര ശിശു സംരക്ഷണ പ്രവർത്തനങ്ങൾ, രോഗ പ്രതിരോധ പ്രവർത്തനം, പകർച്ചവ്യാധി നിയന്ത്രണം, തുടങ്ങിയവയാണ് കടമകൾ.

7. ലെപ്രസി ഇൻസ്പെക്ടർ:- 25000 പേർക്ക് ഒരാൾ എന്ന ക്രമത്തിൽ നിയമനം നടത്തിയിട്ടുണ്ട്. കുഷ്ഠ രോഗനിർണ്ണയം, ആരോഗ്യ വിദ്യാഭ്യാസവും ചികിത്സയും മാണ് കടമകൾ.

മഹിളാസ്വസ്ത് സംഘ് (M.S.S.)

പ്രാധമികാരാഗ്യകേന്ദ്രങ്ങളിൽ മഹിളാസ്വസ്ത് സംഘ് (M.S.S)പ്രവർത്തിക്കുന്നുഓരോയൂണിറ്റിലും 18 വനിതകളെ അംഗങ്ങളായി ഉണ്ട് ആകെ 180 അംഗങ്ങൾ എല്ലായൂണിറ്റുകളിലും മാസം തോറും കമ്മിറ്റികൾ കൂടി ജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകുകയുമ കുടിസ് പ്രോഗ്രാം ബേ.ിഷോ എന്നിവനടത്തുകയും ചെയ്യുന്നു ജൂനിയര പി.എച്ച്. നേഴ്സുമാരാണ് കൺവീനർമാരായും ഗവ: നെറ സെപഷ്യൽപരിപാടികൾ വിജയിപ്പിക്കുന്നതിന് അംഗങ്ങൾ സ്റ്റാഫിനെ സഹായിക്കുന്നുണ്ട്. മേൽപറഞ്ഞ 10 എം. എസ്. യൂണിറ്റുകളിൽ മണ്ണൂർ എം.സ്.സ് യൂണിറ്റുമാത്രമാണ് ഭാഗ്യമായി പ്രവർത്തിക്കാത്തത് കമ്മറ്റി അംഗങ്ങളുടെ സഹകരണം ഇതിന് കൂടുതലായി ഉണ്ടാകണം . ഗവൺമെൻറിൽ നിന്ന് ഓരോയൂണിറ്റിലേക്കും മാസം തോറും 100 രൂപാ അനുവദിച്ചിരുന്നത് ഇപ്പോൾ 75 രൂപയായി കുറച്ചിരിക്കുന്നു അത് പുന: പരിശോദിക്കുകയും എം.സ്.സ് യൂണിറ്റുകൾ ലഭിക്കേണ്ടുന്ന ഗ്രാൻറുകൾ കാലതാമസം കൂടാതെയും കൃത്യമായി ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് സമിതി ശ്രദ്ധിക്കേണ്ടതാണ്

പോളിയോ നിർമ്മാർജ്ജനം

കുട്ടികളെ ബാധിക്കുന്ന പോളിയോരോഗം മൂലം അംഗവൈകല്യമുള്ള ഏളുകൾ ഉണ്ടാകുന്നത് തടയുന്നതിനുവേണ്ടി നടത്തിവരുന്ന ഒരു പരിപാടിയാണ് പൾസ്പോളിയോ ഇമ്മ്യൂണൈസേഷൻ . 3 വയസ്സിനും 5 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് മരുന്നു നൽകുക എന്നുള്ളതാണ് പദ്ധതി. ഇടടിവാ

ഗ്രാമപഞ്ചായത്തിൽ 1995 ഡിസമ്പർ 9 നും 96 ജനുവരി 20നും ഒന്നാം ഘട്ടമായി കുട്ടികൾക്ക് പോളിയോ വാക്സിൻ നൽകി. ഇത് പഞ്ചായത്തിന്റെ 11 കേന്ദ്രങ്ങളിൽ വച്ചാണ് നൽകപ്പെട്ടത്. മുന്നുവയസ്സിന് മുകളിൽ പ്രായമുള്ള 1447 കുട്ടികൾക്കും 5 വയസ്സിനും മുകളിൽ പ്രായമുള്ള 216 കുട്ടികൾക്കും ഒന്നാം ഘട്ടത്തിൽ പോളിയോ വാക്സിൻ നൽകി. ഏകെ 1663 കുട്ടികൾക്ക് പോളിയോ വാക്സിൻ നൽകിയിട്ടുണ്ട്.

96-97 ലെ രണ്ടാം ഘട്ടം പൾസ് പദ്ധതിപ്രകാരം 96 ഡിസബർ 7 നും 97 ജനുവരി 18 നും നടത്തുവാൻ തീരുമാനിക്കുവാൻ 96 ഡിസബർ 7ന് മുകളിൽ പറഞ്ഞ 11 കേന്ദ്രങ്ങളിൽ ആയി 2576 കുട്ടികൾക്ക് പോളിയോ വാക്സിൻ നൽകിയിട്ടുണ്ട്. 97 ജനുവരി 18 ന് ഇതേ 11 കേന്ദ്രങ്ങളിൽ വീണ്ടും കുട്ടികൾക്കായി പോളിയോ വാക്സിൻ നൽകുന്നതാണ്.

പട്ടിക- 5

നമ്പർ	വാഡ്	മഹിളാസ്വാസ്ത സംഗ്	ആസ്ഥാനം
1.	മലപ്പേരൂർ	മഹിളാ സ്വാസ്തസംഘ്	മലപ്പേരൂർ
2.	കിഴ്തോണി	മഹിളാ സ്വാസ്തസംഘ്	വയ്യാനം
4.	കോട്ടുക്കൽ	മഹിളാ സ്വാസ്തസംഘ്	ശങ്കരപുരം
6.	വടക്കേ കോട്ടുക്കൽ	മഹിളാ സ്വാസ്തസംഘ്	ക്ലാവോട് നെടുപുറം
9.	മണ്ണൂർ	മഹിളാ സ്വാസ്തസംഘ്	മണ്ണൂർ കട്ടാംപള്ളി
11	ചാണപ്പാറ	മഹിളാ സ്വാസ്തസംഘ്	ചാണപ്പാറ
12.	ചരിപ്പറമ്പ്	മഹിളാ സ്വാസ്തസംഘ്	ചരിപ്പറമ്പ്
13.	ചുണ്ട	മഹിളാ സ്വാസ്തസംഘ്	ചുണ്ട

പട്ടിക- 5

നമ്പർ	വാഡ്	പോളിയോ വാക്സിൻ നൽകുന്ന കേന്ദ്രങ്ങൾ
1.	മലപ്പേരൂർ	മഞ്ഞപ്പാറ മദ്രസാ F.W.C
2.	കിഴ്തോണി	കിഴ്തോണി എൽ. പി. എസ്
3.	ഇട്ടിവ	എഴിയം
4.	കോട്ടുക്കൽ	കുടുമ്പക്ഷേമകേന്ദ്രം - ശങ്കരപുരം
5.	ത്രാങ്ങോട്	ക്ലാവോട് ബാലവാടി
6.	വടക്കേ കോട്ടുക്കൽ	ക്ലാവോട്- ബാലവാടി കുടുംബക്ഷേമ കേന്ദ്രം ശങ്കരപുരം
7.	പടിഞ്ഞാറെ വയലാ	കുടുംബക്ഷേമകേന്ദ്രം മണ്ണൂർ
8.	കിഴക്കേ വയലാ	കുടുംബക്ഷേമകേന്ദ്രം മണ്ണൂർ
9.	മണ്ണൂർ	കുടുംബക്ഷേമകേന്ദ്രം മണ്ണൂർ
10.	തുടയന്നൂർ	മണലുവട്ടം ജംഗ്ഷൻ
11	ചാണപ്പാറ	പെരിങ്ങാട് എൽ.പി.എസ്
12.	ചരിപ്പറമ്പ്	മഹിളാസമാജം ചരിപ്പറമ്പ്
13.	ചുണ്ട	പ്രാഥമിക ആരോഗ്യകേന്ദ്രം ചുണ്ട

പ്രൈമറി സ്കൂളുതിലെ കുട്ടികളുടെ ആരോഗ്യപരിശോധനാറിപ്പോർട്ട്

ഒന്നു മുതൽ നാലുവരെയുളകള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യപരിപാലനം പരിശോധിക്കുന്നതിനു വേണ്ടി ചുണ്ട പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും ഒരു സംഘം ഡോക്ടർ ഗംഗാധരന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ സന്ദർശിച്ച് കുട്ടികളെ പരിശോധിക്കുകയും അസുഖങ്ങൾ കണ്ടുപിടിച്ച് ചികിത്സ നിർദ്ദേശിക്കുകയും ചെയ്തു. 2448 കുട്ടികളെ പരിശോധിക്കുവാനായിരുന്നു പരിപാടിയെണ്കിലും 2396 കുട്ടികളെ മാത്രമേ പരിശോധിക്കുവാൻ കഴിഞ്ഞുള്ളു. പരിശോധനയിൽ ചികിത്സ ആവശ്യമാണെന്ന് കണ്ട കുട്ടികൾ

പട്ടിക - 7

ആകെ പരിശോധിച്ച കുട്ടികൾ 2396

വിളർച്ച ബാധിച്ചത്	-	28
വിരശല്യം ബാധിച്ചത്	-	28
നിശാന്ധത	-	5
അയോഡിന്റെ കുറവ്	-	5
ചെവിപഴുപ്പ്	-	49
ചൊറി	-	56
പയോഡർമ	-	4
കാഴ്ചകുറവ്	-	51
ദന്തരോഗം	-	1019
ആകെരോഗം ബാധിച്ചവർ	-	1245

(1996 ജൂലയ് 22 മുതൽ 27 വരെ സ്കൂളിൽ നിന്ന് നടത്തിയ പരിശോധനാറിപ്പോർട്ടിൽ നിന്ന്.)

ഗ്രാമസഭാ നിർദ്ദേശങ്ങൾ

മലപ്പേരൂർ

1. മഞ്ഞപ്പാറ കേന്ദ്രീകരിച്ച് ഒരു കുടുംബ ക്ഷേമകേന്ദ്രം സ്ഥാപിക്കുക.
2. ആയിര വല്ലി കേന്ദ്രീകരിച്ച് ഒരു കുടുംബ ക്ഷേമ കേന്ദ്രം സ്ഥാപിക്കുക.
3. പട്ടികജാതി പട്ടക വിഭാഗവും നൂർദ്ദനരായ ആളുകളും താമസിക്കുന്നവർക്ക് പ്രാഥമികാവശ്യത്തിന് വേണ്ടി കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുക.
4. മഞ്ഞപ്പാറ, വെട്ടിക്കാവ് എന്നീപ്രദേശങ്ങളിൽ പൊതു കക്കൂസും മൂത്രപുരയും നിർമ്മിക്കുക.
5. വാർഡിൽ റ്റി.ബി, ത്വക്ക് രോഗങ്ങൾ കാണുന്നു അതിനുവേണ്ടുന്ന ശിശ്രൂഷകളും ബോധവത്ക്കരണ ക്ലാസുകളും നടത്തേണ്ടതാണ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.
6. മഞ്ഞപ്പാറ കേന്ദ്രീകരിച്ച് ഒരുസർക്കാർ ആശുപത്രി സ്ഥാപിക്കണം.

2 കീഴുതോണി

1. ഹെൽത്ത് ഡിപ്പാർട്ട്മെൻറിന്റെ കീഴിൽ ഒരു ഫാമിലി വെൽഫെയർ സെൻററിന് കെട്ടിടം വെക്കാൻ 5 സെൻറ് ഭൂമി സൗജന്യമായി കിട്ടിയിട്ടുള്ളതിൽ കെട്ടിടം നിർമ്മിക്കുക.
2. ഹെൽത്ത് ഡിപ്പാർട്ട് മെൻറിൽ നിന്നും രോഗപ്രതിരോധ കുത്തിവയ്പ്പിനും, മാർഗ്ഗനിർദേശങ്ങൾക്കും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാരെ പ്രസ്തുത ജോലിക്ക് നിയോഗിച്ചിട്ടുണ്ടെങ്കിലും സേവനസന്നദ്ധനവും, ആവിശ്യമായ ആരോഗ്യ വിഷയങ്ങളിൽ പ്രചരിപ്പിക്കുകയും എന്നിവയിൽ വീഴ്ച വരുത്തുന്നു. അടിയന്തിരമായി ശ്രദ്ധിക്കണം.
3 .നിർദ്ധനരായഎല്ലാവർക്കും കക്കൂസ് നിർമ്മിച്ച് കൊടുക്കുന്നതിനുള്ള നടപടി ഉണ്ടാക്കുക.

3 ഇട്ടിവാ

1. ഈവാർഡിൽ അനുയോജ്യമായ ഭാഗത്ത് ഒരു ആയുർവേദ ആശുപത്രിയോ,ഹോമിയോ ആശുപത്രിയോ ആരംഭിക്കുക
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ കുടു.ങ്ങൾക്കും കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക.
3. എഴിയം കേന്ദ്രമാക്കി കുടുംബക്ഷേമകേന്ദ്രം ആരംഭിക്കണം.

4 കോട്ടുക്കൽ

1. യു.പി.എസ്. നു സമിപമുള്ള സ്ഥലത്ത് ഒരു ഹോമിയോ ആശുപത്രി അനുവദിക്കുക.
2. കോട്ടുക്കൽ ഒരു പബ്ലിക്ക് കംഫർട്ട് സേറ്റഷൻ സ്ഥാപിക്കണം.

5 ത്രാങ്ങോട്

1. ഈ വാർഡിലെ പൊതുജനങ്ങൾക്ക് ആരോഗ്യ പരിചരണം ലഭിക്കുന്നതിന് എന്നുള്ള കുടുംബ ക്ഷേമകേന്ദ്രത്തിലെ ജീവനക്കാർക്ക് 1,5 വാർഡുകൾ എന്ന നിലയിൽ പ്രവർത്തനമേഖല പുനർ നിർണ്ണയം നടത്തണം.
2. പൊതുജനാരോഗ്യ ക്ലാസുകളും, സെമിനാറുകളും സംഘടിപ്പിച്ച് ജനങ്ങളെ ബോധവത്ക്കരിക്കണം.

6 വടക്കേ കോട്ടുക്കൽ

1. കോട്ടുക്കലുള്ള ചന്ത പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നു. വൃത്തിഹീനമായി കിടക്കുന്ന ചന്ത ദിവസവുമ വെടിപ്പാക്കുകയും, മരുന്നു തളിക്കുകയും ചെയ്ത് പൊതുജനങ്ങളുടേ ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതാണ്
2. കോട്ടുക്കലിൽ അടിയന്തിമായി ഒരു ഗവ: ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
3. കോട്ടുക്കലിൽ പഞ്ചായത്തുവക കംഫർട്ട് സേറ്റഷൻ സ്ഥാപിക്കുക.
4. ക്ലാവോടു കേന്ദ്രമാക്കി ഒരു പി.എച്ച്. സെൻറർ ഉടനെ ഏരംഭിക്കുന്നതിനു നടപടിയെടുക്കണം.
5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നിർദ്ധന കുടുംബങ്ങൾക്കും പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും ആവിശ്യമായ കക്കൂസുകൾ അനുവദിക്കണം.

7 പടിഞ്ഞാറേ വയലാ

1. ഈ വാർഡിൽ ഒരു കുടുംബക്ഷേമകേന്ദ്രം സ്ഥാപിക്കണം
2. കക്കൂസുകൾ ഇല്ലാത്ത മുഴുവന കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിക്കാനുമുള്ള നടപടികൾ ഉണ്ടാകണം.
3. പകർച്ചവ്യാധികൾസംബന്ധിച്ച് ക്കെതിരെ ബോധവൽക്കരണം നടത്തണം.

8 കിഴക്കേ വയല

1. വയല കേന്ദ്രീകരിച്ച് ഒരു ഹോമിയോ ആശുപത്രി നിർമ്മിക്കുക
2. മണ്ണൂരിൽ വർഷങ്ങൾ കൊണ്ട് പ്രവർത്തനമില്ലാതെ കിടക്കുന്ന കുടുംബക്ഷേമ ഡിസ്പൻസറിയിൽ ആവശ്യമായ സ്റ്റാഫുകൾ മരുന്ന് എന്നിയയെത്തിച്ച് പ്രവർത്തന സജീവമാക്കുക.
3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കും പട്ടിജാതിക്കാർക്കും കക്കൂസുകൾ നിർമ്മിക്കുക.

9 മണ്ണൂർ

1. കിടക്കകൾ ഉള്ള പൊതുജനാരോഗ്യകേന്ദ്രം തുടങ്ങുക
2. നിലവിലുള്ള ആയുർവ്വേദ ആശുപത്രിയിൽ കിടക്ക സൗകര്യത്തോടുകൂടി വികസിപ്പിക്കണം.
3. കാട്ടാമ്പള്ളി പബ്ലിക്ക് മാർക്ക് വൃത്തിയാക്കുക
4. നിർദ്ധനരായ എല്ലാവർക്കും കക്കൂസുകൾ നിർമ്മിക്കുക

10 തുടയന്നൂർ

1. വാർഡഡ് കേന്ദ്രമാക്കി ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കണം.
2. ദുർബ്ബല വിഭാഗത്തിൽപെട്ടവർക്ക് മുഴുവനും കക്കൂസുകൾ അനുവദിക്കണം
3. സഹകരണ മേഖലയിൽ ഒരുമെഡിക്കൽ ഷാപ്പ് അനുവദിക്കണം.

11 ചാണപ്പാറ

1. മണലുവട്ടം കേന്ദ്രീകരിച്ച് ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക.
2. വാർഡിൽ ജനങ്ങൾക്കായി ഒരു ക്യാൻസർ പരിശോദനാകൃമ്പും, രക്തഗ്രൂ നിർണ്ണയവും, ശിശുസംരക്ഷണപരിപാടിയും അടിയന്തിരമായി നടപ്പിലാക്കണം
3. മുക്കടയിലുള്ള കുടുംബക്ഷേമകേന്ദ്രം ഡിസ്പെൻസറിഥയായിയർത്തണം.


12 ചരിപ്പറമ്പ്

1. ചരിപ്പറമ്പ് കേന്ദ്രമാക്കി ഒരു ഗവ:ഡിസ്പെൻസറി സ്ഥാപിക്കുക.
2. വാർഡിൽ ഫാമിലിവെൽഫെയർ സെൻറർ സ്ഥാപിക്കണം.
3. രക്ത നിർണ്ണയ ക്യാമ്പ്, ക്യാൻസർ നിർണ്ണയ ക്യാമ്പ് സ്ഥിരമായി നടത്തേണ്ടതാണ്.
4. ചരിപ്പറമ്പ് വാർഡിലുള്ള കിണറുകൾ 2 മാസത്തിലൊരിക്കൽ ക്ലോറിനേറ്റ് ചെയ്യുക.
5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ച് കൊടുക്കുക.

13 ചുണ്ട

1. ചുണ്ട ഗവ:ആസുപത്രിയിൽ സ്ഥിരമായി ഡോക്ടറെനിയമിക്കുക, കിടക്കസുകര്യങ്ങളും, സ്റ്റാഫ് കോർട്ടേഴ്സും അടിയന്തിരമായി ലഭ്യമുക്കുക.
2. എല്ലാ നിർദ്ധനകുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക.

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ചവർഷം	ജീവനക്കാരുടെ എണ്ണം
1.	പ്രൈമറി ഹെൽത്ത് സെന്റർ, ചുണ്ട	13	1972	18
2.	ഗവ: ആയുർവേദഡിസ്പെൻസറി, മണ്ണൂർ	9	1957	5
3.	സഹകരണ ആശുപത്രി, മണ്ണൂർ	8	1988	5
4.	കുടുംബക്ഷേമകേന്ദ്രം, സമഭാവന	1	1990	2
5.	കുടുംബക്ഷേമകേന്ദ്രം, വയ്യാനം	2	1993	2
6.	കുടുംബക്ഷേമകേന്ദ്രം, കോട്ടുക്കൽ	4	1970	1
7.	കുടുംബക്ഷേമകേന്ദ്രം, മണ്ണൂർ	8	1992	NIL
8.	കുടുംബക്ഷേമകേന്ദ്രം, മുക്കട	11	1992	2



ചുണ്ട പ്രാഥമിക
ആരോഗ്യകേന്ദ്രം

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA



വിദ്യാഭ്യാസം

ഇട്ടിവ ഗ്രാമപഞ്ചായത്ത്, കൊട്ടാരക്കര താലൂക്കിലെ കിഴക്കൻ പ്രദേശങ്ങൾ ഉൾപ്പെടുന്ന ഇടമുളയ്ക്കൽ, ചടയമംഗലം, അഞ്ചൽ, അലയമൺ, കടയ്ക്കൽ, ചിതറ പഞ്ചായത്തുകളെ തൊട്ടുരുമ്മിക്കിടക്കുന്നു. ജനങ്ങളിൽ ബഹുഭൂരിഭാഗവും ഇടത്തരം ചെറുകിടകർഷകരാണ്. യാത്രാ സൗകര്യം പ്രായേണകുറവായതിനാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ചെന്നെത്തുക ഇന്നും ശ്രമകരമാണ്.

ഔപചാരിക വിദ്യാഭ്യാസസൗകര്യങ്ങൾക്ക് നാന്ദി കുറിച്ചത് മണ്ണൂർ എൽ. എം. എസ്. എൽ. പി. സ്കൂൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതോടുകൂടിയാണ്. ഇതിന് 96 വർഷത്തെ പഴക്കമുണ്ട്. വിദ്യാഭ്യാസരംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ക്രിസ്തീയ സഭകളുടെ സംഭാവനയാണ് ഈ സ്ഥാപനം. ഇതിനെ തുടർന്ന് കോട്ടുക്കൽ, ചരിപ്പറമ്പ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസതൽപ്പരരായ പ്രഗത്ഭമതികൾ സ്വകാര്യ വിദ്യാലയങ്ങൾ ആരംഭിക്കുകയുണ്ടായി. ഇവ പിൽക്കാലത്ത് സർക്കാരിന് കൈമാറി. ഇതിനെ തുടർന്ന് പ്രാഥമിക വിദ്യാഭ്യാസരംഗത്ത് ഒരു നവോത്ഥാനം തന്നെയുണ്ടായി. ഇന്ന് ഏഴ് ലോവർ പ്രൈമറി വിദ്യാലയങ്ങളും അപ്പർ പ്രൈമറിയോട് ചേർന്നുള്ള പ്രൈമറി വിഭാഗമുൾപ്പെടെ 9 പ്രൈമറി വിദ്യാലയങ്ങളും 5 അപ്പർ പ്രൈമറി വിദ്യാലയങ്ങളും 2 ഹൈസ്കൂളുകളും ഒരു ഹൈസ്കൂളിനോട് ചേർന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയവും പ്രവർത്തിച്ചു വരുന്നു.

ഔപചാരിക വിദ്യാലയങ്ങളുടെ ആവിർഭാവത്തിനു മുമ്പ് കുടിപ്പള്ളിക്കൂടങ്ങളെയാണ് (ആശാൻ പള്ളിക്കൂടങ്ങൾ) പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും ജനങ്ങൾ ആശ്രയിച്ചിരുന്നത്. ഇത്തരം കുടിപ്പള്ളിക്കൂടങ്ങളിൽ നിന്ന് അക്ഷരജ്ഞാനവും അക്കജ്ഞാനവും സാർവത്രികമായി നേടാൻ കഴിഞ്ഞിരുന്നു. ഉപരിവിദ്യാഭ്യാസത്തിന് അവസരം ലഭിച്ചിരുന്നവർ പുനലൂർ കൊട്ടാരക്കര മുതലായ സ്ഥലങ്ങളിലെ വിദ്യാലയങ്ങളെയാണ് അരനൂറ്റാണ്ടു മുമ്പ് ആശ്രയിച്ചിരുന്നത്. തുടർന്ന് ചടയമംഗലം, അഞ്ചൽ, കടയ്ക്കൽ മുതലായ സമീപപ്രദേശങ്ങളിൽ ഹൈസ്കൂൾ തലം വരെയുള്ള വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചു. ഇന്നും ഈ പഞ്ചായത്തിലെ നല്ലൊരു വഭാഗം വിദ്യാർത്ഥികൾ മുൻസൂചിപ്പിച്ച പ്രദേശങ്ങളിലെ വിദ്യാലങ്ങളെ തന്നെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിൽ നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

1. എം. എസ്. സി. എൽ. പി. എസ്. മലപ്പേരൂർ
2. ഗവ: എൽ. പി. എസ്. കീഴ്തോണി
3. എൽ. പി. എസ്. വയ്യാനം.
4. ഗവ:എൽ. പി. എസ്. കോട്ടുക്കൽ
5. എൽ. എം. എസ്. എൽ. പി. എസ്. മണ്ണൂർ.
6. ഗവ: എൽ. പി. എസ്. പെരിങ്ങാട്.
7. എൽ. പി. എസ്. മുക്കട.
8. എൻ. വി. യു. പി. എസ്. വയല. (എൽ. പി. വിഭാഗത്തോടുകൂടി)
9. ഗവ: യു. പി. എസ്. ചരിപ്പറമ്പ് (എൽ. പി വിഭാഗത്തോടുകൂടി)
10. എം.എസ്. യു. പി. എസ്. മഞ്ഞപ്പാറ.
11. യു. പി. എസ്. കോട്ടുക്കൽ.
12. യു. പി. എസ്. കാട്ടാമ്പള്ളി.
13. ഗവ: ഹൈസ്കൂൾ, വയല.
14. വി. എച്ച്. എസ്. എസ്. മഞ്ഞപ്പാറ.(വി. എച്ച്. എസ്. വിഭാഗത്തോടുകൂടി)

ലോവർ പ്രൈമറി വിഭാഗത്തിൽ സർക്കാർ മേഖലയിൽ നാലും (യു. പി. വിഭാഗത്തോടു ചേർന്നുള്ളത് ഉൾപ്പെടെ) സ്വകാര്യ മേഖലയിൽ അഞ്ചും (യു. പി. വിഭാഗത്തോടു ചേർന്നുള്ളത് ഉൾപ്പെടെ) എണ്ണമാണുള്ളത്. യു.പി. വിഭാഗത്തിൽ സർക്കാർ മേഖലയിൽ ഒന്നും സ്വകാര്യ മേഖലയിൽ നാലും എണ്ണമാണുള്ളത്. ഹൈസ്കൂളുകളിൽ ഒന്ന് സർക്കാർ മേഖലയിലും ഒന്ന് സ്വകാര്യമേഖലയിലുമാണ്.

സ്വകാര്യ മേഖലയിലുള്ള ഹൈസ്കൂളിനോടനുബന്ധിച്ചാണ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രവർത്തിക്കുന്നത്.

മുകളിൽ സൂചിപ്പിച്ചതുകൂടാതെ പ്രാഥമിക വിദ്യാഭാസത്തിന് സഹായകമായി നിരവധി അംഗൻവാടികളും ബാലവാടികളും നഴ്സറിസ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കാട്ടാമ്പള്ളിയിൽ ഒരു ശിശു മന്ദിരവും പ്രവർത്തിക്കുന്നു.

നിരവധി സമാന്തര വിദ്യാഭ്യാസസ്ഥാപനങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചു പോരുന്നുണ്ട്.

ലോവർ പ്രൈമറിവിഭാഗത്തിൽ 1123 ആൺകുട്ടികളും 1067 പെൺകുട്ടികളുമുണ്ട്. അപ്പർ പ്രൈമറി വിഭാഗത്തിൽ 745 ആൺകുട്ടികളും 735

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

ചാർട്ട് - 1 വിദ്യാർത്ഥികൾ, അദ്ധ്യാപകർ

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	M.S.C. L.P.S മലപ്പേരൂർ	എയ്ഡഡ്	149	146	295	2	6	8
2.	Govt. L.P.S കീഴ്തോണി	ഗവ:	113	113	226	3	5	8
3.	L.PS വയ്യാനം	എയ്ഡഡ്	110	113	223	2	6	8
4.	Govt. L.P.S കോട്ടുക്കൽ	ഗവ:	155	174	329	2	6	8
5.	L.M.S. L.P.S മണ്ണൂർ	എയ്ഡഡ്	67	61	128	1	3	4
6.	Govt. L.P.S പെരിങ്ങാട്	ഗവ:	100	74	174	3	2	5
7.	L.PS മുക്കട	എയ്ഡഡ്	117	111	228	3	4	7
8.	N.V. U.P.S വയലാ	എയ്ഡഡ്	215	194	409	5	24	29
			229	235	464			
9.	Govt. U.P.S ചരിപ്പറമ്പ്	ഗവ:	97	81	178	3	5	8
			76	77	153			
10.	N.S.U U.P.S മഞ്ഞപ്പാറ	എയ്ഡഡ്	180	175	355	3	9	12
11.	U.P.S കോട്ടുക്കൽ	എയ്ഡഡ്	119	130	249	6	6	12
12.	U.P.S കാട്ടാമ്പള്ളി	എയ്ഡഡ്	141	118	259	3	7	10
13.	Govt. H.S. വയലാ	ഗവ:	315	301	616	13	12	25
14.	V.H.S..S മഞ്ഞപ്പാറ	എയ്ഡഡ്	289	228	457	8	6	14
			110	70	180			
	ആകെ		2522	2401	4923	57	101	158

പെൺകുട്ടികളുമുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ 544 ആൺകുട്ടികളും 529 പെൺകുട്ടികളും പഠിക്കുന്നുണ്ട്. വി.എച്ച്. എസ്. വിഭാഗത്തിൽ 110 ആൺകുട്ടികളും 70 പെൺകുട്ടികളും പഠനം നടത്തുന്നുണ്ട്. ഈ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും കൂടി 2522 ആൺകുട്ടികളും 2401 പെൺകുട്ടികളുമുൾപ്പെടെ 4923 പേർ സ്കൂൾ വിദ്യാഭ്യാസം നടത്തുന്നു. പഞ്ചായത്തിലെ 14 വിദ്യാലയങ്ങളിലായി ആകെ 185 അദ്ധ്യാപകർ ജോലി നോക്കുന്നു. (ചാർട്ട് 1 കാണുക)

എൽ.പി വിഭാഗത്തിൽ ആകെ കുട്ടികളിൽ 49%വും യു.പി വിഭാഗത്തിൽ ഏകദേശം 50% വും ഹൈസ്കൂൾ വിഭാഗത്തിൽ 49% വും ഹയർസെക്കണ്ടറി വിഭാഗത്തിൽ 39% വും പെൺകുട്ടികൾ സ്കൂൾ വിദ്യാഭ്യാസം ചെയ്യുന്നുണ്ട്. (ചാർട്ട് 2 കാണുക)

എൽ. പി വിഭാഗത്തിലെ ആകെ 2190 വിദ്യാർത്ഥികളിൽ 302 എണ്ണവും, യു.പി വിഭാഗത്തിൽ 1480 കുട്ടികളിൽ 176 എണ്ണവും ഹൈസ്കൂൾ വിഭാഗത്തിലെ 1073 കുട്ടികളിൽ 104 എണ്ണവും ഹയർസെക്കണ്ടറി വിഭാഗത്തിൽ 180 കുട്ടികളിൽ 4 എണ്ണവും പട്ടിക ജാതിയിൽ പെടുന്നവരാണ്. ഇവർ യഥാക്രമം 14 %, 12%, 10%, 22% വീതമാണുള്ളത്. (പട്ടിക 3 കാണുക)

ലഭ്യമായ വിവരങ്ങളനുസരിച്ച് കഴിഞ്ഞ 2 വർഷങ്ങളിലായി നൂറോളം വിദ്യാർത്ഥികൾ പഠനം നിറുത്തി പോയിട്ടുണ്ട്. ഇവരിൽ അഞ്ചിലൊന്ന് പട്ടികജാതി വിഭാഗത്തിൽപെടുന്ന കുട്ടികളാണ്. (പട്ടിക 4 കാണുക)

ചാർട്ട് -2

സ്ക്കൂൾ വിദ്യാഭ്യാസം ചെയ്യുന്ന പെൺകുട്ടികളുടെ എണ്ണവും ശതമാനക്കണക്കും

L.P				U.P				H.S				H.S.S			
ആകെ	ആൺ	പെൺ	% പെൺ	ആകെ	ആൺ	പെൺ	% പെൺ	ആകെ	ആൺ	പെൺ	% പെൺ	ആകെ	ആൺ	പെൺ	% പെൺ
2190	1123	1067	49%	1480	745	735	50%	1073	544	529	49%	180	110	70	39%

ചാർട്ട് -3

പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക്

L.P			U.P			H.S			H.S.S		
ആകെ	SC/ST	%SC/ST	ആകെ	SC/ST	%SC/ST	ആകെ	SC/ST	%SC/ST	ആകെ	SC/ST	SC/ST
2190	302	14%	1480	176	12%	1073	104	10%	180	4	2.2%

ചാർട്ട് -4

കൊഴിഞ്ഞുപോയവർ

L.P.						U.P						H.S					
SC/ST			മറ്റുള്ളവർ			SC/ST			മറ്റുള്ളവർ			SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2	2	3	24	22	46	4	2	6	9	9	18	5	1	6	16	1	17
ആകെ						ആകെ						ആകെ					
ആൺ		പെൺ			ആകെ	ആൺ		പെൺ			ആകെ	ആൺ		പെൺ			ആകെ
26		24			50	13		11			24	21		2			23

ചാർട്ട് -5

ഗവ: സ്ക്കൂളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും എണ്ണം

ആകെ തസ്തികകൾ	ആകെ അദ്ധ്യാപകർ	ഒഴിവുള്ളത്		ഗവ:വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെഎണ്ണം	ഗവ:വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെഎണ്ണം ശതമാനത്തിൽ	ആകെ വിദ്യാർത്ഥിൾ	ഗവ:വിദ്യാലയങ്ങളിലെ വിദ്യാർത്ഥകളുടെ എണ്ണം	ഗവ:സ്കൂളുകളിലെ വിദ്യാർത്ഥകളുടെഎണ്ണം ശതമാനത്തിൽ
		എയ്ഡഡ്	ഗവ:					
195	185	1	9	52	28%	4923	1676	29%

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ആകെ അനുവദിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപക തസ്തികകളുടെ എണ്ണം 195 ആണ്. ഇവയിൽ 10 എണ്ണം ഒഴിഞ്ഞു കിടക്കുന്നു. ഇതിൽ തന്നെ 9 എണ്ണം സർക്കാർ സ്കൂളുകളിലാണ്. സർക്കാർ സ്കൂളുകളിൽ ആകെ 52 അദ്ധ്യാപകരാണ് പ്രവർത്തിയെടുക്കുന്നത്. ഇത് മൊത്തം അദ്ധ്യാപകരുടെ 28% ആണ്. അദ്ധ്യാപകരിൽ ബഹുഭൂരിഭാഗവും സ്ത്രീകളാണ്.

പഞ്ചായത്തിലെ മൊത്തം 4923 വിദ്യാർത്ഥികളിൽ 3247 പേർ എയ്ഡഡ് സ്കൂളുകളിലും 1676 സർക്കാർ സ്കൂളുകളിലുമാണ് പഠിക്കുന്നത് സർക്കാർ സ്കൂളുകളിൽ പഠിക്കുന്നവർ ആകെ എണ്ണത്തിന്റെ 29% ആണ്. (ചാർട്ട് 5 കാണുക)

ഭൗതികസാഹചര്യങ്ങൾ: പഞ്ചായത്തിലെ നിലവിലുള്ള 14 വിദ്യാഭ്യാസസ്ഥാപനങ്ങളിൽ 2 ഗവ: എൽ.സ്ക്കൂളുകൾക്കു ഒരു സ്വകാര്യ എൽ. പി. എസ്സിനും ആവശ്യമായ അളവിലുള്ള ക്യാമ്പസ് ഇല്ല.രണ്ടു വിദ്യാലയങ്ങൾക്കും കളിസ്ഥലമില്ല ഉള്ളവയിൽ തന്നെ പലതിനും ആവശ്യമായ അളവിലുമില്ല. ഭൂരിഭാഗം സ്കൂളുകൾക്കും ചുറ്റുമതിലോ, വേലിയോ ഇല്ല. സ്വകാര്യമേഖലയിലും ഗവ: മേഖലയുമായുള്ള 5 വിദ്യാലയങ്ങൾക്ക് സ്വന്തമായി കക്കുസുകളില്ല.

കുടിവെള്ളത്തിന് മിക്ക സ്കൂളുകളും കിണറിനെയാണ് ആശ്രയിക്കുന്നത്. ഒരു സ്കൂളിന് സ്വന്തമായി കിണറില്ല. ക്യാമ്പസിനുസമീപമുള്ള പഞ്ചായത്തുകിണറിനെ ആശ്രയിക്കുന്നു. കുടിവെള്ള ലഭ്യതയ്ക്കായി പമ്പുസെറ്റുകൾ ചില സ്കൂളുകൾക്കുണ്ടെങ്കിലും എല്ലാം

പൂർണ്ണമായ് പ്രവർത്തനക്ഷമമല്ല. ആകെയുള്ള 14 വിദ്യാലയങ്ങളിൽ 7 എണ്ണത്തിനുമാത്രമേ വൈദ്യുതി ലഭ്യമായിട്ടുള്ളു. (ചാർട്ട് 6 കാണുക)

പഞ്ചായത്തിലെ 3 വിദ്യാലയങ്ങൾക്ക് ലൈബ്രററി സൗകര്യമില്ല. ലബോറട്ടറിയോ സയൻസ് കോർണറോ ഇല്ലാത്ത 3 സ്കൂളുകൾ ഉണ്ട്. ഉള്ളവയിൽ തന്നെ പലതിനും പരിമിതമായ സൗകര്യങ്ങളേ ഉള്ളു. മാപ്പ് ചാർട്ട് മുതലായ പഠനോപകരണങ്ങൾ ഒന്നൊഴികെ എല്ലാ സ്കൂളുകൾക്കുമുണ്ട്. എന്നാൽ അവ ആവശ്യമായതോതിലില്ല. അഞ്ചു സ്കൂളുകൾക്ക് റേഡിയോയും 4 സ്കൂളുകൾക്ക് ടേപ്പു റിക്കാഡറുമില്ല. ടി.വി, പ്രൊജക്ടർ, മുതലായവ ഒരുസ്ക്കൂളിനുമില്ല ബ്ലാക്ക് ബോഡിന്റെ അപര്യാപ്തതയുള്ള സ്കൂളുകളുമുണ്ട്.

എല്ലാ സ്കൂളുകളിലും പി. റ്റി. എ പ്രവർത്തിക്കുന്നുണ്ട്. മാതൃസംഗമം എല്ലായിടത്തും സജീവമാണ്. (ചാർട്ട് 7 കാണുക)

സ്കൂൾ തലത്തിൽ ബാലകലോത്സവവും യുവജനോത്സവവും എല്ലാ സ്കൂളുകളിലും നടത്തുന്നുണ്ട്. ജേതാക്കൾ സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കാറുണ്ട്. എന്നാൽ ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ മികവ് പ്രകടിപ്പിച്ചിട്ടുള്ള പ്രതിഭകൾ പഞ്ചായത്തിലെ ഒരു സ്കൂളിൽ നിന്നുപോലും അടുത്ത കാലങ്ങളിൽ ഉണ്ടായിട്ടില്ല.സബ് ജില്ലാതലത്തിലുള്ള ശാസ്ത്രമേളകൾ നടക്കാറുണ്ടെങ്കിലും എല്ലാ സ്കൂളുകളും അതിൽ പങ്കെടുക്കാറില്ല.

സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾക്കും ഫർണിച്ചറിന്റെ അറ്റകുറ്റ പണികൾക്കും തുക ചെലവാക്കുന്നതായി കാണുന്നു. എന്നാൽ അറ്റകുറ്റ പണികൾ യഥാസമയം നടക്കുന്നില്ല എന്ന പരാതികളും ഉണ്ട്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനത്തിന് കോളേജ് പ്രവേശനംലഭിക്കാത്തവർക്ക് സാമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരാശ്രയമായി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിച്ച് പോരുന്നു. സ്ക്കൂൾ വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കും മുസ്ലീം പെൺകുട്ടികൾക്കും ജവാൻമാരുടെ കുട്ടികൾക്കും സർക്കാരിൽ നിന്ന് കാലാകാലങ്ങളിൽ സാമ്പത്തികാനുകൂല്യം ലഭിക്കുന്നുണ്ട്

ഈ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുംതന്നെയില്ല എന്നത് പ്രത്യേകം പരാമർശിക്കേണ്ടിയിരിക്കുന്നു. സ്വദേശത്തും വിദേശത്തും തൊഴിൽ സാധ്യതയുണ്ടാക്കാൻ കഴിയുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഇനിയും വൈകിക്കൂടാ മഞ്ഞപ്പാറ ഹൈസ്കൂളിനോട് ചേർന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രയോജനം ഈ പഞ്ചായത്തിലെ തുച്ഛമായ എണ്ണം വിദ്യാർത്ഥികൾക്ക് മാത്രമേ ലഭിക്കുന്നുള്ളു.

നല്ലരീതിയിൽ പ്രവർത്തിച്ചു പോരുന്ന ഏഴ് ഗ്രന്ഥശാലകൾ ഈ പഞ്ചായത്തിലുണ്ട്. ഇവയിൽ 7 എണ്ണവും സ്വന്തമായ സ്ഥിരം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിൽ നിന്ന് സാമ്പത്തിക സഹായവും മറ്റ് പ്രോത്സാഹനവും ഈ ഗ്രന്ഥശാലകൾക്ക് ലഭിക്കുന്നുണ്ട്. ഇവ അതാത് പ്രദേശത്തെ ജനങ്ങളുടെ അനൗപചാരിക വിദ്യാഭ്യാസത്തിന് വളരെയേറെ പ്രയോജനപ്പെടുന്നുണ്ട്. നാമമാത്രമായി പ്രവർത്തിച്ചു വരുന്ന ഗ്രന്ഥശാലകളും പഞ്ചായത്തിലുണ്ട്. ഇത്തരം ഗ്രന്ഥശാലകൾ വളർത്തിയെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്

തൊണ്ണൂറുകളുടെ ആരംഭത്തിൽ തുടങ്ങിയ 'അക്ഷരകേരളം' സമ്പൂർണ്ണ സാക്ഷരതാപദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഈ പഞ്ചായത്ത് ഗണ്യമായ നേട്ടം കൈവരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ആരംഭിച്ച ജന വിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തേണ്ടതുമാണ്. ഒന്നാം ഘട്ടത്തിലേതുപോലെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തുടർസാക്ഷരതാപദ്ധതി തുടങ്ങേണ്ടത് ആവശ്യമാണ്

വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ

1. ഇന്നത്തെ വിദ്യാലയങ്ങളുടെമോശപ്പെട്ട ഭൗതികസാഹചര്യങ്ങൾ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും പ്രതീക്ഷ ജനിപ്പിക്കുന്നില്ല.
2. ഉറപ്പുള്ള സ്ഥിരം കെട്ടിടങ്ങൾ, ഫർണ്ണിച്ചർ ഇവയുടെ അപര്യാപ്തത.
3. ടെക്സ്റ്റ് ബുക്കുകൾ യഥാസമയം ലഭ്യമാകാത്ത അവസ്ഥ.
4. ഗവ:സ്കൂളുകളിൽ യഥാസമയം അദ്ധ്യാപകരെ നിയമിക്കുന്നില്ല
5. ആവശ്യമായ പഠനോപകരണങ്ങൾ, ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ എന്നിവയുടെ അപര്യാപ്തത
6. മതിയായ കളിസ്ഥലങ്ങളുടെ കുറവ്.
7. പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം തൃപ്തികരമല്ല.
8. പ്രൈമറി വിദ്യാഭ്യാസത്തിന് 2 കി:മീ ലധികം ദൂരം കൊച്ചുകുട്ടികൾക്ക് യാത്ര ചെയ്യേണ്ടിയിരിക്കുന്നു.
9. ഇംഗ്ലീഷ് മീഡിയവും മലയാളം മീഡിയവുമായുള്ള അൺഎയിഡഡ് സ്കൂളുകളുടെ വർദ്ധനവ് പൊതു വിദ്യാലയങ്ങളുടെ ഭാവിയെ സാരമായി ബാധിക്കുന്നു.
10. സ്കൂളുകളിൽ അദ്ധ്യപകർക്കും വിദ്യാർത്ഥികൾക്കും യഥാസമയം എത്തിച്ചേരാൻ യാത്രാസൗകര്യമില്ല എന്നുള്ളത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

11. സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾജാഗ്രതപുലർത്തുന്നില്ല.
12. വർഷത്തിലെ മുഴുവൻ സാദ്ധ്യായ ദിവസങ്ങളിലും എൽ.പി, യു. പി വിഭാഗത്തിൽ ഉച്ചക്കഞ്ഞി വിതരണം നടക്കുന്നില്ല.
13. നവീകരിച്ച ഭാരിച്ച സിലബസ്സ് കൈകാര്യം ചെയ്യുന്നതിന് അദ്ധ്യാപകർക്ക് യഥാസമയം പരിശീലനം ലഭിക്കുന്നില്ല.
14. സ്കൂളുകളിലെ അച്ചടക്ക പരിപാലനത്തിന് സഹായകമായ രീതിയിൽവിദ്യാർത്ഥികളെയും വിദ്യാലയത്തേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ രക്ഷാകർത്താക്കളും അദ്ധ്യാപകരും തമ്മിൽ മതിയായ ധാരണ ഉണ്ടാകുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിലൂടെയും സമയോചിതമായ ഇടപെടലുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ വഴിയും പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരങ്ങൾ കാണാൻ കഴിയും

പരിഹാരങ്ങളും നിർദ്ദേശങ്ങളും

താൽക്കാലിക കെട്ടിടങ്ങൾക്ക് പകരം സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കുകയുംഅറ്റകുറ്റപണികൾ യഥാസമയംനടത്തുകയും ചെയ്യുക. ആവശ്യമായ ഫർണ്ണിച്ചർ ലഭ്യമാക്കുക. മൂത്രപുരയും കക്കൂസും ഇല്ലാത്ത സ്ക്കൂളുകളിൽ മുൻഗണനാക്രമത്തിൽ അവ നിർമ്മിക്കുകയും ഉപയോഗയോഗ്യമല്ലാത്തവ പുനർ നിർമ്മിക്കുകയും ചെയ്യുക. കായിക പരിശീലനം വിദ്യാഭ്യാസത്തിന്റെഭാഗമായി പരിഗണിച്ച് അതിനു പരിശീലനം നൽകാൻ ആവശ്യമായ കളിസ്ഥലം അതില്ലാത്ത സ്ക്കൂളുകൾ ഉണ്ടാക്കുന്നതിനും നടപടികളെടുക്കുക, ഉച്ചകഞ്ഞിവിതരണം മുടങ്ങാതെനടത്താനുള്ള ഏർപ്പാടുകൾ എല്ലാ എൽ.പി. യു.പി സ്ക്കൂളുകളിലും ഉണ്ടാക്കുക. സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ സ്ക്കൂളുകളിൽ എത്തിക്കാനാവശ്യമായ നടപടികളെടുക്കുക.

മേൽ പറഞ്ഞ പ്രശ്ന പരിഹാരങ്ങൾക്ക് അദ്ധ്യാപക രക്ഷാകർത്തൃസമിതികളുടെയും മാതൃസംഗമങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആവിശ്യമാണ്. ഇതിനായി സർക്കാർ, സ്വകാര്യ വ്യത്യാസമില്ലാതെ എല്ലാ വിദ്യാലയങ്ങളിലും രൂപീകരിക്കുന്ന പി.റ്റി. എ കൾക്കും മാതൃസംഗമങ്ങൾക്കും ഗ്രാമപഞ്ചായത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം. ആവശ്യമായ ഇടപെടലുകളും ഉണ്ടാകണം. ഇതിനായി ഓരോ സ്ക്കൂളുകളിലേയും പി.റ്റി. എ കളിൽ അതാത് വാർഡ് മെമ്പർമാർ അംഗങ്ങളായി പ്രവർത്തിക്കണം.

എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ പഠനോപകരണങ്ങളും ദൃശ്യ ശ്രാവ്യ ഉപകരണങ്ങളും ലഭ്യമാക്കണം.

സർക്കാർ വിദ്യാലയങ്ങളിൽ യഥാസമയം അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികളെടുക്കണം.

അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. യാത്രാസൗകര്യം ഇല്ലാത്തതിന്റെ പേരിൽ സർക്കാർ സ്ക്കൂളുകളിൽ നിയമിതരാകുന്ന അദ്ധ്യാപകർ സ്ഥലം മാറി പോകുന്നതിന്കാരണം കണ്ടെത്തുന്നു. വിദ്ധ്യാർത്ഥികൾക്കും പതിവായി സ്കൂളിൽ സമയത്തിനെത്തിചേരാൻ കഴിയാതെ വരുന്നു. ഈ അവസ്ഥമാറണം.

പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ പഞ്ചായത്തിൽ സ്കൂൾ കോംപ്ലക്സുകൾ പ്രവർത്തിക്കണം, സ്കൂൾ കോംപ്ലക്സിൽ വെച്ച് നിലവിലുള്ള സൗകര്യങ്ങളുടെ വിലയിരുത്തൽ ഉണ്ടാവണം. സ്കൂളുകളിലെ അദ്ധ്യയനത്തിന് തടസമാകാത്ത രീതിയിൽ അദ്ധ്യാപക പരിശീലന പരിപാടികൾ നടപ്പിലാക്കണം. ഇതിന് പഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് ഉണ്ടാകണം.

പഞ്ചായത്തിലെ ഹൈസ്കൂളുകളേയും അവയുടെ ഫീഡർ സ്കൂളുകളേയും ഒരു കുട്ടായ്മയായി മാറ്റി ഹൈസ്കൂളുളുകളിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഫീഡർ സ്കൂളുകളുടെ നിലവാരം ഉയർത്തികൊണ്ടു വരാവുന്നതാണ്. ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ പഞ്ചായത്തിന്മുന്നോട്ടു വെയ്ക്കാവുന്നതാണ്.

പ്രാഥമിക വിദ്യാഭ്യാസം പ്രദേശത്തെ എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നതിന് പുതിയ എൽ. പി സ്കൂളുകൾ ഉണ്ടാവണം പഞ്ചായത്തിലെ 5, 6 വാർഡുകളായ ത്രാങ്ങോട്, വടക്കേകോട്ടുക്കൽ എന്നിവടങ്ങളിലെ വടക്കൻ ഭാഗങ്ങളിലുള്ള കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസത്തിനായി കോട്ടുക്കൽ എൽ. പി സ്കൂളിനേയും മലപ്പേരൂർ എം. എസ്. സി. എൽ. പി സ്കൂളിനേയുമാണ് ആശ്രിക്കുന്നത് ഇത് വളരെ ക്ലേശകരമാണ്. ഇതിന് പരിഹാരമായി ഈ രണ്ടു വാർഡുകൾക്കും സൗകര്യപ്രദമായി വടക്കേ കോട്ടുക്കലിന്റെ വടക്കു പടിഞ്ഞാറു മേഖലയിൽ ഒരു എൽ. പി സ്കൂൾ തുടങ്ങേണ്ടതാണ്. കാട്ടാമ്പള്ളി കേന്ദ്രമാക്കിയും ഒരു എൽ. പി സ്കൂൾ ആവശ്യമാണ്. കീഴ്തോണി ഇട്ടിവ, ചുണ്ട ഈ വാർഡുകളിലെ കുട്ടികൾക്ക് പ്രയോജനപ്പെടുന്നതരത്തിൽ ഈ വാർഡുകളുടെ സംഗമ സ്ഥാനത്തും പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ മണ്ണുരിന്റെ കിഴക്കൻ ഭാഗം കേന്ദ്രമാക്കിയും യു. പി സ്കൂളുകൾ ആവശ്യമാണ്. പഞ്ചായത്തിന്റെ തെക്കുകിഴക്കൻ മേഖലയിൽ ഒരു ഹൈസ്കൂൾ പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യം നിലവിലുണ്ട്. ചരിപ്പറമ്പ് യു. പി. എസ്. അപ്ഗ്രേഡുചെയ്താൽ ഇത് സാധ്യമാകുന്നതാണ്. നിലവിലുള്ള എൽ.പി.

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

സ്ക്കൂളുകൾക്ക് ആവശ്യമായ പ്രദേശങ്ങളിൽ ബ്രാഞ്ച് സ്ക്കുകളുണ്ടാക്കണം. ഇതുസംബന്ധമായ ചർച്ചയും പഠനവും അനിവാര്യമാണ്

തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്ന സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

കോളേജുകളിൽ നിന്നും പ്രീഡിഗ്രി വിദ്യാഭ്യാസം വേർപെടുത്തുമ്പോൾ പ്ലസ്ടു കോഴ്സ് ഈ പഞ്ചായത്തിൽ ആരംഭിക്കണം. ആവശ്യമായ സ്ഥലസൗകര്യങ്ങളുള്ള വയല ഗവ:ഹൈസ്കൂൾ ഇതിനായി പരിഗണിക്കാവുന്നതാണ്.

അംഗൻവാടികളിലെ സേവനവ്യവസ്ഥകൾ നവീകരിക്കുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും വേണം. അതോടൊപ്പം നിലവിലുള്ള വിദ്യാലയങ്ങളോടനുബന്ധിച്ച് കഴിയുന്നത്ര പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിക്കേണ്ടതാണ്.

യൂണിഫോറവും പഠനോപകരണങ്ങളും സാമ്പത്തിക സഹായവും നിർദ്ധനരായ വിദ്യാർത്ഥികൾക്ക് നൽകുന്ന രീതി വിപുലപ്പെടുത്തണം. (എല്ലാ വിദ്യാലയങ്ങളിലേയും നിർദ്ധനരായ കൂടുതൽ കുട്ടികളെ കണ്ടെത്തി നൽകണം ഇതിന് സന്നദ്ധസംഘടനകളുടെ സഹായം തേടാം)

എൽ. പി, യു. പി, എച്ച്. എസ് വിഭാഗങ്ങളിൽ മികച്ച മാർക്ക് നേടുന്ന കുട്ടികൾക്ക് നൽകിവരുന്ന സമ്മാനങ്ങളും വിപുലപ്പെടുത്തണം (സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതാണ്) ഇതിനും

വിദ്യലയങ്ങളിലെഅക്കാദമിക്ക് പരിശോധനകൾ യഥാകാലം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് നന്നായിരിക്കും.

സ്കൂളുകളിൽ ഫാർമേഴ്സ് ക്ലബ്ബുകൾ രൂപീകരിച്ച് വിത്തുകൾ നൽകി പച്ചക്കറിത്തോട്ടം നിർമ്മാണം പരിപോഷിപ്പിച്ച് മെച്ചപ്പെട്ടവയെ തെരഞ്ഞെടുത്ത് പഞ്ചായത്ത് തലത്തിൽ സമ്മാനങ്ങൾ നൽകുന്ന ഒരു സംവിധാനം ഉണ്ടാക്കുന്നത് നല്ലതാണ്

കുട്ടികളിലെ കലാസാഹിത്യ വാസനകൾ പരിപോഷിപ്പിച്ചെടുക്കാൻ പര്യാപ്തമായ തരത്തിൽ സ്കൂളുകളിൽ കലാസാഹിത്യക്ലബ്ബുകൾ ഉണ്ടാക്കി അവയിലെ പ്രഗത്ഭരായ കുട്ടികളെ കണ്ടെത്തി പഞ്ചായത്തുതലത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനങ്ങൾ കൊടുക്കുന്ന ആ സംവിധാനം ഉണ്ടാക്കിയെടുക്കേണ്ടതാണ്

തുടർ സാക്ഷരതാ പരിപാടി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉടൻ ആരംഭിക്കാനുള്ള നടപടികൾ ഉണ്ടാകണം

ജനകീയാസൂത്രണത്തിലൂടെ വിദ്യാഭ്യാസ രംഗത്തെ ഇടപെടൽ കാര്യക്ഷമമാക്കിയാൽ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരികയും ഈ രംഗത്ത് ഒരു നവോൻമേഷം ഉണ്ടാവുകയും ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. ഇത് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്കും ഒരു മാതൃകയാകുമെന്നതിൽ സംശയിക്കേണ്ടതില്ല.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1.മലപ്പേരൂർ

(1) വിദ്യാഭ്യാഭനിലവാരം മെച്ചപ്പെടുത്തുന്നതിന് ആധുനികപഠനോപകരണങ്ങൾ ലഭ്യമാക്കണം

(2) അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. എൽ.പി. യു. പി. വിദ്യാഭ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നിർദ്ധനരായ കുട്ടികൾക്ക് പുസ്തകം,കുട യൂണിഫോം ഇവ വിതരണം നടത്തുക.

2 കീഴ്തോണി

(1) കുട്ടികൾക്ക് അടിസ്ഥാനവിദ്യാഭ്യാസംലഭിക്കുന്നതിനുവേണ്ടി രണ്ടു ബാലവാടികൾ സ്ഥാപിക്കുക.

(2) തൊഴിൽ പഠിച്ച് സ്വന്തമായി തൊഴിൽ കണ്ടെത്താൻ കഴിയുന്ന തരത്തിലുള്ള തൊഴിൽ പഠനകേന്ദ്രം സ്ഥാപിക്കണം.

(3) നിരക്ഷരരായ ആളുകൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് വേണ്ടി സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കണം.

(4) കീഴ്തോണി എൽ. പി. എസിന്റെ ഓടിട്ട കെട്ടിടത്തിന്റെ ശോച്യവസ്ഥ പരിഹരിച്ച് സ്കൂളിന് ആവശ്യമുള്ള ഫർണീച്ചർ വാങ്ങുക.

(5) പ്രതിമാസം 500 രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പഠന സാമഗ്രികളും പുസ്തകവും വാങ്ങാനുള്ള സാമ്പത്തികസഹായം ചെയ്യുക.

(6) കീഴ്തോണി എൽ. പി. എസ്സിൽ യു. പി വിഭാഗം കൂടി ഉൾപ്പെടുത്തി പഠനസൗകര്യം മെച്ചപ്പെടുത്തണം.

(7) എൽ. പി സ്കൂളുകളിൽ നിന്നും കുട്ടികൾ ഇംഗ്ലീഷ് മീഡിയം തേടിപോകുന്നതിനാൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നു. ഇത് പരിഹരിക്കാൻ വേണ്ട ബോധവത്ക്കരണം നടത്തണം.

3 ഇട്ടിവ

(1) ഇട്ടിവാ വാർഡിൽ ഫിൽഗിരി കേന്ദ്രമാക്കി ഒരു പൊതു വിദ്യാലയം അനുവദിക്കുകയോ അല്ലെങ്കിൽ ഫിൽഗിരിയിൽ നിലവിലുള്ള അൺഎയിഡഡ് സ്കൂൾ ഒരു എയിഡഡ് സ്കൂൾ ആക്കിഉയർത്തുകയോ ചെയ്യുക .

(2) അംഗൻവാടി, ബാലവാടി, പ്രീപ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങൾ അടിയന്തരമായി വാർഡിൽ സ്ഥാപിക്കേണ്ടതാണ് .

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

(3) വയ്യാനം എൽ. പി. എസ്സിൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ രക്ഷാകർത്തൃസമിതിയുടെ പ്രവർത്തനം സജീവമാക്കേണ്ടതാണ്

4.കോട്ടുക്കൽ

(1) കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക, നിർദ്ധനരായ കുട്ടികൾക്ക് യൂണിഫോറവും പഠനോപകരണങ്ങളും നൽകുക

(2) പട്ടിജാതി കുടുംബങ്ങളുള്ള ഈ വാർഡിൽ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം പിറകിലോട്ടാണ്. അവർക്ക് സൗജന്യട്യൂഷൻ നൽകുകയും പഠനോപകരണങ്ങൾ സൗജന്യമായി നൽകിയും സഹായിക്കുക.

(3) പ്രാഥമികാവശ്യത്തിന് കക്കൂസ് കോട്ടുക്കൽ എൽ. പി. എസ്സിൽ. അനുവദിക്കുക

(4) കുട്ടികൾക്ക് ഭീഷണിയായി എൽ. പി. സ്കൂളിനോട് ചേർന്നു നിൽക്കുന്ന റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടി ഉണ്ടാക്കുക.

(5) നിലവിലുള്ള അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുക

(6) കേടായ മോട്ടോർ മാറ്റി സ്ഥാപിക്കുകയോ അറ്റകുറ്റ പണികൾ നടത്തുകയോ ചെയ്യുക

(7) കോട്ടുക്കൽ എൽ. പി. എസ്സിൽ ചുറ്റുമതിൽ കെട്ടുകയോ, മുള്ളുകമ്പി വലിക്കുകയോ ചെയ്ത് സാമൂഹ്യവിരുദ്ധൻമാരുടെ ശല്യം ഒഴിവാക്കുക

(8) ഉച്ചഭക്ഷണം തുടർന്ന് നടത്തികൊണ്ട് പോകുന്നതിനാവശ്യമായ സാമ്പത്തികസഹായം നൽകുക

5 ത്രാങ്ങോട്

(1) ത്രാണ്ണോടു വാർഡിൽ ഒരു വിദ്യാഭ്യാസ സ്ഥാപനവും ഇല്ല .ആയതിനാൽ ആലംകോട് കേന്ദ്രീകരിച്ച് ഒരു എൽ. പി. സ്കൂൾ അനുവദിക്കുക.

(2) നിരക്ഷരരായ ആളുകൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനു വേണ്ടി സാക്ഷരതാപ്രവർത്തനംകാര്യക്ഷമമാക്കുക.

(3) വാർഡിൽ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് രണ്ട് ബാലവാടികളോ രണ്ട് അംഗൻവാടികളോ സ്ഥാപിക്കേണ്ടതാണ്.

(4) വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് വേണ്ടുന്ന നടപടികൾ വാർഡിൽ നിർബന്ധമായുംഉണ്ടാക്കണം.

6 വടക്കേകോട്ടുക്കൽ

(1) ഈ വാർഡിൽ രണ്ടുമുതൽ നാലു കിലോ മീറ്റർവരെ ദൂരം നടന്നാണ് അടുത്തുള്ള സ്കൂളുകളിൽ പോകുന്നത് ആയതിനാൽ ധാരാളം കുട്ടികൾ പഠിക്കുന്ന ഈ വാർഡിൽ പടിഞ്ഞാറൻ മേഖലയായ ആലംകോട് കേന്ദ്രീകരിച്ച് ഒരു എൽ. പി. സ്കൂൾ അനുവദിക്കേണ്ടതാണ്.

(2) വാർഡിൽ ഏകദേശം 15% ത്തോളം ആളുകൾ നിരക്ഷരരാണ്. ആയതിനാൽ അത്തരക്കാർക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ടി സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

(3) കോട്ടുക്കൽ കേന്ദ്രമാക്കി ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം ആരംഭിക്കുക.

(4) കോട്ടുക്കൽ യു. പി. എസ്സ് ഒരു ഹൈസ്കൂളായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

(5) കോട്ടുക്കലിൽ അനുവദിച്ച ജനവിദ്യാകേന്ദ്രത്തിന് സ്വന്തമായി ഒരു കെട്ടിടവും, അതുവഴി നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസവും നൽകുക.

7 പടിഞ്ഞാറേവയല

(1) വയല ഗവ:ഹൈസ്കൂളിന്റെ ഇപ്പോഴുള്ള ശോചനീയാവസ്ഥ പരിഹരിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുക. ലൈബ്രറി, ലബോറട്ടറി ആവശ്യമായ ഫർണീച്ചർ എന്നിവയുണ്ടാക്കണം ക്ലാസ്സ് മുറികൾ വൈദ്യുതീകരിക്കുക.

(2) വാർഡിൽ ജനവിദ്യാകേന്ദ്രം തുറന്ന് നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസം നൽകുക .

(3) നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പടനോപാധികൾ സൗജന്യമായി നൽകി അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുക.

8 കീഴക്കേവയല

എൽ. പി, യു,പി സ്കൂൾ ഗ്രൗണ്ട് വികസിപ്പിക്കുകയും, ഫർണിച്ചർ സാധനങ്ങൾലഭ്യമാക്കുകയും ഹാളുകൾ റൂമാക്കിതിരിക്കുകയും ചെയ്യേണ്ടതാണ്.

(2) നിലവിലുള്ള പി.റ്റി.എ കൂടുതൽ ശ്രദ്ധപതിപ്പിച്ച് പഠന നിലവാരം മെച്ചപ്പെടുത്തണം.

9 മണ്ണൂർ

(1) ഈ വാർഡിൽ നൂറ്റാണ്ടു പിന്നിട്ട എൽ. എം.എസ് എൽ. പി സ്കൂളിനെഅപ്ഗ്രേഡ് ചെയ്ത് ഒരുമിഡിൽ സ്കൂൾ ആക്കാൻ വേണ്ട നടപടിയുണ്ടാക്കണം.

(2) പ്രിപ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യപ്രദമായ അംഗന വാടികൾ അനുവദിക്കുക.



(3) പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് വേണ്ടി സൗജന്യ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുക.

10 തൂയന്നൂർ

(1) ശിശുമന്ദിരത്തിൽ പ്രവർത്തിക്കുന്നനഴ്സറി സ്കൂളിന്റെ പ്രവർത്തനം മെച്ചപെടുത്തുന്നതിന് അടിയന്തിര ശ്രദ്ധയുണ്ടാകണം. ആയതിലേക്ക് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ് നിർത്തലാക്കുകയും

ജീവനക്കാരുടെ വേതനം മമെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ് .

(3) തുടയന്നൂർ വാർഡിൽ നിന്നും പ്രൈമറി വിദ്യാഭ്യാസത്തിന് കുട്ടികൾക്ക് നാലു കിലോ;മീറ്ററോളം ദൂരം യാത്ര ചെയ്യേണ്ടതായി വരുന്നു. ഇതിന് ശാശ്വത പരിഹാരമെന്ന നിലയിൽ വാർഡിൽ ഒരു എൽ.പി. എസ് സ്ഥാപിക്കണം.

(4) ഈ വാർഡിലെ കുട്ടികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടി 10 കിലോമീറ്ററോളം സഞ്ചരിക്കേണ്ടതായി വരുന്നു. ഈ അവസ്ഥയ്ക്ക് ശ ാശ്വത പരിഹാരമെന്ന നിലയിൽ ഒരു ഹൈസ്ക്കൂൾ അനുവദിക്കണം

(5) സാങ്കേതിക വിദ്യാഭ്യാസത്തിന് വളരെയേറെ വിദ്യാർത്ഥികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നു. അതിനാൽ എൻ.സി.വി.റ്റി.യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രം തുടയന്നൂർ കേന്ദ്രമാക്കി സ്ഥാപിക്കുക.

11 ചാഞപ്പാറ

(1) പെരിങ്ങാട് സ്ക്കൂൾ പ്രവർത്തിക്കുന്നതിനാവശ്യായകെട്ടിടസൗകര്യമില്ല. ഫർണ്ണിച്ചറിന്റെ അപര്യാപ്തതയും നിലനിൽക്കുന്നു. ഇവ പരിഹരിക്കുനനതിനാവശ്യമായ നടപടികൾ ഉണ്ടാകണം.

(2) ഈ വാർഡിലുള്ള സ്ക്കൂളിലേയ്ക്ക് ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുക, യാത്രാസൗകര്യം മെച്ചപ്പെടുത്തുക, കുട്ടികൾക്ക് കുടിവെള്ളം ലഭിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കുക, പി.റ്റി.എ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക മുതലായ കാര്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

(3) പെരിങ്ങാട് ഗവ:ഡബ്ലിയു എൽ.പി.പസ്സ് മുക്കട എൽ.പി.എസ് എന്നിവ അപ്ഗ്രേഡ് ചെയ്യുക. പെരിങ്ങനാട് റവന്യൂഡിപ്പാർട്ട് മെൻറിന്റെ കൈവശമുള്ള മിച്ചഭൂമിയിൽ ഒരുഹൈസ്ക്കൂൾ സ്ഥാപിക്കുക.

12 പരിപ്പാറമ്പ്

(1) ഈ വാർഡിലുള്ള യു.പി.സ്, ഹൈസ്ക്കൂളായി ഉയർത്തുക. ഇപ്പോൾ നിലവിലുള്ള സ്ക്കൂളിന്റെ ആവശ്യത്തിന് ഫർണ്ണിച്ചറുകൾ ലഭ്യമാക്കുക.

(2) സാക്ഷരതാപ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ട പ്രോത്സാഹനം തുടർന്നും നടപ്പിലാക്കുക.

(3) സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങളില്ല. ആകയാൽ സാങ്കേതിക വിദ്യാഭ്യാസം കുട്ടികൾക്ക് ഫ ലപ്രദമായി ലഭിക്കുന്നതിനായി അടിയന്തിര പ്രാധാന്യം കൊടുത്ത് ഒരു സാങ്കേതി വിദ്യാഭ്യാസ സ്ഥാപനംഉണ്ടാക്കുക.

13 ചുണ്ട

(1) സാക്ഷരതാപ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പണികഴിപ്പിച്ചിട്ടുള്ള ജനവിദ്യാകേന്ദ്രം തുറന്നു പ്രവർത്തിപ്പിക്കുക

(2) കുട്ടികളുടെയും സ്ത്രീകളുടെയും വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ വളർച്ചയ്ക്കുവേണ്ടി അംഗനവാടി സ്ഥാപിക്കുക

(3) ചുണ്ടയിൽ ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം

ഒരു പിന്നോക്ക സംസ്ഥാനമെന്ന കേരളത്തിന്റെ ദുഷ്പേരുമാറ്റി
എല്ലാകാര്യങ്ങളിലും സ്വയംപര്യാപ്തത കൈവരിക്കാൻ
നമുക്ക് കഴിയണം. അതിന് പുതിയ വികസന മാതൃകകൾ സൃഷ്ടിക്കണം.

പാലോളി മുഹമ്മത്കുട്ടി
തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി.

ചാർട്ട് - VI

ഭൗതിക സാഹചര്യങ്ങൾ

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ള ലഭ്യത	വൈദ്യുതി	കാമ്പസിന്റെ വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ചുറ്റുമതിൽ / കമ്പിവേലി
1.	M.S.C. L.P.S മലപ്പേരൂർ	295	9	1	1	ലഭ്യമാണ്	ഇല്ല	1.50 ഏ:	50 സെ:	ഇല്ല
2.	Govt. L.P.S കീഴ്ത്തോണി	226	7	ഇല്ല	1	ലഭ്യമാണ്	ഉണ്ട്	1. ഏ:	20 സെ:	3വശം വേലി 1വശം മതിൽ
3.	L.P.S വയ്യാനം	223	8	1	ഇല്ല	ഇല്ല	ഇല്ല	50 സെ:	5 സെ:	ഇല്ല
4.	Govt. L.P.S കോട്ടുക്കൽ	329	9	1	ഇല്ല	ലഭ്യമാണ്	ഉണ്ട്	55 സെ:	ഇല്ല	ഇല്ല
5.	L.M.S. L.P.S മണ്ണൂർ	128	3	2	ഇല്ല	ലഭ്യമാണ്	ഇല്ല	1.52 ഏ:	50 സെ:	ഇല്ല
6.	Govt. L.P.S പെരിങ്ങോട്	174	6	1	1	ലഭ്യമാണ്	ഇല്ല	42 സെ:	ഇല്ല	ഇല്ല
7.	L.P.S മുക്കട	228	9	2	ഇല്ല	ലഭ്യമാണ്	ഇല്ല	1.50 ഏ:	50 സെ:	മതിൽ പണിയുന്നു
8.	N.V. U.P.S വയല	873	30	2	1	ലഭ്യമാണ്	ഉണ്ട്	2.50 ഏ:	1 ഏ:	ഇല്ല
9.	Govt. U.P.S ചരിപ്പറമ്പ്	331	10	2	2	ലഭ്യമാണ്	ഉണ്ട്	1.50 ഏ:	1 ഏ:	ഇല്ല
10.	M.S. U.P.S മഞ്ഞപ്പാറ	335	13	2	ഇല്ല	ലഭ്യമാണ്	ഇല്ല	1.52 ഏ:	50 സെ:	മുള്ളുവേലി ഉണ്ട്
11.	U.P.S കോട്ടുക്കൽ	249	12	1	1	ലഭ്യമാണ്	ഇല്ല	2.50 ഏ:	1 ഏ:	മുള്ളുവേലി ഉണ്ട്
12.	U.P.S കാട്ടാമ്പള്ളി	259	11	2	2	ലഭ്യമാണ്	ഉണ്ട്	2 ഏ:	75 സെ:	മതിൽ ഭാഗികം
13.	Govt. H.S വയല	616	20	2	4	ലഭ്യമാണ്	ഉണ്ട്	3 ഏ:	50 സെ:	ഇല്ല
14.	V.H.S.S മഞ്ഞപ്പാറ H.S V.H.S	457 180	38	4	2	ലഭ്യമാണ്	ഉണ്ട്	3 ഏ:	1 ഏ:	കമ്പിവേലി ഉണ്ട്

ചാർട്ട് - VII

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര്	ലൈബ്രറി	ലബോറട്ടറി or സയൻസ് കോർണർ	പഠനോപകരണങ്ങൾ Map/Chart/ Globe etc.	റേഡിയോ	ടേപ്പ് റിക്കോർഡർ	ടി.വി	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ബ്ലാക്ബോർഡ്		മാതൃ സംഗമം	പി.റ്റി.എ
										ഉള്ളത്	ഇനി ആവശ്യമുള്ളത്		
1.	M.S.C. L.P.S മലപ്പേരൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	1	1	-	-	-	10	-	സജീവം	പ്രവർത്തിക്കുന്നു
2.	Govt. L.P.S കീഴ്ത്തോണി	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	-	-	-	3	5	സജീവം	പ്രവർത്തിക്കുന്നു
3.	L.P.S വയ്യാനം	ഉണ്ട്	ഉണ്ട്	ഉണ്ട്	1	1	-	-	-	7	-	സജീവം	പ്രവർത്തിക്കുന്നു
4.	Govt. L.P.S കോട്ടുക്കൽ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	1	-	-	-	9	2	സജീവം	പ്രവർത്തിക്കുന്നു
5.	L.M.S. L.P.S മണ്ണൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	-	-	-	3	2	സജീവം	പ്രവർത്തിക്കുന്നു
6.	Govt. L.P.S പെരിങ്ങാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	1	1	-	-	-	6	-	സജീവം	പ്രവർത്തിക്കുന്നു
7.	L.P.S മുക്കട	ഇല്ല	ഇല്ല	ഉണ്ട്	1	1	-	-	-	8	-	സജീവം	പ്രവർത്തിക്കുന്നു
8.	N.V. U.P.S വയല	ഉണ്ട്	ഉണ്ട്	ഉണ്ട്	1	1	-	-	-	24	-	സജീവം	പ്രവർത്തിക്കുന്നു
9.	Govt. U.P.S ചരിപ്പറമ്പ്	ഇല്ല	ഇല്ല	ഉണ്ട്	1	1	-	-	-	7	5	സജീവം	പ്രവർത്തിക്കുന്നു
10.	M.S. U.P.S മഞ്ഞപ്പാറ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	-	-	-	9	4	സജീവം	പ്രവർത്തിക്കുന്നു
11.	U.P.S കോട്ടുക്കൽ	ഉണ്ട്	ഇല്ല	ഉണ്ട്	1	1	-	-	-	7	-	സജീവം	പ്രവർത്തിക്കുന്നു
12.	U.P.S കാട്ടാമ്പള്ളി	ഉണ്ട്	ഉണ്ട്	ഉണ്ട്	1	1	-	-	-	8	-	സജീവം	പ്രവർത്തിക്കുന്നു
13.	Govt. H.S വയല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല നഷ്ടപ്പെട്ടു	1	-	ഉണ്ട് പ്രവർത്തനക്ഷമല്ല	-	15	-	സജീവം	പ്രവർത്തിക്കുന്നു
14.	V.H.S.S മഞ്ഞപ്പാറ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	-	-	-	22	-	സജീവം	പ്രവർത്തിക്കുന്നു



വികസനമേഖലകൾ 5

വ്യവസായം

ശാസ്ത്രത്തിന്റെ നേട്ടങ്ങൾ വ്യവസായവിപ്ലവത്തിനും, വ്യവസായത്തിന്റെവളർച്ച, ശാസ്ത്രരംഗത്തുണ്ടാക്കിയിട്ടുള്ള കുതിച്ചു ചാട്ടങ്ങൾക്കും കാരണമായി. വ്യവസായ വികസനത്തിലൂടെയാണ് പലരാജ്യങ്ങളും വികസിത രാഷ്ട്രമെന്ന പദവിയിലെത്തി ചേർന്നിട്ടുള്ളത്. കാർഷിക മേഖലയിലെ നേട്ടങ്ങൾ തീർച്ചയായും അടിസ്ഥാനമാക്കികൊണ്ടേ വ്യവസായ മേഖലയ്ക്ക് വളരാൻ സാധിക്കു. നമ്മുടെ രാജ്യത്തിനും വ്യവസായ വികസനമെന്ന ലക്ഷ്യത്തിൽ നിന്നും മാറാനാവുകയില്ലെന്നു മാത്രമല്ല ഈ രംഗത്ത് സമഗ്രമായ ആസൂത്രണവും നിതാന്തമായ ശ്രദ്ധയും പതിപ്പിക്കേണ്ടതുണ്ട്. ഗ്രാമങ്ങളിലുണ്ടാകുന്ന കുടിൽ ചെറുകിട വ്യവസായങ്ങൾക്ക് ഗാന്ധിജി പ്രാമുഖ്യം നൽകിയപ്പോൾ വൻകിടവ്യവസായങ്ങളാണ് നെഹ്രുവിന്റെ ചിന്തയിലുണ്ടായിരുന്നത്. എന്തായാലും നെഹ്രുവിന്റെ വിക്ഷണഗതിയിലുള്ള വൻകിട വ്യവസായ രംഗത്ത് സ്വതന്ത്രാനന്തരം എറെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഗ്രാമീണജനതയുടെ ജീവിതത്തെ സ്പർശിക്കുമാറുള്ള വ്യവസായ സംരംഭങ്ങൾ തീരെ ഉണ്ടായില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഗ്രാമീണ ആസൂത്രണത്തിലൂടെ മാത്രമേ ഈ രംഗത്ത് ഫലപ്രദമായി എന്തെങ്കിലും മാറ്റും വരുത്താൻ കഴിയുകയുള്ളു.

ശ്രമങ്ങളെ ആധാരമാക്കി വ്യവസായരംഗത്ത് എന്തുചെയ്യുനാകുമെന്ന് പരിശോധിക്കേണ്ടതാണ്. ഇന്ന് ഗ്രാമീണ ജനതപോലും അസംഖ്യം ഉപഭോഗ വസ്തുക്കളുടെ ആവശ്യക്കാരാണ്. വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ വഴി ഉത്പാദിപ്പിക്കപ്പെടുന്ന പലഉല്പനങ്ങളും തദ്ദേശിയസാധ്യതൾക്കൊത്തവണ്ണം നിർമ്മിക്കാൻ സാധിക്കും. ഉപഭോഗ വസ്തുക്കളുടെ ഉയർന്ന ഡിമാന്റ്, തദ്ദേശിയമായി ലഭിക്കുന്ന വൈവിധ്യമാർന്ന അസംസ്കൃത പദാർത്ഥങ്ങൾ, തൊഴിൽ രഹിതരുടെ വമ്പിച്ച ഒരു പട, വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ, മുതൽമുടക്കിനുവേണ്ടി പണംതരാൻ നിരവധി ബാങ്കുകളും ഏജൻസികളും- ഈസാഹചര്യത്തിൽപോലും നമ്മുടെ ഗ്രാമീണ മേഖലകൾ വ്യവസായ ശുഷ്ക്കങ്ങളാണ്.

നമ്മുടെ പഞ്ചായത്തിൽ പറയത്തക്ക പരമ്പരാഗത വ്യവസായമോ, കുടിൽ ചെറുകിട വ്യവസായങ്ങളോ, വൻകിട വ്യവസായമോ ഒന്നും തന്നെയില്ല. 551 തൊഴിലാളികൾ പണിയെടുക്കുന്ന 40 ഇഷ്ടിക ചൂളകൾ, 50 പേർ പണിയെടുക്കുന്ന 3 ചൂരൽ വ്യവസായ യൂണിറ്റുകൾ, 404 തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി ഫാക്ട്ടറി എന്നിവ മാത്രമാണ് ചെറുകിട വ്യവസായമായി പറയാനുള്ളത്. ഈറ, തഴപ്പായ , തീപ്പെട്ടി, പടക്കം, അച്ചടി, വെൽഡിംഗ് , തടിമിൽ, റൈസ്മിൽ തുടങ്ങിയ രംഗങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളാണ് ഈരംഗത്തുള്ളത്.

പരമ്പരാഗത വ്യവസായ രംഗത്ത് കയറീടിൽ, നെയ്ത്ത്, പാത്രനിർമ്മാണം തുടങ്ങിയവ ഇവിടെ പലമേഖലകളിലുമുണ്ടായിരുന്നത് നാമാവിശേഷമായി പ്പോവുകുണ്ടായി.

ഇഷ്ടിക

ഇഷ്ടിക നിർമ്മാണ രംഗത്തെ ശാസ്ത്രീയവും കാര്യക്ഷമവുമായ ഒരു മാനേജുമെന്റ് കാണാനില്ലെന്ന് പറയേണ്ടിയിരിക്കുന്നു. അമിതമായി മണ്ണ് ഖനനം ചെയ്യുന്നതുനിമിത്തം വമ്പിച്ച പരിസ്ഥിതി പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഈ രംഗത്ത് നിയന്ത്രിതവും ശാസ്ത്രീയവുമായ ഒരു കാഴ്ചപ്പാടുണ്ടാക്കേണ്ടിയിരിക്കുന്നു. എന്തായാലും വമ്പിച്ച ലാഭമുള്ള ഈ വ്യവസായം ഏതാനും തൊഴിലാളികൾക്ക് ആശ്വാസമാണ്.

ചൂരൽ

ഖാദി ബോഡിന്റെ സഹായത്തോടെ ചുണ്ട,വയല,ചരിപ്പറമ്പ് എന്നിവിടങ്ങളിലാണ് ചൂരൽ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.ചൂരൽ വ്യവസായത്തിലെ പ്രധാന പ്രശ്നം വിദൂര സ്ഥലങ്ങളായ ആസ്സാം,മണിപ്പൂർ,മേഘാലയ തുടങ്ങിയ പൂർവ്വോത്തര സംസ്ഥാനങ്ങളിൽ നിന്നാണ് ചൂരൽ കൊണ്ടുവരേണ്ടത എന്നതുതന്നെ സാധനവില, ഉയർന്ന വാഹനക്കൂലി, കടന്നുവരുന്ന സംസ്ഥാനങ്ങൾക്ക് നൽകേണ്ട അധിക ഫീസുകൾ എന്നിവ നിമിത്തം തന്നെ ഉല്പന്നങ്ങൾക്ക് വളരെ ഉയർന്ന വില നിശ്ചയിക്കേണ്ടിവരുന്നു. തൽഫലമായി നിർമ്മിത വസ്തുക്കളുടെ വില്പനയിൽ മാന്ദ്യം വരുന്നു പ്ലാസ്റ്റിക് കസേരകൾ രംഗപ്രവേശം ചെയ്തതോടെ ചൂരൽ കസേരയുടെ ഡിമാന്റിൽ

കുത്തനെ ഇടിവുണ്ടായി. കേരളത്തിൽ ചൂരൽ ഉണ്ടെങ്കിലും സർക്കാർ നിയമം മൂലം ചൂരൽ വെട്ട് നിരോധിച്ചിരിക്കുകയാണ്. തമിഴ് നാട്ടിലും മറ്റും ചൂരൽ വെട്ടാൻ പെർമിറ്റ് നൽകുന്നുമുണ്ട്. അതിർത്തി വനങ്ങളിൽ നിന്ന് അവിടുത്തെ പെർമിറ്റുകാർ വൻതോതിൽ അനധികൃതമായി ചൂരൽ കടത്തുന്നുമുണ്ട്.

<u>കശുവണ്ടി.</u>

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന മേളക്കാട് കശുവണ്ടി ഫാക്ടറിയിൽ കഷ്ടിച്ച് 200 ദിവസം മാത്രമാണ് തൊഴിലാളികൾക്ക് പണികിട്ടുന്നത്. നമ്മുടെ പ്രദേശത്ത് സുലഭമായികിട്ടുന്ന കാർഷിക വിളയാണ് കശുവണ്ടി.നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൃഷിഫാമിൽ തന്നെ കശുമാവ് 5 ഹെക്ടറിൽ കൃഷിചെയ്തിട്ടുണ്ട്. വേണ്ടത്ര തോട്ടണ്ടി ലഭ്യമാക്കിയാൽ തൊഴിലാളികൾക്ക് ആണ്ടറുതി വരെ പണി ലഭിക്കും. എണ്ണത്തിൽ കൂടുതലായസ്ത്രീ തൊഴിലാളികൾക്ക് വേണ്ട സൗകര്യങ്ങൾ കശുവണ്ടി ഫാക്ടറിയിൽ നിലവിലില്ല എന്നു പറയേണ്ടിയിരിക്കുന്നു. നിലവിലുള്ള പ്രധാനപ്പട്ട മൂന്ന് ചെറുകിട വ്യവസായ രംഗങ്ങളിൽ അടിയന്തിരമായി ചിലപരിഷ്ക്കാരനടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

ഇഷ്ടികക്കുള്ള മണ്ണെടുപ്പ് പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കാത്ത രീതിയിലായിക്കണം.

ഇഷ്ടികയുടെ ഗുണനിലവാരത്തിൽ കൂടുതൽ ശ്രദ്ധ ഉണ്ടാവണം.

തൊഴിലാളികളുടെ ക്ഷേമ കാര്യങ്ങളിൽ ശ്രദ്ധയുണ്ടാവണം.

ചൂരൽ വ്യവസായ രംഗത്ത് കേരളത്തിലെ വനങ്ങളിൽ നിന്നും നിയന്ത്രിതമായ തോതിൽ ചൂരൽ ലഭിക്കാനുള്ള മാർഗ്ഗങ്ങൾ ഉണ്ടാകണം.

മറ്റു സംസ്ഥാനങ്ങൾ ലോഡൊന്നിന് ഭാരത്തിന്റെഅടിസ്ഥാനത്തിൽ ഈടാക്കുന്ന അധിക ഫീസ് നിർത്തലാക്കാൻ വേണ്ടത് സംസ്ഥാന ഗവൺമെന്റ് ചെയ്യണം.

ഈ രംഗത്തെ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണം.

കശുവണ്ടി രംഗത്ത് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉണ്ടാകണം.

അമ്മമാരായ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറിസമയത്ത് കുട്ടികളെ സൂക്ഷിക്കുന്നതിനുള്ള ക്രഷുണ്ടാകണം.

ഫാക്ടറിയിലെ പുകക്കുഴൽ വേണ്ടത്ര ഇനിയും ഉയർത്തിസ്ഥാപിച്ച് പരിസര മലിനീകരണം ഇല്ലാതാക്കണം.

നൂറ്റമ്പതിലേറെ ഈറതൊഴിലാളികൾ ഈറ ലഭ്യമല്ലാത്തതിനാൽത്തന്നെ തൊഴിൽ രഹിതരാണ്. ഇവർക്ക് ഈറ കിട്ടാൻ വേണ്ട നടപടികൾ ഉണ്ടാവണം.

1993-94 കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ ചുണ്ട, മഞ്ഞപ്പാറ, കാട്ടാമ്പള്ളി എന്നിവിടങ്ങളിൽ വെച്ച് മൂന്ന് വ്യവസായ സെമിനാറുകൾ നടന്നു. ഇതിനെ തുടർന്ന് തൊഴിൽരഹിതരായ സാക്ഷരതപ്രവർത്തകർക്ക് തൊഴിൽ രംഗത്ത് അവസരമുണ്ടാക്കുന്നതിനുവേണ്ടിയുള്ള ചില ചെറിയ സംരംഭങ്ങളുണ്ടാവുകയുംചെയ്തു. എന്നാൽ എല്ലാം പരാജയപ്പെടുകയാണുണ്ടായത്. നിരാശ ജനകമായ ഈ പരിസ്ഥിതി വിശേഷം അപഗ്രഥിക്കപ്പെടേണ്ടതുണ്ട്.

1. <u>സാക്ഷരതാ പ്രവർത്തകവനിതാ സഹകരണ സംഘം. ചുണ്ട:</u>

S.S.I യിൽ രജിസ്റ്റർ ചെയ്യുന്നതി നുള്ളപ്രാരംഭ നടപടികൾ 1994ൽ പൂർത്തീകരിച്ചെങ്കിലും പ്രവർത്തകരുടെ ജാഗ്രത കുറവും ബന്ധപ്പെട്ട അധികാരികളുടെ 'ചട്ടപ്പടി' ശൈലിയുമായപ്പോൾ ഒന്നും നടക്കാത്ത അവസ്ഥ ആണ് ഉണ്ടായത്.ഓഹരി മൂലധനം അടച്ചിട്ടുണ്ട്. റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാ ണത്തിന് 1.60 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്

2. <u>സാക്ഷരതാ പ്രവർത്തക പുല വനിതാസമാജം .ചുണ്ട:</u>

കൗതുക വസ്തുക്കൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ലക്ഷ്യമിട്ട് ഈ സംഘം മൂന്നുമാസം ലാഭകരമായി പ്രവർത്തിച്ചു. 20 വനിതകൾക്ക് കെയ്ൻ വർക്കിൽ പരിശീലനവും നൽകി. മുടക്കുമുതലിന്റെ അഭാവം നിമിത്തം പ്രവർത്തനം നിലച്ചു.

3. <u>കുമാരനാശാൻ അക്ഷരസംഘം. വയ്യാനം.</u>

ഇതും സാക്ഷരതാ പ്രവർത്തകർക്ക് തൊഴിലവസരം ഉണ്ടാക്കാൻ വേണ്ടി രജിസ്റ്റർ ചെയ്തതാണ്. അഗർബത്തി നിർമ്മാണത്തിൽ 25 പേർക്ക് പരിശീലനം നൽകി. മൂന്നുമാസം ലാഭകരമായി പ്രവർത്തിച്ചു. മൂലധന പ്രശ്നം നിമിത്തം ഇതുംഇപ്പോൾ പ്രവർത്തിക്കുന്നില്ല.

4. <u>കോക്കനട്ട് ഓയിൽ പ്രോഡക്ഷൻ യൂണിറ്റ്, മണ്ണൂർ:</u>

ഇതും S.S.I രജിസ്ട്രേഷന്റെ പ്രാരംഭനടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. മൂലധനത്തിന്റെ അഭാവം തന്നെയാണ് സംഘം പ്രവർത്തിക്കാനാവാത്തതിനു കാരണം.

പട്ടിക. ഒന്ന്

ക്രമനമ്പർ	വിഭാഗം	തൊഴിലാളി കളുടെഎണ്ണം		
		പു.	സ്ത്രീ.	ആകെ
1.	കശുവണ്ടി (സ്വകാര്യമേഖല)	19	390	409
2	ഇഷ്ടികച്ചൂള (സ്വകാര്യ മേഖല)	245	306	551
3	ചൂരൽ (ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ	20	30	50
4.	ഈറ്റ (സ്വകാര്യ വ്യക്തികൾ)	15	35	50
5.	റൈസ് മിൽ (സ്വകാര്യ വ്യക്തികൾ)	30	-	30
6.	തടിമിൽ (സ്വകാര്യ വ്യക്തികൾ)	5	-	5
7.	പ്രിന്റിംഗ് (സ്വകാര്യ മേഖല)	3	2	5.
8.	വെൽഡിംഗ് (സ്വകാര്യ വ്യക്തികൾ)	4	-	4
9.	പടക്കം നിർമ്മാണം (സ്വകാര്യ വ്യക്തി)	1	3	4
10.	തീപ്പെട്ടി ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ	1	5	6
	ആകെ		1114	

നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന കാർഷികോല്പന്നങ്ങൾ അടിസ്ഥാനമാക്കി സ്ഥാപിക്കാവുന്ന വ്യവസായങ്ങൾ

പട്ടിക. 2

നമ്പർ	അസംസ്കൃത പദാർത്ഥം	ഉല്പന്നം
1	റബ്ബർ	ടയർ, ചപ്പൽസോൾ മറ്റനുബന്ധസാധനങ്ങൾ
2	പൈനാപ്പിൾ	പൈനാപ്പിൾ ജ്യൂസ്, സ്കാഷ്,ജാം തുടങ്ങിയവ
3.	കശുമാങ്ങ	പാനീയങ്ങൾ
4.	നാളീകേരം	വെളിച്ചെണ്ണ, സോപ്പ്, സുഗന്ധദ്രവ്യങ്ങൾ
5.	നെല്ല്	അവിൽ
6.	കരിക്ക്,തേങ്ങ	പാനീയം, ക്രീമുകൾ തുടങ്ങിയവ
7.	ഏത്തക്കായാ	ചിപ്പ്സ്
8.	റബ്ബർ കുരു	സോപ്പ്
9	അടയ്ക്ക	സുഗന്ധപ്പാക്ക്
10.	കുരുമുളക്	തൈലം, എഡിബിൾ ഉല്പന്നങ്ങൾ
11	പാറ	മെറ്റിൽ
12.	പാറ	സിലിക്കാഷീറ്റുകൾ
13.	റബ്ബർ തടി	ഫർണിച്ചർ

ടയർഫാക്ടറി വൻകിട വ്യവസായത്തിൽപ്പെടുന്നതാണ്. ബാക്കിയെല്ലാം ചെറുകിടവ്യവസായങ്ങളായും നടത്താവുന്നവയാണ്

ITTVA GRAMPANCHAYAT SAMAGRA VIKASANA REKHA ITTVA GRAMPANCHAYAT SAMAGRA VIKASANA REKHA

പട്ടിക 3

നമ്പർ	വ്യവസായസ്ഥാപനത്തിന്റെ പേര്	ഉല്പന്നം	തൊഴിൽ സാധ്യത		
			പൂർണ്ണം	അനുബന്ധം	ഭാഗികം
1.	സാക്ഷരതാ പ്രവർത്തക വനിതാ സഹകരണസംഘം ചെറുകുളം, ചുണ്ട	റെഡിമെയ്ഡ് ഗാർമെന്റ്	4	3	2
2.	സാക്ഷരത പ്രവർത്തക പുലരി വനിതാ സമാജം ചുണ്ട	പ്ലാസ്റ്റിക്കിലെ കൗതുക വസ്തുക്കൾ	2	20	5
3.	കുമാരനാശാൻഅക്ഷര സംഘം. വയ്യാനം	അഗർബത്തി	2	15	2
4.	കോക്കനട്ട് ഓയിൽ പ്രോഡക്ഷൻയൂണിറ്റ്, മണ്ണൂർ	കേരോല്പനം വെളിച്ചെണ്ണ പ്രധാനം	8	10	5
5.	സാക്ഷരതാ പ്രവർത്തകവനിത സഹകരണസംഘം തുടയന്നൂർ	ഫ്ലവർ പാക്കറ്റ്	3	3	2
6.	അച്യുതമേനോൻ സ്മാരക സാക്ഷരതാ പ്രവർത്തക വനിത സഹരണസംഘം ചാണപാറ	മെറ്റിൽ ക്രഷിംഗ്	10	5	5
7.	ഊറ്റുകുഴി അക്ഷര സംഘം, ചരിപാമ്പ്	ചിപ്പ്സ്, മിക്ചർ, മിഠായി	3	5	2

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവയും, പിന്നിട് S.SI രജിസ്ട്രേഷനു വേണ്ട നടപടികൾ നടത്തിയവയുമാണ് ഈ സംഘങ്ങൾ.

പട്ടിക 4. സാധ്യതയുള്ള മറ്റു വ്യവസായങ്ങൾ

നമ്പർ	വ്യവസായം	ഉല്പന്നം	തൊഴിൽ സാധ്യത		
			മുഴുവൻസമയം	പാർട്ടൈം	അന്നും ഇന്നും
1	പ്ലാസ്റ്റിക്ക് ഫാക്ടറി	ബക്കറ്റ്, പാത്രങ്ങൾ, ചീപ്പ്, കീസ്	4	15	20
2.	ഇലക്ട്രോണിക്സ്	വൈദ്യുതിചോക്ക്	2	5	10
3.	ബോൾപെൻ	പേന, റീഫിൽ, മക്ഷി തുടങ്ങിയവ	3	5	10
4.	പരിക്ഷത്തടുപ്പ് നിർമാണ ഫാക്ടറി	ദക്ഷതയേറിയ അടുപ്പുകൾ	2	5	3
5.	കെട്ടിട നിർമാണ സാമഗ്രികൾ	ഹോളോബ്രിക്സ് ജാളി, കോൺക്രിറ്റ്, കട്ടിള, ജനൽ	4	5	5
6.	ആണിനിർമ്മാണം	വിവധതരം ആണികൾ	2	2	2
7.	കാർഷികോപകരണങ്ങൾ	ടാപ്പിംഗ്കത്തി,മൺവെട്ടി തുടങ്ങിയവ	3	2	2

5. <u>സാക്ഷരതാ പ്രവർത്തക വനിതാ സഹകരണ സംഘം തുടയന്നൂർ:</u>

വനിതകൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്താൻ വേണ്ടിഫ്ലവർപാക്കറ്റ് നിർമ്മാണകേന്ദ്രം ആരംഭിക്കാനാണ് ലക്ഷ്യംമിട്ടിരുന്നത്. അംഗങ്ങളുടെ താല്പര്യ കുറവുനിമിത്തം ഈ രംഗത്ത് ഒന്നും നടന്നിട്ടില്ല.

6. <u>അച്യുത മേനോൻ സ്മാരക സാക്ഷരതാ പ്രവർത്തക വനിതാ സംഘം, ചാണപ്പാറ:</u>

ഇതിന്റെ ലക്ഷ്യവും മെറ്റിൽ ക്രഷിംഗ് യൂണിറ്റു സംഘംടിപ്പിച്ച് തൊഴിൽരഹിതരായ സാക്ഷരതാ പ്രവർത്തകർക്ക് അവസരം നൽകുക എന്നതായിരുന്നു.ഈ രംഗത്തും കാര്യമായി ഒന്നും നടന്നിട്ടില്ല.

7. <u>ഊറ്റുകുഴി അക്ഷരസംഘം, ചരിപ്പറമ്പ്:</u>

ചിപ്സ്, മിക്ചർ, മിഠായി തുടങ്ങിയവ നിർമ്മിച്ച് വിപണനം നടത്തുക എന്നതായിരുന്നു ഈ സംഘത്തിന്റെലക്ഷ്യം.സംഘാംഗങ്ങളുടെ നിസ്സഹകരണം നിമിത്തം ഒന്നും നടക്കാതെപോയി. മേൽപ്പറഞ്ഞ ഏഴു സംഘങ്ങൾക്കും കളക്ടറുടെ ഫണ്ടിൽ നിന്നും 500 രൂപ വീതം തുടക്ക ചെലവിനായി ഇൻസന്റീവായി നൽകിയിട്ടുണ്ട്. ഈ സംരംഭങ്ങൾ വിജയിക്കാതെ പോയതിന് പലകാരണങ്ങളുമുണ്ട്.

തൊഴിൽരഹിതരായ യുവാക്കളുടെ അദ്ധ്വാനത്തോടുള്ള തെറ്റായസമീപനം.

സർക്കാർജോലിയോ വൻവ്യവസായസ്ഥാപനത്തിലെ ജോലിയോ മാത്രമാണ് അഭികാമ്യം എന്നതോന്നൽ. മൂലധനത്തിന്റെ അഭാവം.

മതിയായ പ്രോത്സാഹനം നൽകുന്നതിൽ ചുമതലപ്പെട്ടവരുടെ അനാസ്ഥ.

ബാങ്കുകളിൽ നിന്നും മറ്റും ലോണുകൾ കിട്ടാനുള്ള ബുദ്ധിമുട്ട്.

S.S.I അധികരുടെ ഉപദേശത്തോടൊപ്പമുള്ള മതിയായ തുടർപ്രവർത്തനം ഇല്ലാതിരിക്കുന്ന സ്ഥിതി. ഈ സ്ഥിതി വിശേഷത്തിൽ നിന്നും തീർച്ചയായും മോചനം ഉണ്ടാകണം.

അദ്ധ്വാനം മാത്രമാണ് ജീവിതമാർഗ്ഗം തുറന്നു തരുന്നതെന്ന് ബോധം ഉണ്ടാക്കണം.

സർക്കാരിന്റെസേവന രംഗത്തോ, വൻകിടവ്യവസായ രംഗത്തോ തൊഴിൽരഹിതരായ വരിൽ പകുതിപ്പേരെപ്പോലും ഉൾക്കൊള്ളാനാവില്ലെന്നും, ചെറിയ ഒരു വിഭാഗത്തിനു മാത്രമേ അവസരം ലഭിക്കൂ എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കുക.

മൂലധനം ലഭ്യമാക്കാൻ വേണ്ടത് പഞ്ചായത്തിന്റെ ബന്ധപെടലിലൂടെ ഉണ്ടാകണം.

ഒരു സാമൂഹ്യപ്രോത്സാഹന സംസ്ക്കാരമുണ്ടായിവരണം.

S.S.I വിഭാഗം കൂടുതൽസാങ്കേതിക വിദഗ്ധരെ നിയോഗിച്ച് ഓരോ പ്രദേശത്തേയും വസ്തുനിഷ്ഠ സാഹചര്യം പഠിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നല്കാൻ വേണ്ടത് ചെയ്യുക. പഞ്ചായത്ത് തോറും വ്യവസായ ഉപദേശകനായ ഉദ്യോഗസ്ഥൻ വേണം

തദ്ദേശിയമായി ലഭിയ്ക്കുന്നകാർഷികോല്പന്നങ്ങൾ അസംസ്കൃതപദാർത്ഥമായി ഉപയോഗിച്ചു കൊണ്ട് നിരവധിവ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും.

1. <u>റബ്ബർ</u> : ഇട്ടിവാ പഞ്ചായത്തിൽ പ്രതിമാസംഏകദേശം 1800 ടൺ റബ്ബർ ഉല്പാദിപ്പിക്കുന്നുണ്ട്. അടുത്ത അഞ്ച്വർഷത്തിനുള്ളിൽ ഉല്പാദനം ഇന്നുള്ളതിന്റെ 40% ൽ അധികം വർദ്ധിക്കാനിടയുണ്ട് ഈ കാലയളവിൽ വൻതോതിലുള്ള റീപ്ലാന്റേഷൻ ഉണ്ടാവുകയില്ല എന്നതിനാൽ റബ്ബറിന്റെ ലഭ്യത ഏറെക്കുറെ സ്ഥായിയായിരിക്കും ഇത്രസുലഭമായി ലഭിക്കുന്ന റബ്ബർ ഉപയോഗിച്ച് വേണ്ടത്ര മൂലധനത്തോടെ ഒരു ടയർ(അനുബന്ധങ്ങളായ ഉല്പനങ്ങളും) ഫാക്ടറി തുടങ്ങാനുള്ള എല്ലാ സാധ്യതകളും ഇവിടെ നിലവിലുണ്ട്. ഈരംഗത്തുതന്നെ ചെറുകിട വ്യവസായങ്ങളും ആരംഭിക്കാം റബ്ബർ ബ്രാന്റ് ചെരിപ്പിനുള്ള സോൾ, സ്ട്രാപ്പ് മറ്റു റബ്ബറുല്പന്നങ്ങൾ മുതലായവ.

2. <u>പൈനാപ്പിൾ</u> : ഇട്ടിവാഗ്രാമപഞ്ചായത്തിലെ ഭൂപ്രകൃതി പഠനത്തിൽ ഉയർന്നു വന്ന മണ്ണൊലിപ്പ് പരിഹരിക്കുന്നതിന് പൈനാപ്പിൾ കൃഷി നിർദ്ദേശിയ്ക്കപ്പെട്ടിട്ടുണ്ട്. ഈറിപ്പോർട്ടിൽ തന്നെ കൃഷി എന്ന അദ്ധ്യായത്തിലും പൈനാപ്പിൾ ഇടവിളയായി കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപറഞ്ഞിട്ടുണ്ട്. ജില്ലാ കൃഷിഫാമിൽ 2 ഹെക്ടർ സ്ഥലത്ത് പൈനാപ്പിൾ കൃഷി നിലവിലുണ്ട്. ഈ സാഹചര്യങ്ങളെല്ലാം കോർത്തിണക്കികൊണ്ട് പൈനാപ്പിൾ കൃഷിയും, അത്സംസ്ക്കരിക്കുന്നതിനുള്ള ഒരു ഫാക്ടറിയും സ്ഥാപിക്കാനാവും.

ആധുനിക ഉപഭോഗസംസ്ക്കാരം, വൻകിട കമ്പനികളിൽ വിശ്വാസമർപ്പിച്ചുകൊണ്ടുള്ളതാണ്. വ്യവസായരംഗത്ത് ഉരുത്തിഞ്ഞു വന്നിട്ടുള്ള ശാസ്ത്രീയമായ മാനേജ്മെന്റും പുത്തൻ സാങ്കേതിക നേട്ടങ്ങളുമാണ് ഉഭോക്താവിനെ കമ്പനിപേരുകളുടെ അടിമകളാക്കിയത്. പട്ടണപ്രദേശത്തായാലും നാട്ടിൻപുറത്തായാലും പുതുതായി ഉണ്ടാകുന്ന വ്യവസായ സംരംഭങ്ങൾ പലതും മിസ് മാനേജ്മെന്റ്, കമ്പോളത്തിൽ വേണ്ടിവരുന്ന മത്സരങ്ങൾ എന്നി പ്രശ്നങ്ങളിൽ തട്ടി തകർന്നു പോകാറുണ്ട്.

കേരളത്തിൽ ആവേശത്തോടെ തുടങ്ങിയ വന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ തകർന്നുപോയതെങ്ങനെ എന്ന് പഠിക്കേണ്ടിയിരിക്കുന്നു.ഇതിലെ പാഠങ്ങൾ ഉൾക്കൊണ്ടാലേ. നമുക്കീ രംഗത്ത് പ്രവേശിച്ച് പിടിച്ചു നിൽക്കാനാവും എന്നകാര്യം പ്രാധാന്യമർഹിക്കുന്നു.

1. ഒരേ ഇനം സാധനം വിവിധ കേന്ദ്രങ്ങളിൽ ഉണ്ടാക്കി ഉല്പന്നങ്ങൾ സമാഹരിച്ച് പൊതുവായ ഒരു പുതിയ ബ്രാന്റിൽ അല്ലെങ്കിൽ നിലവിലിരിക്കുന്ന ബ്രാന്റുമായി കരാറുണ്ടാക്കി നടത്താവുന്ന വ്യവസായങ്ങൾക്ക് ഇത്തരം പ്രശ്നങ്ങൾ തരണം ചെയ്യാൻ കഴിഞ്ഞേക്കും.

2. പുറം തൊഴിലാളികളെ കൊണ്ടു ജോലി ചെയ്യിച്ച് ഉല്പന്നം സമാഹരിച്ച് വില്പന യോഗ്യമാക്കി നടത്താവുന്ന വ്യവസായങ്ങൾക്ക് സ്ഥലം, വലിയ കെട്ടിടം, തൊഴിലാളി പ്രശ്നങ്ങൾ എന്നിവയിൽ നിന്ന് ഏറെ മോചനം പ്രാപിക്കാം.

3. അസംഖ്യം ഘടകങ്ങൾ ചേർന്നുണ്ടാകുന്ന ഒരുല്പന്നം ലക്ഷ്യമാക്കിയുള്ള വ്യവസായത്തിൽ ഘടകങ്ങൾ ഉണ്ടാക്കുന്ന കമ്പനികളുമായി അല്ലെങ്കിൽ യൂണിറ്റുകളുമായി സഹകരിച്ചു മുന്നോട്ടു പോകാം. ഘടകങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾക്ക് ആരോടും ഉത്തരവാദിത്വമില്ല; അവർ ഉപഭോക്താവിന് ഗ്യാരണ്ടി നൽകേണ്ടതില്ല എന്നർത്ഥം.
വൈവിദ്ധ്യമാർന്ന അടവുകളും തന്ത്രങ്ങളും പ്രയോഗിച്ചാലേ ഈ രംഗത്തെ വളവും തിരിവും കുണ്ടും കുഴിയും തരണം ചെയ്യാൻ കഴിയൂ. വ്യവസായത്തെകുറിച്ചു ചിന്തിക്കുമ്പോൾ ഇത്തരം പ്രശ്നം കാണാതിരിക്കാൻ ആവില്ല.

3. <u>കശുമാമാങ്ങ സംസ്കരണം</u>

ഇട്ടിവാ പഞ്ചായത്ത് മേഖലയിൽ 48.5 ഹെക്ടർ സ്ഥലത്തും കൃഷി ഫാമിൽ 40 ഹെക്ടർ സ്ഥലത്തും കശുമാവ് കൃഷി ചെയ്യുന്നു. സുലഭമായി കിട്ടുന്ന കശുമാങ്ങ ഉപയോഗിച്ച് നിർമ്മിക്കാവുന്ന പാനീയം നല്ലവിപണന സാധ്യത ഉള്ളതുമാണ്.ഈ രംഗത്ത് ഒരു വ്യവസായ യൂണിറ്റ് ആരംഭിയ്ക്കാവുന്നതാണ്.

4. <u>നാളീകേരം</u>

പഞ്ചായത്ത് മേഖലയിൽ 605.02 ഹെക്ടറിലും കൃഷിഫാമിൽ 51 ഹെക്ടറിലും നാളീകേരകൃഷി ഉണ്ട്. ഈ രംഗത്തെഉല്പാദനമുരടിപ്പ് പരിഹരിക്കാനുള്ള നിർദ്ദശങ്ങൾ ബന്ധപ്പെട്ട റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ട്. ഈ രംഗത്ത് ശ്രദ്ധവെച്ചാൽ ഇന്ന് ലഭിക്കുന്ന നാളീകേരത്തിന്റെ എണ്ണത്തിൽ 30% വർദ്ധനവുണ്ടാകും. ഇന്നത്തെ വിളവ് തോതുവെച്ചു തന്നെ നാളികേരോല്പന്നങ്ങൾക്ക് ഒരു ഫാക്ടറി ഉണ്ടാക്കാവുന്നതാണ്. വെളിച്ചെണ്ണ,പിണ്ണാക്ക്, സോപ്പ്,സൗന്ദര്യ തൈലങ്ങൾ മുതലായവ വിപണിയിൽ വൻതോതിൽ ചെലവാകുന്ന ഉല്പന്നങ്ങളാണല്ലോ.

5. <u>അരി</u>

പഞ്ചായത്ത് നിവാസികളിൽ 20% പേർമാത്രമേ നെൽകൃഷി ചെയ്യുന്നുള്ളു. എന്നാൽ നെല്ലരിഎല്ലാവർക്കും ആവശ്യമാണ്. ഈ സന്ദർഭത്തിൽ നെല്ല് സംഭരിച്ച് അരിയാക്കി പാക്കറ്റ് ചെയ്താൽ നല്ല വില്പന സാധ്യതയുണ്ടെന്നതിൽ സംശയമില്ല.

6. <u>ഇളനീർ.</u>

കമ്പിനിയുടെ മനോഹരമായ ലേബൽ ഒട്ടിച്ച് മനംമയക്കുന്ന ടെലിവിഷൻ പരസ്യത്തിന്റെ അകമ്പടി സേവിച്ച് വിരാജിക്കുന്ന ഗുണമേന്മയില്ലാത്ത ശീതളപാനീയത്തിന്റെ സ്ഥാനത്ത് ഇളനീരും, കരിക്കിൻ കാമ്പും ഉപയോഗിച്ച് ശീതളപാനീയം, ക്രീംമുതലായവ നിർമ്മിച്ച് വിപണിയിൽ എത്തിക്കാനാകും. കേരകർഷകനും നല്ല ആദായം ലഭിക്കും.

7. <u>ചിപ്സ്</u>

9. ചരിപ്പറമ്പ് മുട്ടോട് റോഡിൽ ഏലായുടെ ഭാഗത്ത്പടികൾ കെട്ടണം.
10. കോവൂർ പാലത്തിന്റെയുമ എം.എൽ.എ റോഡിന്റെയും പണികൾ തിർക്കുക.
11.കുന്നും പുറം മുട്ടോടി ഏലാവഴി ഉറ്റുകുഴി ചുണ്ടറോഡ്
12. കൊട്ടാരം വാതുക്കൽ അംപ്പാട് റോഡ്മണൽ പ്പെട്ട വുമായി ബന്ധിപ്പിക്കുക.
13. ഊറ്റുകുഴി ചുണ്ട റോഡിൽ ഏലായുടെ ഭാഗത്ത് ഒരു നടപ്പാലം.
14. വെളുന്തറ കോവൂർ ഏലാ ഭാഗത്ത് കലുങ്ക് പുതിയതായി പണിയുക.
15. തേയാളം വിളയിൽ ഭാഗം റോഡിന്റെ പണി പൂർത്തീകരിക്കുക.
16. ചരിപ്പറമ്പ് കുതിരപ്പാലം റോഡ് നടപ്പാത നിർമ്മിക്കുക.

പുതിയ റോഡുകൾ


1. വെളുന്തറ മുട്ടോണം ഏലാവഴി പുതിയറോഡ് നിർമ്മിക്കുക.
2. ചരിപ്പറമ്പ് കുറ്റികൊടിഞ്ഞം വഴി പുതിയറോഡ് എം.എൽ.എ റോഡ് മായി ബന്ധിപ്പിക്കുക.
3. എം.എൽ. എ റോഡു മുതൽ ചരിപ്പറമ്പ് കുതിരപ്പാലം റോഡ്
4. മങ്കാട്ടുപണയിൽ നിന്നും കോവൂർ വിളയിൽ ഭാഗം കോഴിപ്പാലവുമായി പുതിയ റോഡ്.
5. കൊട്ടാരം വാതുക്കൽ മണൽ വട്ടം റോഡ്
6. ചരിപ്പറമ്പ് ജംഗ്ഷനിൽ ഒരു വെയിറ്റിം ഗ് ഷെഡ് സ്ഥാപിക്കുക.

XIII ചുണ്ട

1.ഐ. സി. ഡി. പി വയലിറക്കത്ത് റോഡ് അവസാനിക്കുന്നിടത്ത് തോട്ടിൽ പാലം നിർമ്മിച്ച് തോട്ടം മുക്കിലും. വയലിറക്കത്തു നിന്ന് വെള യിൽ ഭാഗത്തും ബന്ധിപ്പിക്കണം.
2. വയ്യാനം പട്ടാണിമുക്ക് റോഡിൽ മണ്ണം കടയ്ക്കൽ കലുങ്കിന്റെ ഭാഗത്ത് സൈഡ് വാൾകെട്ടി പൊക്കുകയും. ആവശ്യമുള്ളിടത്ത് കലുങ്കുകൾ നിർമ്മിച്ച് ടാർ ചെയ്യുകയും വേണം.
3. പട്ടാണി മുക്ക് ചെമ്പമൺ റോഡ്, ചുണ്ട ചരിപ്പറമ്പ് റോഡിൽ ബന്ധിപ്പിക്കണം
4. വാച്ചിക്കോണം ദനസ് മുക്ക് റോഡ് വയലിന്റെ ഭാഗം മണ്ണിട്ട് നികത്തി. സൈഡ് ഭിത്തി കെട്ടി സഞ്ചാരയോഗ്യമാക്കണം.
5. വരയടി ചെറുകുളം കാണിക്കവഞ്ചിറോഡ് ചെറുകുളം പള്ളിയുടെ ഭാഗത്ത് മണ്ണിട്ട് നികത്തി സൈഡ് ഭിത്തി കെട്ടി റോഡ് ടാർ ചെയ്യണം.
6. പാറവിള ഇട്ടിവാ പള്ളി റോഡ് വയൽ നികത്തി സൈഡ് ഭിത്തി കെട്ടി സഞ്ചാരയോഗ്യമാക്കണം.
7. ചെറുകുളം വട്ടത്രാമല റോഡ് ചുണ്ട, അഞ്ചൽ റോഡിൽ ബന്ധിപ്പികകുകയോ അയിരൂർ കടവിൽ ടെമ്പോ പോകത്തക്ക വിധത്തിൽ പാലം നിർമ്മിക്കുകയോ ചെയ്യണം.

8. വരയടി ഈ രണംകോട് റോഡ് വട്ടത്രാമല ചെറുകുളം റോഡിൽ ബന്ധിപ്പിക്കണം.
9. ഈരണം കോട് തോടിപ് കുറുകേ മേജർ കലങ് നിർമ്മിക്കണം

9. ചുണ്ട, മാർക്കറ്റ്-ചുണ്ട ഏലാറോഡ് മംങ്കാട്ടു പണ റോഡിലും ചുണ്ട- ചരിപ്പറമ്പ് റോഡിലും ബന്ധിപ്പിക്കണം.
10. വാച്ചിക്കോണം കുഴ യ്ക്കാട്ട്കോണം റോഡ് ചവറുവാഴോട്ടകുന്ന് - താച്ചപ്പള്ളി റോഡുമായി ബന്ധിപ്പിക്കണം.
11. ചുണ്ട, ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് പണിയുക



വികസനമേഖലകൾ 7

പാർപ്പിടവും സാമൂഹ്യക്ഷേമവും

ഇട്ടിവാ പഞ്ചായത്ത് പ്രദേശത്തിന്റെ കഴിഞ്ഞ അര നൂറ്റാണ്ടു കാലത്തെ സാമൂഹ്യ പാർപ്പിട രംഗത്തെ ചരിത്രം പരിശോധിച്ചാൽ :- മുന്നിലൊന്നു ഭൂപ്രദേശത്തുമാത്രമാണ് ജനജീവിതമുണ്ടായിരുന്നത് എന്ന് കാണാം. ബാക്കിയുള്ള പ്രദേശങ്ങൾ വാസയോഗ്യമല്ലാത്തതും വനപ്രദേശങ്ങളുമായിരുന്നു.

നീരൊഴുക്കുള്ള പ്രദേശങ്ങൾ കിളച്ചു നിരത്തി വയലാക്കുകയും, വനപ്രദേശങ്ങൾ വെട്ടിത്തെളിച്ച് കൃഷിക്ക് ഉപയുക്തമാക്കുകയും ചെയ്തിരുന്നു. ഇത്തരത്തിലുള്ള ബഹുഭൂരിപക്ഷം കൃഷിഭൂമികളും ജന്മിമാരുടേയും നാട്ടുപ്രമാണിമാരുടേയും സ്വന്തമായിരുന്നു.

ജന്മിമാർക്ക് ഭൂമി വെട്ടി പിടിക്കുന്നതിനും കൃഷി ചെയ്യുന്നതിനും നിയോഗിക്കപ്പെട്ട ആളുകൾ (പണിയാളർ) എന്നറിയപ്പെട്ടിരുന്നു. ഇവർക്ക് ഭൂരിപക്ഷത്തിനും സ്വന്തമായി ഭൂമിയോ താമസയോഗ്യമായ വീടോ ഉണ്ടായിരുന്നില്ല.

ജന്മിമാരുടേയും പ്രമാണിമാരുടേയും കൃഷിഭൂമികളിൽ കൃഷി ചെയ്തും അവരെ ആശ്രയിച്ചും അവരുടെ ഭൂമിയിൽ കുടിൽ കെട്ടി താമസിച്ചും വന്നവർ പണിയാളർ, പാട്ടക്കുടിയാൻമാൻ, കുടികിടപ്പുകാർ എന്നൊക്കെ അറിയപ്പെട്ടിരുന്നു. മേൽസൂചിപ്പിച്ച ഭൂരിപക്ഷം ആളുകളും അവരുടെ താമസത്തിനായി കാട്ടുകമ്പ്, മുള, പുല്ല്, ഓല എന്നിവയൊക്കെകൊണ്ടു നിർമ്മിച്ച വീടുകളാണ് ഉപയോഗിച്ചിരുന്നത്. വീടിന് മറയായി ഉപയോഗിച്ചതും ഇത്തരം വസ്തുക്കളായിരുന്നു. ക്രമേണ തെങ്ങു കൃഷി വ്യാപകമായതോടുകൂടി കമ്പ്, തടി, ഓല എന്നിവയുപയോഗിച്ചും മണ്ണ്, കല്ല്, കട്ട എന്നിവ കൊണ്ട് ഭിത്തികൾ നിർമ്മിച്ചും വീടുകൾ ഉണ്ടാക്കാൻ തുടങ്ങി.

ഈ കാലയളവിൽ തടി സുലഭമായി ലഭിച്ചിരുന്നതിനാൽ തച്ചുശാസ്ത്ര പ്രകാരം നാട്ടുപ്രമാണിമാരായ ചുരുക്കം ചിലർ അറയും പുരയും ഉള്ള വീടുകൾ ഉണ്ടായി. കാലക്രമേണ സമൂഹത്തിൽ പൊതുവിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടായി. പാറ, സിമൻറ്, ഇഷ്ടിക, ഓട്, എന്നിവ ഉപയോഗിച്ചുള്ള വീടുകൾ സർവ്വസാധാരണമായി നിർമ്മിച്ചുതുടങ്ങി ഇതേ കാലഘട്ടത്തിലും തൊഴിലാളികളായ കുടികിടപ്പുകാർക്കും പാവപ്പെട്ടവർക്കും സ്വന്തമായി ഭൂമിയോ താമസയോഗ്യമായ വീടോ ഇല്ലായിരുന്നു.

അര നൂറ്റാണ്ടോളമായി കേരളത്തിലെ മണ്ണിന്റെ മക്കളുടെ ഉജ്ജ്വലമായ ഉയർത്തെഴുന്നേൽപ്പും ആരംഭിച്ചിട്ട് ജൻമി-നാട്ടുപ്രമാണി വർഗ്ഗത്തോട് നിർഭയം നടത്തിയ നിരവധി ഏറ്റുമുട്ടലുകൾ ഈ രംഗത്ത് വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടാക്കി..

പുരോഗമന ഗവർമെൻറുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ സുപ്രധാനമായ ഭൂപരിഷ്കരണ നിയമം വഴിയാണ് ലക്ഷക്കണക്കിന് ഉണ്ടായിരുന്ന പാട്ടക്കുടിയാൻമാർക്ക് കൃഷിഭൂമിയുടെ ജൻമാവകാശം നേടുവാനും, കുടികിടപ്പുകാർക്ക് സ്വന്തമായി കുടികിടപ്പ് അവകാശം നേടുവാനും, ഭൂവുടമകളുടെ കയ്യിലിരുന്ന പരിധിയിൽ കവിഞ്ഞ മിച്ച ഭൂമി അർഹതയുള്ളവർക്ക് ലഭിക്കുവാനും, അവസരം ലഭിച്ചത്. ഭൂരഹിതരായ പാവപ്പെട്ടവർ ക്ക് അഞ്ചു സെൻറ് മുതൽ ഒരേക്കർ വരെ മിച്ചഭൂമി ലഭിച്ചു. 35 ലക്ഷം ഏക്കർ ഭൂമിഅങ്ങനെ പാവപ്പെട്ടവന് ലഭിക്കാൻ കേരളത്തിലിടയായി.

ജന്മിത്വത്തിൽ അടിവേര് പിഴുതെറിഞ്ഞ് കൊണ്ടുള്ള ഭൂപരിഷ്കരണനിയമത്തിലും ചില ആളുകളെ 5 സെൻറ് ഭൂമിയുടെയും, 10 സെൻറ് ഭൂമിയുടെയും ഉടമകളാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ സ്വന്തമായി ഭൂമിലഭിച്ചവരിൽ ഒരുചെറിയ വിഭാഗം, സർക്കാരിന്റെ ധനസഹായത്താലും, സ്വന്തം അദ്ധ്വാനത്താലും പാർപ്പിട സൗകര്യം കുറെയൊക്കെ മെച്ചപ്പെടുത്തിയിട്ടുണ്ട്.

ഇപ്പോൾ വിദേശരാജ്യങ്ങളിൽ ജോലിയുള്ളവരും അല്ലാത്തവരുമായ ഒരുവിഭാഗം ആളുകളിലെ അനുദിനം വർദ്ദിച്ചു വരുന്ന സമ്പത്തിന്റെ സിംഹഭാഗവും വീടുനിർമ്മാണത്തിനായി ചെലവാക്കുന്നു. താമസയോഗ്യമായ ഒരു വീടുണ്ടാക്കുന്നതിനു പകരം അനുകരണത്തിന്റെയും ആഡംബരത്തിന്റെയും മത്സരത്തിൽ മണിമാളിക കളുണ്ടാക്കുന്നതിനാണ് സമ്പത്ത് മുഴുവൻ ഉപയോഗിക്കുന്നത് ഇത്തരത്തിലുള്ള ഗൃഹനിർമ്മാണം ബോധവത്ക്കരണത്തിലൂടെ നിരുൾസാഹപ്പെടുത്താൻ കഴിയണം.

കേരളത്തിൽ മാറിമാറി വരുന്ന സർക്കാരുകൾ പല ഭവനനിർമ്മാണ പദ്ധതികൾ കൊണ്ടുവന്നിട്ടും 10% ആളുകൾക്ക് പോലും പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടില്ല .

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട ആളുകൾക്ക് നിശ്ചിത വരുമാനക്കാർക്ക്,

ഭൂരഹിത-ഭവന രഹിതരായ ആളുകൾക്ക് താമസ യോഗ്യമായ ഒരുവീട് എന്ന സ്വപ്നം സാക്ഷാത്ക്ക രിക്കാൻ നടപടിയുണ്ടായേ കഴിയു.

ഇട്ടിവാപഞ്ചായത്തിൽ 13 വാർഡുകളിലായി 7222 വീടുകൾ ഉണ്ട്. പട്ടികജാതി വിഭാഗത്തിൽ പെട്ടവരും ദുർബലവിഭാഗത്തിൽ പെട്ടവരുമായ ആളുകളാണ് അധികവും ഓലമേഞ്ഞതും മൺചുവരുള്ളതുമായ വീടുകളിൽ താമസിച്ചുവരുന്നത്. ഇവർ ബഹുഭൂരിപക്ഷവും 5 സെൻറ് ഭൂമിയുടേയും10 സൻറ് ഭൂമിയുടെയും ഭൂവുടമകളാണ്. കാർഷിക മേഖലയിലും കശുകണ്ടി തൊഴിൽ രംഗത്തും നിർമ്മാണതൊഴിൽ രംഗത്തും പണിയെടുത്ത് ജീവിക്കുന്നവരാണ് അധികവും മേൽ സൂചിപ്പിച്ച തൊഴിലുകളിൽ നിന്നുള്ള വരുമാനം കൊണ്ട് ദൈനംദിന ജീവിതത്തിനു തന്നെ ബുദ്ധിമുട്ട് അനുഭവി ക്കുന്നവരാണ്. ഭൂമയിൽ നിന്നുള്ള വരുമാനമോ മറ്റ് വരുമാന മാർഗ്ഗങ്ങളോ ഇല്ലാത്തതിനാൽ സ്വന്തമായി താമസയോഗ്യമായഒരുവീടുണ്ടാക്കുക എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ ബഹുഭൂരിപക്ഷത്തിനും ഇനിയും കഴിഞ്ഞിട്ടില്ല.

ഇട്ടിവാ പഞ്ചായത്തിൽ പട്ടിക ജാതി സെറ്റിൽമെൻറ് കോളനി, 4സെൻറ് കോളനി, ഐ.എച്ച്. ഡി,പി. ംകൊളനി, ലക്ഷംവീട് കോളനി എന്നിവിഭാ ഗങ്ങളിലായി23 കോളനികൾ ഉണ്ട്.

കോളനികൾ താഴെപറയുന്നവയാണ്

1. മലപ്പേരൂർ ഐ.എച്ച്.ഡി.പി. കോളനി.
2. മലപ്പേരൂർ-പാവൂർ പട്ടികജാതി സെറ്റിൽ മെൻറ്കോളനി.
3. വയ്യാനം- കല്യാണിമുക്ക്-ഐ.എച്ച്.ഡി.പി. കോളനി.
4. കീഴുതോണി പട്ടികജാതി സെറ്റിൽമെൻറ്കോളനി.
5. കൊളുവൽ- പട്ടികജാതി സെറ്റിൽമെൻറ്കോളനി.
6. കോട്ടുക്കൽ-കണ്ണങ്കര 4സെൻറ്കോളനി
7. കീഴ്തോണി കുറ്റിയാം മൂട്ടിൽ മിച്ചഭൂമി കോളനി.
8. കോട്ടുക്കൽ-നെടും പച്ച ലക്ഷംവീട് കോളനി.
9. വടക്കേകോട്ടുക്കൽ -പറയൻമുല പട്ടികജാതി സെറ്റി ൽ മെൻറ്കോളനി.
10. വയലാ തോട്ടംമുക്ക്- പുതുവലിൽ പട്ടികജാതി സെറ്റിൽ മെൻറ് കോളനി.
11. പടിഞ്ഞാറേ വയലാ- വേടർകോളനി.
12. മുണ്ടമൺവിള കോളനി.
13. കുഞ്ഞിമുക്ക്- പെരുങ്ങാടു കോളനി.
14. വയലാ ചെമ്മണ്ണും മുകൾ കോളനി.
15. ചാണപ്പാറ- മണ്ടക്കുന്ന് കോളനി.
16. ചാണപ്പാറ- കുറിച്ചുമുകൾ കോളനി.
17. ചാണപ്പാറ- 4സെൻറ് കോളനി.
18. തുടയന്നൂർ- വെളുന്തറ പട്ടികജാതി കോളനി.
19. കാട്ടാമ്പള്ളി- ചന്തമുക്ക് കോളനി.
20. കാട്ടാമ്പള്ളി- പാറക്കെട്ട് കോളനി.
21. മണ്ണൂർ- പെരുമാല വട്ടപ്പാട്ട് കോളനി.
22. ത്രാങ്ങോട്- കൊളുവേൽ പട്ടികജാതി കോളനി.
23. ചുണ്ട- പട്ടാണി മുക്ക് ലക്ഷം വീട് കോളനി.

ലക്ഷംവീട് കോളനിയിലും 4 സെൻറ് കോള നിയിലും പട്ടികജാതിക്കാരും ഇതര സമുദായത്തിലെ പാവപ്പെട്ടവരായ ആളുകളും ഇടകലർന്നുള്ള വീടുകളി ലാണ് താമസിക്കുന്നത്.

ഇട്ടിവാപഞ്ചായത്തിൽ 13 വാർഡുകളിലായി പട്ടികജാതിക്കാരും, ഇതരസമുദായത്തിലെ പാവപ്പെട്ടവരും ആയിട്ടുള്ള ആളുകൾക്ക് താമസ യോഗ്യമായ വീടില്ലാത്തവർ:- 2225 കുടുംബങ്ങൾക്കും. കക്കൂസില്ലാത്തത് 2750 കുടുംബം

(ഗ്രാമസഭാറിപ്പോർട്ടിൽ നിന്നുള്ള കണക്ക്)

മേൽ സൂചിപ്പിച്ച 23 കോളനി.കളിലായി 600 കുടുംബങ്ങൾ ഉണ്ട്,. അതിൽ 400 കുടുംബങ്ങൾക്ക് താമസയോഗ്യമായ വീടും 375 കുടുംബങ്ങൾക്ക് കക്കൂസും ഇല്ല.

പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ചില പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൂരഹിതരായ, ഭവന രഹിതരായ കുടുംബങ്ങളേയും പുറമ്പോക്ക് നിവാസികളേയും വിശദമായ ഒരുസർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുക.
2. പഞ്ചായത്ത് പ്രദേശത്തുള്ള താമസയോഗ്യമായ പുറംപോക്ക് ഭൂമിയിൽ റീസർവ്വേ റിപ്പോർട്ടിൽ തിരിച്ചറിഞ്ഞ് സ്വകാര്യ വ്യക്തികളുടെ കൈവശത്ത് നിന്നും വീണ്ടെടുക്കുക.ഇങ്ങനെ വീണ്ടെടുക്കുന്ന സ്ഥലങ്ങൾ ഗ്രാമീണ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന രഹിതരായി രജിസ്റ്റർ ചെയ്തി ട്ടുള്ളവർക്കും, മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പറ്റാത്ത '' ഒരു നിയമത്തിലൂടെ വിതരണം ചെയ്യുകയുംവേണം. ഇതുമൂലം പഞ്ചായത്തിന് ഭൂമി വിലക്ക് വാങ്ങുന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും മോചനം ലഭിക്കും.
3. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ചെലവു കുറഞ്ഞ ഭവന നിർമ്മാണത്തിനും, കെട്ടിട നിർമ്മാണ സാമഗ്രികൾക്കും പ്രചാരം നൽകുകയും പ്രദേശത്തെ നിർമ്മാണത്തിനായി തൊഴിലാളികൾക്ക വൈദഗദ്ധ്യം ഉള്ളവരെ കൊണ്ട് പരിശീലനം നൽകുകയും ചെയ്യുക.
4. ഹൗസിംഗ് കോളനികളിലേയും, ലക്ഷം വീട് കോളനികളിലേയും, പട്ടികജാതി സങ്കേതങ്ങളിലേയും പൊതു സൗകര്യങ്ങളും മെയിൻറനൻസും വികസന സമിതിയുടെ മേൽനോട്ടത്തിൽ മെച്ചപ്പെടുത്തുക.
5. ഭവനനിർമ്മാണ സഹകരണ സംഘങ്ങളെ പ്രോത്സാ ഹിപ്പിക്കുക.
6. ഹൗസിംങ്ങ് ബോഡ് ദുർബ്ബലവിഭാഗങ്ങൾക്കും. ഇടത്തരം വരുമാനക്കാർക്കും ഉയർന്ന വരുമാനക്കാർക്കും

ഉള്ള വായ്പ പദ്ധതികളെക്കുറിച്ച് പ്രചാരണം നൽകി ബോധവൽക്കരണം നടത്തുക

***. ദുർബ്ബല വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി:-** സ്വന്തമായി രണ്ട് സെൻറ് ഭൂമിയെങ്കിലും ഉള്ളവർക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ്. വായ്പാതുക 26400 രൂപയും സബ്സിഡി 9000 രൂപയുമാണ് പലിശ 5% അടച്ചാൽമതിയാകും

***. ഇടത്തരം വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി:-** നാല് സെൻറ് ഭൂമി സ്വന്തമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ ചേരാവുന്നതാണ് 175000 രൂപ വായ്പ ലഭിക്കും 17 1/4 % പലിശ നിരക്കാണ്.

***. ഉയർന്ന വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി:-** 5 സെൻറ് സ്ഥലം ഉള്ളവർക്കാണ് പദ്ധതിയുടെ പ്രയോജനം മൂന്നു ലക്ഷം രൂപാ വായ്പ17 3/4 % പലിശ

***.ഹൗസിങ്ങ് കോംപ്ലക്സുകൾ:-** 200 തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾക്ക് സമൂഹത്തിലെ ഏറ്റവും ദുർബ്ബലവിഭാഗത്തിൽ പെട്ട റോഡ്, തോട് പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് വേണ്ടിയാണിത്. നമ്മുടെ പഞ്ചായത്തും ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രൊപ്പോസലുകൾ ഹൗസിംഗ് ബോഡിന് സമർപ്പിക്കേണ്ടതാണ്.

***. വീടുകളുടെ പുനരുദ്ധാരണ പദ്ധതി**(ലക്ഷം വീടും അല്ലാത്തവയും):- പുതിയ വീടുകൾ നിർമ്മിക്കുന്നതിനോടൊപ്പം പഴയ വീടുകളുടെ പുനരുദ്ധാരണവും ലക്ഷ്യം വീട് പദ്ധതി പ്രകാരം പണിത വീടുകളുടെ പുനരുദ്ധാരണവും ലക്ഷ്യമാക്കിയിട്ടുള്ളതാണ് ഈ പദ്ധതി ഓരോ വീടിനും പരമാവധി 4000 രൂപ ചെലവു വരുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് ചെയ്യുന്നത് പൂർണ്ണമായും സൗജന്യമായി നടപ്പിലാക്കുന്ന പദ്ധിയാണിത്. നമ്മുടെ പഞ്ചായത്തിലെ ഇട്ടിവ ലക്ഷം വീട് കോളനിയിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് പഞ്ചായത്തിന് സ്വന്തമായി സാമ്പത്തിക ബാദ്ധ്യത വരാത്ത ഈ പദ്ധതി നടപ്പിലാക്കാൻ നടപടി കൈക്കൊള്ളാവുന്നതാണ്.

*** പ്രതിമാസം 1050 രൂപാവരെ വരുമാന** മുള്ളസമൂഹത്തിലെ പാവപ്പെട്ടവരുടെ വീട് പുനരുദ്ധരിക്കുന്നതിന് പരമാവധി 4000 രൂപാ വരെ ചെലവ് വരുന്ന പദ്ധതിക്ക് 3000 രൂപാ വായ്പയും 1000 രൂപാ സബ്സിഡിയും **ലഭിക്കുന്ന** പദ്ധതിയാണിത് സംസ്ഥാന അർബൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുക.

*** സാനിറ്റേഷൻ പ്രദാനം ചെയ്യുന്ന പദ്ധതി:-** നമ്മുടെ പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കക്കൂസും, കുളിമുറിയും നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.

സാമൂഹ്യക്ഷേമം.

ഇന്ത്യയിൽ വെച്ചേറ്റവുംനല്ല സാമൂഹ്യ സുരക്ഷിത സംവിധാനമാണ് കേരളത്തിലുള്ളത്. ഭൂപരിഷ്കരണനിയമം കേരളത്തിൽ നടപ്പിൽ വന്ന കാലം തൊട്ടേ സാമൂഹ്യ ക്ഷേമ പരിപാടികൾക്ക് പ്രാധാന്യം കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു തുടങ്ങി. സംഘടിതമേഖലയിലെപ്പോലെ തന്നെ അസംഘടിതമേഖല യിലും സാമൂഹ്യ സുരക്ഷിതത്വം നടപ്പിലാക്കാൻ കഴിഞ്ഞു എന്നുള്ളതാണ് കേരളത്തിൻെറ നേട്ടം. 65 വയസ്സിനുമേൽ പ്രായമുള്ള 30 % ആളുകൾ വിവിധ പെൻഷൻ പദ്ധതികളിൽ അംഗമായിട്ടുണ്ട്. ഇട്ടിവാ പഞ്ചായത്തിൽ അർഹതയുള്ള നിരവധിയാളുകൾക്ക് അംഗങ്ങളാകുന്നതിനും ആനുകൂല്യം നേടുന്നതിനും ഇനിയും കഴിഞ്ഞിട്ടില്ല.

കേരളത്തിൽ പ്രധാനമായും (ക്ഷേമപദ്ധതിയുടെ കാര്യത്തിൽ) രണ്ടു തരത്തിലുള്ള പദ്ധതികളാണ് നിലവിലുള്ളത്. 1. പൂർണ്ണമായും സർക്കാർ ഫണ്ടിനെ ആശ്രയിച്ചിട്ടുള്ളവയാണ്

2. തൊഴിലുടമയുടേയും തൊഴിലാളികളുടേയും പങ്കാളിത്തത്തോടെ വിവിധ ബോഡുകൾക്ക് കീഴിൽ നടപ്പിലാക്കുന്നവ

ഈ വിഭാഗങ്ങളിലായി നിരവധി ക്ഷേമ പദ്ധതികൾ നിലവിലുണ്ട്. ജനാധിപത്യപരമായി നിയന്ത്രിക്കപ്പെടുന്ന ബോർഡുകൾക്ക് കീഴിലാണ് പലതും. എല്ലാ ബോർഡുകളിലും തൊഴിലുകൾക്കും തൊഴിൽ ഉടമകൾക്കും സർക്കാരിനും പ്രാതിനിത്യം ഉണ്ട്. ഭൂരിഭാഗം ക്ഷേമപദ്ധതികളും ഓരോ പ്രത്യേക വിഭാഗം തൊഴിലുകളെ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. എന്നാൽ കേരളാ വെൽഫയർ ഫണ്ടും ആർട്ടിസാൻസ് വെൽഫയർ ഫണ്ടും മറ്റ് ഫണ്ടുകൾക്ക് കീഴിൽ വരാത്ത എല്ലാ തൊഴിലാളികൾക്കും അംഗത്വമെടുക്കാവുന്നതാണ്. സർക്കാരിൻേറയും തൊഴിലാളികളുടേയും തൊഴിൽ ഉടമയുടേയും വിഹിതം പല ഫണ്ടുകളിലും വിഹിതം വ്യത്യസ്തമാണ്. കള്ള്, മോട്ടോർ, ഖാദി, അബ്കാരി തുടങ്ങിയ മേഖലകളിലെ തൊഴിലാളി ക്ഷേമപദ്ധതി തൊഴിലാളിയുടേയും തൊഴിൽ ഉടമയുടേയും വിഹിതംകൂലിയുടെ നിശ്ചിത ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു.

വളരെ താഴ്ന്ന വരുമാനമുള്ള കശുവണ്ടി,കയർ, തുടങ്ങിയ മേഖലകളിലെ തൊഴിലാളികളുടെ അംഗത്വ ഫീസ് വളരെ കുറവാണ്. ഉദാഹരണത്തിന് കശുവണ്ടി, കയർ തൊഴിലാളികൾക്ക് മാസത്തിൽ ഒരു രൂപയും കർഷകതൊഴിലാളിക്ക് രണ്ട്

രൂപയുമാണ്. തൊഴിലുടമയുടേത് എല്ലാ ഫണ്ടുകളിലും കൂടുതലാണ്. ഇവയൊക്കെ സർക്കാരിന്റെ വിഹിതത്തെ ആശ്രയിച്ചിരിക്കുന്നു. തൊഴിലുടമയുടെ വിഹിതം ഇല്ലാത്ത ആർട്ടിസാൻസ് വെൽഫയർ ഫണ്ടുകൾക്ക് സർക്കാരിന്റെ വിഹിതം വളരെ പ്രധാനമാണ്. എന്നാൽ ഇപ്പോൾ തൊഴിലുടമകളിൽ നിന്നും നിർമ്മാണം തൊഴിലാളി ക്ഷേമനിധി വിഹിതം വസൂലാക്കി തുടങ്ങിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഇട്ടിവാ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന ക്ഷേമപദ്ധതികളുടെ ഒരു പഠനം ആവശ്യമാണ്. 1991 ലെ സെൻസസ് പ്രകാരം 33511 ആണ് ജനസംഖ്യ വിവിധ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ഏകദേശക്കണക്ക് ചുവടെ ചേർക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷൻമാർ
ചെത്തു തൊഴിലാളി	---	3
ഖാദി	30	20
കയർ	16	7
കശുവണ്ടി	390	19
നിർമ്മാണ തൊഴിലാളി	250	90
കർഷകതൊഴിലാളി	765	2427
ടാപ്പിങ്ങ് തൊഴിലുളി	20	880
ചുടുകട്ട തൊഴിലാളി	306	245
ഈറ്റ/ചൂരൽ തെഴിലാളി	30	20
കരിങ്കൽ തൊഴിലാളി	80	25
ചുമട്ടുതൊഴിലാളി	----	22
മോട്ടോർ തൊഴിലാളി	----	210
മരംകയറ്റതൊഴിലാളി	---	20
മണൽ തൊഴിലാളി	70	25
തയ്യൽ തൊഴിലാളി	60	20
ബീഡി തൊഴിലാളി	2	8

ഉറവിടം: വാർഡുകളിൽ നിന്നുള്ള റിപ്പോർട്ട്

മേൽ പറഞ്ഞ തൊഴിലാളികൾ മിക്കവരും ഇട്ടിവാ പഞ്ചായത്തിൽ അസംഘടിതമേഖലയിലാണ്. കരിങ്കൽ, മണൽ, ചുടുകട്ടനിർമ്മാണം, മരം കയറ്റം. ഈരംഗങ്ങളിലെ തൊഴിലാളികളെ വിശദമായൊരു പഠനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്യണം.

വിവിധതരത്തിലുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുമ്പോൾ അനർഹരെ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിലവിലുള്ള പെൻഷൻ പദ്ധതികളിലൊന്നായ കർഷകതോഴിലാളി പെൻഷൻ അനർഹർക്കും ലഭിക്കുന്നുണ്ടെന്ന് കണ്ടെത്താൻ കഴിയും. അതുപോലെ തന്നെ വികലാംഗപെൻഷൻ വിധവാപെൻഷൻ, വാർദ്ധക്യ കാല പെൻഷൻ തുടങ്ങി പല പദ്ധതികളും അർഹത യുള്ള പലർക്കും ലഭിക്കുന്നില്ല.

ഇട്ടിവാ പഞ്ചായത്തിൽ നിർധനരും, രോഗാതുരരുമായ നിരവധി ആളുകളുണ്ട്. ഇവരെ കണ്ടെത്തി അത്യാവശ്യം ചികിൽസക്കുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഒരു പദ്ധതി പഞ്ചായത്തിൽ തയ്യാറാക്കി നടപ്പാക്കേണ്ടതുണ്ട്.

ഇട്ടിവാ പഞ്ചായത്തിൽ ഇപ്പോൾ ലഭിക്കുന്നതും കൂടുതൽ ആളുകൾക്ക് ലഭിക്കേണ്ടതുമായ വിവിധ ക്ഷേമ പദ്ധതികൾ ഇവയാണ്.

1, വാർദ്ധക്യകാല പെൻഷൻ
2, വികലാംഗപെൻഷൻ
3, കർഷക തൊഴിലാളി പെൻഷൻ
4, തൊഴിലില്ലായ്മാ വേതനം
5, വിധവാ പെൻഷൻ
6, സ്വയം തൊഴിൽ പദ്ധതികൾ.
7, നിർധന വിഭാഗങ്ങൾക്ക് ഓലകെട്ടിമേയുന്നതിനുള്ള സഹായം.

ഇപ്പോൾ ഇട്ടിവാ പഞ്ചായത്തിൽ ലഭിക്കുന്ന പലപെൻഷൻ പദ്ധതികളും അപര്യാപ്ത മാണ്. അർഹതയുള്ള ബഹുഭൂരിപക്ഷം അപേക്ഷകർ ക്കും ലഭിക്കാതിരിക്കുന്ന ഒരു സാഹചര്യവും നിലവി ലുണ്ട്. പരിഹാരത്തിനുള്ള ചില പൊതു മാർഗ്ഗനിർദേശ ങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് ജനപ്രതിനിധികളുംവികസനസമിതി യഗംങ്ങളും ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സെൽ രൂപീകരിക്കുക.

2. വിവിധ പെൻഷൻ പദ്ധതികൾനടപ്പിലാക്കുന്നതിന് അർഹതയുള്ളവരേയും, നിലവിൽ ലഭിച്ചു കൊണ്ടിരി ക്കുന്നവരേയും ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ രജിസ്റ്റർചെയ്യുക.

3. ഇപ്പോൾ വിവിധ ആഫീസുകളിൽ വിവിധ പ്ദ്ധതികൾക്കായി നടത്തുന്ന പരിശോധനകൾ അപര്യാപ്തമാണ്. ഇത്തരത്തിലുള്ള പരിശോധനകൾ പഞ്ചായത്ത് ജനപ്രതിനിധികളടങ്ങുന്ന സെല്ലിന്റെ കീഴി ലാക്കുക

4. അംഗനവാടികളുടെയും, ശിശുക്ഷേമപദ്ധതിക ളുടേയും നിയന്ത്രണവും, മേൽ നോട്ടവും, പഞ്ചായത്ത് സമിതി ഏറ്റെടുക്കുയും, എല്ലാ വാർഡുകളിലുകളിലും അംഗനവാടികളിലും മാതൃശിശു ക്ഷേമകേന്ദ്രങ്ങളും സ്ഥാപിക്കുകയും ചെയ്യുക.

5.ക്ഷേമനിധികളിൽ അർഹതയുള്ളവരെ ഉൾപ്പെടു ത്തുന്നതിനും പണം അടക്കുന്നതിനുമുള്ള സംവിധാനം പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്ഥാപിക്കുക. കർഷക തൊഴിലാളി ക്ഷേമനിധിയിലേക്ക് ഭൂവുടമകളിൽ നിന്നും ആറ്റാദായം പിരിച്ചെടുക്കുന്നതിനുള്ള ചുമതല പഞ്ചായത്ത് സമിതി ഏറ്റെടുക്കുക.

6. നിർധനരും രോഗാതുരരുമായവർക്ക് സാമ്പത്തിക സഹായം നൽകി പദ്ധതി പഞ്ചായത്തടി സ്ഥാനത്തിൽ നടപ്പി ലാക്കുക.

7. വൃദ്ധസദനങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊള്ളുക.

ഐ. ആർ. ഡി. പി.
ഡി.ഡബ്ലിയു. സി. ആർ. എ
സി. പി .ഡബ്ലിയു. പി. സെൻറർ
സി. ആർ. എസ്. പി

എന്നീ മേഖലകളിൽ ഇട്ടിവാ പഞ്ചായത്തിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളായി നടന്ന ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് ചുവടെ ചേർക്കുന്ന റിപ്പോർട്ട് ചുരുങ്ങിയ വിവരം നൽകും.

I.R.D.P

ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വരുമാന ക്ഷമമായ ആസ്തികൾ സ്വരൂപിക്കുന്നതിനും ഐ. ആർ. ഡി. പി നൽകിയ വായ്പയും, സഹായവും, സംബന്ധിച്ച റിപ്പോർട്ട്. ചുവടെ ചേർക്കുന്നു.

Sl.No	വർഷം	സഹായം ലഭിച്ചവർ	പട്ടിക ജാതി	മറ്റു വിഭാഗം
1.	1992-93	69	34	35
2.	93-94	61	27	34
3.	94-95	39	10	29
4.	95-96	56	15	41
5.	96-97	70	(ലക്ഷ്യമിട്ടിരിക്കുന്നത്)	

DWCRA

ഗ്രാമീണ വനിതകളുടെ സർവ്വതോന്മുഖമായ വികസനം ലാക്കാക്കിയുള്ള പ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംഭരണങ്ങളുടെ വിവരം

വാർഡ്	തെഴിൽ സംരഭം	ആരംഭിച്ച വർഷം	അംഗസഖ്യ	വിനിയോഗിച്ചതുക
6	ഡയറിയുണിറ്റ്	1993-94	10	120000/-
7	ചുരൽയുണിറ്റ്	1994-95	10	120000/-

വായ്പയും സഹായധനവും കൂടാതെ ഓരോയുണിറ്റിനും 25000 രൂപ വീതം റിവോൾവിംഗ് ഫണ്ടായി നൽകി വരുന്നു. സ്ത്രീകളിൽ സമ്പാധ്യ ശീലം വളർത്തുന്നതിനായി ത്രിഫ്റ്റ് ഗ്രൂപ്പ് രൂപീകരിച്ചുകൊണ്ട് നിക്ഷേപത്തിൽ തുല്യമായ തുക സർക്കാരിൽ നിന്ന് നിക്ഷേപിക്കുന്നു പരമാവധി 1500 രൂപ.

അഗൻവാടി

മാതൃശിശുസംർഷടണം ലക്ഷ്യമിട്ടുകൊണ്ട് ത്തിൽ പോഷാകാഹാര വിതരണത്തിനും പ്രീപ്രൈമറി കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുമായി പ്രവർത്തിക്കുന്ന 5കേന്ദ്രങ്ങളിൽ അഗനവാടികളാക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

സ്വർണ്ണകാലം കഴിഞ്ഞില്ല
വരുന്നോയുള്ളു, കാക്കുവിൻ
വരുത്തേണ്ടത് മർത്ത്യനേറെ
ശ്രമത്താലെന്നു മോർക്കുവിൻ

സഹോദരൻ അയ്യപ്പൻ.



വിദ്യാഭ്യാസമാണ് ഏതൊരു സമൂഹത്തിന്റേയും സാംസ്ക്കാരിക വളർച്ചയുൾപ്പെടെയുള്ള എല്ലാ പുരോഗതികൾക്കും അടിസ്ഥാനം. വിദ്യ ആവർത്തിച്ചാവർത്തിച്ചുരുവിട്ടും പ്രയോഗിച്ചും ഹൃദിസ്ഥമാക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിലൂടെ സംസ്ക്കരിച്ചെടുത്ത മനുഷ്യമനസ്സിന്റെ തിരിച്ചറിവാണ്. സംസ്ക്കാരംതലമുറകളിലൂടെ മനുഷ്യൻ സമാർജ്ജിച്ച അറിവിന്റെ സത്തയുൾക്കൊള്ളുകയും സമകാലിക സമൂഹത്തിന്റെ പൊരുൾ മനസ്സിലാക്കുകയും ചെയ്താലേ തിരിച്ചറിവിൽ തികവുണ്ടാവുകയുള്ളു. വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തൽ, ഗ്രന്ഥപാരായണം, മാധ്യമങ്ങളുടെ സമഗ്രവും വിവേകപൂർവ്വകവുംമായ ഉപയോഗം, കലാസ്വാദനം ജനസമ്പർക്കം ജീവിതാനുഭവങ്ങൾ, എന്നിവയിലൂടെയാണ് ഇത് സാധീക്കേണ്ടത്.

വിദ്യാഭ്യാസം:-

നമ്മുടെപഴയ സാമൂഹ്യക്രമത്തിൽ പല തട്ടുകളുണ്ടായിരുന്നു തൊഴിലിന്റേയും ജാതിയുടേയും അടിസ്ഥാനത്തിലായിരുന്നു അത്. ഈ ക്രമമനുസരിച്ചുതന്നെയായിരുന്നു പഴയ കാലവിദ്യാഭ്യാസരംഗം വിന്യസിക്കപ്പെട്ടിരുന്നത്. വരേണ്യവർഗത്തിന് ഗുരുകുലങ്ങൾ വേദപാഠശാലകൾ, സാധാരണക്കാർക്ക് കുടിപ്പള്ളിക്കൂടങ്ങൾ, ആയോധനമുറകൾ അഭ്യസിക്കാൻ കളരികൾ എന്നിങ്ങനെയായിരുന്നു അവ നിലനിന്നിരുന്നത്. സമൂഹത്തിലെ ഒരു വലിയ വിഭാഗത്തിന് ഇതൊന്നും പ്രയോജനപ്പെടുത്താനും കഴിഞ്ഞിരുന്നില്ല. ആധുനികകാലമായപ്പോൾ അതായത് ബ്രിട്ടീഷ് വിദ്യാഭ്യാസരീതി പ്രചാരത്തിലായപ്പോൾ പൊതുവിദ്യാഭ്യാസഥാപനങ്ങൾ നിലവിൽ വന്നു. നമ്മുടെ പഞ്ചായത്തിന്റെയും പൂർവ്വകാലചരിത്രം പരിശോധിച്ചാൽ ഇതുതന്നെയായിരുന്നു സ്ഥിതി.

പൊതുവിദ്യാഭ്യാസത്തിന്റെ ആവശ്യം വന്നപ്പോൾ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും പൊതുവിദ്യാലയങ്ങളെ ശരണം പ്രാപിക്കേണ്ടിവന്നു. നമ്മുടെ പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൂറു വർഷം മുൻപ് തന്നെ ആരംഭിച്ചിരുന്നു. (വിദ്യാഭ്യാസം എന്ന റിപ്പോർട്ടിൽ വിശദവുവരങ്ങളും ഉണ്ട്) മതപ്രചാരണത്തോടൊപ്പം വിദ്യാഭ്യാസരംഗത്തും നിസ്തുലമായ മാറ്റങ്ങളുണ്ടാക്കിയ ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനഫലമായുണ്ടായ സ്കൂളാണ് മണ്ണൂരിലെ എൽ. പി സ്കൂൾ. സാമൂഹ്യപരിഷ്കർത്താക്കളും ദേശസ്നേഹികളുമായ നിരവധിയാളുകൾ ഈ രംഗത്ത് ശ്രദ്ധിച്ചതു നിമിത്തം കോട്ടുക്കൽ, ചരിപ്പറമ്പ്, വയലാ, പെരിങ്ങാട്, മുക്കട, പോതിയാരുവിള, വയ്യാനം, മഞ്ഞപ്പാറ, കീഴ്തോണി എന്നിവടങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുയർന്നു. 60 വർഷം മുൻപ് കാടും മേടും താണ്ടി മൈലുകൾ സഞ്ചരിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയ നിരവധിയാളുകൾ ഇന്നും അനുഭവകഥകൾ അയവിറക്കാറുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിലെ 14 വിദ്യാഭ്യാസസ്ഥാപനങ്ങളിലായി 179 അദ്ധ്യാപകരുടെ ശിക്ഷണത്തിൽ 4918 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിൽ 1248 വിദ്യാർത്ഥികൾ രണ്ട് ഹൈസ്കൂളുകളിലായി അദ്യയനം നടത്തുന്നുണ്ട്. കോളേജ് വിദ്യാഭ്യാസത്തിനായി ആയിരത്തിലധികം വിദ്യാർത്ഥികൾ പഞ്ചായത്തിന് പുറത്തുള്ള കോളേജുകളിൽ അഭയം പ്രാപിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് ഏകദേശം 500 വിദ്യാർത്ഥികൾ വിവിധ സ്ഥാപനങ്ങളിലായി പഠിക്കുന്നു. നിരവധി ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലായി ആയിരത്തോളം പേരും വിദ്യ അഭ്യസിക്കുന്നുണ്ട്. ഇങ്ങനെ നോക്കിയാൽ നമ്മുടെ ജനസംഖ്യയുടെ 25 %ത്തോളം വിദ്യാഭ്യാസപ്രക്രിയയിൽ വ്യാപൃതരായിരിക്കുന്നതായിക്കാണാം പഞ്ചായത്തിന്റെ സാക്ഷരതാ നിരക്ക് 82 % മാണ്. സാക്ഷരതാ യജ്ഞത്തിലൂടെയാണ് നിരവധി വയോവൃദ്ധരെ വിദ്യയുടെ വിശുദ്ധതലങ്ങളിലേക്ക് ഉയർത്താൻ സാധിച്ചത് ഈ പ്രസ്ഥാനത്തിലൂടെ നിരവധി യുവതീയുവാക്കളും അറിവിന്റെ താക്കോലായ അക്ഷരത്തിന്റെ ഉടമകളായി തീർന്നു. ഇങ്ങനെ നോക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അറിവിന്റെ ദീപങ്ങൾ ആവോളം ജ്വലിച്ചു നിൽക്കുന്നതായി കാണാൻ സാധിക്കും എങ്കിലും ഇനിയും പ്രകാശമെത്തേണ്ട മേഖല കളുണ്ട്.

ഗ്രന്ഥശാലകൾ - വായനശാലകൾ.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് നിസ്തുലമായ സേവനമനുഷ്ഠിക്കുന്ന സരസ്വതീ ക്ഷേത്രങ്ങളാണ് ഗ്രന്ഥശാലകൾ. 1946 ൽകേരളത്തിൽ ഗ്രന്ഥശാലാ പ്രസ്ഥാനം നിലവിൽ വന്ന കാലയളവിൽ തന്നെ നമ്മുടെ പ്രദേശത്തും അറിവിന്റെ ഭണ്ഡാരങ്ങളായ ഗ്രന്ഥശാലകൾ പിറന്നു വീണു. ഔപചാരിക വിദ്യാഭ്യാസം സാർവ്വത്രികമല്ലാതിരുന്ന ആ കാലഘട്ടത്തിൽ അറിവിന്റെ വെളിച്ചം ഹൃദയത്തിലേറ്റുവാങ്ങാൻ ഭാഗ്യമുണ്ടായ ഏതാനും ആളുകളുടെ

പരിശ്രമഫലമായി സ്ഥാപിക്കപ്പെട്ട ഗ്രന്ഥശാലകൾ നമ്മുടെ പഞ്ചായത്തിലെ സാമൂഹിക നവോദ്ഥാനത്തിൽ അദ്വദിയമായ സാധീനമാണ് ചെലുത്തിയിട്ടുള്ളത്. ഇന്നീ പ്രസ്ഥാനമിന്ന് പഞ്ചായ്തിൽ അതിശക്തമായ ഒരു സ്വാധീന നേതൃസ്ഥാനത്തേക്കുയർത്തിയിക്കുന്നു. ഏഴ് ഗ്രന്ഥശാലകളിലായി 4974 അംഗങ്ങളും 34156 ഗ്രന്ഥങ്ങളുമുണ്ട്. ഗ്രന്ഥശാലാംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥനത്തിൽ നോക്കിയാൽ ഒരംഗത്തിന് ഏഴു പുസ്തകം എന്ന ക്രമത്തിലും ജനസംഖ്യാടിസ്ഥാനത്തിൽ നോക്കിയാൽ ഒരാളിന് ഒരു പുസ്തകം എന്ന ക്രമത്തിലും ആണ് ഗ്രന്ഥശേഖരമുള്ളത്. എന്തായാലും ഇത് മതിയായ ഒരു സ്ഥിതിയാണെന്ന് പറയാനാില്ല ഇതിനർത്ഥം ഈ ഗ്രന്ഥശാലകൾ ഇനിയും വികസിക്കേണ്ടതുണ്ടെന്നും പുതിയ ഗ്രന്ഥശാലകൾ ഉണ്ടാകേണ്ടതുണ്ടെന്നുമാണ് ണ്ടതുമാണ്. നമ്മുടെ പഞ്ചായത്തിൽ നിരവധി വ്യക്തികൾക്ക് സ്വന്തമായി നല്ല ഗ്രന്ഥശേഖരങ്ങളുണ്ട്. സ്കൂൾ ലൈബ്രറി വേറെയും.

വായനയുടെ നിലവാരത്തിനേയും വ്യാപ്തിയേയും കുറിച്ച് നടത്തിയ ഒരു പഠനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. പപുസ്തകം വായിക്കുന്നവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ .

സാഹിത്യശാഖ	വായനക്കാർ
1,ഡിക്ട് റ്റീവ് നോവൽ	37%
2,മറ്റ് നോവലുകൾ	27%
3, കഥ	18%
4,കവിത	3%
5, നിരൂപണം.	7%
6, നാടകം	2%
7, മാനവികം, വൈജ്ഞാനികം	3%
8,പുരാണം(പുരാണകഥകൾ)	3%
ആകെ	100%

ഈ തോത് മദ്ധ്യവേനലവധിക്ക് വർദ്ധിക്കുന്നതായികാണുന്നു. കവിതയ്ക്ക് വായനക്കാർ കുറവാണെങ്കിലും കാവ്യാലാപനത്തിന് വമ്പിച്ച ഒരു ആസ്വാദകസമൂഹമുണ്ട്. പ്രശസ്തകവിയായ കടമ്മനിട്ട രാമകൃഷ്ണനിലൂടെ ശക്തി പ്രാപിച്ച ചൊൽക്കാഴ്ചകളും, ഓ. എൻ. വി, സുഗതകുമാരി, മധുസൂദനൻ നായർ എന്നീ കവികളിലൂടെ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ച കവിയരങ്ങുകളും ജനങ്ങളിലേക്ക് അടുപ്പിക്കാൻ പര്യാപ്തമായി. നാടകങ്ങളും അധികം വായിക്കപ്പെടുന്നില്ലെങ്കിലും അവ അരങ്ങത്ത് ആവിഷ്ക്കരിക്കപ്പെടുമ്പോൾ ഒരു വമ്പിച്ച പ്രേക്ഷകസമൂഹത്തെ ആകർഷിക്കാൻ കഴിയുന്നു. നാടകം എന്നും ഭാരതീയരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നല്ലോ.

ഈ പഠനങ്ങളിൽ കണ്ടെത്താൻ കഴിഞ്ഞ മറ്റൊരു കാര്യം ഗ്രന്ഥശാലാംഗങ്ങളിൽ 20 % ത്തോളം പേർക്ക് മാത്രമേ വായനാശീലമുള്ളു വെന്നാണ് .ഗ്രന്ഥശാലാപ്രവർത്തകരാകടെ 5 % ത്തോളം മാത്രമേ വായിക്കുന്നുള്ളു. ഗ്രന്ഥശാലാംഗങ്ങൾ പ്രവർത്തകർ എന്നിവർ അതതു ഗ്രന്ഥശാലാകളിൽ നിന്നും പുസ്തകം എടുക്കുന്ന കണക്കാണ് ഈ നിഗമനങ്ങൾക്കാധാരം. മറ്റു പ്രകാരത്തിലും ഗ്രന്ഥങ്ങൾ കരസ്ഥമാക്കി വായിക്കാവുന്നതാണെന്ന വസ്തുതയുണ്ട് എന്തായാലും പുസ്തകവായന വിവിധ വിഭാഗങ്ങളിൽ അതായത് അദ്ധ്യാപകർ, അഭ്യസ്തവിദ്യർ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ, തൊഴിലാളികൾ, സ്ത്രീകൾ, എന്നിവരിൽ എത്രത്തോളമുണ്ട്. ഏറ്റക്കുറിച്ചിലിന് കാരണമെന്ത് അതിന്റെ പാർശ്വഫലങ്ങൾ കെന്ത്, പ്രശ്നങ്ങൾ ഉണ്ടെങ്കിൽ എന്താണ് പരിഹാരം എന്നീ കാര്യങ്ങളിൽ വിശദമായ ഒരു പഠനം നടത്തണം. സ്കൂൾ ലൈബ്രറികൾ ഒന്നും തന്നെ കാര്യമായി പ്രവർത്തിക്കുന്നില്ലാ എന്നാണ് കാണാൻസാധിക്കുന്നത്.

പത്രമാസികകൾ

പഞ്ചായത്തിൽ വിതരണം ചെയ്യപ്പെടു ദിനപത്രങ്ങളുടേയും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും ഒരു ഏകദേശ വിവരം പത്ര ഏജൻറൻമാരിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരമാണ്.

ദിനപത്രങ്ങൾ

1. മാതൃഭൂമി	-	675
2. മലയാളമനോരമ	-	510
3. കേരള കൗമുദി	-	200
4. ദേശാഭിമാനി	-	118
5. മംഗളം	-	40
6. മാധ്യമം	-	30
7. രാഷ്ട്രദീപിക	-	65
8. ദീപിക	-	10
9. ഇന്ത്യൻ എക്സ്പ്രസ്സ്	-	22
10. ദി ഹിന്ദു	-	15
ആകെ	-	1685

2. ആനുകാലിക പ്രസിദ്ധീകരണങ്ങൾ (വാരികകൾ, മാസികകൾ)

1. മാതൃഭൂമി	-	65
2. മലയാളമനോരമ	-	900
3. കലാകൗമുദി	-	110
4. ദി വീക്ക്	-	17
5. മംഗളം	-	575
6. കേരള ശബ്ദം	-	121
7. മനോരാജ്യം	-	45
8. കുങ്കുമം	-	25

9. മഹിളാരത്നം	-	25
10. കുമാരി	-	35
11. വനിത	-	150
12. ഗൃഹലക്ഷ്മി	-	35
13. ബാലരമ	-	200
14. ബാലമംഗളം	-	85
15. ബാലഭൂമി	-	65
16. പൂമ്പാറ്റ	-	55
17. കളിക്കുടുക്ക	-	45
18. കർഷകശ്രീ	-	15
19. ഇന്ത്യാ ടുഡേ	-	17
20. അമർ ചിത്രകഥ	-	40
21. വെള്ളി നക്ഷത്രം	-	18
22. ചിത്രഭൂമി	-	10
23. നാന	-	30
24. തൊഴിൽ വാർത്ത	-	80
25. സ്പോർട്സ് മാഗസിൻ	-	11
26. യുവധാര	-	27
27. കോംപറ്റീഷൻ സക്സസ് റിവ്യൂ	-	9
28. ഭാഷാപോഷിണി	-	40
ആകെ	-	2822

പത്രങ്ങളുടെ വ്യാപാരത്തോത് പരിശോധിച്ചാൻ 20 പേർക്ക് ഒരു പത്രം എന്ന നിലയിലാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ 12 പേർക്ക് ഒന്ന് എന്ന കണക്കാണ് കാണുന്നത്. ആനുകാലിക പ്രസിദ്ധീകരണങ്ങൾ ബുക്ക് സ്റ്റാളുകളിൽ നിന്നും ധാരാളം വാങ്ങിക്കപ്പെടുന്നുണ്ട്. ഈ കണക്കുകൾക്കാധാരം ഏജൻറൻമാരുടെ റിപ്പോർട്ട് മാത്രമാണെന്ന് ഓർമ്മിക്കുക

ഈ സ്ഥിതി വിവരക്കണക്കിൽ നിന്നും നിരവധി കാര്യങ്ങൾ അപഗ്രഥിച്ച് മനസ്സിലാക്കാൻ കഴിയും അത്തരമൊരു പഠനം ഇവിടെ പ്രസക്തമല്ലാത്തതിനാൽ താത്പര്യമുള്ളവരുടെ പരിഗണനയ്ക്ക് ആ വിഷയം വിടുന്നു.

നമ്മുടെ ഗ്രന്ഥശാലകളിൽ പത്രങ്ങൾ കൂടാതെ ഇവിടെ പരാമർശിക്കപ്പെടാത്ത സംസ്കാരകേരളം, ജനപഥം, പഞ്ചായത്തീരാജ്, ഗ്രന്ഥലോകം തുടങ്ങിയവയുൾപ്പെടെ നിരവധി ആനുകാലികപ്രസിദ്ധീകരണങ്ങളും വായനക്കാർക്ക് ലഭിക്കുന്നുണ്ട്

മറ്റ് മാദ്ധ്യമങ്ങൾ

അൻപത് ശതമാനത്തിലധികം വീടുകളിൽ റേഡിയോ സെറ്റുകളുംഉണ്ടെന്ന്കണക്കാക്കപ്പെടുന്നു. പഞ്ചായത്തിലാകെ 657ഓളം വീടുകളിലാണ് ടെലിവിഷൻ സെറ്റുകളുള്ളത് ജനസംഖ്യാടിസ്ഥാനത്തിൽ നോക്കിയാൽ 50 പേർക്ക് ഒരു ടെലിവിഷൻ സെറ്റ് എന്ന തോതിലാണ് അത് സ്വകാര്യ വ്യക്തികളുടെ ടെലിവിഷൻ സെറ്റുകൾ ഏറെക്കുറെ പൊതു ടി.വി കൾ എന്ന നില കൂടെക്കൂടെ കൈക്കൊള്ളാറുണ്ടല്ലോ. 13 പൊതുടിവികളും ചേർത്ത് ആകെയുള്ള 670ൽ പരം ടെലിവിഷൻ സെറ്റുകളിലൂടെ ഏകദേശം 9300 പേർ പ്രതിമാസം സിനിമാ കാണുന്നു ഇതിൽ 75 % ത്തിലധികം സ്ത്രീകളും കുട്ടികളുമാണ് (പഞ്ചായത്ത് മെമ്പർമാരുടെ റിപ്പോർട്ടാണ് ഈ കണക്കുകളുടെ അവലംബം) പഞ്ചായത്തിനകത്ത് രണ്ട് തിയേറ്ററുകൾ കൂടാതെ പുറത്തുള്ള മറ്റനേകം തിയേറ്ററുകളിൽ സിനിമ കാണുന്നവർ നിരവധിയാണ് ഇങ്ങനെ നോക്കിയാൽ ടെലിവിഷൻ സിനിമാമാദ്ധ്യമങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം 60 % ത്തോളം വരും. വമ്പിച്ച ഒരു സാംസ്കാരി വൈജ്ഞാനിക വിനിമയ പ്രകിയയാണ് ഇതിലൂടെ നടക്കുന്നത് ആസ്വാദനത്തിനും പഠനത്തിനും ഈ മാദ്ധ്യമങ്ങൾ ഉപയോക്കുമെങ്കിലും പരിപാടികൾ ടി.വി യിലൂടെ കാണുന്നവർ കുറവാണ് ഗ്രന്ഥശാലകളുടെ ബോധപൂർവ്വമായ സമീപനത്തിലൂടെ ഇത് മാറ്റിയെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. ബൂത്തുകൾ ഉൾപ്പെടെ 203 ടെലിഫോൺ കണക്ഷനുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇത് 165 പേർക്ക് ഒന്ന് എന്ന തോതിലാണ് കാണുന്നത്.

നിലവിലുള്ള ഗ്രന്ഥശാലകളെക്കുറിച്ച് ഒരവലോകനം

1. വിവേകദായിനി ഗ്രന്ഥശാല ആൻറ് വായശാല

അമ്പതുവർഷങ്ങൾക്കുമുമ്പ് ഉല്പതൃഷ്ണുക്കളായ ഒരു കൂട്ടം ചെറുപ്പക്കാർ അതിശയമംഗലം അമ്പലപ്പറമ്പിൽ യോഗം ചേർന്ന് ഒരു ഗ്രന്ഥശാല സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തു. വീടുകളിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ച് ഒരു മുറിക്കടയിൽ ഗ്രന്ഥശാല പ്രവർത്തനമാരംഭിച്ചു. 1948 ൽ രജിസ്ട്രേഷൻ ലഭിച്ചതിനെ തുടർന്ന് ഈട്ടിമൂട്ടിൽ ശ്രീ ദാമോദരൻ പിള്ള സൗജന്യമായി നൽകിയ മൂന്ന് സെൻറ് സ്ഥലത്ത് ഗ്രന്ഥശാല കെട്ടിടം നിർമ്മിച്ചു. പ്രവർത്തനം തുടങ്ങി 1994 ൽ പഞ്ചായത്തിൻെറ ധനസഹായത്തോടുകൂടി കോൺഫ്രൻസുകൾ നിർമ്മിച്ചു ഈപ്രദേശത്ത് സാംസ്ക്കാരിക നവോദ്ഥാനത്തിനും വിദ്യഭ്യാസരംഗത്തെ നേട്ടങ്ങൾക്കും ഈ ഗ്രന്ഥശാലാ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

വിദവിവരങ്ങൾ പട്ടികയിൽ നിന്നും മനസ്സിലാക്കുക.

2. സന്മാർഗ്ഗദായിനി ഗ്രന്ഥശാല ആൻറ് വായനശാല, തുടയന്നൂർ.

1947 ഡിസംബർ 24ാം തീയതി തുടയന്നൂർ അരത്തകണ്ടപ്പൻ ക്ഷേത്രാങ്കണത്തിൽ ഒരു കൂട്ടം ചെറുപ്പക്കാർ സമ്മേളിച്ച് സൻമാർഗ്ഗദായിനി

യുവജനസമാജം രൂപീകരിച്ചു. സമാജത്തിന്റെ പരിശ്രമഫലമായി ആരംഭിച്ചലൈബ്രറി 1950 ഫെബ്രുവരി 13 ന് സൻമാർഗദായനി ഗ്രന്ഥശാലയായി രജിസ്റ്റർ ചെയ്തു. യുവജന സമാജത്തിന്റെ ആദ്യത്തെ പ്രസിഡൻറ്റായി ശ്രീ.എ.എം ഇബ്രാഹിം സമ്പാവനചെയ്ത 5 സെൻറ് സ്ഥലത്ത് 1958 ൽ വായനശാലാക്കെട്ടിടം നാട്ടുകാരുടെ സഹായത്തോടെ പണികഴിപ്പിച്ചു. 1993 ൽ പഞ്ചായത്തിന്റെ ധനസഹായത്തോടെ കോൺഫ്രൻസ് ഹാളിൽ നിർമ്മിച്ചു കലാകായിക രംഗങ്ങളിൽ യുവാക്കൾക്ക് അവസരങ്ങളൊരുക്കി പ്രോത്സാഹിപ്പിക്കുന്നതിൽ ലൈബ്രറി ഭാരവാഹികൾ ശ്രദ്ധിക്കാറുണ്ട്.

3. സൻമാർഗ്ഗ ദായിനി സ്മാരക ഗ്രന്ഥശാല ആൻറ് വായന ശാല, ചാണപ്പാറ

50 വർഷങ്ങൾക്ക് മുൻമ്പ് ചാണപ്പാറയിൽ സൻമാർഗ്ഗദായിനി ഏകാദശിയോഗം എന്ന പേരിൽ ഒരുസംഘടന രൂപീകൃതമായി. അധികം താമസിയാതെ അതൊരു വിദ്യാലയമായി ഉയർത്തപ്പെട്ടെങ്കിലും. സംഘടനയുടെയും വിദ്യാലയത്തിന്റെയും പ്രവർത്തനങ്ങൾ പല കാരണങ്ങളാൽ നിലച്ചുപോവുകയുണ്ടായി ഇതേ തുടർന്ന് വിദ്യാലയത്തിന് സ്വന്തമായി ഉണ്ടായിരുന്ന കെട്ടിടം പൊളിച്ചുവിറ്റുകിട്ടിയ 116 രൂപാ നാലണയും വിദ്യാലയപ്രവർത്തകരുടെ കൈവശം ഉണ്ടായിരുന്നു 36 പുസ്തകങ്ങളും ഉപയോഗപ്പെടുത്തി 1945ൽ ഒരു ഗ്രന്ഥശാല ആരംഭിച്ചു 1952 ൽ രജിസ്ട്രേഷൻ കിട്ടിയ ഈ ഗ്രന്ഥശാല അംഗസംഖ്യയിലും ഗ്രന്ഥശേഖരണത്തിലും പഞ്ചായത്തിലെ ഏറ്റവും വലിയ ഗ്രന്ഥശാലയായി വളർന്നു നിൽക്കുന്നു. പഞ്ചായത്തിന്റെ ധനസഹായം, രാജാറാം മോഹൻറോയ് ഫൗണ്ടേഷനിൽ നിന്നുള്ള ധനസഹായം എന്നിവയും നാട്ടുകാരുടെ സംഭാവനകളും ഉപയോഗപ്പെടുത്തി ഗ്രന്ഥശാലക്ക് ഒരു ഇരുനിലകെട്ടിടം നിർമ്മിക്കാൻ സാധച്ചിട്ടുണ്ട് ചാണപ്പാറയിൽ പ്ലാവിലവീട്ടിൽ ശ്രീസദാനന്ദൻ സൗജന്യമായി നൽകിയ സ്ഥലത്താണ് ഗ്രന്ഥശാലാകെട്ടിടം നിർമ്മിച്ചിരിക്കുന്നത്. കൃഷി പുസ്തകകോർണർ ജനവിദ്യാകേന്ദ്രം, ത്രിഭാഷാപഠനകേന്ദ്രം, ട്യൂഷൻ സെൻറർ, തൊഴിൽ വേദി, ഗ്രാമീണ ഗ്രന്ഥവിതരണം. ഇൻഫർമേഷൻ സെൻറർ, കർഷകവേദി എന്നിവയാണ് അനുബന്ധപ്രവർത്തനമേഖലകൾ.

4 കൈരളി ഗ്രന്ഥശാല ആൻറ് വായനശാല കോട്ടുക്കൽ

1958ൽ ആണ് ഈഗ്രന്ഥശാല നിലവിൽ വന്നത്. പുരോഗമനാശയക്കാരായ ഒരു കൂട്ടം യുവാക്കളുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി പണയിൽ വീട്ടിൽ കുഞ്ഞിരാമൻ പിള്ള സൗജന്യമായി നൽകിയ 5 സെൻറ് സ്ഥലത്ത് വായനശാല കെട്ടിടം ഉണ്ടാക്കാൻ സദിച്ചു എന്നാൽ ഗ്രന്ഥശാലയുടെ പ്രവർത്തനം സുഗമമായി നടത്താനാവിശ്യമായ സാഹചര്യംമില്ല ഈകെട്ടിടത്തിനുള്ളത് പഞ്ചായത്തിന്റെ ധനസഹായത്തോടെ പുതിയകെട്ടിടം നിർമ്മിക്കാനുള്ള തിരുമാനം എടുത്തിട്ടുണ്ട്

5, ഗോതവർമ്മരാജാ പ്പ്ലിക്ക്ലൈബ്രറി ആൻറ് റീഡിംഗ് റും വയ്യാനം

193 ൽ ഒരുസംഘം ബാലൻമാർ സംഘടിച്ച് ഒരു ബാലസമാജം വയ്യാനത്ത് രൂപീകരിക്കണ്ടായി ഓണാഘോഷം, നാടകാഭിനയം, കല;കായിക മത്സരങ്ങൾ എന്നിവയായിരുന്നു അവരുടെ പ്രവർത്തന പരിപാടികൾ കുറേ പുസ്തകങ്ങൾ ശേഖരിച്ച് 1964 ൽ നെഹ്റു സ്മാരക വായനശാലസ്ഥാപിച്ചുമങ്കൊമ്പിൽ പട്ടരുടെ തരിശായിക്കിടന്ന 5സെൻറ് സ്ഥലം നാട്ടുകാരുടെ സഹായത്തോടെ കൈവശപ്പെടുത്തി ബാലസമാജത്തിനും ലൈബ്രറിക്കും വേണ്ടി ഒരുകെട്ടിടം നിർമ്മിച്ചു ക്രമേണ ബാലസമാജത്തിന്റെ പ്രവർത്തനം താറുമാറാകുകയും കെട്ടിടം ഓലമേയാതെ നനഞ്ഞുകുതിർന്ന് തകർന്ന് വീഴുകയും ഫർണ്ണിച്ചറുകളും പുസ്തകങ്ങളും മിക്കവാറും നശിച്ചുപോവുകയും ചെയ്തു 1970 തോടെ ബാലസമാജത്തിന്റെ മുൻകല പ്രവർത്തകരായ യുവാക്കളെ വീണ്ടും സംഘടപ്പിച്ച് ലൈബ്രറി സ്ഥാപിക്കാനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടു തത്ഫലമായി 1972ൽ ഗോതവർമ്മരാജാപബ്ലിക്ക് ലൈബ്രറി രജിസ്റ്റർചെയ്യപ്പെട്ടു ഗ്രന്ഥശാലസംഘം, പഞ്ചായത്തിന്റെ ധനസഹായം എന്നിവയുപയോഗിച്ച് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട് വിജയദശമിദിനത്തിൽ ലൈബ്രറിയിൽ കുഞ്ഞുങ്ങളെ എഴുത്തിനിരുത്തുക ഒക്ടോബർ 2 ന് എൽ.പി., യു.പി, എച്ച്.എസ്, വിഭാഗംവിദ്യർത്ഥികളെ പങ്കടുപ്പിച്ചു കൊണ്ട് കസ്മത്സരം നടത്തുക എന്നിപ്രവർത്തനങ്ങൾ മടക്കമ കൂടാതെ നടന്നുവരുന്ന ഗ്രാമീണ ഗ്രന്ഥവിതരണം സഹൃദയവേദി, ഫിലിംക്ലബ്ബ്, ബാലവേദി, സാക്ഷരതാകോർണ്ണർ, കൃഷി പുസ്തകകോർണ്ണർ എന്നിവയാണ് അനുബന്ധപ്രവർത്തനമേഖലകൾ. വിദ്യാഭ്യാസ അവാർഡ്, നല്ലവായനക്കാരനുള്ള അവാർഡ് എന്നിവയും നൽകിവരുന്നു

6 ഗാന്ധിസ്മാരക ഗ്രന്ഥശാല ആൻറ് വായനശാല, വയലാ

പ്രശസ്ത നാടകാചാര്യനും പണ്ഡിതനും ഗാന്ധിയനുമായശ്രീ വയലാ വാസുദേവൻ പിള്ളയുടെ മുൻകയ്യോടെ 1978 ൽ സ്ഥാപിതമായ ഗ്രന്ഥശാലയാണിത് 1988 ൽ പഞ്ചായത്ത് ഏറ്റെടുക്കുയും സാംസ്കാരികനിലയമാക്കി ഉയർത്തുകയും ചെയ്തു

പഞ്ചായത്ത് ലൈബ്രറിയനെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്

7 നവധാരാ ഗ്രന്ഥശാല ആൻ വായനശാല, ചരിപറമ്പ്

1993 ൽ ആരംഭിച്ച ഈ ലൈബ്രറിക്ക് ശ്രീമാൻ ശശിദരൻ പിള്ള സൗജന്യമായിനൽകിയ 2 സെൻറ് സ്ഥലത്ത് പഞ്ചായത്തിൻെറ ധനസഹായത്തോടെ കെട്ടിടം നിർമ്മിച്ചിട്ടുണ്ട് ചരിപ്പറമ്പ് ജനവിദ്യാകേന്ദ്രം ഇതിൽ പ്രവർത്തിക്കുന്നു സാക്ഷരതാപ്രവർത്തനത്തിൻേറ ഭഗമായി സഭരിക്കപ്പെട്ട പുസ്തകങ്ങൾകൊണ്ടാണ് ഗ്രന്ഥാശാലയുടെ ആരംഭം കുറിച്ചത്

ഈ 7ലൈബ്രറികൾക്കും ഗ്രന്ഥശാല അഫിലിയേഷൻകിട്ടിയിട്ടുണ്ട് എല്ലാ ഗ്രന്ഥശാലകൾക്കും പഞ്ചായത്തിൽനിന്നും വാർഷികഗ്രാൻഡായി 2500 രൂപാവീതം നൽകുന്നു. ഓരോദിനപത്രം എല്ലാവായനശാലകൾക്കും പഞ്ചായത്തിൽ നിന്നും വരുത്തിക്കൊടുക്കുന്നു ടി.വി,കെട്ടിടം എന്നിവയ്ക്ക ഗ്രാൻറുകളൾ നൽകിയിട്ടുണ്ട്.നെടുമ്പുറത്ത് ശ്രീ. സി. അച്ചുതമേനോൻ സ്മാരകഗ്രന്ഥശാലാപ്രാരംഭദിശയിലാണ് മറ്റ് പല പ്രദേശങ്ങളിലും ഗ്രന്ഥശാലകൾ സ്ഥാപിക്കാനുള്ള സംരഭങ്ങളുണ്ടായിട്ടുണ്ട്

കലാകായികരംഗം.

രജിസ്റ്റർ ചെയ്യപ്പെട്ട 18 ഉം രജിസ്ട്രേഷനില്ലാത്ത 8ഉം ഉൾപ്പെടെ 26 കലാകായിക സമിതികളിലുമായി1500 ഓളം യുവതിയുവാക്കൾ അംഗങ്ങളായി ഈപഞ്ചായത്തിൽ സജീവമയി പ്രവർത്തിക്കുന്നു ഈ ക്ലബ്ബുകളും ഗ്രന്ഥശാലകളുമാണ് കലാകായികരംഗങ്ങളെ പരിപോഷിപ്പിക്കുന്നതിന് വേണ്ടനേതൃത്വം നൽകുന്നത് ഈരംഗത്ത്കൂടുതൽ ഫലങ്ങളുണ്ടാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് പഞ്ചായത്ത്തലത്തിൽ ഒരു കലാകായി സാംസ്ക്കാരിക സമിതി രൂപീകരിച്ചിട്ടുണ്ട് ഇതിൻെറ ലക്ഷ്യങ്ങൾ ഇവയാണ്

1, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വായനാശീലം പുന:സ്ഥാപിക്കുക, കൂടുതൽ വായിക്കാൻ പ്രോത്സാഹനം നൽകുക.
2, ലൈബ്രറികൾ നടത്തുന്ന അനുബന്ധപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടതൊക്കെ ചെയ്യുക.
3. ലൈബ്രറികൾ, കലാകായികസമിതികൾ എന്നിവയുമായികൂടുതൽ അടുപ്പമുണ്ടാക്കാൻ ബഹുജനങ്ങളെ പ്രേരിപ്പിക്കുക
4, അറിയാനും അറിയിക്കാനുമുള്ള അവകാശം കൂടുതൽ മെച്ചപ്പെട്ടരീതിയിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

നമ്പർ	പേരും മേൽ വിലാസവും	അഫിലിയേഷൻ കിട്ടിയ വർഷം	അംഗങ്ങളുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	കെട്ടിടത്തിൻേറ വിവരം	പഞ്ചായത്തിൽ നിന്നും ധനസഹായം
1.	സന്മാർഗ്ഗ ദായിനി സ്മാരക ഗ്രന്ഥ ശാല. ചാണപ്പാറ	1952	1400	780	സ്വന്തം	രൂപാ 60000 (കെട്ടിടം) രൂപാ 2500 (വാർഷിക ഗ്രാൻെറ്) ടി.വി-1 പത്രം-1
2.	സന്മാർഗദായിനി ഗ്രന്ഥ ശാലാ തുടയന്നൂർ	1950	1349	7455	സ്വന്തം	45000 രൂപാ (കെട്ടിടം) രൂപാ 2500 (വാർഷിക ഗ്രാൻെറ്) ടി.വി-1 പത്രം-1
3.	വിവേകദായിനി ഗ്രന്ഥ ശാലാ വെളിന്തറ	1948	400	5400	സ്വന്തം	45000 രൂപാ (കെട്ടിടം) രൂപാ 2500 (വാർഷിക ഗ്രാൻെറ്) ടി.വി-1 പത്രം-1
4.	കൈരളി ഗ്രന്ഥശാല ത്രാങ്ങോട്	1958	300	4001	സ്വന്തം	കെട്ടിടത്തിന് 60000 രൂപാ; വകയിരുത്തിയിട്ടുണ്ട്.
5.	ജി. വി. രാജാ പബ്ലിക് ലൈബ്രറി വയ്യാനം	1972	1005	5000	സ്വന്തം	5000 രൂപാ (കെട്ടിടം) രൂപാ 2500 (വാർഷിക ഗ്രാൻെറ്) 5000 രൂപാ ടി.വി-1 പത്രം-1
6.	ഗാന്ധി സ്മാരക ഗ്രന്ഥശാല വയലാ	1966	350	3500	സ്വന്തം.	കെട്ടിട്ടം ഉൾ പടെ മുഴുവൻ ആസ്തിയും
7.	നവധാരാ ഗ്രന്ഥ ശാല ചരിപ്പറമ്പ്	1993	170	1000	സ്വന്തം	45000രൂപാ കെട്ടിടം ടി.വി-1, പത്രം-1,

5, പൗരാണിക കലാരൂപങ്ങൾ കണ്ടെടുത്ത് പ്രോത്സാഹനം നൽകി നിലനിർത്തുക.

6, കലാകായികരംഗങ്ങളിലെ പ്രതിഭകളെ വളർത്തികൊണ്ട് വരുന്നതിനുള്ള ഒത്താശകൾചെയ്യുക.

7, ഗ്രന്ഥശാലകളും വായനശാലകളും ആർട്ട്സ് ആൻറ് സ്പോർട്ടസ് ക്ലബ്ബുകളും ഇല്ലാത്തപ്രദേശങ്ങളിൽ സർവ്വേനടത്തി ആവശ്യമെന്നുകണ്ടാൽ സംഘടിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശമ നൽകി സഹായിക്കുക.

8, കേരളോത്സവം, ഓണാഘോഷം, സ്വാതന്ത്യദിനാഘോഷം എന്നിവ ജനകീയാടിസ്ഥാനത്തിൽ നടത്താൻ വേണ്ട എല്ലാപ്രവർത്തനങ്ങളും ഏറ്റെടുക്കുക.

9, കായികരംഗത്ത് സ്ഥായിയായ പരിശീലനം നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക

കലാരൂപങ്ങൾ

നാടൻ കലാരൂപമായ പടയണി, ചവിട്ടുനാടകം, തോറ്റൻ പാട്ട്, ഓട്ടൻ തുള്ളൽ, കഥകളി, പാഠകം എന്നിവയിൽ താൽപര്യമുള്ള ധാരാളം പേർ നമ്മുടെ പ്രദേശത്തുണ്ട് അവർക്ക് അപൂർവ്വമായി മാത്രമെ അവസരം ലഭിക്കുന്നുള്ളു നടവ് പാട്ട് അതിൻെറ തനതായ ഭംഗിയോടെ പാടാനറിയുന്നവർ കുറച്ച്പേർ ഉണ്ട്. ഈരംഗത്തും ഒട്ടേറെ കാര്യങ്ങൾ ചെയ്യാവുന്നതാണ്.

ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി, തിരുവാതിരക്കളി മുതലായവ ഉന്നത നിലവാരത്തോടുകൂടി അവതരിപ്പിക്കാൻ കഴിയുന്നവർ നിരവധിപേരുണ്ട് ഈരംഗത്ത് സാമ്പത്തികപ്രശ്നം ഒരുകടമ്പയായി അവശേഷിക്കുന്നു. നാടകങ്ങൾ ഏറ്റവും ഭംഗിയായി അവതരിപ്പിക്കാൻ ക്ലബ്ബുകൾ തമ്മിൽ വാശിയേറിയ മത്സരം നടക്കാറുണ്ട്. ഗാനാലാപനത്തിൽ അത്ഭുതസിദ്ധികളുള്ള അനേകം യുവതിയുവാക്കൻമാരെ വളർത്തിയെടുക്കാൻ നമ്മുടെ ക്ലബ്ബുകൾ സാധിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കലാകായികരംഗങ്ങളിൽ സ്ഥായിയായ പ്രോത്സാഹനം ലഭിക്കുന്നില്ല.

2, സാമ്പത്തിക പ്രശ്നങ്ങൾ നിരവധി കലാകായികപ്രതിഭകളെ തളർത്തികളയുന്നു.

3, സ്കൂൾ ലൈബ്രറികൾ തുറന്ന് പ്രവർത്തിക്കുന്നില്ല

4, ഏഴു ഗ്രന്ഥശാലകൾഉണ്ടെങ്കിലും അവയുടെ സൗകര്യം ബഹുഭൂരിപക്ഷം പേരും പ്രയോജനപ്പെടുത്തുന്നില്ല.

5, ടെലിവിഷൻ പരിപാടികൾ പുസ്തക വായനയെ നിരുൽസാഹപ്പെടുത്തുന്നു.

6, പുസ്തകവായനയുടെ നിലവാരം, ടെലിവിഷൻ പരിപാടികളുടെ ആസ്വാദനം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ നിലവാരം വായനയിലെ വ്യാപ്തി എന്നിവയെ കുറിച്ചുള്ള പഠനത്തിൽ നിന്നും വ്യക്തമാകുന്നത് ബഹുഭൂരിപക്ഷം പേരും നേരം പോക്കിനുവേണ്ടിയാണ് ഇതെല്ലാം ഉപയൊഗിക്കുന്നത് എന്നാണ്.പഠനാത്മകമായ സമീപനം ബഹുഭൂരിപക്ഷം പേരിലും കാണാനില്ല.(സങ്കീർണ്ണമായ ആധുനിക ജീവിതത്തിൽ പിരിമുറുക്കം കുറയ്ക്കുന്നതിനാവശ്യമായ ദൃശ്യ ശ്രാവ്യ ഉപാധികൾ വേണമെന്ന വസ്തുത കാണാതെയല്ല ഈവിലയിരുത്തൽ നടത്തിയിട്ടുള്ളത്)

7, കേരളോത്സവം തുടങ്ങിയ പരിപാടികൾ പോലും സുഗമമായിനടത്താൻ ആവശ്യമായ സ്റ്റേഡിയം കമ്യൂണിറ്റിഹാൾ മറ്റുപകരണങ്ങൾ എന്നിവയുടെ അഭാവം

8, സാക്ഷരതാപ്രവർത്തനം പൂർണ്ണമായി സ്തംഭിച്ചിരിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1, പഞ്ചായത്ത്തലത്തിൽ രൂപീകരിച്ചിട്ടുള്ള കലാകായിക സാംസ്ക്കാരിക സമിതി കാര്യക്ഷമതയോടെ പ്രവർത്തനം ആരംഭിക്കണം.

2, കലാകായിക രംഗങ്ങളിലുള്ള പ്രശ്നങ്ങൾ പഞ്ചായത്ത് കലാകായിക സാംസ്ക്കാരി സമിതിയുടെ സഹായത്തോടെ കണ്ടറിഞ്ഞ് വേണ്ടരീതിയിലുള്ള പ്രോത്സാഹനം പഞ്ചായത്ത് നൽകണം.

3, കലാകായിക പ്രതിഭകളുടെ സാമ്പത്തക പ്രശ്നങ്ങൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഹരിക്കപ്പെടണം.

4, ഇന്നുള്ള ലൈബ്രറികളുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ ആവിശ്യമുള്ള സ്ഥലങ്ങളിൽ ലൈബ്രറികൾ ഉണ്ടാകണം.

5, നിലവിലുള്ള ഗ്രന്ഥശാലകളിൽ സഹൃദയവേദികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കണം.

6, നല്ല വായനക്കാരനുള്ള അവാർഡ് എല്ലാഗ്രന്ഥശാലകളും ഏർപ്പെടുത്തണം പഞ്ചായത്ത് തലത്തിലും നല്ല വായനക്കുള്ള അവാർഡ് നൽകണം.

7, വായനയുടെ ആവിശ്യകത ബോധ്യപ്പെടുത്തുന്നതിനു സഹായകമായ ബോധവത്ക്കരണ വാരാചരണങ്ങൾ സംഘടിപ്പിക്കണം.

8, പുസ്തകങ്ങൾ വാങ്ങാൻ കൂടുതൽ തുക ലൈബ്രറികൾക്കു ലഭ്യമാകണം.

9, ഗ്രാമീണഗ്രന്ഥവിതരണ പരിപാടി എല്ലാ ഗ്രന്ഥശാലകളും നടപ്പാക്കണം.

10, മധ്യവേനലവധിക്കാലത്ത് കലാകായിക വിഷയങ്ങളിൽ ക്യമ്പുകൾ സംഘടിപ്പിക്കണം.

11, ഒരുകായിക പരിശീലനകേന്ദ്രം പഞ്ചായത്തിൻെറ ചുമതലയിൽ സ്ഥാപിക്കപ്പെടണം.

12, പഞ്ചായത്തിൻെറ ആസ്ഥാനമായ വയ്യാനത്ത് കേരളോത്സവമെങ്കിലുമ നടത്തത്തക്കനിലവാരമുള്ള ഒരുസ്റ്റേഡിയം ഉണ്ടാക്കണം

13, ചുണ്ട,ചരിപ്പറമ്പ്, ചാണപ്പാറ, കോട്ടുക്കൽ ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുകയും സാംസ്ക്കാരിക നിലയങ്ങളാക്കി ഉയർത്തുകയും വേണം.

ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA

14, ഈ ജനവിദ്യാകേന്ദ്രങ്ങൾ പ്രയോജനപ്പെടുത്തികൊണ്ട് തുടർ വിദ്യാഭ്യാസ പരിപാടി, ജനബോധന ക്ലാസുകൾ എന്നിവ നടക്കണം നിരക്ഷരരെ കണ്ടറിഞ്ഞ് സാക്ഷരതാപ്രവർത്തനം പുനരുജ്ജീവിപ്പിക്കണം.

15, വയാലായിലെ സാംസ്ക്കാരിക നിലയത്തിന്റെ പ്രവർത്തനങ്ങൾ വൈവിധ്യ വത്ക്കരിച്ച് കൂടുതൽ പ്രയോജനങ്ങൾ ഉണ്ടാക്കാൻ മധ്യവേനൽ അവധിക്ക് കലാകായിരംഗങ്ങളിലെ ചെറിയകൂമ്പുകൾ നടത്താവുന്നതാണ്.

16, സാംസ്ക്കാരിക നിലയത്തിൽ വരുത്തുന്ന ഏതെങ്കിലും ഒരു മലയാള പത്രം ഫയൽ ചെയ്ത് സൂക്ഷിച്ചാൽ വരും തലമുറയ്ക്ക് വളരെയധികം പ്രയോജനപ്പെടും.

17, യോഗങ്ങൾ കോൺഫറൻസുകൾ, വിവാഹങ്ങൾ എന്നീ സാമൂഹികാവിശ്യങ്ങൾക്ക് ചുണ്ടയൊഴിച്ചുള്ള മറ്റെല്ലാപ്രദാന സ്ഥലങ്ങളിലും സൗകര്യം ഉണ്ട് ചുണ്ടയിലെ ഈ കുറവ് പരിഹരിക്കുന്നതിന് ഒരു കമ്യൂണിറ്റി ഹാൾ ഉണ്ടാകണം.

മതങ്ങൾ

വിവധ ജാതികൾ ഉൾക്കൊള്ളുന്ന ഹിന്ദുമത വിശ്വാസികളാണ് നമ്മുടെ പഞ്ചായത്തിൽ ജനതയിൽ ഭൂരിപക്ഷം. പല മതങ്ങളിൽ പെട്ട (ഷഫി, ഹനഫിതുടങ്ങിയവ,) ഇസ്ലാം മതാനുയായികളാണ് ജനസംഖ്യയിൽ രണ്ടാം സ്ഥാനക്കാർ ലോകത്തെ മറ്റുള്ള എല്ലാ അവാന്തര വിഭാഗങ്ങളോടും കൂടിയതു തന്നെയാണ് ജനസംഖ്യയിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ക്രിസ്തീയ സമൂഹവും. ഈമൂന്നു സമൂഹത്തിലും ആര്യദ്രാവിഡ വർഗ്ഗങ്ങളുടെയും മറ്റു പല പരദേശ വർഗ്ഗങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളും സാംസ്ക്കാരിക ആശങ്ങളും കൂടി കലർന്നിട്ടുണ്ട്. എന്നാൽ മുസ്ലിംങ്ങളുടെയും ക്രിസ്ത്യനികളുടെയും അടിസ്ഥാന സാംസ്കാര പാരമ്പര്യം, ദാർശനിക വൈരുദ്യങ്ങൾക്കിടയിലും ഹൈന്ദവ ആചാരാനുഷ്ഠാനങ്ങളുടെ സ്വധീനമുള്ളവയാണ്, വൈവിധ്യമാർന്ന വർഗ്ഗ പാരമ്പര്യങ്ങളും സാംസ്ക്കാരിക താരകളും സമന്വയിച്ചുണ്ടായിട്ടുള്ള ഒരു പൊതു സമൂഹമാണ് നമ്മുടെ പഞ്ചായത്തിലും കാണാൻ കഴിയുന്നത്.

അമ്പലങ്ങളും മുസ്ലിം ക്രിസ്തീയ ദേവാലയങ്ങളും സമൂഹത്തിൽ വമ്പിച്ച സ്വാധീനമുണ്ട് ചെലുത്തിയിട്ടുള്ളത് ആത്മീയ വിദ്യാഭ്യാസത്തിന്റെ ആസ്ഥാനങ്ങളാണ് ഇവയെല്ലാം. ഏത് മത വിഭാഗത്തിന്റെതായാലും എല്ലാ ആഘോഷപരിപാടികളിലും എല്ലാവിഭാഗക്കാരും സർവാത് മനാസഹകരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്

ക്ഷേത്രങ്ങൾ

നമ്മുടെ പ്രദേശത്തെ ഏറ്റവും പുരാതനമായ ക്ഷേത്രം എന്നറിയപ്പെടുന്ന ഗുഹാ ക്ഷേത്രം സ്ഥിതിചെയ്യുന്ന കോട്ടുക്കലിനച്ചുറ്റും. ഒരുക്ഷേത്ര സമുച്ചയം തന്നെയുണ്ട്.മുരിയനല്ലൂർ ശിവക്ഷേത്രം, പുതുവർക്കൽ വിഷ്ണുക്ഷേത്രം, മണിപ്പുഴഭഗവതിക്ഷേത്രം കോട്ടുക്കൽ ഗണപതിക്ഷേത്രം ആലംകോട് ശ്രീകൃഷ്ണ സ്വാമിക്ഷേത്രം, കൊളുവൽ ക്ഷേത്രം എന്നിവയാണ് കോട്ടുക്കലിനെ ആത്മീയതയുടെ പരിവേഷമണിയിക്കുന്ന പുണ്യ സ്ഥാനങ്ങൾ മുട്ടോടു മഹാക്ഷേത്രം, ശാസ്താകോട്ടക്ഷേത്രം, അതിശയമംഗലം ദേവീക്ഷേത്രം മുട്ടേണത്ത് കാവ് അനന്തകണ്ഠപ്പൻ ക്ഷേത്രം മണക്കോട് ചാവര് കാവ് എന്നിവ പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിലുയി വിനൃസിക്കപ്പെട്ടിരിക്കുന്നു മലപ്പള്ളൂർ ആയിരവല്ലിക്ഷേത്രം മുട്ടത്തറ ആയിരവല്ലിക്ഷേത്രം എന്നിവ സവിശേഷപ്രാദാന്യം അർഹിക്കുന്ന ദേവാലയങ്ങളുണ് വയ്യാനം ശാസ്താക്ഷേത്രം, വയ്യാനം ദുർഗ്ഗാക്ഷേത്രം. മറ്റ്നിരവധികാവുകൾ എന്നിവയും നമ്മുടെ പഞ്ചായത്തിലെ പ്രദാനപ്പെട്ട ദേവസ്ഥാനങ്ങളായി നിലകൊള്ളുന്നു.

മുസ്ലിം പള്ളികൾ

മുസ്ലിം പള്ളികളുടെ ചരിത്രം പരിശോധിച്ചാൽ 1990 ൽസ്ഥാപിക്കപ്പെട്ട പെരിങ്ങോട് മുസ്ലിം ജമാഅത്ത് ആണ് ഏറ്റവും പഴക്കമേറിയത് എന്ന് കാണാം അതേകാലത്തിനടുത്തുതന്നെയാണ് ചെറുകുളം, ആനപ്പുഴയ്ക്കൽ, മുക്കുട്, ജമാത്തുകളും സ്ഥാപിക്കപെട്ടത്. മഞ്ഞപ്പാറ, തേക്കിൽ, ഇട്ടിവാ, എന്നിപള്ളികൾക്കും 50 വർഷത്തിൽ കവിഞ്ഞപഴക്കം വരും കിഴ്ത്തോണി പാവൂർ പള്ളികൾ അടുത്ത കാലത്താണ് സ്ഥാപിക്കപ്പെട്ടത് ഈ പള്ളികളോടെല്ലാം അനുബന്ധിച്ചുള്ള മദ്രാസകളിലായി1050 കുട്ടികൾ ക്ക് 14 മതപണ്ഠിതൻമാർ മത വിദ്യാഭ്യാസം നൽകുന്നു

ക്രൈസ്തവ ദേവാലയങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ക്രൈസ്തവദേവാലയമായ ചെറക്കാട് ഓർത്തഡോക്സ് പള്ളി യുൾപ്പെടെ നിരവധിപള്ളികൾ മണ്ണൂരിൽ കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം ശാലേം മാർത്തോമാപള്ളി, സെൻറ്ജോർജ്ജ് സിറിയൻ കാത്തലിക്പള്ളി, മർത്തോമാ , ഓർത്തഡോക്സ്പള്ളി, ബ്രദർ മിഷൻ ചർച്ച് സിലോൺ പെന്തക്കോസ്ത്പള്ളി, അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച്, ദി പെന്തക്കോസ്ത് മിഷൻ , ഐ.പി.സി. മിഷൻ എന്നിവ മണ്ണൂരിൽ തന്നെയുള്ള ദേവാലയങ്ങളാണ് ഫൽഗിരിയിലെ സെ: ജോസഫ് പള്ളി. തോട്ടമുക്കിലെ മലങ്കര കത്തോലിക്കാപള്ളി കുഴിയത്തെ മാർത്തോമാ ചർച്ച് മലപ്പേരൂരിലെ മലങ്കര കത്തോലിക്കാപള്ളി, യാക്കോബൈറ്റ് ചർച്ച് എന്നിവയാണ് മറ്റ് ക്രസ്തവ

ദേവാലയങ്ങൾ 13 സൺഡേസ്ക്കൂളുകളിലായി 910 വിദ്യാർത്തികൾ ആത്മീയ വിദ്യാഭ്യാസംനടത്തുന്നു.

എല്ലാ ദേവാലയങ്ങളിലും വർഷം തോറും വിശ്വാസികളുടെ സംഗമങ്ങൾ നടക്കാറുണ്ട് അമ്പലങ്ങളിലെ ഉത്വങ്ങൾ മുസ്ലിം ദേവാലയങ്ങളിലെ മതപ്രഭാഷണ പരമ്പര, ക്രൈസ്തവദേവാലയങ്ങളിലെ പെരുന്നാളാഘോഷങ്ങൾ എന്നിവകളിലാണ് ഈ സംഗമങ്ങൾ ഉണ്ടാകുന്നത്. എല്ലാ വിഭാഗക്കാരും സാഹോദര്യത്തോടെ സഹകരിക്കുന്ന ഹൃദയ വർജ്ജകമായി കാഴ്ചയാണ് ഈ സന്ദർഭങ്ങളിൽ കാണാനാവുന്നത്

വായന ശാലകളുടെയും ക്ലബ്ബുകളുടെയും വാർഷികസമ്മേളനങ്ങൾ സാംസ്ക്കാരിക നായകൻ മാരുടെ സംഗമമായി തീരാറുണ്ട്. കലാപരിപാടികൾ ആസ്വദിക്കാനും, സാസ്ക്കാരിക സമ്മേളനത്തിൽ പങ്കെടുക്കാനും തടിച്ചുകൂടുന്ന ജനങ്ങൾ വലിയ ഒരു സാംസ്ക്കാരിക പോഷണ വിനിമയ പ്രകീയയിൽ പങ്കാളിയാവുകയാണ് ചെയ്യുന്നത്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. മലപ്പേരൂർ

1. സാംസ്ക്കാരിക നിലയം നിർമ്മിക്കുക.
2. നിരപ്പിൽ കേന്ദ്രമായുള്ള സമ ന ആയിരവല്ലി സാംസ്ക്കാര എ ആർട്ട്സ് സേപാർട്ട്സക്ലബ്ബുകൾക്ക് ആവിശ്യമായ ധന സ ായം നൽകുക.

2. കീഴ്ത്തേണി

1. ജി.വി. രാജ പബ്ലിക്ക് ലൈബ്രറിക്ക് ഒരു കോൺഫറൻസ് ഹാൾ നിർമ്മിക്കുക
2. പഞ്ചായത്താസ്ഥാനമായ വയ്യാനത്തും കീഴ്തോണി എൽ,പി, എസ്. ജംഗ്ഷനു സമീപവും പൊതു കളിസ്ഥലം നിർമ്മിക്കണം
3. കാറ്റാടി മുക്കിന് സമീപവും കീഴ്ത്തോണി താഴേഭാഗത്തും അഗൻവാടികൾ സ്ഥാപിക്കണം
4. കുറ്റിയാം മൂട്ടിന് സമീപം, മിച്ചഭൂമി, കീഴ്ത്തോ സ്ക്കൂൾ ജംഗ്ഷൻ തോണിയാട്ട് കുന്നുംപുറം, കുന്നുംപുറം ഹരിജൻകോളനി, പുളിമൂട്, കുണ്ടയം, പേരേത്തക്കര, പന്നിപ്പാറമുകൾ, ടി.വി. കൾ സ്ഥാപിക്കണം.

3. ഇട്ടിവ

1. എഴിയം കേന്ദ്രമാക്കിപ്രവർത്തിക്കുന്ന ഉദയം ക്ലബ്ബിന് ഒരാസ്ഥാന മന്ദിരം നിർമ്മിച്ച് നൽകേണ്ടതാണ്.
2. വയ്യാനം കേന്ദ്രമാക്കി ഒരു പൊതു കളിസ്ഥലം ഉണ്ടാക്കണം വനിതകളുടെ വായനാശീലം പരിപോഷിപ്പിക്കുവാൻ ഗ്രാമീണ ഗ്രന്ഥവിതരണ പരിപാടി നടപ്പാക്കണം .
3. പാറക്കടവ് കേന്ദ്രമാക്കി ഒരു സാംസ്ക്കാരികനിലയവും അനുബന്ധമായി സ്പോർട്ട് ആൻറ ആർട്ട്സ് ക്ലബ്ബ് നിർമ്മിക്കേണ്ടതാണ്

4 കോട്ടുക്കൽ

1. ശങ്കരപുരം റേഡിയോകാസ്ക്ക് പുനരുദ്ധരിക്കുക.
2. കോട്ടുക്കൽ കേന്ദ്രമാക്കി ഒരു റേഡിയോ, ടി.വി കാസ്ക്ക് സ്ഥാപിക്കുക.
3. പുരാവസ്തു വകുപ്പ് ഏറ്റെടുത്തിരിക്കുന്ന കുറ്റിക്കൽ ഗുഹാക്ഷേത്രത്തിന്റെ സമഗ്രവികസനത്തിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണം.

5. ത്രാങ്ങോട്

1. മഞ്ഞപ്പാറ വടക്കേകോണം കേന്ദ്രമാക്കി ഒരു സാംസ്ക്കാരിക നിലയംവേണം.
2. കഥകളി ഓട്ടൻതുള്ളൽ, കാക്കാരശ്ശിനാടകം മറ്റ് കലാ സാംസ്ക്കാരിക എന്നിവയിൽ അഭിരുചിയുള്ള വ്യക്തികളെ പ്രോത്സാഹിപ്പിക്കുന്നതിന് അനു യോജ്യമായ സ്ഥാപനങ്ങൾ നിർമ്മിക്കുക.
3. ആലംകോട് കേന്ദ്രമാക്കി പോസ്റ്റാഫീസ് സ്ഥാപിക്കുക.
4. നിലവിലുള്ള കളിക്കളത്തിന് മതിലു കെട്ടുകയും തുറസ്സായ സമ്മേളനവേദി നിർമ്മിക്കുകയും വേണം.
5. കൈരളി ഗ്രന്ഥശാലക്ക് കെട്ടിടം പണിയുവാനുള്ള സാമ്പത്തിക സഹായം നൽകുക.

6. വടക്കേ കോട്ടുക്കൽ.

1. കോട്ടുക്കൽ, മഞ്ഞിപ്പുഴ കേന്ദ്രമാക്കി പഞ്ചായത്ത് സ ക്കാരിക നിലയം സ്ഥാപിക്കണം.
2. കോട്ടുക്കൽകേന്ദ്രമാക്കി ഒരു ടി. വി കാസ്ക്ക് റേഡിയോ കാസ്ക്കും സ്ഥാപിക്കണം
3. സ്ഥിരമായി പ്രവർത്തിക്കുന്ന അമചർ നാടക സംഘങ്ങൾക്ക് വേണ്ടുന്ന പ്രോത്സാഹനം പഞ്ചായത്തിൽ നിന്ന് ഉണ്ടാക്കണം.
4. പറയൻമൂല കോളനി, കോട്ടുപൊയക, ക്ലാവോട് ബാലവാടി, നെടുംപുറം എന്നിവങ്കളിൽ റേഡിയോ കാസ്ക്കും ടി. വി കാസ്ക്കും അടിയ്ന്തിരമായി സ്ഥാപിക്കണം.
5. നാടൻ കലകളായ കാക്കാരശ്ശി, കുത്തിയോട്ടം, കമ്പടികളി, തുടങ്ങിയവയിൽ വാസനയുള്ളവർക്ക് വേണ്ടുന്ന പ്രോത്സാഹനവും നൽകിയ ൽ അവരുടെ കഴിവ് പഞ്ചായത്തിൽ പ്രകടിപ്പിക്കാൻ കഴിയും.
6. കോട്ടപൊയ്കയിൽ പ്രവർത്തിക്കുന്ന യുവധാര സ്പോർട്ട്സ് ക്ലബ്ബിന് സവന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സഹായം നൽകണം.
7. നെടുംപുറം ഗ്രന്ഥശാലക്ക് കെട്ടിടം വെക്കുന്നതിനുള്ള സഹായം നൽകണം.

7. പടിഞ്ഞാറേ വയലാ

കുത്തിയോട്ടം, കമ്പടികളി എന്നി നാടൻ കലകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

8.കിഴക്കേവയലാ

1.പടയണി കോൽകളി എന്നിവയെ പ്രോത്സാഹിപ്പിക്കുക.

2കോവൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്പോർട്ട്സ് ക്ലബ്ബിന് ഒരു ടി. വി കാസ്ക്ക് സ്ഥതാപിക്കക്കണം

4. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുനതിന് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

9. മണ്ണൂർ

1. വാർഡിൽ ഒരു സാംസ്ക്കാരിക നിലയം ഉണ്ടാക്കണം

10. തുടയന്നൂർ

1. ക്ലബ്ബുകളുടേയും വായനശാലകളുടേയും ഗ്രാൻറ് തുകയിൽ വർദ്ധനവ് ഉണ്ടാകണം.

2ശിശുമന്ദിരം ഗ്രൗണ്ടിൽ ഒരു സമ്മേളനവേദി ഉണ്ടാക്കാനുള്ള ഒരു നടപടി ഉണ്ടാക്കാക്കുക.

3.മണലുവെട്ടം കേന്ദ്രമാക്കി ഒരു സാംസ്ക്കാരിക നിലയവും ടി.വി കാസ്ക്കും അനുവദിക്കണം. വട്ടപ്പാട് കേന്ദ്രീകരിച്ച് ഒരു പൊതു ട.വി. സ്ഥാപിക്കണം

4. നമ്മുടെ നാട്ടിൽ പടയണി കുത്തയോട്ടം തുടങ്ങിയ കലകളിൽ പ്രാവണ്യം നേടിയ കലാകാരൻമാർ ഉണ്ട്. ഇത്തരം കലാകാരൻമാർക്ക് അർഹമായ ഗ്രാൻറ് നൽകി പ്രോത്സാഹിപ്പിക്കണം.

11 ചാണപ്പാറ

1. സൻമാർഗ്ഗദായിനിസ്മാരക വായനശാലയിൽ നിലവിലുള്ള റഫറൻസ് കേണറിനേറയും പ്രവർത്തനം വിപുലപ്പെടുത്തി പഞ്ചായത്തുതല റഫറൻസ് സെൻററായി ഉയർത്തുക.

2.മുലബ്ബൗണ്ടർമുക്കട മണലുവെട്ടം, അണപ്പാട്, പെരിങ്ങാട് എന്നീ കേന്ദ്രങ്ങളിൽ ടി. വ സ്ഥാപിക്കണം.

3. സാക്ഷരതാ കേന്ദ്രത്തിൻെറ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ വേണ്ട സഹായം ഉണ്ടാകണം.

4. കലാകായിക കേന്ദ്രങ്ങൾക്ക് ഗ്രാൻറ് നൽകുകയും സ്പോർട്ട്സ് ഗെയിംസ് ഉപകരണങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്യുക.

5.സന്മാർഗ്ഗദായനി സ്മാരക വായനശാലക്ക് ആവശ്യമായ ഫർണീച്ചറുകൾ നൽകുക.

6. ഗ്രാമീണവായനശാലകൾക്ക് നൽകി വരുന്ന പഞ്ചായത്ത് ഗ്രാൻറ് ഇരട്ടിയാക്കി വർദ്ധിപ്പിക്കുകയും ലൈബ്രേറിയൻമാർക്ക് അലവൻസ് നൽകുകയും, ഗ്രന്ഥസാലകൾ മുഴുവൻ സമയും തുറന്ന് പ്രവർത്തിക്കുന സ്ഥാപനങ്ങളാക്കി മാറ്റുകയും ചെയ്യുക.

7.സാംസ്ക്കാരിക പുരോഗതി ലക്ഷ്യമാക്കി കൂടുതൽ ചർച്ചാക്ലാസ്സുകളും സമ്മേളനങ്ങളും ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കുക.

12 ചരിമ്പറമ്പ്

1. വാരഡിൽ പ്രവർത്തിച്ചുവരുന്ന വിവേകദായിനി വായനശാല നവധാര വായനശാല എന്നിവയ്ക്ക് ആവശ്യമായ അലമാര മറ്റ് ഫർണീച്ചറുകൾ എന്നിവ ലഭ്യമാക്കണം

2. ഉറുകുഴി വിളയിൽ ഭാഗം ചെമ്പമൺ എന്നീ പ്രദേശങ്ങളിൽ റ്റി. വി സ്ഥാപിക്കുക.

3.തിരുവാതിരകളി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട സഹായങ്ങൾ നൽകുക.

4. ചരിപ്പറമ്പ് കേന്ദ്രീകരിച്ച് ഒരു കളിസ്ഥലം കൂടി അനുവദിക്കേണ്ടതാണ്.

5. നവധാര വായനശാലക്ക് ഒരു കോൺഫറൻസ് ഹാൾ നിർമ്മിക്കുക.

13 ചുണ്ട.

1. വാർഡിൽ ജനവിദ്യാ കേന്ദ്രത്തിനു വേണ്ടി പണിത കെട്ടിടത്തിൽ ഒരു ഗ്രന്ഥശാലയും റ്റി. വി സെറ്റും സ്ഥാപിക്കണം.

2, ചുണ്ട ജംഗ്ഷനിൽ പഞ്ചായത്ത് അധീനതയിലുള്ള റേഡിയോ കാസ്ക്ക് പുനരുദ്ധീകരിച്ച് റേഡിയോ കൃത്യ സമയങ്ങളിൽ പ്രവർത്തിപ്പിക്കണം

3. ഇട്ടിവ ലക്ഷം വീട് കോളനിയിൽ പഞ്ചായത്തിൻെറ അധീനതയിലുള്ള പൊതു സ്ഥലത്ത് ടി. വി സ്ഥാപിക്കുക.

4. പട്ടാണിമുക്ക്, ചെറുകുളം എന്നിവടങ്ങളിൽ റ്റി. വി സ്ഥാപിക്കണം.

5. പൊതു കളിസ്ഥലവും ആഡിറ്റോറിയവും നിർമ്മിക്കുക.

SAMAGRA VIKASANA REKHA ITTIVA GRAMAPANCHAYAT



ഭാരതസ്ത്രീകളുടെ ഭാവശുദ്ധിയെ കുറിച്ച് കവികൾ പാടിയിട്ടുണ്ടെങ്കിലും നമ്മുടെ പൗരാണി സമൂഹം സ്ത്രീകൾക്ക് സാതന്ത്ര്യം നിക്ഷേധിച്ചിരുന്നു. അരക്കിട്ടുറപ്പിച്ചിരുന്ന ആചാരാനുഷ്ഠാനങ്ങൾ സ്ത്രീവ്യക്തത്വത്തിന്റെ ചുടലക്കളങ്ങളാണ് സൃഷ്ടിച്ചിരുന്നത്. ശൈശവ വിവാഹം, സതിയനുഷ്ഠാനം, വിധവാവിവാഹ നിക്ഷേധം, വിദ്യാഭ്യാസ നിഷേധം, തുടങ്ങിയവ അവർക്കെതിരെ സമൂഹം കൽപ്പിച്ചിരുന്ന അനീതികളായിരുന്നു നിരവധി നൂറ്റാണ്ടുകളിലൂടെ ഒറ്റപ്പെട്ടും സംഘടിതവുമായി നടന്നിരുന്ന ചെറുത്തുനിൽപ്പുകൾ, സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ യാണ് ഇതിൽ നിന്നെല്ലാം അവർ വിമോചിതരായത്. എന്നാൽ വിലക്കുകൾക്കിടയിലും സമൂഹത്തിന്റെ സമുന്നത മേഖലകളിൽ സ്ഥാനം ലഭിച്ച നിരവധി മഹിളാരത്നങ്ങൾ നമ്മുടെ പുരാണേതിഹാസങ്ങളിലും ചരിത്രത്തിന്റെ ഏടുകളിലും കാണപ്പെടുന്നുണ്ട്. പ്രതികൂല സാഹചര്യങ്ങളിലെ ഈമുന്നേറ്റം സ്ത്രീശക്തിയുടെ അപ്രതിരോധ്യതയെയാണ് വ്യക്തമാക്കുന്നത്.

ആധുനിക സമൂഹത്തിലും സ്ത്രീകൾ നിരവധി പ്രതികൂല സാഹചര്യങ്ങളെ നേരിടേണ്ടിവരുന്നു. സ്ത്രീകൾക്ക് പൊതുവായുള്ള അവശതകൾക്ക് പുറമേ സമൂഹത്തെയാകെ ബാധിച്ചിട്ടുള്ള പ്രതിലോമ പ്രതികൂല ശക്തികളെ എതിർക്കുകയും ആരോഗ്യകരമായ ഒരു സമൂഹം കെട്ടിപടുക്കുവനുള്ള കാഴ്ചപാടുകൾ വച്ചുപുലർത്തുകയും ചെയ്യുന്നു സാധാരണക്കായ സ്ത്രീകളുടെ പ്രസ്ഥാനങ്ങൾ നിരവധി യാണ്. നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്ന ഒട്ടുമിക്ക രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട വനിതാപ്രസ്താനങ്ങൾക്ക് പുറമേ സാമൂഹിക സാംസ്ക്കാരിക മേഖലകളിലും അവർക്ക് സംഘടനകളുണ്ട്. സേവന മേഖലകളിലെയും മറ്റു തൊഴിൽ മേഖലകളിലെയും വനിതാ വിഭാഗങ്ങൾ സംഘടിത ശക്തിയോടെപ്പം നിലകൊള്ളുന്നു, രാഷ്ട്രീയ രംഗത്തും, കലാകായികരംഗങ്ങളിലും സാമൂഹികസാം സ്ക്കാരികരംഗങ്ങളിലും നിരവധി വനിതകൾ നേതൃനിരയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തീരാജ് നഗരപാലിക നിയമം നിലവിൽ വന്നതോടെ അവരുടെ പ്രാധിനിധ്യ ഭരണരംഗങ്ങളിൽ വർദ്ധിച്ചിട്ടുണ്ട്. തൊഴിൽ മേഖലയിലും അസാധാരണമായ മുന്നേറ്റം നടത്താൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. വൈമാനികരും പട്ടാളസേവനം നടത്തുന്നവരും പോലീസ് മേധാവികളുമായ വനിതാരക്തങ്ങുണ്ട്. പരുഷൻമാരുടേതെന്ന് ധരിച്ചിരുന്ന സാഹസികരംഗങ്ങളിലും അവരുടെ പങ്കാളിത്തം ഉണ്ട്.

ജനസംഖ്യയിൽ പകുതിയിലധികവും സ്ത്രീകളാണ്. കാർഷകരാജ്യമായ ഇന്ത്യയിൽ കേരളത്തിലും സ്ത്രീകളുടെ കർമ്മരംഗം പ്രധാനമായും കുടുംബം കെട്ടിപടുക്കുകയും കാത്തുസൂഷിക്കുകയും ചെയ്യുക എന്നതാണ്. ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനംകാർഷികേതര മേഖലകളുടെ വികാസം സേവനത്തുറകളുടെ ആവശ്യകത എന്നിവ നിമിത്തം സ്ത്രീകളുടെ ഒരു വിഭാഗം ഗൃഹാന്തരീക്ഷത്തിൽ നിന്നും വേറിട്ടുനിന്ന് സേവനം അനുഷ്ഠിക്കുന്നു. ഈ സാഹചര്യത്തിലും കുടുബത്തിന്റെ ഭദ്രത സ്ത്രീകളുടെ കൈകളിലാണ്. സമ്പത്തുൽപ്പാദന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം നന്നേ കുറവായിരുന്നു. ഈ സ്ഥിതിക്രമേണ മാറിവരുന്നുണ്ട്. ജനസംഖ്യയിൽ ബഹുഭൂരിപക്ഷമായ ആയ ഒരുവിഭാഗം സമ്പത്തുത്പാദന പ്രക്രീയയിൽനിന്ന് മാറിനിന്നാലുണ്ടാകുന്ന സാമൂഹ്യ സാമ്പത്തിക വളർച്ച് വേണ്ടതിൽ പകുതിക്ക് താഴെ മാത്രമേ ഉണ്ടാകു എന്നതാണ്. ആധുനക സമൂഹത്തിലും പൊതുരംഗത്ത് പുരുഷൻമാരോടൊപ്പം പ്രവർത്തിക്കുന്ന വനിതകൾക്ക് നിരവധി പ്രതികൂല സാഹചര്യങ്ങൾ നേരിടേണ്ടതുണ്ട്. തൊഴിൽ വിഭജനത്തിലും വേതനത്തിലും സാമൂഹികമായ ഇടപെടലുകളിലും മറ്റുപല രംഗങ്ങളിലും അവർ അസമത്വം അനുഭവിക്കുന്നുണ്ട്. സമകാലീക സമൂഹത്തിലെ ഇത്തരം പ്രതികൂല സാഹചര്യങ്ങൾ വനിതാ പ്രസ്താനങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു. അവർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കേണ്ട ആവശ്യകതയ്ക്ക് സാധുകരണമുണ്ടാകുന്നു.

ഇട്ടിവാ പഞ്ചായത്തിൽ അകെ ജനസംഘ്യയായ 33511-ൽ 17328പേർ സ്ത്രീകളാണ്.

വനിതകളുടെ പ്രാതിനിധ്യം പൊതുരംഗത്ത് കുറവാണ് നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്തി രാജ് നിയമം മൂലം 13 ഗ്രാമ പഞ്ചായത്ത് മെമ്പറുമാരിൽ 5 പേർ വനിതകളാണ്. എന്നാൽ രാഷ്ട്രീയ രംഗത്ത് വനിതകളുടെ പങ്കാളിത്തം തീരെ കുറഞ്ഞതോതിലേ ഉള്ളൂ. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 14 സ്ക്കൂളുകളിലായി ആകെയുള്ള 176 അദ്യാപകരിൽ 113 പേരും വനിതകളാണ്. ആരോഗ്യരംഗത്തെ 38 പേരിൽ 27 പേരും സ്ത്രീകളാണ് ആകെയുള്ള 4918 വിദ്ധ്യർത്ഥികൽ 2491 പെൺകുട്ടികളും 2427 ആൺകുട്ടി

കളുമാണുള്ളത് ജനസംഖ്യയിൽ 51% വനിതകളാണെങ്കിൽ വിദ്യാർത്ഥികളിൽ 50.65% മാണ് പെൺകുട്ടികൾ. ഈ വ്യത്യാസം ചെറുതാണെങ്കിലും വളരെയധികം ശ്രദ്ധിക്കപ്പെടേണ്ടതാണ്. സ്ക്കൂളുകളിൽ പോകാതെ നിൽക്കുന്ന കുട്ടികളിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികളായിരിക്കുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ 15 മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ക്ലാവോട്, നെടുപുറം, വെട്ടിക്കാവ്, മഞ്ഞപ്പാറ, വെളുന്തറ, ചരിപ്പറമ്പ്, ചാണപ്പാറ, തുടയന്നൂർ,വട്ടപ്പാട് എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സമാജങ്ങൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. വയലായിലെ സമാജത്തിന് പഞ്ചായത്തിൽ നിന്നും കെട്ടിടം നിർമ്മിച്ചുകൊടുക്കാൻ തീരുമാനമായിട്ടുണ്ട്. മഹിളാസമാജങ്ങൾ കേന്ദ്രീകരിച്ച് ബാലവാടി, പോഷകാഹാര വിതരണം(മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ) വൈദ്യപരിശോദന ആരോഗ്യ സമ്പന്ധമായ ക്ലാസുകൾ, പ്രദർശനങ്ങൾ എന്നിപ്രവർത്തനങ്ങൾ നടന്നുവരുന്നു.

ബ്ലോക്കിൽ നിന്നുള്ള ലേഡിഎക്സ്റ്റൻഷൻ ഓഫീസർ മാരുടെയും മുഖ്യ സേവികയുടെയും സേവനം മഹിളാസമാജങ്ങൾക്ക് ലഭ്യമാണ്. എന്നാൽ അത് വിശാലമായ പ്ഞ്ചായത്ത് മേഖലയിൽ ചിതറിക്കിടക്കുന്ന ഈസ്ഥാപനങ്ങളിൽ തക്കസമയത്ത് എത്തിചേരാനുള്ള ബുദ്ധിമുട്ട് നിലനിൽക്കുന്നു വർഷം തോറും പഞ്ചായത്തിലെമഹിളാസമാജങ്ങളുടെ സംയുക്ത ദ്വിദിന സെമിനാറുകൾ മെച്ചപ്പെട്ടനിലയിൽ നടത്തിവരുന്നു. ഈ രംഗത്ത് ബ്ലോക്ക് അധികൃതർ ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ നിലവിലുള്ളമഹിളാസമാജങ്ങൾക്ക് വേണ്ട ഭൗതിക സൗകര്യംകുറഞ്ഞ നിലയിൽ പോലും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഈ രംഗ് അധികാരികളുടെ ഭാഗത്ത് ജാഗ്രതകുറവുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. ബാലവാടിയിലെ കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ ഭക്ഷണംകഴിക്കാനും ഉറങ്ങാനുമുള്ളസൗകര്യങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തേണ്ടതാണ്. 3 ഫീഡിംഗ് സെൻറുകളും 5ബാലവാടികളുമാണ്ഇവിടെ പ്രവർത്തിക്കുന്നത്. ഈ 5 ബാലവാടികൾ അംഗനവാടികളാക്കാനുള്ള നിയമനടപടികൾ പൂർത്തീകരിച്ചിട്ടുണ്ട് എല്ലാവാർഡുകളിലും അംഗൻവാടികളുണ്ടായാലേ കുട്ടികൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ആവശ്യമായ ആരോഗ്യസംരക്ഷണം ഉറപ്പ് വരുത്താനാവുകയുള്ളൂ.

പഞ്ചായത്തിൽ 5 ഫാമിലി വെൽഫെയർ സെൻറുകളാണുള്ളത്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ആവ ശ്യമായ സ്റ്റാഫിനെ നിയമിക്കാൻ അടിയന്തിര നപടികളുണ്ടാകണം. ഫാമിലി വെൽഫെയർ സെൻറുകൾ എല്ലാവാർഡുകളിലും ഉണ്ടാകണം- മണ്ണൂർ, തുടയന്നൂർ, പടിഞ്ഞാറേവയലാ, വടക്കേകോട്ടുക്കൽ, ത്രങ്ങോട്, ചരിപ്പറമ്പ്, ഇട്ടിവാ എന്നീ വാർഡുകളാണ് ഉണ്ടാകേണ്ടത്.

- ആരോഗ്യ പരിപാലനം സംബന്ധിച്ചുള്ള ജനബോധവത്ക്കരണ ക്ലാസുകൾ നടത്തണം.
- പട്ടികജാതിക്കാർക്കും മറ്റ് ദുർബല വിഭാഗക്കാർക്കും കക്കുസുകൾനിർമ്മിച്ച് നൽകണം.
- ചുണ്ട പ്രാമികാരോഗ്യകേന്ദ്രത്തിൽ സ്ഥിരമായി ഡോക്ടർമാരുണ്ടാകണം.
- മഞ്ഞപ്പാറ, തുടയന്നൂർ പ്രദേശങ്ങൾ കേന്ദ്രമാക്കി പ്രാധമികാരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കണം.
-സാമൂഹ്യക്ഷേമരംഗത്തും ആരോഗ്യ സംരക്ഷണരംഗത്തും ആവിഷ്ക്കരിക്കപ്പെടുന്ന പരിപാടികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കണം.

നമ്മുടെ പഞ്ചായത്തിൽ പത്ത് മഹിളാ സ്വസ്ഥ സംഘടനകളുണ്ട്. പതിനെട്ട് അംഗങ്ങൾ വീതമുള്ള ഈ സംഘടനയുടെ കൺവിനർ ജൂനിയർ പബ്ലിക്ക് ഹെൽത്ത്നെഴ്സാണ്. ഗവ: ആരോഗ്യസംബന്ധമായ പരിപാടികൾ വിജയിപ്പിക്കാൻ ഇതിലെ അംഗങ്ങൾ ബന്ധപ്പെട്ട ജീവനക്കാരെ സഹായിക്കുന്നുണ്ട്. ഈ സംഘടനകളുടെ പ്രവർത്തനം ജനകീയ വത്ക്കരിച്ച് വിപുലപ്പെടുത്തി കൂടുതൽ ഉത്തരവിദിത്വം നറവേറ്റണം.

കട്ടച്ചൂളകൾ, കശുവണ്ടി ഫാക്ടറി, ചൂരൽ വ്യവസായം, തഴപ്പായനെയ്ത്ത് കെട്ടിടനിർമ്മാണരംഗം തുടങ്ങിയ മേഖലകളിൽ നിരവധിസ്ത്രീകൾ ജോലിചെയ്യുന്നു. ആകെ സ്ത്രീകളിൽ ചെറിയൊരു ഭാഗം മാത്രമാണിത ബാക്കിയുള്ളവർകാണാപണിയായ വീട്ടുജോലികൾ ചെയ്യുന്നവരാണ്. സമ്പത്തുൽപ്പാദനരംഗത്ത് ഇവരുടെ പങ്കാളിത്തം ഇപ്പോഴും കുറഞ്ഞ തോതിലാണ് ഈ അവസ്ഥ മാറണം.

കാർഷകരംഗത്ത് സ്ത്രീകൾക്ക് ശ്രദ്ധിക്കാവുന്ന പണികളാണ് കുൺ വളർത്തൽ, പച്ചക്കറി കൃഷി, ഉദ്യാനകൃഷി തുടങ്ങിയവ. പച്ചക്കറികൃഷിയിൽ വീട്ടമ്മമാർ ശ്രദ്ധിച്ചാൽ വമ്പിച്ചമാറ്റം ഉണ്ടാക്കിയെടുക്കാനാകും അടുക്കള ത്തോട്ടങ്ങൾ എല്ലാവർക്കും വച്ച് പിടിപ്പിക്കാവുന്നതാണ്. കുൺകൃഷിയിലും ഉദ്യാനകൃഷിയിലും പരിശീലനം ലഭിച്ചാൽ അതും ലാഭകേരമായി നടത്താവുന്നതാണ്. കോഴിവളർത്തൽ ആടുവളർത്തൽ തുടങ്ങിയ രംഗങ്ങളിലും ഇവർക്ക് ശ്രദ്ധിക്കുവാൻ കഴിയും.

സ്ത്രീകൾക്ക് വലിയതൊഴിൽ സാധ്യതയുള്ളതാണ് ചെറുകിട വ്യവസായങ്ങൾ. തയ്യൽ കര കൗശല തൊഴിലുകൾ, അച്ചാർ പർപ്പിടകം, കറിമസാ

ലപ്പൊടി അഗർബത്തി നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകി സാധ്യതകൾക്കനുസരിച്ച് പഞ്ചായത്തിന്റെ പല മേഖലകളിലും ഇവ അനുവദിക്കാവുന്നതാണ്. മഹിളാസംഘടനകളും മറ്റുസന്നദ്ധ സംഘടനകളും ഈരംഗത്ത് മുന്നിട്ടിറങ്ങണം. കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, രോഗികൾക്കുള്ള പെൻഷൻ എന്നിവ അർഹതയനുസരിച്ച് എല്ലാവർക്കും കിട്ടുവാനുള്ള നടപടികൾ ഉണ്ടാകണം.

-കക്കൂസ്, വീട്, കുടിവെള്ളം, വൈദ്യുതി ഇവ ലഭ്യമാക്കാനുള്ള നടപടികളുണ്ടാകണം.

-പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം ലഭ്യലാക്കാനുള്ള നടപടികളുണ്ടാക്കണം.

- മിശ്ര വിവാഹിതർക്ക് ധനസഹായം യഥാസമയം ലഭ്യമാക്കണം.

- സ്ത്രീധന നിരോധനം നിയമം മൂലം നടപ്പിലാക്കണം. ഇത്സംബന്ധിച്ചുള്ള ബോധവത്കരണം മഹിളാ സംഘടനകളുടെ നേതൃത്വത്തിൽ നടത്തണം.

- സ്ത്രീ പീഡനം സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പ്രചരണ രീതി തുടങ്ങിയവ ഗൗരവ പൂർവ്വം കൈയ്കാര്യം ചെയ്യേണ്ടതാണ്.

- മദ്യത്തിന്റെ സ്വാധീനം കൊണ്ടുണ്ടാകുന്ന കുടുംബ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനാവശ്യമായ സംവിധാനങ്ങളുണ്ടാകണം

- സമ്പൂർണ്ണമദ്യ നിരോധനം ഏർപ്പെടുത്തണം.

- താലൂക്കാസ്ഥാനത്ത് ഒരുകുടുംബകോടതി യുണ്ടാക്കണം.

- പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യം നിറവേറ്റാനുള്ള സൗകര്യങ്ങൾ അടിയന്തിരമായി ഉണ്ടാകണം.

- അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കു മെതിരെ സ്ത്രീകൾ അണിനിരക്കണം.

വനിതാവികസന കോർപ്പറേഷൻ നിരവധി പദ്ധതികൾക്ക് രൂപകല്പന ചെയ്തിട്ടുണ്ട്. സ്ത്രീജ്യോതി പദ്ധതിയിൽ വനിതകൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള തൊഴിൽ സംരഭങ്ങൾക്ക് വേണ്ടിയാണ്. 2500 രൂപാവരെ വായ്പ ലഭിക്കുന്നു.

സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവർക്ക് വേണ്ട നിയമോപദേശങ്ങളും മറ്റും നൽകുന്നതിനുമായി വിദഗ്ധരുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന ഫാമിലി കൗൺസിലിംഗ് സെൻററുകൾ സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന് കീഴിൽ പല പ്രദേശത്തും സ്ഥാപിച്ചുവരുന്നു. നമ്മുടെ പ്രദേശത്തും ഇത്തരമൊരു സെൻറർ പ്രാവർത്തികമാക്കണം ഗ്രാമീണ വനിതകളുടെ ആവിശ്യങ്ങളും പ്രശ്നങ്ങളും എന്തൊക്കെയാണെന്ന് മനസ്സിലാക്കുന്നതിനും അവയെങ്ങനെ പരിഹരിക്കാം എന്നവിഷയത്തിൽ പരീശീലനനം നൽകുന്നതിനും വേണ്ടിനടത്തുന്ന വനിതാകൃാമ്പുകളുടെ ചെലവിലേക്ക് 10000 രൂപാവരെ അനുവദിക്കുന്ന ഒരു പദ്ധതിയും സാമൂഹ്യ ക്ഷേമ ഉപദേശക ബോർഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്.

സ്ത്രീകൾ, കുഞ്ഞുങ്ങൾ, വയോജനങ്ങൾ, വികലാംഗർ തുടങ്ങിയ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധസംഘടനകൾക്ക് സഹായവും മാർഗ്ഗ നിർദ്ദേശവും നൽകാൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

കാർഷിക വികസന ക്ഷേമരംഗങ്ങളിൽ നിരവധി സഹായ പദ്ധതികൾ ആവിഷ്കൃതമായിട്ടുണ്ടെങ്കിലും നമ്മുടെ സ്ത്രീ സമൂഹത്തെ മെച്ചപ്പെട്ടനിലയിലേക്കുയർത്താൻ കഴിഞ്ഞിട്ടില്ല. ആധുനിക വ്യവസായങ്ങളൊന്നുമില്ലാത്ത നമ്മുടെ പഞ്ചായത്തിൽ തദ്ദേശീയമായി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് നിരവധി വ്യവസായങ്ങൾ തുടങ്ങുൻ സാധിക്കും. ഇതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ കൃഷി, വ്യവസായം എന്നിവിഷയങ്ങളെ കുറിച്ചുള്ള റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട് സ്വയം തെഴിൽ സംരംഭങ്ങളിൽ വനിതകൾക്ക് നിരവധി വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. അതിനാവശ്യമായ കെട്ടിടനിർമ്മാണത്തിന് ലഭിക്കുന്ന സബ്സിഡി സ്വന്തം കെട്ടിടമില്ലെങ്കിൽ വാടകയിനത്തിൽ നാലു വർഷം ലഭിക്കുന്ന ഗ്രാൻറ് വിദഗ്ദയായ മേൽ നോട്ടം തൊഴിലാളിക്ക് ലഭിക്കുന്ന ശബളവിഹിതം, ലോണുകൾ കിട്ടാനുള്ള ഉദാരവത്ക്കരിക്കപ്പെട്ടവ്യവസ്തകൾ, എന്നിവ വനിതകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുണ്ട്.

ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം മൻനിർത്തി 10 മുതൽ 15 വരെ സ്ത്രീകൾക്ക് വരുമാനം ലഭിക്കുന്ന തൊഴിലുകൾ കൂട്ടായി ഏറ്റെടുക്കാൻ ഗ്രാമീണ വനിതാ ശിശുവികസന (DWCRA) പരിപാടിയിൽ ലഭ്യമിട്ടിട്ടുണ്ട് ഐ.ആർ.ഡി.പി. ലിസ്റ്റിൽ പ്പെട്ട വനിതകൾക്കാണ് ഈ ആനുകൂല്യമ ലഭിക്കുന്നത് 15000 രൂപ വരെ ഒരാളിന് മൂലധന ഗ്രാൻഡായി ലഭിക്കുന്നു.

ഗ്രാമീണ യുവതി യുവാക്കൾക്ക് ചെറുകിട വ്യവസായ സംരഭങ്ങൾ ആരംഭിക്കുന്നതിനുതകുന്ന സാങ്കേതികവും ഭരണപരവുമായ വൈദക്ധ്യം വളർത്തിയെടുക്കാൻ ഉതകുന്ന പരിശീലനം നൽകുന്ന പരിപാടിയാണ് ട്രൈസം. ഇതിലും വനിതകൾക്ക് പരിഗണനയുണ്ട്.

പ്രശ്നങ്ങൾ

1. ഉന്നത വിദ്യാഭ്യാസം ലഭിച്ചനിരവധി പെൺകുട്ടികൾ തൊഴിൽ രഹിതരാണ്.
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളുടെ കുറവ്.

3.സ്വയം തൊഴിൽ സംരഭത്തിന് ആവശ്യമായ സഹായവും മാർഗ്ഗ നിർദ്ദേശവും ലഭിക്കാത്ത അവസ്ഥ.

4. സ്വകാര്യസേവന മേഖലയിലും വ്യാപാരവാണിജ്യാതികളുലും ഏർപ്പെടാനുള്ള വൈമുഖ്യം.

5. അഭ്യസിച്ച തൊഴിലുകൾ ചെയ്യാനുള്ള അവസരം ലഭ്യമല്ലാത്ത സ്ഥിതി

6.ഉന്നതവിദ്യാഭ്യാസം ലഭിച്ച പെൺകുട്ടിയുടെ വിഹാഹ കാര്യത്തിലുള്ള പ്രശ്നങ്ങൾ- സ്ത്രീധന പ്രധാനം

7 കാർഷികരംഗത്ത് സ്ത്രീകൾ ശ്രദ്ധിക്കാത്ത അവസ്ഥ

8. ഒഴിവു വിശ്രമ വേളകൾ പ്രയോജനപ്പെടുത്താനുള്ള വൈമുഖ്യം

9നിലവിലുള്ള വനിതാ സംഘടനകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാവാത്തഅവസ്ഥ.

10 രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പൊതുവേ വനിതാ നേതൃത്വം, പങ്കാളിത്തം എന്നിവയുടെ കുറവ്.

നിർദ്ദേശങ്ങൾ

1. സ്വയം തൊഴിൽ സംരഭങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്ത് സമിതി ഫലപ്രദമായി ഇടപെടണം

2. വനിതകൾക്കുവേണ്ടിയുള്ള ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനമുണ്ടാക്കണം.

3. സ്വയം തൊഴിൽ സംരഭങ്ങൾ ഏതു മേഖലയിലും ആരംഭിക്കാനുള്ള കരുത്ത് നേടാൻ ആവശ്യമായ പ്രോത്സാഹനം തുടർ നടപടികൾ എന്നിവയുണ്ടാകണം

4. വിവാഹരംഗത്ത് നിലനിൽക്കുന്ന സ്ത്രീധന സമ്പ്രദായം വിവാഹചടങ്ങിനുള്ള അനാവശ്യമായ ചെലവ് അമിതമായ സ്വർണ്ണാഭിമുഖ്യം എന്നിവയ്ക്കെതിരെയുള്ള ബോധവത്ക്കരണപരിപാടികൾ- സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവ സംഘടിപ്പിക്കുക

5. കാർഷികരംഗത്ത് സ്ത്രീകൾ ശ്രദ്ധിക്കുന്നതിനാവശ്യമായ പരിപാടികൾ ഫലപ്രദമായി ആസൂത്രണം ചെയ്ത് നടപ്പാക്കണം. എല്ലാ വാർഡുകളിലും തെരഞ്ഞെടുത്ത അടുക്കളത്തോട്ടങ്ങൾ പച്ചക്കറികൃഷി എന്നിവയ്ക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കണം. കുൺ കൃഷിയിൽ പരിശീലനം നൽകുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

6.മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ വൈവിദ്ധ്യവത്ക്കരിക്കുകയും ഗവൺമെൻറിൽ നിന്നുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുകയും ചെയ്യണം

കൂടുതൽ പങ്കാളിത്തം ഉണ്ടാക്കാൻ ആവശ്യമായ പരിഷ്കാരനടപടികൾ ഉണ്ടാക്കണം.

7. ലൈബ്രറിയുമായി കൂടുതൽ വനിതകൾ ബന്ധപ്പെടാൻ ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം. ഗ്രാമീണ ഗ്രന്ഥവിതരണം എല്ലാവർക്കും ലഭ്യമാക്കത്തക്ക നിലയിൽ വിപുലീകരിക്കണം ഗ്രന്ഥശാലകൾക്ക് ഇതിനാശ്യമായ സ്പെഷ്യൽ ഗ്രാൻറുകൾ പഞ്ചായത്ത് നൽകണം.

8. മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന പെൺകുട്ടികൾക്ക് കോച്ചിംഗ് ക്ലാസുകൾ നൽകുന്നതിന് പഞ്ചായത്തുതലത്തിൽ സ്ഥിരം സംവിധാനം ഉണ്ടാകണം

9. വനിതാ കായിക താരങ്ങളെ കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിക്കാനും ആവശ്യമായ സ്ഥിരം സംവിധാനം ഏർപ്പെടുത്തണം (8,9 ഇനങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള സംവിധാനം ഉണ്ടാകാം)

10. പെൺകുട്ടികൾക്ക് കൂടുതൽ പ്രയോജനപ്പെടുത്തക്കരീതിയിൽ ഇൻഫർമേഷൻ സെൻററുകൾ ഓരോ ഗ്രന്ഥശാലയിലും ഉണ്ടാകണം അത് ഫലപ്രദമായി നടത്തുന്നതിന് വേണ്ട സ്പെഷ്യൽ ഗ്രാൻറുകൾ അനുവദിക്കണം. തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന അവസരങ്ങൾ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രസിദ്ധീകരണങ്ങൾ പഞ്ചായത്ത് ചെലിൽ ഇൻഫർമേഷൻ സെൻററുകൾക്ക് ലഭ്യമാക്കണം.

11. പഞ്ചായത്തുതലത്തിൽ രൂപീകരിച്ചിട്ടുള്ള വനിതാക്ഷേമകാര്യസമിതി ജാഗ്രതയോയെ പ്രവർത്തനം ആരംഭിക്കണം.

12. വനിതകൾക്കുള്ള പ്രത്യേക പ്രശ്നങ്ങളെക്കുറിച്ച് ഒരു സമഗ്രമായ പഠനം നടത്തുക വിശകലനത്തിൽ കാണുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ തുടർ പരിപാടികൾ ആവിഷ്കരിക്കുക.



സഹകരണ എന്ന പഞ്ചാക്ഷരിയെക്കുറിച്ച് കേൾക്കാത്തവരില്ല. അനുഭവിക്കാത്ത വരില്ല സഹക രണമില്ലാതെ ലോകത്ത് ഒന്നും നിലനിൽ ക്കുകയില്ല. ഒരു കുഞ്ഞു ജനിച്ചാൽ അതിനോട് അമ്മയോ മറ്റുള്ള വരോ സഹകരി ച്ചില്ലെങ്കിൽ ആ കുഞ്ഞ് മരിച്ചു പോകും. ഒരു വ്യക്തിയുടെ ഉത്ഭവം മുതൽ അവസാനം വരെ അനുഗമിക്കുന്ന ഏക വിഷയം സഹകരണമാണ്.

സഹകരണം ഒരു ജീവിത രീതിയാണ്. കൂട്ടായ സാമ്പത്തിക പ്രവർത്തന മാണിത്. സഹകരണം ഒരു ചിന്താധാരയെ പ്രതിനി ധീകരിക്കുന്നു. ആ ചിന്താ ധാര ബാരാരിഷ്ട തകൾ കഴിഞ്ഞ് അനു സ്യൂതം പ്രവഹി ക്കുന്നു. അതിന്റെ തണലിൽ സമൂഹത്തിലെ ദുർബലവിഭാഗം ആശ്വാസം കാണുന്നു.

സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പുതന്നെ ഇട്ടിവ പഞ്ചായത്തിൽ 'പരസ്പര സഹായ സഹകരസംഘം' എന്ന പേരിൽ ഒരു സ്ഥാപനം ചുണ്ടയിൽ ചുരുങ്ങിയ കാലം പ്രവർത്തിച്ചിരുന്നു. എന്നാൽ പഞ്ചായത്തിലെ ആദ്യത്തെ കാർഷിക വായ്പാ സഹകരണസംഘം ഇട്ടിവ പഞ്ചായത്ത് സഹകരണ സംഘമാണ് - 1959 ൽ ഇട്ടിവ കേന്ദ്രമാക്കി പ്രവർത്തന മാരംഭിച്ച കൃ-4105 ാം നമ്പർ സംഘത്തിന്റെ സ്ഥാപക പ്രസിഡന്റ് ശ്രീ. സി തോമസ് ആണ് തുടർന്ന് ഇത് സർവ്വീസ് ബാങ്കായി വളർന്നു എങ്കിലും ഇട്ടിവ പഞ്ചായത്തിലെ കർഷകരുടേയും മറ്റ് ജനവിഭാഗങ്ങളുടേയും സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ ഈ ബാങ്കിന് കഴിയാതെ വരികയും തുടർന്ന് ഈ ബാങ്കിന്റെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു.

1965 നു ശേഷം ഇട്ടിവാ പഞ്ചായത്തിലെ തടയന്നൂർ ആസ്ഥാനമാക്കി ഒരു സംഘം രൂപീ കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രമുഖ സഹകാരിയും പൊതു പ്രവർത്തകനുമായ ചരിപ്പറമ്പ് മേലതിൽ വീട്ടിൽ ശ്രീ സി. എൻ. രാഘവൻ പിള്ളയുടെ നേതൃത്വത്തിൽ ഏതാനും വ്യക്തികൾ ആരംഭിച്ചിരുന്നു. ഇതിന്റെ ഫലമായി ഇട്ടിവ സർവ്വീസ് സഹകരണസംഘത്തിന്റെ പൊതുയോഗം നടത്തുകയും പ്രസ്തുത സഹകരണ സംഘത്തിന്റേറ പ്രവർത്തന പരിധിയിൽ നിന്നും തുടയന്നൂർ, ചരിപ്പറമ്പ്, മണ്ണൂർ ചാണപ്പാറ എന്നീ വാർഡുകൾ (അന്ന് ചാണപ്പാറ വാർഡ് നിലവിലില്ല) വിട്ടുതരുവാൻ തീരുമാനമെടുപ്പിക്കുകയും തുടയന്നൂർ കേന്ദ്രമാക്കി ഒരു സർവ്വീസ് സഹകരണസംഘം രൂപീകരിക്കുന്നതിന് ശ്രീ സി. എൻ രാഘവൻപിള്ള ചീഫ് പ്രമോട്ടറായി ഒരു കമ്മിറ്റി രൂപികരിക്കുകയും, സഹകരണ ഡിപ്പാർട്ടുമെൻറിലേയും കൊല്ലം ജില്ലാ സഹകരണ ബാങ്കിലേയും ചില ഉദ്യോഗ സ്ഥൻമാരുടേയും സഹകരണത്തിൽ 1966 അവസാനത്തോടുകൂടി കൃ 371 ാം നമ്പരായി തുടയന്നൂർ സർവ്വീസ് സഹകരണ സംഘം രജിസ്റ്റർ ചെയ്തുകിട്ടുകയും 4-3-1977 ൽ പ്രസ്തുത സംഘം 256 അംഗങ്ങളോടുകൂടി പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ഇട്ടിവ പഞ്ചായത്തിൽ സഹകരണഅടിസ്ഥാനത്തിൽ നിരവധി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന സംഘങ്ങൾ വിരളമാണ്. കാർഷിക വായ്പാ മേഖലയിൽ തുടയന്നൂർ സർവ്വീസ് സഹകരണബാങ്കും, ക്ഷീര വ്യവസായരംഗത്ത് അഞ്ച് ക്ഷീരോദ്പാദന സംഘങ്ങളും, ചികിസാരംഗത്ത് മണ്ണൂർ ആസ്ഥാനമാക്കി കൊട്ടാരക്കര താലൂക്ക് സഹകരണ ആശുപത്രിയും പ്രവർത്തിച്ചു വരുന്നു. 1982 ൽ രൂപീകരിച്ച ഇട്ടിവാ പഞ്ചായത്ത് പട്ടിക ജാതി സഹകരണസംഘം പ്രവർത്തിക്കുന്നില്ല. വനിതാ സഹകരണ സംഘം ഉപഭോക്തൃസഹകരണ സംഘം ഹൗസിംഗ്സഹകരണ സംഘം, തീപ്പെട്ടി വ്യവസായ സഹകരണ സംഘം എന്നിവ രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല.

തുടയന്നൂർ സർവ്വീസ് സഹകരണ ബാങ്ക്
കൃ - 371

1967 മാർച്ച് മാസം 40ാം തീയതി പ്രവർത്തനമാരംഭിച്ച തുടയന്നൂർ സർവ്വീസ് സഹകരണസംഘം ഇന്ന് ജില്ലയിലെ പ്രമുഖ സഹകരണബാങ്കുകളിൽ ഒന്നായി മാറിയിരിക്കുന്നു. ചാണപ്പാറ, തുടയന്നൂർ, ചരിപ്പറമ്പ്, മണ്ണൂർ, കിഴക്കേവയല, (ഭാഗികം) എന്നീ നാലുവാർഡുകൾ മാത്രം പ്രവർത്തനമേഖലയായുള്ള ഈ സ്ഥാപനത്തിന്റെ സ്ഥാപക പ്രസിഡന്റ് ശ്രീ സി എൻ. രാഘവൻ പിള്ളയാണ് . ചുരുങ്ങിയ പ്രവർത്തന മേഖല മാത്രം ഉള്ള ഈ സ്ഥപനം ഇന്ന് എല്ലാ വിധ

ബാങ്കിംഗ് ഇടപാടുകളും നടത്തിവരുന്ന ഒരു മികച്ച ബാങ്കായി വളർന്നുവരുന്നു. 7500 ലധികം അംഗങ്ങളും ഒന്നരക്കോടിയിലധികം രൂപയുടെ പ്രവർത്തന മൂലധനവും ഉള്ള ഈ സ്ഥാപനം ഒട്ടേറെ ജനക്ഷേമകരമായ പ്രർത്തനങ്ങൾ നടത്തിവരുന്നു. ബാങ്കിലെ അംഗങ്ങൾക്ക് ഇന്ന് യഥേഷ്ടം മദ്ധ്യകാല- ദീർഘകാല കാർഷിക വായ്പകളും കാർഷികേതര വായ്പകളും പദ്ധതി വായ്പകളും, വിദ്യാഭ്യാസ വായ്പയും സ്വർണ്ണപണയ വായ്പയും നൽകിവരുന്നു. ഇതു കൂടാതെ നിരവധി സലയുള്ള പ്രതിമാസ ലേല ചിട്ടികളും നടത്തിവരുന്നു. 3 വളം ഡിപ്പോകളും, കൺസ്യൂമർ ഡിപ്പോയും, ടെക്സ്റ്റയിൽ ഡിപ്പോയും നടത്തിവരുന്നു . നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിന്റെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും, നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും, കുടിശ്ശിക കുറയ്ക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമായി നടന്നുവരുന്നു. മാനേജ്മെൻറിന്റെ കാര്യക്ഷമമായ പ്രവർത്തനം മൂലം ബാങ്കിന്റെ സ്ഥിരനിക്ഷേപത്തിൽ ഗണ്യമായ വർദ്ധനവ് ണ്ടാക്കുവാനും കൂടുതൽ അംഗങ്ങൾക്ക് വായ്പ നൽകുവാനും കഴിഞ്ഞിട്ടുണ്ട് ബാങ്കിന്റെ നിക്ഷേപം വർദ്ധിപ്പിക്കുന്നതു വഴി മാത്രമേ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുവ;നും അതുവഴി ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുവാനും കഴിയുകയുള്ളു.

ക്ഷീരോദ്പാദകസഹകരണ സംഘങ്ങൾ

ഇട്ടിവ പഞ്ചായത്തിൽ ചാണപ്പാറ, മണ്ണൂർ, വയല, കോട്ടുക്കൽ,ചുണ്ട എന്നിവടങ്ങളിലായി അഞ്ചു ക്ഷീരോത്പാദക സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നു അഞ്ചു സംഘങ്ങളിലുമായി ഒരു മാസം ശേഖരിക്കുന്ന ശരാശരി പാൽ 20000 ലിറ്റർ മാത്രമാണ് പാലിന്റെ ഉത്പാദനം വർദ്ധിപ്പിച്ച് പ്രതിദിനം 1000 ലിറ്ററിൽ കൂടുതൽ പാൽ ശേഖരിക്കുവാൻ കഴിയണം എല്ലാ സംഘങ്ങളും അംഗങ്ങൾക്ക് ബോണസ്സ് നൽകി വരുന്നുണ്ട്. സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. സ്വന്തമായ കെട്ടിടം ഒരു സംഘത്തിനുമില്ല

സഹകരണമേഖലയിൽ ആശുപത്രി

മറ്റു പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്ഥമായി ഇവിടെ സഹകരണമേഖലയിൽ ഒരു ആശുപത്രി പ്രവർത്തിച്ചു വരുന്നു 1989 ൽ സ്ഥാപിതമായ കൊട്ടാരക്കര താലൂക്ക് സഹകരണ ആശുപത്രിയുടെ ആസ്ഥാനം മണ്ണൂരാണ്. കോട്ടുക്കൽ കേന്ദ്രമാക്കി ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നു.താലൂക്ക് മുഴുവൻ പ്രവർത്തന മേഖലയായുള്ള ഈ സ്താപനം ഇന്ന് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് ചികിത്സാരംഗത്തെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ ബ്രാഞ്ചുകൾ ആരംഭിച്ചും വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയാൽ സ്ഥാപനത്തിന്റെ നഷ്ടം കുറച്ചു കൊണ്ടു വരുവാൻ കഴിയും. കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി സ്വന്തമായുണ്ട്.

മറ്റ് സഹകരണസ്ഥാപനങ്ങൾ

ഇട്ടിവ പഞ്ചായത്തിലെ എല്ലാ പട്ടികജാതിക്കാരുടേയും ഉന്നമനം ലക്ഷ്യമാക്കി 1982 ൽ സ്ഥാപിച്ച 8430ാം നമ്പർ ഇട്ടിവ പഞ്ചായത്ത് പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുന്നു. പഞ്ചായത്തിൽ വനിതാ സഹകരണസംഘം, ഉപഭോക്തൃ സഹകരണ സംഘം, തീപ്പെട്ടി വ്യവസായ സഹകരണസംഘം എന്നിവ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഒന്നിന്റെയും പ്രവർത്തനം കാര്യക്ഷമമല്ല.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

1. ഈ പഞ്ചായത്തിലെ തുടയന്നൂർ, ചാണപ്പാറ, ചരിപ്പറമ്പ്, മണ്ണൂർ, എന്നീ വാർഡുകൾ ഒഴികെ മറ്റ് വാർഡുകളിലെ ജനങ്ങൾക്ക് ഒരു സർവ്വീസ് സഹകരണ ബാങ്കിന്റെയും സേവനം ലഭ്യമാകുന്നില്ല എന്നുള്ളതാണ് സഹകരണമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഈ മേഖലയിലെ പഞ്ചായത്ത് വാർഡുകളിൽ കൂടി ഫലപ്രദമായി പ്രവർത്തിക്കുന്ന തുടയന്നൂർ സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തന മേഖലയിൽ ഉൾപെടുത്തി ബ്രാഞ്ചുകൾ സ്ഥാപിക്കുകയോ അല്ലെങ്കിൽ ഇവിടെ പുതിയ സഹകരണസംഘം ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
2. നിലവിലുള്ള സർവ്വീസ് ബാങ്കിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഏറ്റവും അത്യാവശ്യം ബാങ്കിന്റെ നിക്ഷേപം വർദ്ധിപ്പിക്കുക എന്നതാണ്. 92-93 ലെ ആഡിറ്റ് റിപ്പോർട്ടു പ്രകാരം ലക്ഷക്കണക്കിനുരൂപ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ ബാങ്കിന്റെ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ ബാങ്കു വഴി നടത്താൻ കഴിയില്ല. ഗ്രാമപഞ്ചായത്തിന്റെ നിക്ഷേപങ്ങൾ പഞ്ചായത്തിലെ സഹകരണ ബാങ്കിലേക്ക് മാറ്റുവാനും ബാങ്കിന്റെ നഷ്ടം നികത്തുവാൻ നഷ്ടത്തിനു തുല്യമായ തുകപലിശ രഹിതമായ ദീർഘകാല വായ്പയായോ ഓഹരി മൂലധനമായോ അനുവദിക്കുവാൻ നടപടി ഉണ്ടാകണം
3. എല്ലാ കർഷകരേയും വായ്പക്കാരാക്കി ഓഹരിമൂലധനം വർദ്ധിപ്പിക്കുകയും ഓരോ കർഷകനും

ഒരു വർഷത്തേ ക്കാവശ്യമായ കാർഷിക വായ്പ പാസ്സാക്കി വർഷാരംഭത്തിൽ ക്രെഡിറ്റ് കാർഡ് നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തണം

4. നിക്ഷേപസമാഹരണം നടത്തി കൂടുതൽ മൂലധനം സ്വരൂപിച്ച് ബിസിനസ്സ് വർദ്ധിപ്പിക്കുക

5. തുടയന്നൂർ ചരിപ്പറമ്പ്, കിഴക്കേവയല, ത്രാങ്ങോട, ഇട്ടിവ, കിഴ്തോണി, മഞ്ഞപ്പാറ എന്നിവടങ്ങളിൽ പുതിയ ക്ഷീരസഹകരസംഘങ്ങൾ സ്ഥാപിക്കുക നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയോ സ്വന്തമായ് കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുക നിലവിലുള്ള പട്ടികജാതി സഹകരസംഘത്തിന്റെ പ്രവർത്തനം പുന:സ്ഥാപിക്കുകയും കിഴക്കൻ മേഖലകളിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ താമസിക്കുന്ന ചാണപ്പാറ കേന്ദ്രമാക്കി പുതിയ സംഘം സ്ഥാപിക്കുക

6. തുടയന്നൂർ കേന്ദ്രമാക്കി ഒരു പുതിയ വനിതാ സഹകരണസംഘം സ്താപിക്കുക നിലലുള്ള സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക

7. ഇട്ടിവ പഞ്ചായത്തിലെ നൂറു കണക്കിന് കുടുംബങ്ങൾ ചൂരൽ വ്യവസായത്തെ ആശ്രയിച്ച് ജീവിക്കുന്നു. ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊിലാളികളുടെ ഉന്നമനത്തിനായി ചരിപ്പറമ്പ് ആസ്ഥാനമാക്കി ഒരു ചൂരൽ വ്യവസായ സഹകരണസംഘം രജിസ്റ്റർ ചെയ്യുക

8. കോട്ടുക്കൽ, വയ്യാനം കേന്ദ്രമാക്കി റബ്ബർ മാർക്കറ്റിംഗ് പ്രോസസിംഗ് സഹകരണസംഘം സ്ഥാപിക്കുക

9. കോട്ടുക്കൽ, വയ്യാനം, മണ്ണൂർ, ഇട്ടിവ എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി ഓരോ കേര സംസ്കരണ വിപണന സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

10. മഞ്ഞപ്പാറയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ സഹകരണസംഘം കാര്യക്ഷമമായി നടത്തുക, കോട്ടുക്കൽ ആസ്ഥാനമാക്കി ഒരു പുതിയ കൺസ്യമർ സംഘം സ്ഥാപിക്കുക.

11. പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഏലാകൾ പ്രവർത്തനമേഖലയാക്കി നെല്ലുദ്പാദക സഹകരണസംഘങ്ങൾ രൂപീകരിച്ച് നെല്ലുദ്പാദനം വർദ്ധിപ്പിക്കുക.

12. വയല ആസ്ഥാനമാക്കി ഇഷ്ടികവ്യവസാ യ സഹകരണസംഘം സ്ഥാപിക്കുക

പട്ടിക - 1

ക്ഷീര സഹകരണ സംഘം (അപ്കോസ് ഉൾപ്പെടെ)

ക്ഷീര സഹ: സംഘത്തിന്റെ പേര്	മൊത്തംശേഖരിക്കുന്നപാൽ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത	പുറത്തയയ്ക്കുന്നത്
	ലിറ്റർ	ലിറ്റർ	ലിറ്റർ
ക്ഷീരോദ്പാദക സഹകരണ സംഘം ഡി- APCOS നമ്പർ Q-161 മണ്ണൂർ അംഗങ്ങൾ D-205	2004.4 (96ഒക്ടോബർ)	369.6	1634.8
ക്ഷീരോദ്പാദക സഹകരണ സംഘം D-APCOS നമ്പർ D-209 ചാണപ്പാറ അംഗങ്ങൾ 133	4446 (96 സെപ്ത;)	1000.6	3445.4
ക്ഷീരോദ്പാദക സഹകരണ സംഘം D-APCOS നമ്പർ D-246 വയലാ അംഗങ്ങൾ 144	3278.6	739.9	253
ക്ഷീരോദ്പാദക സഹകരണ സംഘം D-APCOS നമ്പർ Q-129 കോട്ടുക്കൽ	4808.0	2098	2709.6
ക്ഷീരോദ്പാദക സഹകരണ സംഘം D-APCOS ചുണ്ട	4686	2086	2600
	19223	6294.5	12928.5

13. തുടയന്നൂരിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഒരു സഹകരണസ്ഥാപനം സ്ഥാപിക്കുക.

14. ഇട്ടിവ സഹകരണബാങ്കിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് വയ്യാനം കേന്ദ്രമാക്കി പുതിയ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കണം.

15. ഇട്ടിവ പഞ്ചായത്തിലെ മഞ്ഞപ്പാറ സഹകരണസംഘങ്ങൾ രൂപികരിക്കുക.

ചുണ്ട കേന്ദ്രമാക്കി ഒരു കൺസ്യൂമർ സഹകരണസംഘമം രൂപീകരിക്കുക

പട്ടിക - 2

ഇട്ടിവ സഹകരണാശുപത്രി മണ്ണൂർ

പേര്	ആരംഭിച്ച വർഷം	പ്രവർത്തന മേഖല	അംഗങ്ങൾ	ഓഹരി മൂലധനം	പ്രവർത്തന മൂലധനം	ബ്രാഞ്ചുകൾ	ലാഭം/ നഷ്ടം	ജീവനക്കാരുടെ എണ്ണം സ്ഥിരം	മറ്റുള്ളവർ
ഇട്ടിവ സഹകരണാശുപത്രി, മണ്ണൂർ രജി: നമ്പർ. കൂ 958	1998	കൊട്ടാരക്കര	937			കോട്ടുക്കൽ	നഷ്ടം	1	4



മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ
മറ്റൊലിക്കൊണ്ടീ മൊഴിതന്നെ സർവദാ
കാറ്റിരമ്പുന്നു കേരളത്തിൽ

- കുമാരനാശാൻ

SAMAGRA VIKASANA REKHA ITTVA GRAMAPANCHAYAT



വികസനമാതൃകകൾ 11

പട്ടികജാതി,പട്ടികവർഗ്ഗ വികസനം

വരേണ്യ വർഗ്ഗത്തിന്റെ സർവ്വാധിപത്യമായിരുന്നല്ലോ വർണ്ണവർഗ്ഗവ്യവസ്ഥകൾക്കാധാരം. ജാതികളുടേയും ഉപജാതികളുടേയും വലിയ ഒരു ശ്രേണി തന്നെ സമൂഹത്തിന്റെ വിവിധ തട്ടുകളിൽ കാണാമായിരുന്നു. പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽ പെട്ടിരിക്കുന്ന വിഭാഗമായിരുന്നു അന്നത്തെ സമൂഹത്തിന്റെ അദ്ധ്വാനശക്തി. ഈ അടിസ്ഥാനവർഗ്ഗത്തിനുള്ള സർവ്വ പ്രധാനമായ സ്ഥാനം അംഗീകരിക്കപ്പെട്ടിരുന്നില്ല എന്നു മാത്രമല്ല അവരെ എല്ലാ രംഗത്തു നിന്നും ആട്ടിപ്പായിച്ചിരുന്നു. ഈ വ്യവസ്ഥിതിക്കെതിരെ നിരവധി സാമൂഹ്യ പരിഷ്കർത്താക്കൾ രംഗത്തു വരികയുണ്ടായി. ഗാന്ധിജി ഈ രംഗത്ത് വമ്പിച്ച മാറ്റങ്ങളുണ്ടാക്കാനുതകുന്ന നിലപാടുകൾ സ്വീകരിച്ചു. അദ്ദേഹത്തിന്റെ 'ഹരിജൻ' എന്ന പത്രവും അതുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും ഇന്ത്യൻ ജനതക്കറിയാം. അധ:സ്ഥിതരായിരുന്ന ഈ ജന വിഭാഗത്തെ ഹരിജൻ എന്ന് അദ്ദേഹം വിളിച്ചപ്പോൾ സമൂഹത്തിൽ അവർക്കുണ്ടാകേണ്ട മാന്യമായ സ്ഥാനത്തേയും അവർക്കുകൂടി അവകാശപ്പെട്ട രാഷ്ട്ര സമ്പത്തിന്റെയും വിനിയോഗത്തേയും അദ്ദേഹം മുന്നിൽ കണ്ടിരുന്നു. കേരളത്തിൽ ഈ രംഗത്ത് നിരവധി പരിഷ്കരണപ്രസ്ഥാനങ്ങൾ ഉടലെടുത്തു. എസ്. എൻ. ഡി. പി. യോഗം തുടർന്ന് അയ്യൻകാളിയുടെ നേതൃത്വത്തിൽ 1905 ൽ രൂപം കൊണ്ട സാധുജന പരിപാലനയോഗം, കെ. പി കറുപ്പന്റെ നേതൃത്വത്തിൽ രൂപം കൊണ്ട വാലസമുദായപരിഷ്കാരണ സഭ, കല്യാണദായി നിസഭ, ജ്ഞാനോദയംസഭ, സന്മാർഗ്ഗദീപസഭ, സുധർമ്മോദയം സഭ എന്നിവയും അധ:സ്ഥിതരെ സമുദ്ധരിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ചവയാണ്. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരെയാണ് വി,ടി. ഭട്ടതിരിപ്പാടും മറ്റും രംഗത്തുവന്നതെങ്കിലും അവരുടെയൊക്കെ നിലപാടുകൾ അധ:സ്ഥിതരുടെ ഉയർത്തെഴുന്നേൽപ്പിനും പ്രേരണയായിട്ടുണ്ട് . ഇതേതുടർന്നാണ് ജാതി വ്യവസ്ഥയെ എതിർക്കേണ്ടതാണ് എന്ന ബോധം എല്ലാ വിഭാഗത്തിലും പെട്ട പ്രബുദ്ധമതികൾക്കിടയിൽ വേരുന്നി തുടങ്ങിയത്. വൈക്കം സത്യാഗ്രഹം അരംഭിച്ചത് വൈക്കം ക്ഷേത്രം റോഡിലൂടെ അവർണ്ണർക്കും സഞ്ചിക്കാനുള്ള അവകാശത്തിനു വേണ്ടിയുള്ളതായിരുന്നു. ശ്രീനാരായണഗുരു, മഹാത്മാഗാന്ധി എന്നിവർ ഈ സത്യാഗ്രഹത്തിന് പ്രചോദനം നൽകി. വൈക്കം സത്യാഗ്രഹം പൊതുനിരത്തിലൂടെ നടക്കുന്നതിനുള്ള അവകാശത്തിനു വേണ്ടിയായിരുന്നുവെങ്കിൽ ഗുരുവായൂർ സത്യാഗ്രഹം ക്ഷേത്രപ്രവേശനത്തിനു വേണ്ടിയുള്ളതായിരുന്നു. 1936-ലെ ക്ഷേത്രപ്രവേശനവിളംബരം ഇന്ത്യയിലാകെ ശ്രദ്ധിക്കപ്പെട്ട ഒരു ഭരണനടപടി ആയിരുന്നു. ഈ കാലയളവിൽതന്നെ കേരളത്തിൽ ശക്തി പ്രാപിച്ച കമ്യൂണിസ്റ്റുപ്രസ്ഥാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹികവും സാംസ്കാരികവുമായ ഉയർത്തെഴുന്നേല്പിന് ആക്കം കൂട്ടി.ജന്മിത്വത്തിൽ അധിഷ്ഠിതമായ സാമൂഹ്യ വ്യവസ്ഥക്കെതിരെ നടന്ന പോരാട്ടങ്ങളിൽ അധ:സ്ഥിത ജനത നിർണ്ണായകമായ പങ്ക് വഹിച്ചു. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ ഇതുമൂലമുണ്ടായ ഉണർവ്വ് സാഹിത്യരംഗത്തും വമ്പിച്ച ചലനങ്ങളുണ്ടാക്കി. സാഹിത്യകാരൻമാരുടേയും, സാമൂഹ്യപരിഷ്. കർത്താക്കളുടേയും ലക്ഷ്യബോധത്തോടെയുള്ള സമീപനം ഈ രംഗത്ത് വമ്പിച്ച മാറ്റങ്ങൾക്കിടവരുത്തി. അങ്ങനെ കേരളീയ സമൂഹത്തിന്റെ മുഖഛായതന്നെ മാറ്റിത്തീർക്കാൻ കഴിഞ്ഞു എന്നത് കേരളത്തിന്റെ അഭിമാനമാണ്.



50 വർഷങ്ങൾക്ക് മുമ്പ് ഇടതൂർന്നകാടും, പുൽമേടും നിറഞ്ഞ ഒരു പ്രദേശമായിരുന്നു ഇട്ടിവാ പഞ്ചായത്ത്. ജനവാസംനന്നേ കുറഞ്ഞിരുന്നു. ഒരു പ്രദേശത്ത് പരമാവധി അഞ്ചോ, പത്തോ, ജന്മിമാരും അവരുടെ ജോലിക്കാരും മാത്രമായിരുന്നു താമസിച്ചിരുന്നത്. ഭൂമിയുടെ അവകാശം ഇവരിൽ നിക്ഷിപ്തമായിരുന്നു.

കൃഷിജോലിക്ക് ആവശ്യാനുസരണം ആളുകളെ ഇവിടെ കിട്ടാനില്ലാതിരുന്നതിനാൽ സമീപ സ്ഥലങ്ങളിൽ നിന്ന് വിലകൊടുത്ത് ജന്മിമാർ ആളുകളെ ഇവിടെ കൊണ്ടുവന്നു അവരുടെ അടിമകളാക്കി ജോലിചെയ്യിച്ചു വന്നിരുന്നു. അപരിഷ്കൃതരായിരുന്ന ഈ ജനവിഭാഗങ്ങൾക്ക് ശരിയായ വസ്ത്രധാരണമോ, പ്രത്യേകിച്ച് സ്ത്രീകൾക്ക് മാറ് മറയ്കുവാനോ, ആഭരണം ആണിയുവാനോ അവകാശമുണ്ടായിരുന്നില്ല.

ഒരു ജന്മിയുടെ ആശ്രിതരായിട്ടുള്ള പിന്നോക്ക ജാതിക്കാർ, താമസിച്ചു പോരുന്ന ഭൂമിയിൽ നിന്നും, ജന്മിയുടെ നിർദ്ദേശ പ്രകാരം അതുപേക്ഷിച്ച് മറ്റൊരു സ്ഥലത്തേക്ക് മാറി താമസിക്കണം. ഇങ്ങനെ മാറി, മാറി താമസിച്ചു പോന്നിരുന്ന സ്ഥലത്തെ കാട് തെളിച്ച് കൃഷിയിറക്കി പലഭൂയിഷ്ടിമാക്കുന്ന ഭൂമി ഒടുവിൽ, ജന്മിയുടെ പേരിൽ കരം തീരുവയായി വന്നിട്ടുള്ള അനുഭവം പട്ടികജാതിക്കാരായുള്ള മുൻഗാമികൾക്ക് ഉണ്ടായിട്ടുണ്ട്. കാർഷിക മേഘല ശക്തിപെടുത്തി ഉല്പനങ്ങളുടെ ഗുണനിലവാരം മെച്ചപെടുത്തി സാമൂഹ്യ നന്മയ്ക്കായി പ്രവർത്തിച്ചവരാണ് പിന്നോക്കജാതിക്കാർ.

തൊട്ടുകൂടായ്മയും, തിണ്ടികൂടായ്മയും സാമൂഹ അനാചാരമായി നിലവിലുണ്ടായിരുന്ന ആ കാലത്ത് പിനോക്ക ജാതിക്കാർക്ക് ക്ഷേത്ര പ്രവേശന മുണ്ടായിരുന്നില്ല. പൊതുസ്ഥലങ്ങളിൽ ചെല്ലുവാനോ, പുരുഷന്മാർക്ക് ബാർബർഷാപ്പിൽ നിന്നും തലമുടി വെട്ടിക്കുവാനും സാധിച്ചിരുന്നില്ല. ചായകടയിൽനിന്നും ഗ്ലാസിൽ ചായ-കൊടുത്തിരുന്നില്ല. ചായകുടിയ്ക്കാൻ പ്രത്യേകം തയാറാക്കി വച്ചിട്ടുള്ള ചിരട്ട കടയ്ക്ക് വെളിയിൽ സൂക്ഷിക്കുമായിരുന്നു. ഈ കാലയളവിലായിരുന്നു ക്ഷേത്രങ്ങളിൽ പോകുവാൻ അവകാശമില്ലായിരുന്ന കാരണത്താൽ താമസ സ്ഥലത്തോടു ചേർന്നു് തറകൾ കെട്ടി അതിൽ കല്ല് സ്ഥാപിച്ച് വിളക്ക് കത്തിച്ച് പ്രാർത്ഥന നടത്തി പോന്നു. മരങ്ങൾ കൂടി നിൽക്കുന്നയിടങ്ങളിലും വിളക്ക് കത്തിച്ച് പൂജാതികർമ്മങ്ങൾ നടത്തി പോന്നിട്ടുണ്ട്. പിൽക്കാലത്ത് കാവുകൾ ഉണ്ടാവാൻ ഇതുംമൊരു കാരണമായിരുന്നു.

പട്ടികജാതിയിൽപെട്ട ഒരേ വിഭാഗക്കാർ ഒരു പ്രദേശത്ത് കേന്ദ്രീകരിച്ച് താമസിച്ചിരുന്നതായി പഠനങ്ങൾ മുഖേന മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പുലയർ, കുറവർ, വേടർ, പറയർ, തണ്ടാൻ, വേലൻ, പാണൻ, പരവൻ, തച്ചൻ തുടങ്ങിയ വിഭാഗക്കാർ ആണ് ഇങ്ങനെ താമസിച്ചിരുന്നത്. വയ്യാനം, കോട്ടുക്കൽ പ്രദേശത്ത് പുലയരും, വരയടി, കിഴ്തോണി, കോവൂർ, കണ്ടക്കോണം,വയലാ പ്രദേങ്ങളിൽവേടരും കാട്ടാംപള്ളി, ചെമണ്ണുംമുകൾ, മലപ്പേരൂർ, ആലുംമുക്ക്, മുണ്ടമൺവിള, മണ്ടക്കുന്ന് എന്നിവിടങ്ങളിൽ കുറവരും വിളയിൽ ഭാഗം, ചരിപ്പറമ്പ്, ഇട്ടിവാ എന്നിവിടങ്ങളിൽ തണ്ടാന്മാരും, പാണൻ, വേലൻ, തച്ചൻ, പരവൻ എന്നിവിഭാഗത്തിലുള്ളവർ പഞ്ചായത്തിന്റെ വിവിധ പ്രദേങ്ങളിൽ ഒറ്റതിരിഞ്ഞും താമസ്സിച്ചിരുന്നതായി മനസ്സിലാക്കുന്നു. ഗ്രമസഭ റിപ്പോർട്ട് അനുസരിച്ച് ഇട്ടിവാ പഞ്ചായത്തിൽ ആകെ 859 പട്ടികജാതി കുടുംബങ്ങളാണുള്ളത്. അംഗ സഖ്യ 4260. പട്ടികവർഗ്ഗത്തിൽ പെട്ടവരാരും ഇവിടെ കുടുതൽ ഇല്ല. 4 സെൻറ് മുതൽ 10 വരെ ഭൂമിയുള്ളവരും, 50 സെൻറ് മുതൽ 150 സെൻറ് ഭൂമിയുള്ളവരും ഇവിടെ ഉണ്ട്. എന്നാൽ സ്വന്തമായി ഭൂമിയില്ലാത്ത പട്ടിക ജാതിക്കാർ പഞ്ചായത്തിൽ ഒട്ടാകെ എകദേശം 150 കുടുംബംങ്ങൾ ഉണ്ട്.

വിദ്യാഭ്യാസം

പട്ടികവിഭാഗക്കാർ ഈ പഞ്ചായത്തിൽ വിദ്യാഭ്യാസപരമായി ഉയർന്ന നിലവാരത്തിൽ എത്തിയിട്ടില്ല. സെക്കൻണ്ടറി തലംവരെയാണ് കുടുതലും യുവതി, യുവാക്കൾ പഠനം നടത്തിയിട്ടുള്ളത് ഡിഗ്രിയും, പോസ്റ്റ് ഗ്രാജ്വോഷനും ഉള്ളവർ വളരെ കുറച്ച് മാത്രമാണ്. സർക്കാർ ജിവനക്കാരുണ്ട്, എന്നാൽ ജന സഖ്യ അനുപാതം പരിശോധിച്ചാൽ എണ്ണം പരിമിതമാണ്. വിദ്യാലയങ്ങളിലെ ഗുണനിലവാരക്കുറവും ഭൗതിക സാഹചര്യ കുറവുംമാണ് പട്ടികജാതിക്കാരുടെ വിദ്യാഭ്യാസനിലവാര തകർച്ചക്ക് കാരണമായിട്ടുള്ളത്.

പട്ടികജാതിക്കാർ പ്രധാനമായും കൃഷിപണികളാണ് ചെയ്തു പോരുന്നത്. പരമ്പരാഗതമായ കൈതൊഴിലുകളും അവർ ചെയ്തു പോന്നു. എന്നാൽ അതിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ആ തൊഴിലിനോടും വിടപറയാൻ അവരെ നിർബദ്ധിതമാക്കി.

ഗവൺമെന്റിൽ നിന്നും നിരവതി ആനുകുല്യങ്ങൾ ഈ വിഭാഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിലും അവരുടെ ജീവിതനിലവാരമുയർത്തുന്നതിൽ കാര്യമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അവരുടെ ജീവിതനിലവാരവും സാഹചര്യങ്ങളും സാദ്യതകളും വിലയിരുത്തി അനുയോജ്യവും സമഗ്രവുമായ

പദ്ധതികൾ ആവിഷ്ക്കരിച്ചു ഈ രംഗത്ത് ചലനങ്ങളുണ്ടാക്കേണ്ടതുണ്ട്.

പട്ടികജാതിക്കാർ താമസിക്കുന്ന I.H.D.P കോളനികൾ

വാർഡ്	കോളനിയുടെ പേര്	വീടുകൾ	അംഗങ്ങൾ
I.	ആയിരവല്ലി കോളനി	156	740
II.	വയ്യാനം-കല്ലിയാണിമുക്ക് കോളനി	57	285
III.	ചാപ്പാറ മണ്ടക്കുന്ന് കോളനി	147	735

അംഗീകാരം ലഭിക്കാത്ത കോളനികൾ

വാർഡ്	കോളനിയുടെ പേര്	വീടുകൾ	അംഗങ്ങൾ
I.	മലപേരൂർ പാവൂർകോളനി	15	65
II.	കിഴ്തൊണി വേടർ കോളനി	75	225
IV.	നെടുംപച്ച കോളനി	15	45
IV.	കണ്ണങ്കര ലക്ഷവീട് ബംഗ്ലാംമുകൾ കോളനി	20	80
V.	കോളുവൽ കോളനി	18	75
VI.	പറയിൻ മുലകോളനി	65	260
	പച്ചേറ്റി കോണം കോളനി	15	60
	നെടുംപുറം കോളനി	10	40
VII.	പടിഞ്ഞാറെ വയലാ പുതുവൽ കോളനി	45	180
	കോണത്ത് വേടർ കോളനി	20	75
VIII.	വയല ചെമ്മണ്ണും മുകൾകോളനി	75	310
IX.	വട്ടപാട് കോളനി	18	70
X.	തുടയന്നൂർ പാറക്കെട്ട് കോളനി	20	80
	കുറിച്ചിമോൾ കോളനി	20	75
XII	മുണ്ടമൺവിളകോളനി	46	180
	വെളുന്ത കോളനി	25	90
XIII.	ഇട്ടിവാ ലക്ഷവീട് കോളനി	20	70

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസനിലവാരം ഉയർന്നിട്ടില്ല
2. പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചു കിട്ടുവാൻ കാല താമസ്സം വരുന്നു. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വിടും നല്കുന്ന പദ്ധതി നടപ്പാകുന്നില്ല.
4. കൃഷിപണിയിൽ വേണ്ടത്രജോലിലഭിക്കുന്നില്ല.
5. കെട്ടിടനിർമ്മാണ ഗ്രാന്റ്, അപര്യാപ്തമാണ്.
6. I.H.D.P. കോളനികളിൽ, വീട്, വെള്ളം, റോഡ് വെളിച്ചം ഇവ പൂർണ്ണ അർത്ഥത്തിൽ ലഭിച്ചിട്ടില്ല.
7. ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായികക്കൂസ്സുകൾ ഉണ്ടായിട്ടില്ല.
8. സാമൂഹ്യക്ഷേമവികസന പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ.
9. ആരോഗ്യപരിപാലന ബോധവത്ക്കരണകുറവ്.
10. വൈദ്യുതി എല്ലാകോളനിയിലും ലഭ്യമായിട്ടില്ല.
11. പരമ്പരാഗത കൈതൊഴിലിന് അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം.
12. സ്ത്രീകൾക്കും, കുട്ടികൾക്കും പ്രയോജനം കിട്ടുന്നതിന് ആവശ്യമായ പാക്കേജ് പദ്ധതിയുടെ കുറവ്.
13. പട്ടികജാതി സഹകരണസംഘങ്ങളുടെ അഭാവം.

പൊതു നിർദ്ദേശങ്ങൾ

കുടിവെള്ളം: പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കാൻ വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കണം.

റോഡ്: കോളനികളിൽക്കൂടി കടന്നുപോകുന്ന വലുതും ചെറുതുമായ റോഡുകൾ സഞ്ചാരയോഗ്യമാക്കി ടാർ ചെയ്യണം.

വൈദ്യുതി: എല്ലാ കോളനികളും വൈദ്യുതീകരിക്കണം.

1. പട്ടികജാതിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ പഞ്ചായത്ത് തലത്തിൽ

ആസൂത്രണസമിതി രൂപീകരിക്കണം.

2. ഇൻഡസ്ട്രിയൽ ട്രയിനിംഗ് സെന്റർ ആരംഭിക്കണം.
3. വിവിധവിഷയങ്ങളെ സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സ് തുടർച്ചയായി സംഘടിപ്പിക്കണം.
4. പട്ടികജാതി വികസന വകുപ്പിന്റെ നഴ്സറി സ്കൂൾ ആരംഭിക്കണം.
5. ഇട്ടിവാ ലക്ഷം വീട് കോളനിയിലെ പഴകി ദ്രവിച്ച കെട്ടിടങ്ങർ പൊളിച്ചുമാറ്റി ഒറ്റ വീടുകൾ പണിയാനുള്ള നടപടി സ്വീകരിക്കണം.
6. തുടർ വിദ്യാഭ്യാസ പരിപാടി പുനരാരംഭിക്കണം. വായനാശീലം വളർത്തണം.
7. വേടർ ജാതിയിൽപ്പെട്ടവർക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കണം.
8. പാർപ്പിട സൗകര്യം മെച്ചപ്പെടുത്താൻ വേണ്ടതെല്ലാം ചെയ്യണം.
9. പട്ടികജാതി വികസന വകുപ്പ് സബ്ബ് ആഫീസ് പഞ്ചായത്തിൽ തുറന്നു പ്രവർത്തിക്കണം.
10. കോളനികളിലെ വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തണം.
11. വീടുകൾ,കക്കൂസുകൾ എന്നിവ ലഭിച്ചിട്ടില്ലാത്തവരുടെ വിവരം കൃത്യമായി തിട്ടപ്പെടുത്തി പൂർണ്ണമായ പരിഹാരം കണ്ടെത്തണം.
12. ആയിരവല്ലി ആഗ്രോസർവ്വീസ് സെന്ററർ പ്രവർത്തനം പുനരാരംഭിക്കണം.
13. പറയൻമൂല നെടുപുറം പാച്ചേറ്റിക്കോണം കോളനി, ചെമ്മണ്ണുംമുകൾ കോവുകോളനി, മുണ്ടമൺ കോളനി എന്നിവ I.H.D.P യിൽ ഉൾപ്പെടുത്തണം.
14. ഒരു കിണറുപോലുമില്ലാത്ത മുണ്ടമൺ കോളനിയിൽ കുടിവെള്ളം എത്തിക്കാനാവശ്യമായ അടിയന്തിര നടപടികൾ ഉണ്ടാകണം.
15. കോളനികളുടെ അറ്റകുറ്റപ്പണി മറ്റ് കോളനികളിലെ കുടിവെള്ള ലഭ്യത മെച്ചപ്പെടുത്തതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം.
16. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുവേണ്ടി ഒരു പോളിടെക്നിക് സ്കൂൾ ആരംഭിക്കണം.

പട്ടികജാതി വഭാഗത്തിന് ഗവൺമെന്റിൽ നിന്ന് കിട്ടാവുന്ന ചില ആനുകൂല്യങ്ങൾ

1. സംയോജിത ഭവന നിർമ്മാണ പരിപാടി:-

ഭവന രഹിതരായവരും സ്വന്തമായി ഭൂമി കൈവശമുള്ളവരും 15,000 രൂപയിൽ കൂടാതെ വാർഷിക വരുമാനമുള്ളവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് 1000 രൂപ താലൂക്ക് തല പട്ടികജാതി വികസന ആഫീസ് വഴി ലഭിക്കും

2. ഭൂരഹിതഭവനരഹിതപുനരതിവാസപദ്ധതി.:-

ഭൂരഹിതരും, ഭവനരഹിതരും 8,000 രൂപയിൽ കൂടാതെ വാർഷികവരുമാനമുള്ളവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് 4 സെന്റ് സ്ഥലം വാങ്ങുനതിന് 10,000 ഭവന നിർമാണത്തിന് 115,00 രൂപയും പട്ടികജാതി വികസന വകുപ്പിന്റെ താലൂക്ക് തല വികസന ആഫീസ് വഴി ലഭിക്കും.

3. ചിക്തസക്കും വിവാഹത്തിനും ധനസഹായം:-

പട്ടിക ജാതിയിൽപെട്ട ദരിദ്രരായ പെൺക്കുട്ടികളുടെ വിവാഹ സംബന്ധമായ ചെലവുകൾക്ക് 2,000 രൂപയും- ഒപ്പറേഷനുകൾ ഉൾപ്പെടെ ചെലവേറിയ ചികിത്സാ സൗകര്യങ്ങൾക്ക് പട്ടികജാതിവികസനാഫീസിൽ നിന്ന് ധനസഹായംലഭിക്കും

4. മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നതിനുള്ള പരിപാടി:-

4-ാം ക്ലാസിൽ ഉയർന്ന മാർക്ക് വാങ്ങുന്നവരും വാർഷികകുടുംബവരുമാനം 18000 രൂപയിൽ താഴെ ഉള്ളവരുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരും പുലർത്തുന്ന റസിഡൻഷ്യൽ സ്ക്കുളിൽ പ്രവേശനം നല്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ പഠനത്തിനും താമസസൗകര്യത്തിനുമുള്ള ചെലവുകൾ ജില്ലാ പട്ടികജാതി വികസന ആഫീസിൽ നിന്നും ലഭിക്കും.

5. പ്രീ-മെട്രീക്ക് ഹോസ്റ്റലുകൾ :-

5 മുതൽ 10 വരെ സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന പട്ടികജാതി വഭാഗങ്ങളിൽ പെട്ട വിദ്യാർത്ഥികളെ ഡിപാർട്ടുമെന്റ് ഹോസ്റ്റലുകളിൽ താമസിപ്പിച്ചു പഠിക്കുന്നതിന് (ഭക്ഷണം, വസ്ത്രം, പോക്കേറ്റുമണിയാത്ര ബെത്ത) താലൂക്ക് പട്ടികജാതി വികസന ആഫീസ് മുഖേന സർക്കാർ ചിലവ് വഹിക്കുന്നു.

6. മത്സര പരീക്ഷകൾക്കും ഇന്റർവ്യൂവിനും പങ്കെടുക്കുന്നവർക്ക് യാത്രപടി നൽകൽ:-

P.S.C യും മറ്റ് റീക്രൂട്ട്മെന്റ് എജൻസികളും നടത്തുന്ന മത്സര പരീക്ഷളിലുംകൂടി കാഴ്ചകളിലും

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

പങ്കെടുക്കുന്നവർക്ക് പട്ടികജാതി വികസന വകുപ്പിന്റെ താലൂക്ക് തലഉദ്യോഗസ്ഥർ മുഖാന്തിരം ട്രയിൻ/ ബസ്സ് ചാർജ്ജ് നൽകുന്നു

7. പട്ടികജാതി വ്യവസായ സംരംഭകർക്ക് വായ്പ:-

പട്ടികജാതിയിൽ പെട്ടവരെ വ്യവസായ സംരംഭങ്ങളിൽ എർപ്പെടുത്തി അവർക്ക് അധികവരുമാനം ഉണ്ടാക്കുകയും ജീവിതനിലവാരം ഉയർത്തുകയും ചെയ്യുന്നതിന് 50,000 രൂപവരെ വായ്പയും 10,000 രൂപവരെ പലിശരഹിത വായ്പയും 10,000 രൂപാമുതൽ 15,000 രൂപാ വരെ1% പലിശയ്ക്കും 15,000 രൂപാമുതൽ 5000 രൂപാ വരെ 4% പലിശയ്ക്കും ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ വികസന ആഫീസിൽ നിന്നും സ്വന്തംജാമ്യത്തിൽ വായ്പലഭിക്കുന്നു

8. പട്ടികജാതിയിൽ പെട്ടവ്യവസായ സംരംഭർക്ക് ഗ്രാന്റ് :-

പട്ടികജാതിയിൽ പെട്ട വ്യവസായ സംരംഭർക്കുള്ള വായ്പലഭിച്ചവർക്ക് മുലധന നിക്ഷേപത്തിന്റെ 1/3 പരമാവധി 5,000 രൂപാ ഗ്രാന്റ്ആയി നല്കുന്നു. ബ്ലോക്ക് പഞ്ചായത്തിലെ വ്യവസായ വികസന ആഫീസ് മുഖേനലഭിക്കും.

9. കൈത്തറി വ്യവസായം:-

പട്ടികജാതിയിൽ പെട്ടവ്യവസായ സംരംഭർക്ക് അവരുടെ വ്യവസായ സംരംഭം മെച്ച പെടുത്തുനതിന് 1,000 രൂപാ വിലയുള്ള ഓഹരി 10 രൂപ നിരക്കിൽ നല്കുന്നു ഒഹരിയിൽ 9,00 രൂപാ ഗ്രാന്റായും, 90 രൂപാ സർക്കാർ വിഹിതമായും ആണ് ഇതു നല്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ ജനറൽ മാനേജർ ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടണം.

1. വികലാംഗ പെൻഷൻ :-

സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന അന്ധർ, മൂകർ, ബധിരർ തുടങ്ങിയ അംഗവൈകല്യമുള്ളവരും പ്രതിമാസ കുടുംബ വരുമാനം 300 രൂപയിൽ താഴെ ഉള്ളവരും 40% അംഗവൈകല്യമുള്ള മറ്റു വികലാംഗർക്കും പ്രതിമാസം 75 രൂപാ തഹസിൽദാർ മുഖാന്തിരം നല്കുന്നു

2. വിധവാ പെൻഷൻ:-

സാമ്പത്തികമായും പിന്നോക്കം നില്ക്കുന്നവരും അദ്ധ്വാനശേഷിയില്ലാത്തവരുമായ വിധവകൾ(ഭർത്താവ്മരിച്ചുപോയ, ഭർത്താവിനാൽ ഉപേക്ഷിക്കപെട്ട, തുടർച്ചയായി 7 വർഷത്തിലധികം ഭർത്താവിനെ പറ്റി വിവരം ലഭിക്കാത്ത) സ്ത്രീകൾക്ക് പ്രതിമാസം 75 രൂപാവിതം തഹസീൽദാർ മുഖാന്തിരം നല്കുന്നു.

3. വാർദ്ധക്യകാല പെൻഷൻ:-

സാമ്പത്തികദുരിതം അനുഭവിക്കുന്ന വൃദ്ധന്മാർക്കും വൃദ്ധകൾക്കും (65 വയസ്സുകഴിഞ്ഞ ഭാര്യയുടെയോ തന്റെയോ മാസവരുമാനം 100 രൂപയിൽ താഴെയായിട്ടുള്ളതും ആൺ മക്കൾ ഇല്ലാത്തവർ) പ്രതിമാസം 75 രൂപാവീതം താഹസീദാർ മുഖാന്തിരം നൽകുന്നു.

4. കർഷകതൊഴിലാളി പെൻഷൻ പദ്ധതി:-

60 വയസ്സ് പൂർത്തിയാക്കുകയും, വാർഷിക വരുമാനം 1500 രൂപയിൽ താഴെയായിരിക്കുകയും, പത്തുവർഷക്കാലം കേരള സംസ്ഥാനത്ത് കർഷകതൊഴിലാളി ആയിരിക്കുകയും ചെയ്തിട്ടുള്ള കർഷകതൊഴിലാളികൾക്ക് അവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിച്ച് പ്രതിമാസം 70 രൂപ വീതം ഓരോജില്ലയിലേയും ഡെപ്യൂട്ടി ലേബർ ഓഫീസർ മുഖാന്തിരം തൊഴിൽ വകിപ്പിന്റെ ജില്ലാതലത്തിലുള്ള ഓഫീസിൽ നിന്നും ലഭിക്കുന്നു.

5. ക്ഷയ രോഗികൾക്കള്ള ധനസഹായം.:-

പ്രതി വർഷം കുടുംബ വരുമാനം 6000 രൂപയിൽ താഴെയുള്ളവരായ ചുരുങ്ങിയത് ഒരു വർഷത്തെ ചികിത്സയെങ്കിലും ആവശ്യമായ രോഗികൾക്ക് തഹസീൽദാർ മുഖാന്തിരം പ്രതിമാസം 50 രൂപ വീതം നൽകുന്നു.

6. കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കുമായുള്ള പെൻഷൻ.:-

പ്രതിമാസം 200 രൂപയിൽ താഴെ വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 100 രൂപാ വീതം തഹസീൽദാർ മുഖാന്തിരം നൽകുന്നു.

7. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി.:-

പ്രകൃതിക്ഷോഭങ്ങൾക്കും മറ്റ് അത്യാഹിതങ്ങൾക്കും, രോഗങ്ങൾക്കും ഇരയാകുന്നവരും 12,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്കും 5000രൂപ വരെ ജില്ലാകളക്ടറും അതിനുമുകളിൽ സർക്കാരും അനുവദിക്കുന്നു.(ജില്ലാ കളക്ടർ മുഖാന്തിരം)

8. പ്രകൃതിക്ഷോഭം മൂലം വീടുകൾക്ക് നാശനഷ്ടം സംഭവിച്ചാൽ ധനസഹായം.:-

വാർഷിക കുടുംബവരുമാനം 9,600 രൂപയിൽ കവിയാത്ത ഭാഗികമായി വീടു നശിച്ചവർക്ക് 500 രൂപയും,പൂർണ്ണമായും വീടുനശിച്ചവർക്ക് 1,500 രൂപയും ജില്ലാ കളക്ടർ മുഖാന്തിരം നൽകുന്നു.

9. തീ പിടുത്തംമൂലം വീടുനശിച്ചവർക്ക് ധന സഹായം.:-

തീപിടുത്തം മൂലം വീടുനശിച്ച സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വാർഷിക കുടുംബവരുമാനം 4800 രൂപയിൽ താഴെയുള്ളവരുമായവർക്ക് കുടിലിന് 1000 രൂപയും കത്തിനശിച്ച വസ്തുക്കൾക്ക് 500 രൂപയും റവന്യൂ ഡിവിഷണൽ ഓഫീസർ മുഖാന്തിരം നൽകുന്നു.

10 മോട്ടോർ വാഹന അപകടങ്ങളിൽ പെടുന്ന വർക്കുള്ള ധനസഹായം.:-

വാഹന അപകടങ്ങളിൽപ്പെട്ട് പരിക്കുപറ്റിയ വർക്കും മരിച്ചവരുടെ ആശ്രിതർക്കും തഹസിൽദാർ മുഖാന്തിരം 5,00 രൂപയും 1,000 രൂപയും യഥാക്രമം നൽകുന്നു.

ഗ്രാമസഭാനിർദ്ദേശങ്ങൾ

I. മലപ്പേരൂർ

1. വാർഡിലെ പട്ടികജാതി വിഭാഗങ്ങളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ 20 കുടുംബങ്ങൾ അടങ്ങുന്ന ഓരോ ഗ്രൂപ്പായിതിരിച്ച് കോളനിയാക്കുക.

2. താമസമുള്ള ഭവനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.

3. അരോഗ്യ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുക.

4. സാമൂഹ്യ- സാംസ്ക്കാരിക രംഗങ്ങളിൽ പട്ടികജാതി/വർഗ്ഗവിഭാഗങ്ങളുടെ പങ്കാളിത്തും ഉറപ്പാക്കുക.

5. കോളനികളിൽ T.V. കിയോസ്ക്കുകൾ സ്ഥാപിക്കുക.

6. പരമ്പരാഗത വ്യവസായങ്ങൾ, കൈത്തൊഴിലുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

II. കിഴ്തോണി.

1. കുടുംബ സർവ്വേയുടെ അടിസ്ഥാനത്തിൽ ഭൂരഹിതരേയും ഭവന രഹിതരേയും കണ്ടെത്തി പുനരധിവസിക്കുക.

2. കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ (ശുദ്ധജല വിതരണം, കക്കുസുകൾ, വൈദ്യുതി) മെച്ചപ്പെടുത്തുക.

3. തുമ്പോട്, കീഴ്തോണിക്കുന്നുംപുറം എന്നിവിടങ്ങൾ കോളനിയാക്കുക. കോളനികളിൽ T.V. കിയോസ്ക്കർ സ്ഥാപിക്കുക

4. പട്ടികജാതി/വർഗ്ഗവിഭാത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്ക്കുൾ യൂണിഫോറം,പഠനോപകരണങ്ങൾ സൗജന്യട്യൂഷൻ എന്നിവ നൽക്കുക.

5. വൃദ്ധജനങ്ങൾ, വിധവകൾ, വികലാംഗർ, രോഗികൾ തുടങ്ങി അവശത അനുഭവിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കുക.

6. സഹകരണ സംഘങ്ങളിൽ പട്ടികജാതി വിഭാഗങ്ങളുടെ പ്രാതിനിത്യമനുസരിച്ച് വായ്പ, സ്വയം തൊഴിൽ പദ്ധതി എന്നിവ ലഭ്യമാക്കുക.

6. സഹകരണസംഘങ്ങളിൽ പട്ടികജാതി വിഭാഗളുടെ പ്രാതിനിധ്യമനുസരിച്ച് വായ്പ സ്വയം തൊഴിൽ പദ്ധതി എന്നിവ ലഭ്യമാക്കുക.

7. കൃഷി ഭൂമി വാങ്ങുന്നതിന്, വീടുവെയ്ക്കുന്നതിന് വായ്പഅനുവദിക്കുക.

8. പഞ്ചായത്തു സർവ്വേയുടെ അടിസ്ഥാനത്തിൽ ഒരു കുടുംബത്തിൽ ഒരാൾക്ക് ജോലിയും, ഒരു കുടുംബത്തിന് വീട് എന്നിവ നടപ്പിലാക്കുക.

III. ഇട്ടിവ

ഈ വാർഡിൽ പട്ടികജാതി വിഭാഗത്തിൽ പ്പെട്ട കുറച്ച് കുടുംബങ്ങൾ മാത്രമേഉള്ളു.

നിർദ്ദേശങ്ങൾ

തൊഴിൽ രഹിതരായ ആളുകൾക്ക് തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുക.

IV. കോട്ടുക്കൽ

1. കോളനികളിലേ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക

2 ആരോഗ്യ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുക. കക്കുസുകൾ, നിർമ്മിച്ച് നല്കുക ശുദ്ധജല ലഭ്യത ഉറപ്പാക്കുക

3. വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യഹിക- സാംസ്ക്കാരികരംഗ, ബഹുജന സംഘടനകളിലെ പങ്കാളിത്തം എന്നിവയിൽ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക

4. കണ്ണങ്കര, നെടുംപച്ച കോളനികളിൽ ടി.വി. കിയോസ്ക്കുകർ സ്ഥാപിക്കുക.

V. <u>ത്രാങ്ങോട്</u>

ജീവിത നിലവാരംമെച്ചപെടുത്തുന്നതിനും, സാമൂഹ്യവബോധം വളർത്തുന്നതിനും,പദ്ധതികൾ അവിഷ്ക്കരിക്കുക

VI. <u>വടക്കേകോട്ടുക്കൽ</u>

1. വീടില്ലാത്തവർക്ക് വീടുണ്ടാക്കിക്കൊടുക്കുകയും നിലവിലുള്ള വീടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

2. വ്യവസായ യൂണിറ്റുകളും, തൊഴിൽ പരിശീലന സൗകര്യങ്ങളും ഉണ്ടാക്കുക.

3 ശുദ്ധജല വിതരണം കാര്യക്ഷമമാക്കുക, വിദ്യാഭ്യാസ സൗകൃങ്ങൾ മെച്ചപ്പെടുത്തുക. വൈദ്യുതി എത്തിക്കുക

4. നെടുപും, പറയൻമൂല, പാച്ചേറ്റിക്കോണം, പറത്തേക്കോണം എന്നീസ്ഥലങ്ങൾ ഉൾപ്പെടുത്തി I.H.D.P കോളനി സ്ഥാപിക്കുക.കോളനികളിൽ ടി.വി. കിയോസ്ക്കുകൾ സ്ഥാപിക്കുക.

6. ആലങ്കോട്, കോട്ടപൊയ്ക കേന്ദ്രികരിച്ച് ഒരു ലോസ്റ്റ് ബോക്സ് സ്ഥാപിക്കുക.

6. നിലവിലുള്ള പട്ടികജാതിക്കാരുടെ വീടുകളുടെ അറ്റകുറ്റ പ്പണി നടത്താനുള്ള ഫണ്ട് അനുവദിക്കുക.

7. ഇറപ്പണിതൊഴിലായി സ്വീകരിച്ചിട്ടുള്ള പറയൻമൂല കോളനിയിൽ ഒരു ഈറ്റ വ്യവസായ സഹകരണ സംഘം ഉണ്ടാക്കുക

VII. <u>പടഞ്ഞാറെ വയലാ</u>

1. പുതുവൽ ഭാഗത്ത് ഒരു കോളനി സ്ഥാപിക്കുക

2. വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചു നൽക്കുക

3. താമസിക്കുന്ന വീടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

4. തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുക

5. സാമൂഹിക-സാംസ്ക്കാരിക രംഗങ്ങളിൽ പട്ടികജാതി വഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.

6. കോളനികളിൽ ടി.വി. കിയോസ്ക്കുകൾ സ്ഥാപക്കുക.

VIII. <u>കിഴക്കേവയലാ</u>

1. പട്ടികാജാതി കുടുംബങ്ങളെ ജനസംഖ്യാനുപാതികമായി തിരിച്ച് കോളനിയാക്കുക

2. തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുക (മെറ്റൽ ചിപ്പ്സ്)

3. ഭൂരഹിതഭനരഹിതായവരെ കണ്ടെത്തി പുനരധിവസിക്കുക

4. വാർഡിലെ പട്ടികജാതി വിഭാഗത്തിൽ ഉള്ളവരെ തുടയന്നൂർ സർവ്വീസ് സഹകരണസംഘത്തിൽ അംഗങ്ങളാക്കുക

5. കോളനികളിൽ ടി.വി. കിയോസ്ക്കു കൾസ്ഥാപിക്കുക.

IX. <u>മണ്ണൂർ</u>

1 വാർഡിലെ പട്ടികജാതി/വർഗ്ഗകുടുംബങ്ങൾക്ക് താമസസൗകര്യം, പുനരധിവാസം, തൊഴിൽ സംരംഭങ്ങൾ എന്നിവ ലഭ്യമാക്കുക

2. മണ്ണൂർ, പുത്താർ, വട്ടപ്പാട്, കാട്ടാംപള്ളി എന്നിവടങ്ങളിൽ ടി. വി. കിയോസ്ക്കുകൾ സ്ഥാപിക്കുക

X. <u>തുടയന്നൂർ</u>

1. കോളനി പ്രദേശങ്ങളായ പാറക്കെട്ട്കോളനി, കുറിച്ചിമുൾ, വട്ടപ്പാട്, മുണ്ടൻകുഴി, എന്നിവടങ്ങളിൽ കിണറുകളും, കുഴൽ കിണറുകളും നിർമ്മിക്കുക

2. വൈദ്യുതിഎത്താത്ത പാറക്കെട്ടു കോളനി വൈദ്യുതികരിക്കുക

3.കോളനികളിൽ അർഹതയുള്ളവർക്ക് പെൻഷൻ (കർഷകതൊഴിലാളിപെൻഷൻ, വിധവാപെൻഷൻ, വാർദ്ധകൃക്കാലപെൻഷൻ,വികലാംഗപെൻഷൻ) ലഭ്യമാകുന്നതിനനടപടികൈകൊള്ളുക

4.കോളനികളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

5. കോളനികളിൽ അംഗനവാടികൾ സ്ഥാപിക്കുക

6.തൊഴിലിലായ്മ പരിഹരിക്കുന്നതിന് തൊഴിൽ സംരംഭങ്ങൾ (സിമന്റ്.ഹോളോബ്രിക്സ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം ചന്ദനതിരി, തീപ്പെട്ടി, ചൂരൽ മെറ്റർക്രഷർ മുതലായ ചെറുതും വലുതുമായ വ്യവസായ യൂണിറ്റുകൾ) ഉണ്ടാക്കുക.

7. കാട്ടാപള്ളി കേന്ദ്രമാക്കി "പോലീസ് എയ്ഡ് പോസ്റ്റ്" സ്ഥാപിക്കുക.

8. വെള്ളുന്നറ ലക്ഷവീട് കോളനിയിലെ ഓലമേഞ്ഞ എല്ലാവീടുകളും ഓടിട്ട് പുനരുദ്ധരിക്കുകയും, വൈദ്യുതീകരിക്കുകയും ചെയ്യുക

XI. ചാണപ്പാറ

1. ചാണപ്പാറ കോളനിക്ക് സമീപത്തായി രണ്ട് ഏക്കർ ഭൂമി വിലക്കുവാങ്ങി 4 സെന്റ് വീതം വാങ്ങി ഭൂരഹിതർ, ഭവന രഹിതരെ പുനരധിവസിപ്പിക്കുക. ശേഷിക്കുന്ന സ്ഥലത്ത് നഴ്സറി സ്കൂൾ, ആശ്രാ സർവ്വീസ് സെന്റർ തൊഴിൽ പരിശോധന കേന്ദ്രം സ്ഥാപിക്കുക.

2. മുഴുവൻ ആളുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, ജലവിതരണ സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്യുക.

3. മുണ്ടക്കുന്ന് ഹരിജൻ കോളനിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.

4. കോളനിയിലെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ പരിശീലനം നൽകുക.

5. കോളനികളിൽ ടി.വി കിയോസ്ക്കുകൾ സ്ഥാപിക്കുക.

6. ഐ.ആർ.ഡി.പി ധനസഹായം ലഭ്യമാകാത്ത കുടുംബങ്ങൾക്ക് അവ ലഭ്യമാക്കുക.

7. ചാണപ്പാറകേന്ദ്രമാക്കി പട്ടികജാതി സഹകരണ സംഘം സ്ഥാപിക്കുക.

8. സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള വീടുകളുടെ ധനസഹായം നൽകുക.

9. തൊഴിൽ മെച്ചപ്പെടുത്തുന്നതിന് കോഴി, ആടു വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക. വാർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംബേദ്ക്കർ സ്മാരക ഹരിജൻ ചാരിറ്റബിൾ സൊസൈറ്റി കലാകായിക സമതി അംബേദ്ക്കർ ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് എന്നിവയ്ക്ക് ആവശ്യമായ ഗ്രാന്റുകൾ നൽകുക

XII. ചരിപ്പറമ്പ്

1. ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിയും വീടുംഅടിസ്ഥാന സൗകര്യങ്ങളും ചെയ്തു കൊടുക്കുക. ഭൂരഹിത ഭവന രഹിതരെ ഉൾപ്പെടുത്തി ഒരു കോളനിയാക്കുക.

2. പട്ടികജാതി/ വർഗ്ഗമേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.

3. വാർഡിലെ പട്ടികജാതി സഹകരണ സംഘം രൂപീകരിക്കുക.

4. മുണ്ടമൺവിള കോളനിയിലെ ടി.വി കിയോസ്ക്ക് സ്ഥാപിക്കുക.

XIII. ചൂണ്ട

1. ഭൂരഹിത ഭവനരഹിതരെ കണ്ടെത്തി പുനരധിവസിപ്പിക്കുക.


2. പട്ടാണി മുക്കിലെലക്ഷം വീട് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുക. ജീർണ്ണിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

3. ലക്ഷംവീടുകോളനിയിൽ പൊതുശ്മശാനം മതിൽകെട്ടിത്തിരിക്കുക.

4. തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുക.

5. ലക്ഷം വീടുകോളനികളിൽ ടി.വി കിയോസ്ക്ക് സ്ഥാപിക്കുക.

6. ലക്ഷ്യം വീടുകോളനിയിൽ വാട്ടർസപ്ലൈസ്കീം നടപ്പിലാക്കുക.



ITTIVA GRAMAPANCHAYAT SAMAGRA VIKASANA REKHA



ജനപങ്കാളിത്തത്തോടുകൂടിയ വികസനമാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം. ഭരണക്രമത്തിൽ ജനപങ്കാളിത്തമുണ്ടായാൽ മാത്രമേ ജനാധിപത്യം യാഥാർത്ഥ്യമാവുകയുള്ളു. ജനപങ്കാളിത്തം രാഷ്ട്രീയപ്രക്രിയയെ ആരോഗ്യകരമാക്കുന്നത് കൂടാതെ വിഭവസമാഹരണത്തിനുള്ള പുതിയ സ്രോതസുകളും, തന്ത്രങ്ങളും ലഭ്യമാവുകയും ചെയ്യും. ജനപങ്കാളിത്തവും വിഭവസമാഹരണവും ഒരുനാണയത്തിന്റെ രണ്ടുവശങ്ങൾ പോലെ പരസ്പര പൂരകങ്ങളാണ്.

മറ്റ് പഞ്ചായത്തുകളെയപേക്ഷിച്ച് ഈ പഞ്ചായത്ത് വിഭവശേഷിക്കുറവുള്ള പഞ്ചായത്താണ്. വ്യവസായശാലകളോ, നല്ല നിലയിൽ പ്രവത്തിക്കുന്ന പ്രദർശനശാലകളോ, വലിയ മലഞ്ചരക്ക് വ്യാപാര കേന്ദ്രങ്ങളോ, തൊഴിൽശാലകളോ, പട്ടണങ്ങളോ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. ഈ ഗ്രാമത്തിലെ ജനങ്ങളിൽ 50% ത്തോളവും കാർഷികമേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. പഞ്ചായത്തിന്റെ വികസനത്തിൽ പരമപ്രധാനം കാർഷികമേഖലയുടെ വികസനമാണ്. കൃഷിക്കാർ കഴിക്കെ മറ്റുള്ളവരിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളാണ്. ഇഷ്ടികതൊഴിലാളികളും, കെട്ടിടനിർമ്മാണമേഖലയിലെ തൊഴിലാളികളും ധാരാളമുണ്ട് സർക്കാർ അർദ്ധസർക്കാർ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം വളരെ തുച്ഛമാണ്. പഞ്ചായത്തിലെ 800 ലധികമാളുകൾ വിദേശ രാജ്യങ്ങളിൽ തൊഴിലെടുക്കുന്നവരുമാണ്

പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങൾ

പഞ്ചായത്തിന്റെ പ്രധാന വരുമാനം കെട്ടിടനികുതിയിൽ. നിന്നുള്ളതുമാണ് തൊഴിൽ നികുതി, വിനോദനികുതി, പ്രദർശനനികുതി, ചന്തവരവ്, ലൈസൻസ് ഫീസ്, വസ്തുകൈമാറ്റനികുതി എന്നിവയാണ്. നികുതിയിനത്തിലുള്ള മറ്റു വരുമാനങ്ങൾ. കെട്ടിട നികുതി യിനത്തിൽ 1995-96 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുക 237990 രൂപയാണ്. 1995-96 വർഷത്തിൽ മറ്റിനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാൻറ് 13,79425 രൂപയാണ് (വി. ആർ.എം.എം.ഐ. വി.റ്റി.സി, ജെ.ആർ.വൈ. അൺടൈഡ് ഫണ്ട് മുതലായവ) ലേല വരുമാനം 95-96 ൽ ആകെ 1,83375 ആണ് വിഭവസമാഹരണത്തിന് പ്രധാനം നമ്മുടെ നികുതിയിനത്തിലുള്ള വരുമാനമാണ്. കെട്ടിട നികുതി പൂർണ്ണമായും പിരിച്ചെടുക്കുവാൻ നമുക്ക് കഴിയുന്നുണ്ട്. ലൈസൻസ് ഫീസ് പൂർണ്ണമായ് പിരിച്ചെടുക്കുവാനും മണലൂറ്റ് സഹകരണാടിസ്ഥാനത്തിലാക്കി കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാം.

പഞ്ചായത്തിന്റെ മൊത്തവരവിന്റെ 30.5% ഭരണചിലവുകൾക്കും ബാക്കി വികസന പ്രവർത്തനങ്ങൾക്കും ചിലവഴിക്കുന്നുണ്ട്

ധനകാര്യസ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കും, ഇന്ത്യൻ ബാങ്കിന്റെ ഒരു ശാഖയും(ചുണ്ട) പ്രവർത്തിക്കുന്നു. ഇട്ടിവ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം നിലച്ചു. ചെറിയ തോതിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫൈനാൻസ് ഏജൻ

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

ഇനം	ധനാഭ്യർത്ഥന	പിരിച്ചെടുത്തത്
കെട്ടിടനികുതി	237990	237990
സർവീസ് ചാർജ്ജ്	--	--
തൊഴിൽ നികുതി	64915	64915
വാഹനനികുതി	--	--
വിനോദ നികുതി	5200	5200
അസി: വിനോദനികുതി	--	--
പ്രദർശന നികുതി	1612	1612
പ്രദർശനനികുതിയിൻ മേലുള്ള സർച്ചാർജ്	433.50	433.50
ചന്തവരവ്	8561	8561
ലാൻറ്സെസ്സ്	--	--
ലൈസൻസ്ഫീസ്	12500	12167
കെട്ടിട നികുതി സർച്ചാർജ്	--	--
വസ്തുകൈമാറ്റ നികുതി 75%	205462	205462
വസ്തുകൈമാറ്റ നികുതി 25%	50000	50000
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ	664874	664874
സംഭാവന	930	930
ഡിപ്പോസിറ്റ്	10145	10145
മറ്റുള്ളവ	3807	3807
ആകെ	1266429.50	1266096.50

സികളും പഞ്ചായത്തിലുണ്ട്. ഇന്ത്യൻ ബാങ്കിന്റെ ശാഖയിൽ നിന്നും 95-96 ൽ മൊത്തം നിക്ഷേപമായ 220.14 ലക്ഷത്തിൽ നിന്നും 101.95 ലക്ഷം രൂപ മാത്രമാണ് വായ്പയായി നൽകിയിട്ടുള്ളത് സർവ്വീസ് സഹക രണബാങ്കിന്റെ നിക്ഷേപം ഒരു കോടിയോളം രൂപ യാണ്. ഇവിടെ നിന്നും ജില്ലാ ബാങ്കിൽ നിന്നുമുള്ള വായ്പയടക്കം ഒരു കോടിയോളം രൂപ ബാങ്കിന്റെ പ്രവർത്തന മേഖലയിലുള്ളവർക്ക് മാത്രം വായ്പയായി നൽകിയിട്ടുണ്ട്. നിക്ഷേപം വർദ്ധിപ്പിച്ചു മാത്രമേ ഈ സ്ഥാപനം വഴി ഗ്രാമ വികസനം കൂടുതൽ ഫലപ്രദ മാക്കുവാൻ കഴിയു. കൊല്ലം ജില്ലാ സഹകരണ ബാങ്ക്, കൊട്ടാരക്കര അർബൻ സഹകരണ ബാങ്ക്, ജില്ലാ കാർഷിക ഗ്രാമവികസനബാങ്ക്, കൊട്ടാരക്കര ഹൗസിംഗ് സഹകരണസംഘം മുതലായ ബാങ്കുകൾ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വിവിധ ഇനങ്ങളിൽ വായ്പ നൽകിയിട്ടുണ്ട്. ഈ ധനകാര്യസ്ഥാ പനങ്ങളിലെ നിക്ഷേപത്തിന്റെ നിശ്ചിതശതമാനം പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് വായ്പ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടായേ മതിയാകു. പദ്ധതി കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളിൽ കുറഞ്ഞത് 10 % എങ്കിലും ഈ ഇനത്തിൽ സമാഹരിക്കണം

വികസനത്തിന് വേണ്ടുന്ന വിഭവം സമാഹരിക്കൽ

ഒൻപതാം പഞ്ചവത്സര പദ്ധതി കേരളത്തിൽ 11,000 കോടി രൂപയാണ് മൊത്തം പദ്ധതിയട ങ്കലിന്റെ 40 % ആണ് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്കായി മാറ്റി വെച്ചിട്ടുള്ളത്. അതനുസരിച്ച് 4,400 കോടിയോളം രൂപ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭിക്കും. 96-97 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് വിഭജിച്ചിട്ടുള്ള തുകയുടെ കണക്കനുസരിച്ച് കൊല്ലം ജില്ലയ്ക്ക് 50.02 കോടി രൂപ ലഭിക്കും. ഈ സംഖ്യ ജനസംഖ്യാനുപാതത്തിൽ പഞ്ചായത്തുകൾക്ക് വിഭ ജിച്ചാൽ ഏകദേശം 1/2 കോടിയോളം രൂപ ലഭിക്കും. 13 വാർഡുകളിലെ ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചി പ്പിക്കും പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ ഏറ്റെടുക്കാൻ കുറഞ്ഞത് ഒരു സാമ്പത്തിക വർഷത്തേക്ക് ഒരു കോടി രൂപയിൽ കുറയാത്ത തുക വേണ്ടി വരും. ഇതിനാവശ്യമായ ബാക്കി വിഭവം ഇവിടെ നിന്ന് കണ്ടെത്തേ ണ്ടിയിരിക്കുന്നു. 50% പദ്ധതി വിഹിതമായി ലഭിച്ചാൽ ബാക്കി 50% തുക പഞ്ചായത്തിന്റെ തനതു ഫണ്ടും മറ്റു ഗ്രാൻറുകളും - 25%, മനുഷ്യ പ്രയത്നവും ജനങ്ങളുടെ സംഭാവനയും- 15%, ധനകാര്യസ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ - 10% ഈ ഇനത്തിൽ കണ്ടെത്തണം

ജനകീയ പങ്കാളിത്തത്തിനുള്ള നിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഗൾഫ് രാജ്യങ്ങളിൽ ജോലിയെടുക്കുന്ന 871 പേരുണ്ട് ഇവരിൽ 300 ഓളം പേർ കവിഞ്ഞ സാമ്പത്തിക സ്ഥിതി കൈവരിച്ചവരും മറ്റ് മുന്നൂറോളം പേർ നല്ല സാമ്പത്തിക നിലയുള്ളവരും മറ്റുള്ളവർ സാമ്പത്തികമായി ഒട്ടും കൈവരിച്ചിട്ടില്ലാ ത്തവരുമാണ്. മറ്റ് വിദേശ രാജ്യങ്ങളിൽ തൊഴിലെടു ക്കുന്നവർ 51 പേരുണ്ട്. ഇവരെ ഗ്രാമവികസനത്തിൽ പങ്കാളികളാക്കാം. വ്യാവസായികമായി വളരെയേറെ പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ പുതിയ വ്യവസായ യൂണിറ്റുകളും, സംരംഭങ്ങളും ആരംഭിക്കുന്നതിന് ഇവരെ പ്രേരിപ്പിക്കണം. റോഡുകളുടേയും മറ്റ് വികസന-നിർമ്മാണ പ്രവർത്തനങ്ങളുടേയും കാര്യത്തിൽ സാമ്പത്തിക സഹായവും സ്പോൺസറിംങ്ങും നടത്തിക്കണം

മാനുഷിക പ്രയത്നം നിർമ്മാണമേഖലയിൽ പ്രയോജനപ്പെടുത്താം അതുവഴി അധികവിഭവ സമാഹ രണം നടത്താം ഗ്രാമീണ റോഡുകളുടെ പരിപാലനത്തിനായി 5000രൂപാ വീതം ചിലവാക്കുന്ന ഇന്നത്തെ രീതി വിഭവങ്ങളുടെ ചോർച്ചയും മാത്രമാണ് സഹായിക്കുന്നത്. 5000രൂപാ ചിലവാക്കുമ്പോൾ ഇവിടെ ഒരു ബദൽ സംവിധാനം വളർത്തികൊണ്ടു വരാവുന്നതാണ്. ശ്രമദാനത്തിലൂടെ റോഡ് നിർമ്മിക്കു വാനും അറ്റകുറ്റ പണി നടത്തുവാനും തയ്യാറാകുന്ന വാർഡ് വികസന കമ്മിറ്റിയുടെ അഥവാ ഗ്രാമ സഭകളെ 3000രൂപാ ഏൽപ്പിച്ചാൽ5000രൂപാ വിലമതിക്കുന്ന ജോലി നിർവ്വഹിക്കപ്പെടും. നിലവിലുള്ള സംവിധാ നത്തിൽ 50000 രൂപാ മുടക്കി 10 റോഡ് നിർമ്മി ക്കുന്നിടത്ത് 30000 രൂപാ മുടക്കി 10 റോഡുകൾ നിർമ്മി ക്കുവാൻ കഴിയും. ഇവിടെ അധി വിഭവ സമാഹരണം 40000 രൂപയാണ് (20000 രൂപയുടെ ശ്രദാനം+റോഡ് പരിപാലനത്തിന് ചിലവാകാതെ ലാഭിച്ച 20000) പൊതു കിണറുകളുടെയും കുളങ്ങളുടെയും പരിപാലന ത്തിനും, നിർമ്മാണത്തിനും ഈപ്രക്രിയ അവലംബി ക്കുവാൻ കഴിയണം

പഞ്ചായത്തിൽ സ്ഥിര താമസമുള്ള 7000 റിലേറെ വീടുകളുണ്ട് ഇതിൽ സാമ്പത്തികമായി ഏറ്റവും താഴെ തട്ടിലുള്ളവരുടെഎണ്ണം കഴിഞ്ഞാൽ ഏകദേശം 6000ത്തോളം വരുന്ന ജനങ്ങളിൽ നിന്നും പഞ്ചായത്തിന്റെ വികസനത്തിന് ഫണ്ട് (ഗ്രാമ വികസന ഫണ്ട്) സ്വരൂപിക്കാൻ സംവിധാനം വേണം ഒരുവീട്ടിൽ നിന്നും പ്രതിമാസം കുറഞ്ഞത്. 10 രൂപാ വികസന ഫണ്ടിലേക്ക് നൽകണം. ഈ ഇനത്തിൽ പ്രതിമാസം 6000ത്തിനു 100000 ത്തിനു മധ്യേ തുക ശേഖരിക്കുവാൻ കഴിയും എത്തരത്തിൽ ഒരുവർഷം പത്തു ലക്ഷത്തിലധികം രൂപാ വികസന ഫണ്ടായി സ്വരൂപിക്കണം. ഓരോ വാർഡിനും പഞ്ചായ ത്തിനിശ്ചയിക്കുന്ന ഒരു ഏജൻറ് ഈ പണം കളക്ട് ചെയ്യുകയുകയും ഇതിനു രസീതു നൽകുന്നു. കളക്ഷൻ 100% വിജയിക്കുവാൻ വാർഡ് മെമ്പർ കൺവീന റായുള്ള വികസന സമിതി രൂപമ നൽകണം ഈ സമിതിയുടെ പ്രവർത്തനം കാര്യ ക്ഷമമാക്കുകയുമ വേണം വികസനകമ്മിറ്റി പഞ്ചായത്ത് സമിതിയുടെ നിർദ്ദേശങ്ങൾ ക്കനുസരിച്ച് പ്രവർത്തിക്കുന്നതാവണം.

ഇത്തരത്തിൽ നമ്മുടെ പഞ്ചായത്തിമൻറ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം കൂട്ടിയി ഏറ്റെടുത്ത് ജനകീയ പങ്കാളിത്തത്തെ ഉറപ്പാക്കി കൊണ്ട് മഹത്തായ 9ാം പദ്ധതിയെ ജനകീയ പദ്ധതി യാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നമുക്ക് ഏറ്റെടുക്കാം

ITTVA GRAMAPANCHAYAT SAMAGRA VIKASANA REKHA

ഡ്രാഫ്റ്റിംഗ് കമ്മിറ്റി

പി. ഹുമാം റഷീദ്
കെ.സജികൃഷ്ണൻ
അഡ്വ: ജി മാധവനുണ്ണിത്താൻ
എൻ. സുരേന്ദ്രൻപിള്ള H.M. വയലാ. H.S.
കെ. ഗോവിന്ദൻ പോറ്റി. H.S.A
പനമൂട്ടിൽ മജീദ്.
എം. ഷരീഫ്.
ഡി. ചന്ദ്രബോസ്.
ഏ. അബ്ദുൾ ലത്തീഫ്
വി. കേശവൻ.
ജെ. സി. അനിൽ.
എസ്. രാജു
പി. കെ ജോസഫ്
വി. രാജൂ
എം. കെ.സൈനുദ്ദീൻ
വി. സി. പദ്മകുമാരി
ജെ. ഓമന
എൻ. കുഞ്ഞുകൃഷ്ണപിള്ള
ഡി. മോഹൻദാസ് കീഴ്തോണി.
അഡ്വ: കുര്യാക്കോസ്
കെ. പി. സൈനുദ്ദീൻ
വത്സലാ രാമാനുജൻ
രാമചന്ദ്രൻ പിള്ള
എസ്.സുനിൽകുമാർ

സബ്ജക്ട് എക്സ്പെർട്ടുകൾ

കെ. സജികൃഷ്ണൻ,സയിന്റിസ്റ്റ് CESS
ബാലു ജേക്കബ് സൈൻറിസ്റ്റ്
സൂസൻ ജേക്കബ്ബ്, കൃഷി ഓഫീസർ
ഡോ: ഗീതാകുമാരി, വെറ്റിനറി സർജൻ
ഭാസ്കരൻ പിള്ള, Rtd AE KSEB
ഗോപാലകൃഷ്ണപിള്ള , AE. KSEB
അമ്പനാട്ടു ഗോപാലകൃഷ്ണപിള്ള ,Rtd Station Master KSRTC
വി. എം . ഫിലിപ്പ് ,VEO
ജോസഫ് ,VEO

എഡിറ്റോറിയൽ ബോർഡ്

പ്രൊഫ: ബി. ശിവദാസൻ പിള്ള
പി. ഹുമാം റഷീദ്.
പനമൂട്ടിൽ മജീദ്.
എം. ഷരീഫ്.
ഡി. ചന്ദ്രബോസ്.
അഡ്വ. ജി. മാധവനുണ്ണിത്താൻ

ജില്ലാതല പരിശീലനം ലഭിച്ചവർ


പ്രൊഫ: ബി. ശിവദാസൻ പിള്ള
എം.ഷരീഫ്
ഡി. ചന്ദ്രബോസ്
വി.സി. പത്മകുമാരി
പനമൂട്ടിൽ മജീദ്
പി. ഹുമാം റഷീദ്
അഡ്വ.ജി.മാധവനുണ്ണിത്താൻ
എസ്. സുനിൽ കുമാർ



ഇട്ടിവാ ഗ്രാമപഞ്ചായത്ത് ഓഫീസ്



അപൂർവ്വ താളിയോലഗ്രന്ഥങ്ങളിൽ ഒന്ന്



പ്രകൃതിരമണീയമായ പത്തായക്കുഴിതോട്

പുരാവസ്തുവകുപ്പു സംരക്ഷിക്കുന്ന കോട്ടുക്കൽ ഗുഹാക്ഷേത്രം





Design and Produce PAPILLON, VISUALGRAPHICS, ANCHAL